

# ഇതാ ഈ വഴിയെ...

ചാവറപിതാവ് 1868ലെഴുതിയ
*ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന ഗ്രന്ഥത്തിലെ
ദർശനധാരയുടെ പുനർവായന


സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.



ഒരു ബേസ്റൗമ പ്രസിദ്ധീകരണം
സി.എം.ഐ., സി.എം.സി. സഭകളുടെ ഏകീകൃതധാരയായ
ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെ പ്രസാധനം

# ഇതാ ഈ വഴിയെ...

സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.

CHAVARA
CENTRAL SECRETARIAT
CHAVARA HILLS, KAKKANAD, KERALA

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

Malayalam

**ITHA EE VAZHIYE...**

(An analytical study of the vision reflected in
Oru Nalla Appante Chaavarul written in 1868 by
Blessed Chavara Kuriakose Elias)

By
Sr. Dr. Sophy Rose C.M.C

With an introduction by
Rev. Sr. Sancta C.M.C.

and a foreward by
Arch Bishop Mar Joseph Powathil

Edited by
John Paul

Cover Design
Gayathry Ashok

Pre-press and Layout
Anoop Antony

Co-ordinated by
Joby Pavelil

First Published 1996
Second Edition November 2012

Printed at
Anaswara Printers, Kochi

© Reserved

Published By
Rev. Fr. Thomas Panthaplackal C.M.I.
Representing
**Beth Rauma**
an initiative of
Chavara Central Secretariat
on behalf of
C.M.I. and C.M.C. Congregations.

Distributed by
Chavara Central Secretariat, P.B. No. 3105
Chavara Hills, Kakkanadu, Cochin 682 030
Ph: 0484 4070012, Fax: 0484 4070015
E-mail: bethrauma@gmail.com
chavara.secretariat@cmi.in

Price: ₹. 80.00

# ഉള്ളടക്കം

*പ്രസാധകക്കുറിപ്പ്*
വഴിയടയാളങ്ങൾ
*സിസ്റ്റർ ലെയോനില സി.എം.സി.*

*പ്രാരംഭം*
കാലോചിതം ഈ ഭാഷ്യം
*സിസ്റ്റർ വിജി സി.എം.സി.*

*എഡിറ്ററുടെ കുറിപ്പുകൾ*
ശുശ്രൂഷിയുടെ ദസ്തമെന്ത്
*ജോൺ പോൾ*

*അവതാരിക*
ഇന്നും എന്നും പ്രസക്തം
*ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ*

*മുന്നുര*
പ്രായോഗിക വ്യാഖ്യാനം
*സിസ്റ്റർ ബെനിക്കാസിയ സി.എം.സി.*

*പരിചായകം*
ഭൗമിക പറുദീസയിലേക്കുള്ള പ്രവേശിക
സിസ്റ്റർ സാങ്റ്റ സി.എം.സി.

*ആശംസ*
കാലോചിതം ഈ ഭാഷ്യം
സിസ്റ്റർ വിജി സി.എം.സി.

ഭാഗം ഒന്ന്
**ഒരു നല്ല അപ്പന്റെ ചാവരുൾ**
ചാവറ കുര്യാക്കോസ് ഏലിയാസ്

ഭാഗം രണ്ട്
**ഇതാ ഈ വഴിയെ...**
സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.

*ഒന്ന്* : ദൈവപ്രമാണങ്ങൾക്കൊരു ചാവറഭാഷ്യം
*രണ്ട്* : ദൈവത്തിനായി ഒരു ദിവസം
*മൂന്ന്* : അദ്ധ്വാനം ഒരു ശുശ്രൂഷ
*നാല്* : കുടുംബം സ്വർഗ്ഗസദൃശമാകാൻ

*അഞ്ച്*: വരുംതലമുറയുടെ കാവൽക്കാരാവുക

*ആറ്* : കുടുംബത്തിന്റെ വിളക്ക്

*ഏഴ്* : മിതത്വത്തിന്റെ സുവിശേഷം

*പിന്നുര*

ഈ കടലാസ് മരിക്കുകയില്ല
*സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.*

അനുബന്ധം ഒന്ന്
*ചാവറ കുര്യാക്കോസ് ഏലിയാസ്*
*ജീവിതരേഖ*

അനുബന്ധം രണ്ട്
*ചാവറ കുര്യാക്കോസ് ഏലിയാസ്*
*രചനകൾ*

അനുബന്ധം മൂന്ന്
*സിസ്റ്റർ സോഫി റോസ് സി.എം.സി.*
*ജീവിതരേഖയും രചനകളും*

അനുബന്ധം നാല്
*ബേസ്റൗമ*

പ്രസാധകക്കുറിപ്പ്

# വഴിയടയാളങ്ങൾ

## സിസ്റ്റർ ലെയോനില സി.എം.സി.

(ജനറൽ കൗൺസിലർ)

**സി**സ്റ്റർ ഡോ. സോഫി റോസിന്റെ *ദൈവകല്പനകൾക്കൊരു ചാവറ ഭാഷ്യം* എന്ന പുസ്തകം *ഇതാ ഈ വഴിയെ* എന്ന പേരിൽ *ബേസ് റൗമയിൽ* നിന്നും പുനഃപ്രസാധനം ചെയ്യുകയാണ്. സീനായ് മലയിൽ വച്ച് മോശയിലൂടെ ദൈവം നൽകിയ പത്തു കല്പനകൾക്ക്, വിശുദ്ധ ഗ്രന്ഥവും അതിന്റെ നിത്യനൂതന സന്ദേശങ്ങളും സാധാരണ വിശ്വാസികൾക്ക് കൈയ്യെത്താ ദൂരത്ത് സ്ഥിതിചെയ്തിരുന്ന ഒരു ദശാസന്ധിയിൽ ഇന്നാട്ടിലെ വിശ്വാസ സാംസ്കാരിക പശ്ചാത്തല പൈതൃകങ്ങൾക്കിണങ്ങും വിധം അവയ്ക്ക് നവമായ ഭാഷ്യം നൽകിയ ചാവറപിതാവിന്റെ വചോധാരയെ ഇന്നത്തെ കാലഘട്ടത്തിനനുയോജ്യമായ രീതിയിൽ സിസ്റ്റർ സോഫി ഈ ചെറുഗ്രന്ഥത്തിലൂടെ പുനരവതരിപ്പിച്ചിരിക്കുകയാണ്.

പഠന ഗവേഷണങ്ങളിലൂടെ കൂടുതൽ അറിയുന്തോറും അത്ഭുതവും ആദരവും കൃതാർത്ഥതയും ഉള്ളിൽ അങ്കുരിപ്പിക്കുന്ന വിസ്മയനീയ വ്യക്തിത്വമായി നിലകൊള്ളുകയാണ് ചാവറപിതാവ്. ദൈവത്തോടും ദൈവമക്കളെന്ന നിലയിൽ തന്റെ കൂടപ്പിറപ്പുകളായ മനുഷ്യരോടുമുള്ള കലർപ്പില്ലാത്ത സ്നേഹമായിരുന്നു അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകളുടെയും പ്രവർത്തനങ്ങളുടെയുമെല്ലാം പ്രചോദന ഹേതു. ദൈവത്തിന്റെ മുഖത്ത് സഹോദരങ്ങളെയും സഹോദര വദനങ്ങളിൽ ദൈവത്തെയും കണ്ടെത്തിയ മഹത് വ്യക്തിത്വമാണദ്ദേഹത്തിന്റേത്. അതിനാൽത്തന്നെ ഏതാണ്ട് ഒന്നര നൂറ്റാണ്ടിനു മുമ്പ് അദ്ദേഹം കുറിച്ചു വച്ച കാര്യങ്ങളും ചൊല്ലിക്കൊടുത്ത പാഠങ്ങളും സരളമായ വിശുദ്ധിയുടെ പിൻബലത്തിൽ ഉചിതവും നിത്യസാന്ദ്രവുമായി പരിണമിക്കുന്നു. ഏറെ വിശകലനങ്ങളും വിചിന്തനങ്ങളും അന്വേഷണങ്ങളും ഇനിയും അവയുടെ ഉൾക്കളങ്ങളിലേയ്ക്കുള്ള തീർത്ഥയാത്രയുടെ ഭാഗമായി നടക്കേണ്ടതുണ്ട്. അതിലേയ്ക്കുള്ള

ഒരു ചുവടുവയ്പായി ഈ ചെറുഗ്രന്ഥവും പരിണമിക്കുന്നുവെന്നതിൽ സന്തോഷമുണ്ട്. തന്റെ ജീവിതം പഠന പര്യവേഷണങ്ങളിലൂടെ സംല ഭ്യമാകുന്ന ദൈവികജ്ഞാനത്തിന്റെ സ്വീകരണത്തിനും അതിന്റെ പങ്കുവയ്ക്കലിനുമായി നിവേദിച്ചിരിക്കുന്ന ഗ്രന്ഥകർത്രി ആത്മാർത്ഥ മായ അഭിനന്ദനമർഹിക്കുന്നു. ഇനിയും സിസ്റ്റർ സോഫിയുടെ തൂലിക ദൈവവിജ്ഞാനത്തിന്റെ വെള്ളിവെളിച്ചത്തെ പൊതുസമൂഹത്തിനു മുമ്പിൽ അവതീർണ്ണമാക്കുന്നതിന് സർവ്വശക്തന്റെ അനുഗ്രഹം ധാരാ ളമായി ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

ഈ ചെറുഗ്രന്ഥത്തിന്റെ പുനഃപ്രകാശനത്തിലും, ആദ്യ പതിപ്പിൽ നൽകിയിരുന്ന അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ അവതാരികയും അന്ന് ചങ്ങനാശ്ശേരി ഹോളിക്വീൻസ് പ്രൊവിൻ ഷ്യലും ഇന്ന് സി.എം.സി.യുടെ സുപ്പീരിയർ ജനറലുമായ മദർ സാങ്റ്റ യുടെയും, യശശ്ശരീരയായ മുൻ സുപ്പീരിയർ ജനറൾ മദർ ബെനി ക്കാസിയായുടെയും ആമുഖക്കുറിപ്പുകളും ഉൾപ്പെടുത്തിയിരിക്കുന്നു. ഏറെ കൃതജ്ഞതയോടെ അവരെ അനുസ്മരിക്കുന്നു.

*ബേസ്റൗമ*യുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രചോദനവും പ്രോത്സാഹനവും തരുന്ന സി.എം.ഐ. പ്രിയോർ ജനറാൾ വെരി റവ. ഫാ. ജോസ് പന്തപ്ലാംതൊട്ടിക്കും പ്രസാധനത്തിന്റെ സാരഥി യായ ഫാ. തോമസ് പന്തപ്ലാക്കലിനും *ബേസ്റൗമ*യുടെ പ്രവർത്തന ങ്ങളെ ഊർജ്ജസ്വലതയോടെ മുമ്പോട്ടു നയിക്കുന്ന കോ-ഓർഡി നേറ്റർ ഫാ. റോബി കണ്ണഞ്ചിറയ്ക്കും സഹായ പിൻബലമായ ചാവറ സാംസ്ക്കാരിക കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസ് പാനാ മ്പുഴയ്ക്കും ഉചിതമായ ഒരു പ്രാരംഭക്കുറിപ്പെഴുതി തന്ന സിസ്റ്റർ വിജിക്കും കൃതജ്ഞതയുടെ കൂപ്പുകൈകൾ. പുതിയ പതിപ്പിൽ ചാവ രുൾ ഒന്നാം ഭാഗമായി ഉൾച്ചേർത്തുകൊണ്ടാണ് പ്രസാധനം. രൂപത ലത്തിൽ ഇവ്വിധമൊരു ഘടന *ബേസ്റൗമ*യുടെ വിഭാവനമാണ്. അതിനു പ്രേരകമായ ജോൺപോളിനു നന്ദി. പ്രീപ്രസ്സ് ലേഔട്ട് നിർവ്വ ഹിച്ച അനൂപ് ആന്റണി, ആകർഷകമായ മുഖചിത്രം നൽകിയ ഗായത്രി അശോക്, മുദ്രണം ഭംഗിയായി നിർവ്വഹിച്ച അനശ്വര പ്രിന്റേഴ്സ്, ഏകോപനത്തിൽ പിൻസഹായിച്ച ജോളി പവേലിൽ എന്നിവരോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. ചാവറപിതാവിന്റെ ഹൃദ യഭാഷ്യങ്ങൾ നിത്യഗേഹത്തിലേയ്ക്കുള്ള വഴിയടയാളങ്ങളായി ജന ഹൃദയങ്ങളിൽ തെളിഞ്ഞുനിൽക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ചെറുഗ്രന്ഥം സഹൃദയ സമക്ഷം സമർപ്പിക്കുന്നു.

■

എഡിറ്ററുടെ കുറിപ്പുകൾ

# ശുശ്രൂഷിയുടെ ദസ്തമെന്ത്

## ജോൺ പോൾ

**ത**ന്റെ മരണത്തിനു മൂന്നു വർഷങ്ങൾക്കു മുൻപേ 1868ൽ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ എഴുതിയ ഒരു ചെറിയ കൃതിയാണ് *ഒരു നല്ല അപ്പന്റെ ചാവരുൾ*; കൃത്യമായി പറഞ്ഞാൽ മരണത്തിന് 21 മാസത്തിനും 24 ദിവസത്തിനും മുൻപ്. കുട്ടനാട്ടിൽ തന്റെ ജന്മദേശമായ കൈനകരികാർക്കു എഴുതുന്ന ഒരു കത്തിന്റെ രൂപത്തിലായിരുന്നു രചന. ക്രിസ്തീയ കുടുംബങ്ങളിൽ ആചരിക്കേണ്ട *ചട്ടങ്ങൾ* ആണ് പ്രതിപാദ്യം.

അദ്ദേഹം പ്രിയപ്പെട്ടവരെ അഭിസംബോധന ചെയ്യുന്നത് *തറവാട്ടുകാരും കൂടെപ്പിറപ്പുകളും മാംസസംബന്ധക്കാരു*മെന്നുമാണ്. താൻ ഈ ലോകത്തിൽ വന്നു എന്ന് ഇതിനാൽ ഓർക്കണമെന്നും പാടുള്ളവരൊക്കെ ഇതു പകർത്തി എഴുതി വീടുകളിൽ സൂക്ഷിക്കുകയും ഇതു കുരിശുപള്ളിപെട്ടിയിൽ വയ്ക്കുകയും മാസത്തിൽ മുൻപു വരുന്ന ശനിയാഴ്ചകളിൽ ഒത്തുചേർന്നിരുന്നു വായിക്കുകയും വേണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു. താൻ മരിക്കുന്ന ദിവസത്തെ ഇതിനാൽ ഓർക്കുകയെന്നും മറ്റൊരോർമ്മയും തന്നെക്കുറിച്ചു വേണ്ടതില്ലെന്നും കൂടിയുണ്ടു നിർദ്ദേശം. കൈനകരിക്കാരായ മാംസസംബന്ധികൾ തന്റെ *അനന്തിരവന്മാരാ*ണെന്നതിന് ഈ കത്ത് *അടയാളമായി* നൽകുകയാണെന്നും അദ്ദേഹം പറയുന്നു. *നീതിയാലെയും ഉപവിയാലെയും* അവർക്ക് ഉപകാരം ചെയ്യാൻ താൻ കടമപ്പെട്ടവനാണെന്നും എല്ലാവർക്കുമൊപ്പം എന്നതിനപ്പുറം വിശേഷമായി നാട്ടുകാർക്കുവേണ്ടി ഒന്നും ചെയ്യുവാൻ തനിക്കു കഴിഞ്ഞിട്ടില്ല എന്നും അദ്ദേഹം ഓർക്കുന്നു. കൈയ്യെഴുത്താൽ തരുന്ന ഈ *ലിഖിതം താൻ മരിച്ചാലും മരിയ്ക്കുകയില്ല* എന്നദ്ദേഹത്തിന് ഉറപ്പുണ്ട്. ഒരു *നിക്ഷേപമായി* കാത്തു സൂക്ഷിപ്പാൻ അതിനാൽ അദ്ദേഹം കൈനകരിക്കാർക്കു ഇതു നൽകുകയാണ്. മാസംതോറും ഇതു വായിച്ചശേഷം

ദൈവത്തോട് തന്റെ ആത്മാവിനെ നീതിമാന്മാരുടെ ഭവനത്തിൽ അനുകൂലപ്പെടുത്തണമേയെന്നു പ്രാർത്ഥിക്കുക മാത്രം തനിയ്ക്കുവേണ്ടി ചെയ്യണമെന്നാണ് അദ്ദേഹത്തിന്റെ അപേക്ഷ. ഇത് തന്റെ മരണശാസനം (*ദസ്തമെന്ത്*) എന്നു വിശേഷിപ്പിച്ചുകൊണ്ടുതന്നെയാണ് അദ്ദേഹം കത്തിലേയ്ക്കു പ്രവേശിക്കുന്നതും.

തനിയ്ക്കു പ്രിയപ്പെട്ടവരോട്, തന്നോടുതന്നെ, അല്ലെങ്കിൽ എല്ലാവർക്കും എല്ലാറ്റിനും ഉടയനായവനോട് മന്ത്രിക്കുംപോലെയും ഉണർത്തുംപോലെയുമാണ് ചാവറപിതാവിന്റെ എല്ലാ രചനകളുടെയും എഴുത്തുരീതി. ജപധ്യാനമനനതുടർച്ചയിൽ മനസ്സിൽനിന്നും സ്വയമേ പ്രവഹിക്കുന്ന വിചാരധാരയുടെ ആവിഷ്ക്കാരമായിരുന്നു ലിഖിതങ്ങളെല്ലാംതന്നെ. ഈ കൃതിയിൽ അതപ്രകാരമെന്നു പറഞ്ഞുകൊണ്ടു നേരിട്ടുള്ള അഭിസംബോധനയായി എന്നു മാത്രം.

അന്യനോ അപരിചിതനോ ആയ ആർക്കെങ്കിലും എഴുതുമ്പോഴുള്ള അകലം എഴുത്തുവഴിയിൽ അദ്ദേഹം പുലർത്തിക്കണ്ടിട്ടില്ല. *നാളാഗമ*ങ്ങളിൽ വരെ സ്വകീയ മനോഭാവങ്ങളുടെ നിരീക്ഷണാംശങ്ങൾ ഇടചേർത്തുകൊണ്ടായിരുന്നു രചന എന്നു കാണാം; താൻ കണ്ടതും അറിഞ്ഞതും നിരൂപിച്ചതും ഇനിയൊരാളോടു പറയുംപോലെതന്നെ; കവിതകളിലായാലും നാടകത്തിലായാലും ലേഖനങ്ങളിലായാലും എല്ലാറ്റിലും ഒരുപോലെ താൻ കൂടി ഉൾചേർന്നിട്ടുതന്നെയായിരുന്നു രചന. തന്റെ സന്ദേഹങ്ങളും വ്യഥകളും അമ്പരപ്പുകളും കരുതലുകളും ഉൽക്കണ്ഠകളും സ്നേഹവാത്സല്യങ്ങളും സമർപ്പണവും ആരാധനയും വിശ്വാസവഴിയിൽ വൈകാരിക സത്യസന്ധതയോടെ കുറിച്ചുപോവുകയായിരുന്നുവല്ലോ അദ്ദേഹം. മാധ്യമങ്ങൾ മാറിയപ്പോഴും മനസ്സ് ഒന്നായി അവയിൽ പ്രതിസ്പന്ദിക്കുകയായിരുന്നു. അഭിസംബോധന നേരിട്ടായാലും പരോക്ഷമായാലും മനസ്സിൽ ധ്യാനിച്ചു മാത്രമായാലും വായിക്കുന്നതും വായിക്കേണ്ടതും തന്റെ സ്വന്തക്കാരായവരാണെന്ന വിശ്വാസധാരണ അദ്ദേഹത്തിനുണ്ടായിരുന്നു.

മനസ്സ് അതേപടി കലർപ്പില്ലാതെ പകർത്തിവയ്ക്കുന്ന ഒരാൾക്കു മാത്രമേ എഴുതുന്നതു തന്റെ അടയാളമായി വരുംതലമുറയ്ക്കു കൈമാറാനാകൂ. അപ്രകാരം എഴുതുന്നതു വായിക്കുകയും അനുവർത്തിക്കുകയും ചെയ്യുക മാത്രമേ തന്റെ ഓർമ്മയ്ക്കായി ചെയ്യേണ്ടതുള്ളൂ എന്നു പറയുമ്പോൾ മറ്റൊരു തരത്തിൽ തന്റെ ജീവിതമാണു തന്റെ സന്ദേശം എന്നദ്ദേഹം അടിവരയിട്ടു പറയുകയായിരുന്നു. ഓർമ്മവച്ച നാൾ തൊട്ട് ജീവിതാന്ത്യം വരെ ഓരോ നിമിഷവും ശുശ്രൂഷയുടെ അർപ്പണമായി നിവർത്തിച്ച ഒരു ധന്യപുരുഷനു മാത്രമേ

*ഇതെന്റെ മരണശാസന* എന്ന് അധികാരത്തോടെയും അവകാശത്തോടെയും പറയുവാനാകൂ. അതദ്ദേഹം ബോദ്ധ്യദാർഢ്യത്തോടെ പറയുകയും ചെയ്യുന്നു.

ചാവറ രചനകളിൽ ഏറ്റവും കൂടുതൽ പാരായണം ചെയ്യപ്പെട്ടിട്ടുള്ള കൃതി ഇതാവണം. 1964 മുതൽ 25 പതിപ്പുകളിലായി അരലക്ഷം പ്രതികൾ അച്ചടിച്ചിറക്കിയതായി മാന്നാനത്തുനിന്നും 2010ൽ ഇറക്കിയ പതിപ്പിൽ നിന്നും മനസ്സിലാക്കുന്നു.

ഏതാണ്ട് ഒന്നര ശതാബ്ദത്തിനു മുൻപായെഴുതിയതാണെങ്കിലും വർത്തമാനകാലത്തോടു ചേർത്ത് അനുപാതപ്പെടുത്താനാകുന്ന കരുതലുകൾ ഈ കൃതിയിൽ ഉടനീളമുണ്ട്. കാലം മാറിയാലും തലമുറകൾ മാറിമാറിവന്നാലും സഹജരെക്കുറിച്ചുള്ള കരുതലിലെ ഊഷ്മളതയ്ക്കും അവരോടുള്ള ഹൃദയഭാവങ്ങൾക്കും അവയെ നയിക്കുന്ന സദ്ധാരണകൾക്കും മാറ്റമുണ്ടാകുന്നില്ലല്ലോ. ജീവിതംകൊണ്ടും ധ്യാനംകൊണ്ടും ഉൾത്തെളിവുകൊണ്ടും വെളിപാടുപോലെ ആത്മാവിലേറ്റിയ കരുതൽചിന്തകൾ അക്ഷരങ്ങളായി പകർത്തി പകുത്തുനൽകുകയായിരുന്നു ചാവറപിതാവ് ഈ കത്തിലൂടെ. കുടുംബങ്ങൾക്കുള്ള ചട്ടം, തലമുറകൾക്കുള്ള ചട്ടമായി കണ്ടുതന്നെയായിരുന്നു വിഭാവനം. അതിൽ കരുതലുള്ള ഒരു നല്ല അപ്പന്റെ ഹൃൽസ്പന്ദം നേരായി ഉൾച്ചേർന്നുമിരിക്കുന്നു. അറിവിന്റെയും അനുഭവത്തിന്റെയും ധ്യാനനിറവിൽനിന്നുമാണ് നിർദ്ദേശങ്ങൾ. അച്ചടിച്ചാൽ പതിനാറോ പതിനേഴോ പേജ് മാത്രം വരാവുന്ന ദൈർഘ്യമേ കത്തിനുള്ളൂ. പക്ഷെ, അതിന്റെ വ്യാപ്തിയും പ്രാപ്തിയും പ്രസക്തിയും കരുതലിലെ സാന്ത്വനവീർപ്പും കാലാതിർത്തിയോളം കടന്നു ചെല്ലുന്നത് അതുൾപ്പേറുന്ന കളങ്കമില്ലാത്ത സ്നേഹത്തിന്റെയും സദ്ചിന്തകളുടെയും അനന്യദീപ്തിയാലാണ്. വാക്കുകൾ വാക്കുകളായല്ല അർത്ഥഗരിമകൊണ്ട് ആശയങ്ങളായും ധ്യാനവിചാരങ്ങളായും തന്നെ സംവദിക്കുന്നതുകൊണ്ടാണ് ഇതു സാദ്ധ്യമാകുന്നതും.

സവിശേഷമായ ഈ ചാവറ രചനയെ അതുൾക്കൊള്ളുന്ന ധ്യാനതീവ്രതയിലെ വിശുദ്ധിയെ അറിഞ്ഞാരാധിച്ചുകൊണ്ട് സിസ്റ്റർ ഡോ. സോഫി റോസ് നടത്തുന്ന പുനർഃവായനയാണ് ഈ ഗ്രന്ഥം. ദൈവകല്പനകൾക്കും ഇച്ഛയ്ക്കും ചാവറപിതാവ് നൽകുന്ന വ്യാഖ്യാനഭാഷ്യമായി കണ്ടാണ് സിസ്റ്റർ സോഫി റോസ് കുടുംബചട്ടങ്ങളെ സമീപിക്കുന്നത്. ആ വ്യാഖ്യാനഭാഷ്യത്തെ ഇഴതിരിച്ചും ഇഴചേർത്തും അപഗ്രഥന വിചാരത്തിലൂടെ പുനർഃവിന്യസിപ്പിക്കുവാനാണു ശ്രമം.

പതിനാറു വർഷങ്ങൾക്കു മുൻപ് പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥത്തിന്റെ പുനഃപ്രകാശനമാണിത്. കാര്യമായ മാറ്റങ്ങൾ ഒന്നുംതന്നെ വരുത്തിയിട്ടില്ല; ആവശ്യമായി വന്നുമില്ല.

അനുധ്യാനത്തിന്റെ വൈകാരികമായ ഊഷ്മളത സിസ്റ്റർ സോഫി റോസിന്റെ പുനർഃവിചാരണയ്ക്കു ഗരിമ നൽകുന്നു. ആരാധിക, വ്യാഖ്യാതാവായിക്കൂടി വർത്തിക്കുന്നു അനുയാത്രയിൽ.

പ്രമേയഹേതുവായ മൂലകൃതി കൂടി ചേർത്താവാം ഈ പുനഃ പ്രകാശനം എന്നു തോന്നി. സ്വന്തം ജീവിതത്തോടു ചേർത്തുള്ള ഒരു തുടർധ്യാനത്തിനും വിചാരണയ്ക്കും വായനക്കാരന് അതു കൂടുതൽ സഹായകമാകുമല്ലോ.

വർത്തമാനകാലത്തോട് ഇണങ്ങിയും ഇടഞ്ഞും ഇനിയും പുനർഃവിചാരണകൾക്ക് തുടർസാദ്ധ്യതകൾ ബാക്കി നൽകുന്നുണ്ട് *ശുശ്രൂഷി* എന്നു സ്വയം വിശേഷിപ്പിച്ച ചാവറപിതാവിന്റെ ഈ *ദസ്തമെന്ത്*.

ചിന്തയും ശ്രദ്ധയും അനുധ്യാനമായി തുടരട്ടെ.

■

അവതാരിക

# ഇന്നും എന്നും പ്രസക്തം

## ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ

**ചെ**റുപ്പത്തിലേ വായിക്കാൻ കഴിഞ്ഞിട്ടുള്ള ഒരു ഗ്രന്ഥമാണ് *ഒരു നല്ല അപ്പന്റെ ചാവരുൾ*. മദ്ധ്യതിരുവിതാംകൂറിലെ ക്രൈസ്തവ കുടുംബങ്ങളിലെല്ലാം അതിന് അന്നു സ്ഥാനമുണ്ടായിരുന്നിരിക്കണം.

സമൂഹത്തിന്റെ നന്മയ്ക്കും വ്യക്തിജീവിതത്തിന്റെ ഭദ്രതയ്ക്കും ആവശ്യമുള്ള പാഠങ്ങൾ കുടുംബങ്ങളിൽ തന്നെ നല്കപ്പെടണം എന്ന ധാരണയിലാവണം *ചാവരുൾ* രചിക്കപ്പെട്ടത്. കുടുംബ ജീവിതത്തിന്റെ അടിസ്ഥാന പ്രാധാന്യം ചാവറയച്ചൻ നന്നായി മനസ്സിലാക്കിയിരുന്നുവെന്നുവേണം കരുതുവാൻ. കുടുംബത്തെക്കുറിച്ചുള്ള ഉദാത്ത ദർശനം നശിക്കുന്നിടത്ത് സമൂഹത്തിന്റെ ശൈഥില്യം അവശേഷിക്കുന്നുവെന്ന് പാശ്ചാത്യലോകം തന്നെയും ചിന്തിക്കുവാൻ തുടങ്ങിയിട്ടുണ്ട്. കുടുംബ രംഗത്തു തന്നെ തെറ്റും ശരിയും മനസ്സിലാക്കി കൊടുക്കാനുള്ള തീവ്രശ്രമം ഉണ്ടാകണം. ഇന്നത്തെ സാഹചര്യത്തിൽ അതിനു സഹായകമായ അന്തരീക്ഷവും ഉപാധികളും കുടുംബങ്ങളിലുണ്ടായിരിക്കണം. നല്ല ഗ്രന്ഥങ്ങളും മാസികകളും കുടുംബങ്ങളിൽ ഉണ്ടായിരിക്കുന്നത് നല്ലതാണ്.

*ഒരു നല്ല അപ്പന്റെ ചാവരുൾ* കുടുംബങ്ങളിൽ പുനഃപ്രതിഷ്ഠിക്കാനുള്ള ശ്രമം ശ്ലാഘനീയമാണ്. ഇന്നത്തെ രീതിയിൽ *ചാവരുൾ* അവതരിപ്പിക്കാനാണ് സിസ്റ്റർ സോഫി റോസ് ഈ ഗ്രന്ഥത്തിൽ ശ്രമിക്കുന്നത്. തെറ്റും ശരിയും മനസ്സിലാക്കാൻ ദൈവകല്പനകൾ പ്രായോഗിക മാനദണ്ഡമാണ്. അവ കുടുംബ മതബോധത്തിനു സഹായകരമായ രീതിയിൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ അവതരിപ്പിച്ചു. അതിന്റെ പൊരുൾ ഇന്നിനു ശ്രദ്ധേയമായ രീതിയിൽ പ്രാപ്യമാക്കാൻ ഈ ഗ്രന്ഥം സഹായിക്കുമെന്നുകരുതാം. ഗ്രന്ഥകർത്രിയ്ക്കും ഈ സംരംഭത്തിൽ സഹായിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ!

■

മുന്നുര

# പ്രായോഗിക വ്യാഖ്യാനം

## സിസ്റ്റർ ബെനിക്കാസിയ സി.എം.സി.

(മുൻ സുപ്പീരിയർ ജനറൽ)

**ദൈ**വം തന്റെ അരുമസുതർക്കരുളിയ ജീവിതപ്രമാണമാണല്ലോ ദൈവകല്പനകൾ. നൂറ്റാണ്ടുകൾക്കു മുമ്പു നൽകപ്പെട്ടതാണെങ്കിലും അന്നും ഇന്നും ദൈവജനത്തിന്റെ ദൈവോന്മുഖ ജീവിതത്തിനു മാർഗ്ഗ ദർശകമായി നിലകൊള്ളുന്ന ഈ പ്രമാണങ്ങളുടെ അനുഷ്ഠാനം ദൈവമനുഷ്യബന്ധത്തെ സുദൃഢമാക്കിത്തീർക്കുന്നു. ഈ വസ്തുത മനസ്സിലാക്കിയ വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദൈവകല്പനകൾക്കൊരു പ്രായോഗിക വ്യാഖ്യാനം നൽകിയിരിക്കുന്നതാണ് തന്റെ *ചാവരുളിൽ* കാണാൻ കഴിയുക. ദൈവപ്രമാണങ്ങളെ കൺമുമ്പിൽ കണ്ടുകൊണ്ട് *ചാവരുളി*നെ വിശകലനം ചെയ്യുവാനുള്ള സിസ്റ്റർ സോഫി റോസ് സി.എം.സി.യുടെ ഈ പരിശ്രമം കുടുംബത്തിന്റെ ആദ്ധ്യാത്മിക തയ്ക്ക് പുതിയ മാനങ്ങളും ചിന്താധാരകളും പ്രദാനം ചെയ്യുന്നതാണ്. സരളമായ ഭാഷയിൽ അവതരിപ്പിച്ചിരിക്കുന്ന ഇതിലെ ആശയാദർശ ങ്ങൾ കുടുംബ നവീകരണത്തിന് ഏറെ പ്രചോദനം നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

നവീകൃതമായ ഒരു ജനതതിയെ ദൈവകുമാരനു സമർപ്പിക്കു വാൻ ദൈവ കല്പനകൾക്കുള്ള ഈ ചാവറഭാഷ്യം സഹായകമായി ഭവിക്കട്ടെ എന്നാശംസിക്കുന്നു.

■

പരിചായകം

# ഭൗമിക പറുദീസയിലേക്കുള്ള പ്രവേശിക

## സിസ്റ്റർ സാങ്റ്റ സി.എം.സി.

(സുപ്പീരിയർ ജനറൽ)

സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണു കുടുംബം. ഗാർഹികസഭയെന്നും പ്രാഥമിക വിദ്യാലയമെന്നും വിശേഷിപ്പിക്കപ്പെടുന്ന കുടുംബത്തിന്റെ നവീകരണം ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്. ഐക്യവും ദൈവഭയവുമുള്ള കുടുംബവും സമൂഹവും ഉണ്ടാകേണ്ടത് ഇന്നിന്റെ ഒരാവശ്യമാണ്. ജോൺ പോൾ രണ്ടാമൻ പാപ്പാ പൊതുജനത്തോട് നടത്തിയ ഒരു പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

*ഓരോ ക്രൈസ്തവ കുടുംബവും ലോകത്തിന്റെ മുമ്പിൽ ദൈവസ്നേഹത്തിന്റെ തിളങ്ങുന്ന അടയാളമായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.*

പരിശുദ്ധ ത്രിത്വത്തിന്റെ ശാശ്വത സ്നേഹത്തിന്റെ പ്രതിബിംബമായിരിക്കുവാനുള്ള വിളിയാണിത്.

പൂർണ്ണവും സമഗ്രവുമായ സമൂഹജീവിതമുള്ള ഒരു മാനുഷിക സ്ഥാപനമാണ് കുടുംബം. അത് സ്നേഹത്തിൽ ഒന്നിപ്പിക്കപ്പെട്ട വ്യക്തികളുടെ സമൂഹമാണ്. സ്നേഹവും സൗഹൃദവും തളംകെട്ടി നില്ക്കേണ്ട സ്ഥലമാണത്. എന്നാൽ ഇന്നു കുടുംബങ്ങൾ ഏറെ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്. സ്വാർത്ഥ താല്പര്യങ്ങളും ജീവിത വ്യഗ്രതകളും കുമിഞ്ഞുകൂടി കുടുംബ ബന്ധങ്ങളെത്തന്നെ പലപ്പോഴും തകർത്തുകളയുന്നു. ഈ സാഹചര്യത്തിൽ എല്ലാ തലങ്ങളിലുമുള്ള ജീവിതനവീകരണം അനിവാര്യമാണ്.

ഭക്തിയോഗിയും കർമ്മകുശലനും ദീർഘവീക്ഷണ പടുവുമായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഒന്നര ശതവർഷങ്ങൾക്ക് മുമ്പ് കുടുംബങ്ങൾക്കായി എഴുതിവച്ച *ചാവരുളി*ന് പ്രസക്തിയേറുകയാണിന്ന്. കുടുംബാംഗങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഒരു

ആദ്ധ്യാത്മിക തത്ത്വചിന്തകന്റെ ദാർശനികതയോടെ അദ്ദേഹം കുറിച്ചു വച്ചിട്ടുണ്ട്. അവ സൂക്ഷ്മമായി ചിന്തിച്ചു ധ്യാനിക്കുമ്പോൾ ദൈവകല്പനകൾക്കുള്ള ഒരു വ്യാഖ്യാനമാണതെന്നു കാണാവുന്നതാണ്.

ഈ വീക്ഷണത്തോടെ ചാവരുളിലെ വിലപ്പെട്ട മുത്തുമണികൾ കണ്ടെത്തി വിശദീകരിക്കുവാനുള്ള സമർപ്പിതമായ ശ്രമമാണ് ഈ ഗ്രന്ഥത്തിൽ കാണുക. ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദമെടുത്തിട്ടുള്ള സിസ്റ്റർ സോഫി റോസ് സി.എം.സിയുടെ ബദ്ധിതധ്യാനം ഈ താളുകളിൽ നിറവായി പ്രത്യക്ഷമാണ്.

നിരവധിയായ ജീവിതപ്രശ്നങ്ങളാൽ അലയുന്ന ആധുനിക മനുഷ്യന് അവന്റെ കുടുംബജീവിതത്തെ ഭൗമിക പറുദീസായാക്കിത്തീർക്കുന്നതിന് ഈ ഗ്രന്ഥം സഹായകമായി ഭവിക്കട്ടെയെന്ന് ആശംസിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു.

■

ആശംസ

# കാലോചിതം ഈ ഭാഷ്യം

## സിസ്റ്റർ വിജി സി.എം.സി.

(പ്രൊവിൻഷ്യൽ സുപ്പീരിയർ, ചങ്ങനാശ്ശേരി)

**പ**ത്തൊൻപതാം നൂറ്റാണ്ടിലെ കേരളസഭയെ വളർത്തി പരിപോഷിപ്പിച്ച ഒരു പുണ്യാത്മാവാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചൻ. പുരോഹിതൻ, സന്യാസസമൂഹസ്ഥാപകൻ, ആജീവനാന്തസന്യാസശ്രേഷ്ഠൻ, കേരള സുറിയാനി സഭയുടെ വികാരി ജനറാൾ, ആത്മീയാചാര്യൻ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിലെല്ലാം തന്റെ ശുശ്രൂഷ കാഴ്ചവെച്ചുകൊണ്ട് വരും നൂറ്റാണ്ടുകളിലേയ്ക്കുള്ള ചരിത്രവും എഴുതിച്ചേർത്തവനാണ് അദ്ദേഹം.

കേരളത്തിലെ ക്രൈസ്തവ കുടുംബങ്ങൾ ചാവറപിതാവിന്റെ ദർശനത്തിൽ പ്രത്യേകം സ്ഥാനം പിടിച്ചിരുന്നു. *ജ്ഞാനകുരുടത്വം* മാറിയാലേ കുടുംബങ്ങൾക്ക് സമഗ്രവളർച്ചയുണ്ടാവുകയുള്ളുവെന്നു വിശ്വസിച്ച അദ്ദേഹം അതിനായി തന്റെ തൂലിക ഉപയോഗിച്ചു. ഏറെ ത്യാഗങ്ങളേറ്റെടുത്താണ് മാന്നാനത്ത് ഒരു അച്ചടിശാല അദ്ദേഹം സ്ഥാപിക്കുന്നത്. അവിടെനിന്നു അച്ചടിച്ചിറക്കിയ പുസ്തകങ്ങൾ യഥാർത്ഥത്തിൽ കേരളമക്കളുടെ ജ്ഞാനകുരുടത്വം മാറ്റുവാൻ പര്യാപ്തമായിരുന്നു. കൈനകരിയുടെ പുത്രനായ അദ്ദേഹം ഇവിടെയുള്ള കുടുംബപഞ്ചാത്തലങ്ങളും സാഹചര്യങ്ങളും നന്നായി മനസ്സിലാക്കി അവരെ ആത്മീയമായി പ്രബുദ്ധരാക്കുവാൻ എഴുതിയതാണ് *ഒരു നല്ല അപ്പന്റെ ചാവരുൾ. ഇതാ ഈ വഴിയേ* എന്ന ഈ പുസ്തകത്തിൽ ആ സുവചസ്സുകൾ പുനഃപ്രസാധനം ചെയ്യുന്നത് ഏറെ സാർത്ഥകമാണ്. അതിൽ സന്തോഷമുണ്ട്. *ചാവരുളി*ലെ ഉൾക്കാഴ്ചകളും മൂല്യങ്ങളും കുടുംബജീവിതം നയിക്കുന്നവർക്ക് എന്നും എവിടേയും പ്രസക്തമാണ്. ഒരു കുടുംബത്തെ എങ്ങനെ ആകാശമോക്ഷത്തിന്റെ സാദൃശ്യമാക്കാമെന്നതാണ് ഇതിലെ പ്രതിപാദ്യം. മാതാപിതാക്കളുടെ കടമകൾ, മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം, മക്കളെ എങ്ങനെ വളർത്തണം എന്നു തുടങ്ങി ഒരു നല്ല കുടുംബ

ജീവിതത്തിനാവശ്യമായ എല്ലാ കാര്യങ്ങളും തന്റെ *ചാവരുളായി* അദ്ദേഹം എഴുതി.

*ചാവരുളിന്റെ* കാലോചിതമായ ഒരു ഭാഷ്യം തയ്യാറാക്കുന്നതിൽ സിസ്റ്റർ സോഫി റോസ് സി.എം.സി. പ്രസ്താവ്യമായി വിജയിച്ചിരിക്കുന്നു. എല്ലാവർക്കും മനസ്സിലാകുന്ന ലളിതസുന്ദരമായ ശൈലിയിലുള്ള ഈ ചാവരുൾഭാഷ്യം തീർച്ചയായും കാലാനുസൃതവും ഏറെ ഉൾത്തെളിവു നൽകുന്നതുമാണ്. അനേകായിരങ്ങൾക്ക് ആത്മീയ ഉണർവ്വ് പകരാനും സുകൃതജീവിതത്തിനു പ്രചോദനമാകുവാനും ഈ പുസ്തകത്തിനു സാധിക്കും. *ചാവരുളിന്റെ* ധ്യാനപൂർവ്വകമായ പഠനത്തിലൂടെ അതിനൊരു പുത്തൻഭാഷ്യം നൽകി അവതരിപ്പിച്ചിരിക്കുന്ന ഈ കൃതി അനേകായിരങ്ങൾക്ക് മാർഗ്ഗദീപമാകട്ടെ എന്നാശംസിക്കുന്നു; പ്രാർത്ഥിക്കുന്നു. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ ആത്മീയദർശനത്തേയും ഉൾക്കാഴ്ചയേയും ഒപ്പിയെടുക്കുന്നതിൽ സിസ്റ്റർ സോഫി റോസ് കാണിച്ചിരിക്കുന്ന ആത്മാർത്ഥതയേയും ത്യാഗമനോഭാവത്തേയും പ്രത്യേകം ശ്ലാഘിക്കുന്നു.

നന്മകൾ ഭവിയ്ക്കട്ടെ; പ്രസരിക്കട്ടെ.

■

ഭാഗം ഒന്ന്

# ഒരു നല്ല അപ്പന്റെ ചാവരുൾ

ചാവറ കുര്യാക്കോസ് ഏലിയാസ്

# പ്രാരംഭം

**പ്രി**യപ്പെട്ടവരേ,

ഞാൻ മാംസസംബന്ധത്താൽ ചേന്നങ്കരി പള്ളി ഇടവകയിൽ ചാവറ കുരിയാക്കോസ് എന്ന ആളിന്റെ മകനാകുന്നു. എന്നാൽ സർവ്വേശ്വരൻ ഈ ലോകത്തിൽ എന്നെയും സൃഷ്ടിപ്പാൻ തിരുമന സ്സായി. ഇപ്പോൾ ഈ തറവാട്ടിലും കാരണവന്മാരിലും എന്ന ജനിപ്പി ച്ചതിനാൽ എന്റെ മാംസസംബന്ധക്കാരായ നിങ്ങൾക്ക് നീതിയാ ലെയും ഉപവിയാലെയും ഉപകാരം ചെയ്യാൻ എനിക്ക് ഒരു വിശേഷ കടമയുണ്ട്. ഇതിനെ നോക്കുമ്പോൾ എല്ലാവർക്കും എന്നതുപോലെ അല്ലാതെ ഞാൻ നിങ്ങൾക്കു വിശേഷമായി ഏറെ ഒന്നും ചെയ്തി ട്ടില്ല. ആയതിനാൽ എല്ലാറ്റിനും ആയി എന്റെ കൈയ്യെഴുത്താൽ ഇതിനെ ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ മരിച്ചാലും ഈ കട ലാസ്സു മരിക്കയില്ല. ആകയാൽ ഇത് എന്റെ നിക്ഷേപമായി കാർപ്പാൻ എന്റെ മക്കളായ കൈനകരി കുരിശുപള്ളിക്കാരായ നിങ്ങളെ ഞാൻ ഇതു ഏൽപ്പിക്കുന്നു.

എന്റെ തറവാട്ടുകാരും കൂടെപ്പിറപ്പുകളും രണ്ടു പ്രകാരത്തിലും മക്കളുമായിരിക്കുന്ന നിങ്ങൾക്ക് ഇത് എന്റെ ദസ്തമെന്ത്[1] ആകുന്നു. ആകയാൽ നിങ്ങൾ എന്റെ അനന്തിരവർ ആകുന്നു എന്നു കാട്ടുന്ന തിനു ഇത് നിങ്ങൾക്ക് അടയാളമായിരിക്കട്ടെ. നിങ്ങൾക്കു ദൈവം ചെയ്തതും ചെയ്യുന്നതുമായ എണ്ണിറന്ത[2] മനോഗുണങ്ങൾ ഇപ്പോൾ ജീവിച്ചിരിക്കുന്ന നിങ്ങളുടെ പ്രവൃത്തിയുടെയെന്നല്ലാ; കഴിഞ്ഞ നിങ്ങ ളുടെ പരമാർത്ഥപ്പെട്ട കാരണവന്മാരുടെ സത്യമായ ഉപവിയുടെയും ശരണത്തിന്റേതുമാകുന്നു. ഇതു കളയാതിരിപ്പാൻ നിങ്ങൾ സൂക്ഷി പ്പിൻ!

ഞാൻ ലോകത്തിൽ വന്നു എന്ന് ഇതിനാൽ ഓർക്കുന്നതിനു വേണ്ടി ഇതിനെ പാടുള്ളവരൊക്കെയും പകർത്തി എഴുതി വീടുക ളിൽ സൂക്ഷിപ്പിൻ! ഇതിനെ കുരിശുപള്ളിപെട്ടിയിൽ വയ്ക്കണം. മാസ ത്തിൽ മുമ്പു വരുന്ന ശനിയാഴ്ച എല്ലാവരും കൂടി ഇതു വായിക്ക;

ഞാൻ മരിക്കുന്ന ദിവസം ഇതിനാലെ ഓർക്കുക. മറ്റൊരോർമ്മയും എന്നെക്കുറിച്ചു നിങ്ങൾ ചെയ്യേണ്ട.

പിന്നെയോ മാസംതോറും ഈ ദിവസം ഇതു വായിച്ചശേഷം, കർത്താവേ! നീതിമാന്മാരുടെ ഭവനത്തിൽ ഈ നിന്റെ ശുശ്രൂഷിയുടെ ആത്മാവിനെ നീ അനുകൂലപ്പെടുത്തേണമെ, എന്നു മാത്രം എനിക്കു വേണ്ടി ചൊല്ലുവാൻ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു.

■

1. ദസ്തമെന്ത് = മരണശാസനം 2. എണ്ണിന്തെ = എണ്ണമില്ലാത്ത

# ഒരു നല്ല അപ്പന്റെ ചാവരുൾ

നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. കുടുംബത്തിന്റെ ന്യായം എന്തെന്നാൽ, ചോരയാലും, സ്നേഹത്താലും തമ്മിൽ തമ്മിൽ കെട്ടപ്പെട്ട പല ആളുകൾ കാരണവന്മാരുടെ നേരെ ആചാരവും കീഴ്‌വഴക്കവും അനുസരിച്ചു തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കയും, അവരവരുടെ അന്തസ്സിനു തക്കത്തിൻവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിനും പ്രയത്നം ചെയ്ത് കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു. ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏറ്റം മധുരിക്കപ്പെട്ട ആശ്വാസം സമാധാനവും ഉപവിയും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു. അപ്രകാരം തന്നെ ക്രമവും സമാധാനവും ഇല്ലാതെയും ദൈവശുശ്രൂഷയിന്മേലും നിത്യരക്ഷയിന്മേലും ഒരു വിചാരവും ഇല്ലാതെ നടക്കുന്ന ഒരു കുടുംബത്തിൽ ജീവിക്കുന്നതു ഏറ്റം വലിയ സങ്കടമാകുന്നു. ഇപ്രകാരം ക്രമമില്ലാത്ത കുടുംബങ്ങൾ എത്രയോ സങ്കടങ്ങൾക്കും കണ്ണുനീരുകൾക്കും കാരണമായിരിക്കുന്നു. ഇതു നിമിത്തം കീർത്തിപ്പെട്ടതും ബഹുമാനമുള്ളതും ദ്രവ്യമുള്ളതുമായ എത്രയോ കുടുംബങ്ങൾ നശിച്ചുപോയിരിക്കുന്നു. ഇതിൽനിന്ന് എത്രയോ വഴക്കുകളും എത്രയോ പാപങ്ങളും എത്രനാശങ്ങളും എത്രയോ മരണങ്ങളും ഉണ്ടായിരിക്കുന്നു. ഇതിൻവണ്ണമുള്ള തിന്മകളും നാശങ്ങളും വരുന്നതിന് ഇടവരാതിരിപ്പാൻ എനിക്കുണ്ടായിരുന്ന അതിയായ ആഗ്രഹത്തെക്കുറിച്ച് ഞാൻ ദൈവവിളിയും സമാധാനവും അപേക്ഷിച്ചുകൊണ്ട് ഈ കുടുംബക്രമം അഥവാ ചട്ടം എഴുതിയുണ്ടാക്കി. ഇതിനെ നിങ്ങളുടെ പൂർവ്വകാരണവന്മാരുടെ വായിൽനിന്നു പുറപ്പെട്ട ഗുണദോഷം പോലെ കൈക്കൊണ്ടു സൂക്ഷ്മമായിട്ട് അനുസരിക്കയും അനുസരിപ്പിക്കുകയും ചെയ്യണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

# കുടുംബചട്ടം

## സ്നേഹം

**ഒ**ന്നാമത്: നിങ്ങൾ തമ്മിൽത്തമ്മിൽ ഉപവിയായിരിപ്പിൻ. † സ്നേഹമായിരിപ്പിൻ. ഓരോരുത്തന്റെ അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും. ഒരു വീട്ടിൽ തന്നെ ജ്യേഷ്ഠാനുജന്മാരും സ്ത്രീജനങ്ങളും തമ്മിൽത്തമ്മിൽ സ്നേഹമില്ലാതെ എല്ലായ്പോഴും വഴക്കും സംസാരവുമായിരിക്കുന്നത് എത്രയോ ദുഃഖിക്കത്തക്കത്. ഭിന്നിക്കപ്പെട്ട രാജ്യം നിലനില്പാൻ പാടില്ലെന്ന് നമ്മുടെ കർത്താവ് തന്നെ അരുളിച്ചെയ്തിരിക്കുന്നു. ഇപ്രകാരം വഴക്കുള്ള തറവാട് വേഗത്തിൽ നാശമായിപ്പോകും. നിങ്ങളുടെ അറ്റകുറ്റങ്ങളും മോശങ്ങളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിക്കയില്ലെങ്കിൽ പുറമേയുള്ളവർ ക്ഷമിക്കുമോ? നാളെ ശേഷം പേർ നിന്റെ ഒരു കുറ്റം ക്ഷമിക്കണമെങ്കിൽ ഇന്നു ശേഷം പേരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കേണ്ടയോ? ഒരുപദ്രവും ചെയ്യാത്തവരെ മാത്രം നീ സ്നേഹിച്ചാൽ കാവ്യരും, തമ്മിൽത്തമ്മിൽ അറിവും ചാർച്ചയും ഇല്ലാത്തവരും ചെയ്യുന്നതിൽ അധികം നീ എന്തു ചെയ്യുന്നു. ആദമെന്ന മഹാപിതാവ് നമുക്കു അവകാശമായി വച്ചിരിക്കുന്ന ഞെരുക്കങ്ങളും സങ്കടങ്ങളും പോരാതെ നിങ്ങൾ സ്വമനസ്സാലെ വീണ്ടും ഉണ്ടാക്കണമോ? എന്നാൽ ഇതിൻവണ്ണമുള്ള വഴക്കുകൾക്കു കാരണം കൊടുക്കുന്നവർക്ക് ദുരിതം. ഒരിക്കൽ ഒരു കിഴവി ഒരു വീട്ടിൽ വഴക്കുണ്ടാക്കുവാൻ പല കാരണങ്ങളുണ്ടാക്കിയതിനാൽ പിശാചു കാണപ്പെട്ട് പൊന്നു നിറഞ്ഞ ഒരു സഞ്ചി അവൾക്കു കൊടുത്തുകൊണ്ട്, ഞാൻ മൂന്നു വർഷക്കാലംകൊണ്ട് സാധിക്കാത്തത് നീ മൂന്നു ദിവസംകൊണ്ട് സാധിച്ചു. ഇതിനാൽ നീ എന്റെ ആലോചനക്കാരി ആയിരിപ്പാൻ യോഗ്യതയുള്ളവളായിരിക്കുന്നു എന്നു പറഞ്ഞ് അവളെ പിടിച്ച് നരകത്തിൽ കൊണ്ടുപോകുകയും ചെയ്തു. ഒരു തറവാട്ടിന്റെ ബഹുമാനവും, ഭാഗ്യവും, യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രെ. നീരസങ്ങളെക്കുറിച്ച് പകരം വീഴ്ചചെയ്യാൻ മൃഗങ്ങൾക്കു കൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരംവയ്ക്കാതെ

പൊറുക്കുന്നതു മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനുമാത്രം കഴിയുന്നതാകുന്നു. എങ്ങിനെയെന്നാൽ കൊൺസ്തന്തീനോസ് എന്ന മഹാ ചക്രവർത്തി ഒരിക്കൽ തന്റെ രാജസമൂഹത്തോടുകൂടി നടക്കുമ്പോൾ വഴി മദ്ധ്യേ ഒരുത്തൻ ആ ചക്രവർത്തിയുടെ ഒരു കന്നത്തിൽ അടിച്ചു. അപ്പോൾ ആ സമൂഹക്കാരെല്ലാവരും പകരം വീഴ്ച ചെയ്യാനും ആ ദുഷ്ടനെ കൊല്ലു വാനും ഗുണദോഷിച്ചു. ഇതിനു ആ മഹാരാജാവ് ഉത്തരിച്ചതായത്. "എന്റെ ഏറ്റവും താഴ്ന്ന ഉദ്യോഗസ്ഥനു ചെയ്യാൻ കഴിയുന്നത് ഞാൻ ചെയ്യുന്നത് വലിയ കാര്യമോ? എന്നാൽ ഇതു ഞാൻ ക്ഷമിക്കുന്നു. ഇത് എന്റെ ഏറ്റവും വലിയ ശക്തിയുടെ അടയാളമാകുന്നു."

**ര**ണ്ടാമത്: സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായ മുള്ള സംഗതികളേക്കുറിച്ചായിരുന്നാലും സർക്കാരിൽ പോകാതിരിക്കുകയാ യിരുന്നു നന്ന്, എന്ന് കടശി പറയുവാൻ ഇടയാകുകയും ചെയ്യും. സർക്കാ രിൽ പോയതിനെക്കുറിച്ച് ഒരിക്കലും ഒരുത്തനും ഉപകാരമെങ്കിലും സന്തോ ഷമെങ്കിലും ഉണ്ടായിട്ടില്ല.

**മൂ**ന്നാമത്: ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തിരങ്ങൾ മുതലായത് കഴിക്കുന്നതു വളരെ ദോഷങ്ങൾക്കും ആത്മനാശങ്ങൾക്കും കാര ണമായ ഒരു സംഗതിയാകുന്നു. ഇത് കർത്താവിന്റെ ദിവസമാകുന്നു. ഇത് പിശാചിന്റെ ദിവസമാക്കുന്നതിന് കണ്ടെത്തിയ ഒരു സൂത്രമാകുന്നു. ഇതു കൂടാതെ വീട്ടിൽ വല്ലവരും മരിച്ചാൽ (ആവശ്യമുള്ളവരൊഴികെ) ശേഷമു ള്ളവർ സ്വന്തം ആത്മകാര്യങ്ങളെ ഉപേക്ഷിച്ചു കടമുള്ള ദിവസങ്ങളിൽ പള്ളി യിൽ പോകാതിരിക്കുന്നത് ദൈവത്താലും വിശുദ്ധ പള്ളിയാലും ശപിക്ക പ്പട്ട ദുർമ്മര്യാദയാകുന്നു.

**നാ**ലാമത്: പ്രത്യേകമുള്ള ആവശ്യങ്ങൾക്കല്ലാതെ പണം വായ്പ വാങ്ങി ക്കേണ്ടാ; മുമ്പിൽ വാങ്ങിച്ചിട്ടുണ്ടായിരുന്നാൽ പാടുപോലെ വേഗം തീർപ്പാൻ ശ്രമിക്ക. ഉപവിയെക്കുറിച്ചല്ലാതെ പണം വായ്പ കൊടുക്കയും വേണ്ട. എത്രയും ദ്രവ്യമുള്ള കുടുംബം കടമില്ലാത്ത കുടുംബമാകുന്നു; എന്നാൽ കാരണവന്മാർക്ക് വല്ല കുർബാനക്കടങ്ങളോ, ഉത്തരിപ്പാനുള്ള കടങ്ങളോ ഉണ്ടായിരുന്നാൽ അവയെ മഹാ താൽപര്യത്തോടുകൂടി തീർക്കുക. ഈ സംഗതി ആപത്തുള്ളതാകുന്നു. എന്തെന്നാൽ പലപ്പോഴും ഒരു കുടുംബ ത്തിൽ ദൈവശാപം വീഴുന്നത് ഈ സംഗതിയാലത്രെ.

## മനോതാഴ്മ

**അ**ഞ്ചാമത്: ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ളഭാവം മുഴു വനും കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു. ദ്രവ്യസ്ഥന്റെ ഭാവം കാണിക്കുന്നവൻ വേഗത്തിൽ ഭിക്ഷതെണ്ടി നടക്കും. ഇങ്ങനെ ലോകത്തിൽ

സംഭവിച്ചുവരുന്നു. ഒരിക്കൽ ദാവീദുരാജാവ് തന്റെ ശക്തിയിലും മഹിമയിലും ഇഷ്ടപ്പെട്ടു തന്റെ കീഴുള്ള ആളുകളെ എണ്ണുവാൻ കൽപിച്ചു. ഇതിനാൽ ദൈവശിക്ഷയായി ഉടനെ പകരുന്ന വ്യാധിയുണ്ടായി.

**ആ**റാമത്: ഓരോ അടിയന്തിരങ്ങൾ കഴിക്കുന്നതിൽ സ്വന്തസ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം ചട്ടമുള്ളതിൽ അധികം ആഘോഷവും ചിലവും ചെയ്യേണ്ടാ. അതെന്തെന്നാൽ എല്ലായ്പ്പോഴും അതിൻവണ്ണം ചെയ്യാൻ പാടുണ്ടാകുമോ എന്നറിഞ്ഞുകൂടാ. എന്നാൽ തൽക്ഷണംകൊണ്ട് ആളിപ്പോകുന്നതും, ഒരു വലിയ വെട്ടത്തെ കാണിച്ചു ഉടൻ കെട്ടുപോകുന്നതുമായ ഒരു വൈക്കോൽ തുറുവിൻ തീയേക്കാൾ നിലനിൽക്കുന്നതായി വെട്ടം കാട്ടുന്ന ഒരു ചെറിയ വിളക്കു ഏറ്റം നല്ലതാകുന്നു. ഒരു ദിവസം ദെമോക്രെസ്തോസ് എന്ന കീർത്തികേട്ട ശാസ്ത്രിയോട് മനുഷ്യരിൽ ഏറ്റം മുഖ്യതയുള്ളവനാരെന്നു ചോദിച്ചതിന് ഉത്തരം പറഞ്ഞതായത് "ഏറ്റവും കുറഞ്ഞ ഭാവം കാണിക്കുന്ന മനുഷ്യനത്രേ." ഒരു ദ്രവ്യസ്ഥൻ വിരുന്നുകൾ, കല്യാണങ്ങൾ മുതലായ ആഘോഷങ്ങൾ നടത്തിയതിനാൽ ദാരിദ്ര്യസ്ഥിതിയിൽ ആയി ദുഃഖിച്ചിരിക്കയിൽ, ഒരു ശാസ്ത്രി അവനെ കണ്ട് പറഞ്ഞതായത്, 'സഹോദരാ! നീ പകൽ വിളക്കു കത്തിക്കാതിരുന്നുവെങ്കിൽ രാവിൽ കത്തിക്കാമായിരുന്നു."

## സംസർഗ്ഗവിശേഷം

**ഏ**ഴാമത്: ശേഷംപേരുടെ വീടുകളിൽ സഞ്ചരിക്കുകയും ശേഷം പേരുടെ വർത്തമാനങ്ങൾ അന്വേഷിക്കയും വേണ്ട. എന്തുകൊണ്ടെന്നാൽ സ്വന്തം കാര്യങ്ങളെ നല്ലതിൻവണ്ണം വിചാരിക്കുമെങ്കിൽ കാര്യമില്ലാത്ത കാര്യങ്ങളിൽ ഉൾപ്പെടുവാൻ നേരമുണ്ടാകുകയില്ല.

**എ**ട്ടാമത്: ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട് ബന്ധുത്വം പിടിക്കേണ്ടാ. എന്തുകൊണ്ടെന്നാൽ ഒരു കുടുംബത്തിൽ, ഉപകാരവും സന്തോഷവും വരുന്നത് ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കളല്ല; പിന്നെയോ ക്രമവും ദൈവപേടിയും ഉള്ള ബന്ധുക്കളത്രേ ആകുന്നു. എത്രയോ കുടുംബങ്ങൾ ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കൾ കാരണമായിട്ടു കരകയും നശിക്കയും ചെയ്യുന്നു.

ഫ്രാൻസുരാജ്യത്തിൽ ഒരപ്പന് ഒരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൻ തന്റെ മകനെക്കൊണ്ട് വലിയ തറവാട്ടുകാരിയായ ഒരു മാടമ്പിയുടെ മകളെ വിവാഹം കഴിപ്പിക്കാൻ ഏറിയ പ്രയത്നം ചെയ്തു. ഒടുക്കം തറവാട്ടുവക വസ്തുക്കളൊക്കെയും മകനായിട്ടെഴുതിക്കൊടുക്കണം എന്നുള്ള ഉടമ്പടിയോടുകൂടെ ആഗ്രഹംപോലെ സാധിച്ച് കല്യാണം നടത്തുകയും ചെയ്തു. കുറെനാൾ കഴിഞ്ഞപ്പോൾ മണവാളനും മണവാട്ടിയുടെ കാരണവന്മാരും ഇയാളുടെ അവസ്ഥയെക്കുറിച്ച് രസക്കേടായി വീട്ടിൽനിന്ന്

അയാളെ പുറപ്പെടുത്തി. അയാൾ തെണ്ടിനടന്ന്, മകന്റെ വീട്ടിൽ വിരുന്നുകളും അടിയന്തിരങ്ങളും കഴിക്കുമ്പോൾ വാതുക്കൽ ചെന്ന് ശേഷിപ്പുകളെ അപേക്ഷിക്കേണ്ടിവരികയും ചെയ്തു.

**ഒ**ൻപതാമത്: എല്ലാവക ആളുകളേയും നിന്റെ വീട്ടിൽ കയറ്റേണ്ട, പിന്നെയോ നല്ല മര്യാദയും ദൈവപേടിയും ഉള്ളവരെ മാത്രം കൈക്കൊള്ളുക. നീ ആരോടുകൂടി ഇടയുന്നു എന്നു പറയുക, എന്നാൽ നീ ആരാകുന്നു എന്നു ഞാൻ പറയാം, എന്നത് പഴഞ്ചൊല്ലായിരിക്കുന്നു.

**പ**ത്താമത്: നിന്റെ വീട്ടിൽ ക്രമമല്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യാനികൾക്ക് ചേരാത്ത വചനങ്ങളും ശേഷംപേരുടെ അറ്റകുറ്റങ്ങളെ പറവാനും പിറുപിറുപ്പിനും ചട്ടമില്ലായെന്നും, സംസാരത്തിനടുത്ത വീടല്ലായെന്നും എല്ലാവരും അറിവാൻ തക്കതിൻവണ്ണം കാട്ടുക. മറ്റൊരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീട്ടിന്മേൽ വരികയും ചെയ്യും. ഒരാൾ തഴക്കമായിട്ടെന്നതുപോലെ എല്ലായ്പോഴും ശേഷം പേരെക്കൊണ്ട് കുറ്റം പറയുകയും ഓരോരുത്തന്റെയും കുറച്ചിലുകൾ പറയുകയും ചെയ്തിരുന്നു. അവൻ ഭ്രാന്തുപിടിച്ചു ചുറ്റിത്തിരിഞ്ഞു നടന്നു നടന്ന് തന്നത്താൻ പല്ലുകൊണ്ട് നാവ് കടിച്ചുതിന്നുകയും മുഴുവൻ ചീഞ്ഞു പുഴുക്കൾ നിറഞ്ഞു നിർഭാഗ്യനായി മരിക്കയും ചെയ്തു.

## അദ്ധ്വാനശീലം

**പ**തിനൊന്നാമത്: പുത്തനായിട്ടും വസ്തുക്കളെ ഉണ്ടാക്കുന്നതിനെക്കാൾ ഉള്ള വസ്തുക്കളെ നന്നാക്കുവാൻ പ്രയാസപ്പെടുക. കുടുംബങ്ങളുടെ സമ്പത്ത് വസ്തുക്കളുടെ പെരുപ്പമല്ല. പിന്നെയോ വസ്തുക്കളുടെ ഗുണമാകുന്നു. അദ്ധ്വാനശീലനായ ഒരു മനുഷ്യൻ കുറെ വസ്തുക്കൾകൊണ്ടുമാത്രം സമ്പൂർണ്ണനായി കഴിഞ്ഞുവരുന്നു: അപ്പോൾ ചില അസൂയാലുക്കൾ അവൻ നിക്ഷേപം എടുത്തൊളിച്ചുവച്ചിരിക്കുന്നു എന്ന് അവന്റെ പേരിൽ സർക്കാരിൽ അന്യായം കൊടുത്തു. ഇതിനാൽ അവനുള്ള ദ്രവ്യം മുഴുവന്റെയും വിവരം ബോധിപ്പിക്കണമെന്നു രാജാവിന്റെ കൽപനയുണ്ടായി. എന്നാൽ അയാൾ സർക്കാരിൽ ചെന്ന് എന്റെ നിക്ഷേപം എന്റെ ചെറിയ പറമ്പാകുന്നു എന്നും അതിന്റെ മണ്ണ് എന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നനയ്ക്കുന്നതിനാൽ അതു പൊന്നായിപ്പോകുന്നു എന്നും പറഞ്ഞ് ബഹുമാനത്തോടുകൂടി പിന്തിരിയുകയും ചെയ്തു.

**പ**ന്ത്രണ്ടാമത്: നിന്റെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുക. വേലയെടുക്കാതിരിക്കുന്നത് ബഹുമാനമുള്ള ആളുകളുടെ മുറയല്ല; പിന്നെയോ വീടും കുടിയും സന്തതിയും ഇല്ലാത്തവരുടെ നടപ്പാകുന്നു. മടി സർവ്വദുർഗുണങ്ങളുടെയും മാതാവാകുന്നു; പ്രത്യേകം മദ്യപാനത്തിന്റെ കാരണവുമാകുന്നു.

മദ്യപാനം ലോകത്തിന്റെ മുമ്പാകെ എത്രയും അപമാനമുള്ളതും തമ്പുരാന്റെ തിരുമുമ്പിൽ എത്രയും ദോഷമുള്ളതും ആകുന്നു. കാത്തോൻ എന്ന റോമ്മാ നഗരിയുടെ അധികാരി റോമ്മായിൽ പാർപ്പാൻ മനസ്സുള്ളവർ ഒക്കെയും മുമ്പിനാൽത്തന്നെ വേലയെടുക്കുന്നവരെന്നു കാണിപ്പാൻ വേണ്ടി കൈത്തഴമ്പു കാട്ടണമെന്നു പ്രമാണം വച്ചതല്ലാതെ, ദ്രവ്യസ്ഥന്മാരും മാടമ്പികളും അവരവരുടെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുന്ന ആയുധങ്ങൾ പിടിച്ചതല്ലാതെ, പുറത്തു നടന്നുകൂടാ എന്നു ശക്തിയായി കല്പിക്കുകയും ചെയ്തു.

**പ**തിമൂന്നാമത്: കച്ചവടജോലി ആത്മത്തിനു മാത്രമല്ല, ധനത്തിനും, എത്രയും ആപത്തുള്ളതാകുന്നു. മറ്റൊരു വ്യാപാരംകൊണ്ട് കഴിപ്പാൻ പാടില്ലെങ്കിൽ കച്ചവടം ചെയ്യുന്നതിനു മുടക്കമില്ല. എന്നാൽ മഹാസൂക്ഷത്തോടും നീതിയോടുംകൂടെ ചെയ്യേണ്ടതാകുന്നു. നീതി കുറവായിട്ടുള്ള യാതൊരു കച്ചവടക്കാരനും ഒരിക്കലും ഒരു നിലയായിനിന്നു പ്രകാശിച്ചിട്ടില്ലാ. സൂത്രം കൊണ്ടും കളവുകൊണ്ടും ഉണ്ടാക്കപ്പെട്ട ദ്രവ്യം മഞ്ഞുപോലെ വേഗമലിഞ്ഞുപോകും.

രണ്ടു കച്ചവടക്കാർ ഉണ്ടായിരുന്നു. ഇവർ പല പല കൗശലങ്ങളും സൂത്രങ്ങളും പ്രയോഗിച്ചിട്ടും കച്ചവടം മോശമായി ദ്രവ്യം വർദ്ധിക്കാതെയിരുന്നു. ഒരു ദിവസം രണ്ടുപേരും പാപസങ്കീർത്തനം കഴിപ്പാൻ ചെന്നു; ഈ കാര്യം കുമ്പസാരക്കാരനെ ബോധിപ്പിച്ചു. പട്ടക്കാരൻ ഇനി നിങ്ങൾ ഒരു സൂത്രവും ചെയ്യേണ്ടാ, ഒരു നുണയും പറയേണ്ടാ എന്നു ഗുണദോഷിച്ചു. ആയതിൻവണ്ണം ചെയ്തപ്പോൾ അവർ ഒരു വർഷംകൊണ്ട് ദൈവസഹായത്താൽ മഹാദ്രവ്യസ്ഥന്മാരായിത്തീരുകയും ചെയ്തു. അന്യന്മാർക്കു വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ശേഷംപേർ നിന്നെ ഭയപ്പെടണം എന്നതിനേക്കാൾ നിന്നെ സ്നേഹിക്കണം എന്നു ആഗ്രഹിക്ക. ഭിക്ഷക്കാർ വെറും കൈയോടുകൂടി നിന്റെ വീട്ടിൽനിന്നു പോകുവാൻ നീ സമ്മതിക്കേണ്ടാ. പാടുള്ളപ്പോഴൊക്കെയും അൽപമെങ്കിലും ദാന ധർമ്മം കൊടുക്കാതെ ഇരിക്കേണ്ടാ.

## പരോപകാരശീലം

**പ**തിനാലാമത്: മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സ്രഷ്ടാവിനാൽ കൽപിക്കപ്പെട്ട ഒരു പ്രമാണമാകുന്നു എന്ന് ബോധിച്ച് ഒരു മനുഷ്യൻ ദിവസംതോറും ഒരുത്തനെങ്കിലും ഉപകാരം ചെയ്തുകൊണ്ടുവന്നു. ഒരു ദിവസം അവൻ അത്താഴത്തിനിരുന്നപ്പോൾ അന്നു ഒരുത്തർക്കും ഉപകാരം ചെയ്തില്ലെന്ന് ഓർത്ത് എഴുന്നേറ്റ് ആയത് കഴിച്ചതിൽപ്പിന്നെ മാത്രമേ അത്താഴം കഴിച്ചുള്ളൂ.

**പ**തിനഞ്ചാമത്: അതിധാരാളിത്തവും ലുബ്ധവും രണ്ടും തിന്മയാകുന്നു. ലുബ്ധന്റെ വസ്തുക്കൾ പുഴുക്കൾ തിന്നും. ധാരാളിയുടെ സന്തോഷം പുക പോലെ കടന്നുപോകും. ഒരു ദിക്കിൽ ഒരു മനുഷ്യനുണ്ടായിരുന്നു. ഈ ആൾ അവസ്ഥപോലെയും ദിഷ്ടതിപോലെയും ലുബ്ധ് വിചാരിക്കാതെ വീട്ടുചെലവ് കഴിക്കയും ദാനധർമ്മം കൊടുക്കയും ചെയ്തുവന്നു. കാലക്രമംകൊണ്ട് ദ്രവ്യം വർദ്ധിക്കയിൽ ധർമ്മം മുടക്കി പണം കൂട്ടുവാൻ തുടങ്ങി. ഇങ്ങിനെയിരിക്കെ ഈയാളിന്റെ കാലിന്മേൽ ഒരു വ്രണമുണ്ടായി ചീഞ്ഞാറെ പല വൈദ്യന്മാരെ വരുത്തി; ചികിത്സക്കായി വളരെ പണം ചെലവഴിച്ചു. അപ്പോൾ ഒരു മാലാഖ അവനു കാണപ്പെട്ടു പറഞ്ഞതായത്: – ധർമ്മം ചെയ്യാതെ പണം കൂട്ടുന്നവർക്ക് ഇങ്ങനെ പണം ചെലവഴിപ്പാൻ സംഗതി വരുമെന്നു നീ അറിഞ്ഞുകൊള്ളണം.

**പ**തിനാറാമത്: നിനക്കു സ്നേഹിതന്മാർ അധികം വേണ്ട; പിന്നെയോ ആയിരം പേരിൽനിന്നു സൂക്ഷിച്ചു ഒരുത്തനെ തിരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായും നിന്നെയും സ്നേഹിക്കയില്ല. ദാവീദും, യോനാഥനും തമ്മിൽ സ്നേഹിച്ചിരുന്നു. അവർ ഒരു മനസ്സുള്ളവരായി തമ്മിൽത്തമ്മിൽ പട്ടാങ്ങയായിട്ടു സ്നേഹിച്ചു. ഒടുക്കംവരെയും അവർ തമ്മിൽ പട്ടാങ്ങയായിട്ടു സ്നേഹിക്കയും സഹായിക്കയും ചെയ്തു. അവരുടെ ഈ സ്നേഹം അൽപകാരണങ്ങളാൽ കുറഞ്ഞുപോകാതെ ആപത്തുകളിലും ദിഷ്ടതികളിലും വർദ്ധിച്ചുവരികയും ചെയ്തു.

## നീതിതല്പരത

**പ**തിനേഴാമത്: കട്ടവസ്തു ഒരു നാഴികനേരത്തെക്കെങ്കിലും നിന്റെ വീട്ടിൽവച്ചു സൂക്ഷിപ്പാൻ നീ സമ്മതിക്കേണ്ടാ. കട്ട വസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന് റൂഹാദക്കുദിശാ തമ്പുരാൻ അരുളിച്ചെയ്തിരിക്കുന്നു. അന്യവസ്തു കട്ടവരോടുകൂടെ നീ ഇടയേണ്ടാ. എന്തെന്നാൽ, നാളെ നിന്റെ വസ്തുക്കൾ കക്കുവാൻ അവർ മടിക്കില്ലാ നിശ്ചയം; ഇതല്ലാതെ അവരുടെ പാപത്തിനും നീ പങ്കുകാരനാകും.

ഒരു ദിക്കിൽ അന്യവസ്തുക്കൾ അന്യായമായി അപഹരിച്ച് ദ്രവ്യസ്ഥനായിത്തീർന്ന ഒരു ഗൃഹസ്ഥനുണ്ടായിരുന്നു. അവർ ദീനമായി മരിക്കാറായപ്പോൾ ഭാഗം ചെയ്പാൻ വേണ്ടി എന്ന പോലെ രായസക്കാരനെ വിളിച്ചു വരുത്തി ഇപ്രകാരം എഴുതുവാൻ പറഞ്ഞു. എന്റെ ആത്മാവിനെ പിശാചിനു ഞാൻ കൊടുക്കുന്നു. ഇതു കേട്ടപ്പോൾ മക്കൾ അപ്പാ! അപ്പാ! എനതു പറയുന്നു. അപ്പം മന്ദം പറയുന്നോ? എന്തു ചോദിച്ചു. അപ്പോൾ ദീനക്കാരൻ ഇല്ലാ ഇല്ലാ മക്കളേ, എനിക്ക് നല്ല ബോധമുണ്ട്. ഞാൻ പറയുന്നതു എഴുതട്ടെ. എന്റെ ആത്മത്തേയും അന്യരുടെ വസ്തുക്കളെ അപഹരിപ്പാൻ എന്നെ

ഉത്സാഹിപ്പിച്ച എന്റെ ഭാര്യയുടെ ആത്മത്തെയും പിശാചിനു കൊടുക്കുന്നു. എന്റെ മക്കളായ നിങ്ങളുടെ ആത്മാക്കളെയും ഞാൻ പിശാചിനെ ഏൽപ്പിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങൾക്കുവേണ്ടിയാകുന്നു അന്യന്മാരുടെ വസ്തുക്കളെ അപഹരിച്ചത് എന്നു പറഞ്ഞു നിർഭാഗ്യമായി അന്ത്യശ്വാസം വിടുകയും ചെയ്തു.

**പ**തിനെട്ടാമത്: വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കയോ താമസിക്കയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിൻപക്കൽ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ടാ; അവരെ ബുദ്ധിമുട്ടിക്കയും വേണ്ട; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായി നിന്നോടു പകരം ചോദിക്കും.

ലോവൈൻ എന്ന നഗരത്തിൽ സംഭവിച്ച ഒരു വർത്തമാനമായത് ഈ നഗരിയിൽ ഒരു ഗൃഹസ്ഥൻ ഉണ്ടായിരുന്നു. ഈ ആളുടെ വകയായ ഒരു പുരയിൽ ദരിദ്രയായ ഒരു വിധവയും അവളുടെ മൂന്നു നാലു കുഞ്ഞുങ്ങളും പാർത്തിരുന്നു. ഇയാൾ പലപ്രകാരത്തിൽ അവരെ നിന്ദിക്കയും സങ്കടപ്പെടുത്തുകും ചെയ്തുവരികയിൽ, ഒരു ദിവസം ഈ സ്ത്രീ സങ്കടത്തെപ്രതി മുട്ടുകുത്തി, കർത്താവേ! ഈ സങ്കടത്തിൽനിന്നും അന്യായത്തിൽനിന്നും എന്നെ രക്ഷിക്കണമേ എന്ന് അപേക്ഷിച്ചു. തൽക്ഷണം ആ ദ്രവ്യസ്ഥൻ നിന്ന നിലയിൽ സ്തംഭിച്ചുവീണ് മരിച്ചുപോകുകയും ചെയ്തു.

## ദൈവപേടി, സാക്ഷാൽ സമ്പത്ത്

**ഒ**രു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദൈവപേടിയുള്ള തറവാട് ഈ ലോകത്തിലും പരലോകത്തിലും ദൈവവാഴ്‌വിൻ ഫലം അനുഭവിക്കയും ചെയ്യും. ദൂഷണങ്ങളും ദുർവാക്കുകളും കാർമേഘം പോലെ നല്ല കുടുംബത്തിന്റെ വെളിവനെ ഇരുട്ടാക്കുകയും ചെയ്യും. കഴിയുന്നതായാൽ ദിവസംതോറും കുർബ്ബാന കാണുക. എന്നാൽ ഇതു പ്രയാസമെങ്കിൽ തിങ്കളാഴ്ച മരിച്ച ആത്മാക്കൾക്കുവേണ്ടിയും വെള്ളിയാഴ്ച പങ്കപ്പാടിന്റെ ഭക്തിക്കായിട്ടും ശനിയാഴ്ച ദൈവമാതാവിന്റെ വ്യാകുലത്തിന്റെ ഭക്തിക്കായിട്ടും കുർബാന കാണുക. എന്നാൽ ഒരു വീട്ടിൽനിന്ന് എല്ലാവർക്കും പോയി കുർബാന കാണ്മാൻ പാടില്ലാത്തപക്ഷം ഒരോ ദിവസം ഒന്നോ രണ്ടോ ആളുകളെങ്കിലും മാറിമാറിപ്പോയി കുർബ്ബാന കാണേണ്ടതാകുന്നു. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പാപസങ്കീർത്തനം ചെയ്ത് വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുക. പ്രധാന തിരുനാളുകളുടെ നവനാൾ ജപങ്ങളും, പ്രത്യേകം ദൈവമാതാവിന്റെ തിരുനാളുകൾക്കു മുമ്പായുള്ള അപേക്ഷകളും, ദൈവമാതാവിന്റെയും മാർ യൗസേപ്പു പിതാവിന്റെയും

വണക്കമാസങ്ങളും പള്ളിയിൽ പോയി കഴിപ്പാൻ പാടില്ലെങ്കിൽ വീട്ടിൽ വച്ചെങ്കിലും നടത്തുക.

**പ**ത്തൊമ്പതാമത്: ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാസൂക്ഷത്തോടുകൂടെ അനുസരിക്ക. അടക്കമില്ലായ്മ ദൈവതിരുമുമ്പിലും ഇഹലോകത്തിലും വലിയ അപമാനമുള്ളതാകുന്നു. ആൺപൈതങ്ങൾ വസ്ത്രമില്ലാതെയും പെൺപൈതങ്ങൾ ചട്ടയിടാതെയും നടക്കുന്നതിനാലും അവർ തമ്മിൽ തമ്മിൽ ശരീരത്തെ തൊടുന്നതിനാലും ഇതിനെ കാരണവന്മാർ മുടക്കാത്തതിനാലും എത്രയോ ആത്മാക്കൾ നരകത്തിൽ വീഴുന്നുണ്ടെന്നു വിധിദിവസത്തിൽ അറിയാം.

ഫ്രാൻസു രാജ്യത്തിൽ വിരക്തനായി ജീവിച്ചുവന്ന ഒരു പൈതൽ തന്നത്താൻ ഇരിക്കുമ്പോൾ കൂടെയും ദേഹം മുഴുവൻ അത്രയുമല്ല, കൈകൾകൂടെയും മറച്ചുകൊണ്ടു നടക്ക പതിവായിരുന്നു. ഈ കുട്ടി, ഒരിക്കൽ നരകത്തിൽ ഉടുപ്പുകൂടാതെ കിടക്കേണ്ടിവരും എന്നു കേട്ടപ്പോൾ അധികമായി ഭയപ്പെട്ടു കരഞ്ഞു. അപ്പഴെ ഈ കുട്ടി അടക്കത്തെ എത്ര വിലമതിച്ചു എന്നു സൂക്ഷിപ്പിൻ.

## ക്ഷമാശീലം

**ഇ**രുപതാമത്: എല്ലാ ഞെരുക്കങ്ങളിലും ദീനങ്ങളിലും ദൈവതിരുമനസ്സിനു നിന്നെത്തന്നെ കയ്യാളിക്ക. സന്തോഷത്തിൽമാത്രം ക്ഷമയായിരിക്കുന്ന ആൾ നന്നാ ശക്തിയില്ലാത്ത ആളാകുന്നു. ഒരു ഭക്തൻ പറഞ്ഞുവന്നതായത്, ഈ ലോകത്തിൽ സർവ്വതും എന്റെ മനസുപോലെ നടക്കുന്നു. എന്തെന്നാൽ ദൈവം തിരുമനസ്സാകുന്നതൊക്കെയും ഞാനും മനസ്സാകുന്നു.

അമ്പ്രോസീസ് പുണ്യവാൻ ഒരിക്കൽ ഒരു വീട്ടിൽ പ്രവേശിച്ച് അവിടെ ഒരിക്കലും ദീനവും ദുഃഖവും സങ്കടവും ഉണ്ടായിട്ടില്ലായെന്നു കേട്ടപ്പോൾ പറഞ്ഞതായത്. നമുക്ക് ഈ വീട്ടിൽനിന്ന് ഉടനെ ഇറങ്ങാം. എന്തെന്നാൽ ഈ വീട്ടിൽ താമസിയാതെ ദൈവശിക്ഷയുണ്ടാകും എന്ന് പറഞ്ഞ് അതിൽനിന്നു പുറപ്പെട്ടു. ഉടനെ ആ വീട് ഇടിഞ്ഞുപൊളിഞ്ഞു വീഴുകയും എല്ലാവരും ചാകുകയുംചെയ്തു. എന്തെന്നാൽ ശിക്ഷ ഇഷ്ടത്തിന്റെ അടയാളമാകുന്നു.

## നല്ല പുസ്തകങ്ങൾ

**ഇ**രുപത്തൊന്നാമത്: കാവ്യരുടെ ശാസ്ത്രപുസ്തകങ്ങൾ അജ്ഞതയും അറിവില്ലായ്മയും പഠിപ്പിക്കുന്നതാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളും ചിറ്റിമ്പപ്പാട്ടുകൾ അടങ്ങിയ പുസ്തകങ്ങളും ഇടത്തൂട്ടുകാരുടെ

പുസ്തകങ്ങളും വീട്ടിൽവച്ചു സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിച്ചു വെക്കുന്നതിന് സമമാകുന്നു. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്രപുസ്തകങ്ങളും മക്കൾക്കു സമ്പാദിച്ചുവെക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളെ ശക്തിപോലെ വാങ്ങിച്ചു ശേഖരിക്ക.

ഒരു ഭിക്ഷക്കാരൻ വായന അറിഞ്ഞുകൂടാത്തവൻ ആയിരുന്നു; എങ്കിലും യാചിച്ചു കിട്ടിയ പണംകൊണ്ട് വായിപ്പിച്ചുകേട്ട്, അതിനൊത്തവണ്ണം നടക്കയും പുണ്യത്തിന്റെ മാതൃക ശേഷം പേർക്ക് കാണിച്ചുകൊടുക്കയും ചെയ്തുവന്നു.

## കടമുള്ള ദിവസങ്ങളെ എങ്ങനെ ശുദ്ധമായി ആചരിക്കണം

**ഇ**രുപത്തിരണ്ടാമത്: കടമുള്ള ദിവസങ്ങളിൽ കുർബ്ബാന കണ്ടതുകൊണ്ട് മതിയാകാതെ ദിവസത്തിന്റെ വലിയ പങ്കും പ്രസംഗം കേൾക്ക, നല്ല പുസ്തകങ്ങൾ വായിക്ക മുതലായ സൽക്കർമ്മങ്ങളിലും രോഗികളെ, പ്രത്യേകം സാധുക്കളായ ദീനക്കാരെ ചെന്നുകണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുന്നതിലും ചിലവഴിക്ക.

**ഇ**രുപത്തിമൂന്നാമത്: വേലയ്ക്കും ശുശ്രൂഷയ്ക്കും നിർത്തുന്ന ആളുകൾ പ്രത്യേകമായി ദൈവപേടിയുള്ളവരായിരിക്കണം. അവരുടെ സംഖ്യയും പാടുപോലെ ചരുങ്ങിയതായിരിക്കയും വേണം. എത്രയോ വീടുകളിൽ വാലിഭക്കാർ മൂലമായി പിശാച്, അവന്റെ ഇഷ്ടംപോലെ കാര്യങ്ങൾ നടത്തുന്നു. എന്നാൽ യജമാനന്മാർക്ക് തങ്ങളുടെ ശുശ്രൂഷികളുടെ വ്യാപാരം സൂക്ഷിപ്പാനും, അവരുടെ ആത്മകാര്യങ്ങളെ നടത്തിപ്പാനും കടമുണ്ടെന്നറിഞ്ഞു കൊള്ളണം.

## ദിനചര്യക്രമം

**ഇ**രുപത്തിനാലാമത്: ഉറങ്ങാൻ കൃത്യസമയത്ത് കിടക്കുന്നതിനും രാവിലെ കൃത്യസമയത്ത് ഉണരുവാനും ശ്രദ്ധിക്കു. ഈ ക്രമം സൂക്ഷ്മമായിട്ടു കാക്കുക. ആറുമണിക്കെങ്കിലും എല്ലാവരും എഴുന്നേറ്റ്, ഉടനെ ഉഷഃകാലം ചൊല്ലുക, പിന്നെ പാടുള്ളവരെല്ലാം കുർബാന കാണുക. എട്ടുമണിക്ക് കഞ്ഞികുടിക്ക; പന്ത്രണ്ടുമണിക്ക് ഉച്ചഭക്ഷണം കഴിക്ക; വൈകിട്ട് ത്രികാല ജപം കഴിഞ്ഞാലുടൻ കൂട്ടമായിട്ടു പ്രാർത്ഥന തുടങ്ങി അത് കഴിഞ്ഞ ശേഷം ഉടനെ അരമണിക്കൂർ ധ്യാനിക്ക, ഇത് നല്ല പുസ്തകം വായിച്ചുകേട്ട് അതിന്മേൽ ചിന്തിച്ചുകൊണ്ട് കഴിക്കാം. ഈ പുണ്യപ്രവൃത്തിയുടെ നേരം

വരുമ്പോൾ എപ്രകാരമുള്ള പ്രധാനികളോ ലോകമനുഷ്യരോ ഉണ്ടായിരുന്നാൽ നീ അത് നോക്കണ്ടാ, എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ പക്കലേക്കും, ദൈവം തന്റെ പക്കലേക്കും നിന്നെവിളിക്കും. എന്നാൽ നീ ആരുടെ പക്കൽ ചെല്ലുമെന്നു ദൈവം നോക്കും. ആകയാൽ നീ ഈ പുണ്യപ്രവൃത്തിയെ ഒന്നുകൊണ്ടും മുടക്കേണ്ട. അവർക്ക് നിന്റെ പ്രവൃത്തി ഒരു സന്മാതൃകയായിരിക്കും. എന്നാൽ അവർ നിന്നെ പരിഹസിച്ചാൽ അത് നിനക്കു ഭാഗ്യമായിരിക്കുകയും ചെയ്യും. എട്ടുമണിക്ക് അത്താഴം കഴിഞ്ഞ ശേഷം ആത്മശോധനയും ശയനാരാധനയും കഴിച്ച് ഉറങ്ങുക. കുടുംബത്തലവൻ ഈ ക്രമം സൂക്ഷ്മായി കാക്കുന്നതിൽ ജാഗ്രതയുള്ളവനായിരിക്കണം. വിശേഷിച്ച് ഞായറാഴ്ച തോറും മാസം ഒന്നാംതീയതിതോറും വീട്ടിലുള്ള എല്ലാവരുടേയും മുമ്പാകെ ഈ കുടുംബക്രമം വായിക്കുകയും വേണം.

## മക്കളുടെ വളർത്തൽ

**ഒ**ന്നാമത്: കാരണവന്മാരെ, നിങ്ങളുടെ മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ എത്രയും പ്രധാനപ്പെട്ട കാര്യവും കടമയും ആകുന്നു എന്നു നന്നായി അറിഞ്ഞുകൊൾക. മക്കൾ, സർവ്വേശ്വരൻ തമ്പുരാന് സൂക്ഷിപ്പാനായിട്ടു നിങ്ങളുടെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുച്ചോര കൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാകുന്നതിനും വിധിദിവസങ്ങളിൽ തിര്യെ ഏൽപ്പിക്കുന്നതിനും ആയിട്ട് ഈശോമിശിഹാ നിങ്ങളുടെ കൈയിൽ ഏൽപ്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നു എന്ന് നന്നായി അറിഞ്ഞുകൊൾവിൻ. തങ്ങളുടെ കുറ്റം നിമിത്തം, തങ്ങളുടെ മക്കളിൽ ഒന്നു നരകത്തിൽ നശിച്ചുപോകുമെങ്കിൽ. ഇത് കാരണവന്മാർ രക്ഷപ്പെടുന്നതിന് എത്രയോ തടവായിരിക്കുന്നു! കാരണവന്മാർ തങ്ങളുടെ മക്കൾ കാരണമായിട്ട്, നരകത്തിൽ നശിച്ചുപോയാൽ മക്കൾ ചെയ്യുന്നതൊക്കെയും വിധിദിവസത്തിൽ കാരണവന്മാരോട് ചോദിക്കുമെന്നും ഒറിജിനോസെന്ന മഹാശാസ്ത്രി എഴുതിയിരിക്കുന്നു. എന്നാൽ നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളെ രക്ഷിപ്പാനും സന്ധിപ്പാനും തക്ക നല്ല മക്കൾ നിങ്ങൾക്കുണ്ടാകണമെങ്കിൽ അവരെ ചെറുപ്രായത്തിൽ നല്ല ക്രിസ്ത്യാനികളാക്കുവിൻ, ഈ പ്രായത്തിൽ അവർ തമ്പുരാനെ സ്നേഹിക്കുകയും പേടിക്കയും ഇല്ലെങ്കിൽ, പിന്നെ അവർ അവരുടെ കാരണവന്മാരെയും പേടിക്കയും ബഹുമാനിക്കയും ചെയ്കയില്ല. മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞുങ്ങളെ കൂടെക്കൂടെ തമ്പുരാനു കാഴ്ചവെക്കുകയും അവരെ, ഈശോമറിയം യൗസേപ്പിന്റെ മാദ്ധ്യസ്ഥത്തിൽ ഏൽപ്പിക്കയും അവർക്കു വേണ്ടി കൂടെക്കൂടെ അപേക്ഷിക്കയും ചെയ്യണം. അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷപോലെ ദൈവം കൈക്കൊള്ളും.

**ര**ണ്ടാമത്: അവർക്ക് അൽപം ദൃഢത ഉണ്ടാകുമ്പോൾ തന്നെ ഭക്തിയോടു കൂടെ ഈശോ മറിയം യൗസേപ്പെന്ന തിരുനാമങ്ങളെ ചൊല്ലുവാൻ അവരെ പഠിപ്പിക്ക; അവരുടെ സ്വരൂപങ്ങൾ കുഞ്ഞുങ്ങളെ കാണിക്കയും മുത്തിക്കയും ചെയ്തുകൊണ്ട് അവരെ വണങ്ങുവാനും, സ്നേഹിപ്പാനും പഠിപ്പിക്ക. അവർ പറവാൻ തുടങ്ങുമ്പോൾ ആകാശങ്ങളിലിരിക്കുന്നതും, നന്മനിറഞ്ഞ മറിയം, ത്രികാല ജപം മുതലായ ചെറിയ ജപങ്ങളെ പഠിപ്പിക്ക. ശരീരത്തിനടുത്ത യാവന അവർക്ക് കൊടുക്കുന്നതിനോടുകൂടെ ആത്മത്തിനടുത്ത യൗവന യായ ഇവകളെയും അവർക്ക് കൊടുക്കുന്നത് എത്രയോ നല്ലതായിരി ക്കുന്നു.

**മൂ**ന്നാമത്: കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീട്ടിനകത്തുകൂടെയും നട ത്തരുത്. അവർക്ക് മനസ്സിലാകുന്നില്ലാ എന്നുവച്ച് ക്രമമല്ലാത്ത വചനങ്ങളും ദൂഷണങ്ങളും അവരുടെ മുമ്പാകെ പറയരുത്. സത്യദേവനാടുകളിൽ തള്ള മാർ ഗർഭംധരിച്ചു പ്രസവിക്കുന്നു എന്നുള്ള വിവരം കൂടെയും പൈതങ്ങളെ അറിയിക്കുന്നില്ല. തമ്പുരാൻ ഉണ്ണിയെ ആകാശത്തിൽനിന്നു കിട്ടി എന്നത്രെ മറ്റു കുഞ്ഞുങ്ങളോട് അറിയിക്കുന്നത്.

**നാ**ലാമത്: കാരണവന്മാരുടെ നേരെയുള്ള വണക്കാചാരങ്ങളെക്കുറിച്ച്. അച്ഛ നമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുത്. ആൺപൈതങ്ങളും പെൺപൈ തങ്ങളും ഒരുമിച്ച് ഒരു മുറിയിൽ കിടക്കുന്നതിനും അനുവദിക്കരുത്. സ്വഭാ വത്തിൽ അവർക്ക് അറിയാത്തത് പിശാചു അവരെ പഠിപ്പിക്കും.

**അ**ഞ്ചാമത്: പൈതൽപ്രായത്തിൽ കാരണവന്മാരുടെ കാഴ്ചയിൽനിന്നകന്ന് കൂട്ടുകാരോടുകൂടെ പൈതങ്ങൾ പുറത്തു കളിപ്പാൻ പോകാൻ അനുവദി ക്കരുത്. അവരെ സൂക്ഷിക്കാത്ത ശുശ്രൂഷക്കാരെ വിശ്വസിക്കേണ്ടാ; മിക്ക പ്പോഴും പൈതങ്ങളെ മോശമാക്കുന്നത് ഇപ്രകാരമുള്ളവരാകുന്നു.

**ആ**റാമത്: തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിലയ യ്ക്കണം. ഇതുംപോരാ, അവർ പഠിക്കുന്നുണ്ടോ എന്നും, അവർ എങ്ങനെ യുള്ള കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം.

**ഏ**ഴാമത്: കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പിക്കരുത്; എന്തെന്നാൽ പലപ്പോഴും അവർ മാലാഖമാരായി പോകുകയും, പിശാചു ക്കളായി പിന്തിരിയുകയും ചെയ്യുന്നു.

**എ**ട്ടാമത്: ഏഴു വയസ്സു തികയുമ്പോൾ കുമ്പസാരിപ്പാൻ അറിയേണ്ടതൊ ക്കെയും അവരെ പഠിപ്പിച്ചു കുമ്പസാരിപ്പിക്കണം. പ്രത്യേകമായിട്ടു ദൈവ മാതാവിന്റെ മേൽ ഭക്തിയായിരിപ്പാനും അവരെ പഠിപ്പിക്കണം.

**ഒ**മ്പാമത്: മക്കളോട് അധിക കടുപ്പവും അധിക അനുഗ്രഹവും രണ്ടും തിന്മ യാകുന്നു. അതിവാത്സല്യം നിഗളവും അധികകോപം ശിക്ഷയും ശരണ ക്കേടും നാണമില്ലായ്കയും ബുദ്ധിമടുപ്പുംഅവർക്കു വരുത്തും. അവരെ തല്ലു ന്നതിനു മുമ്പിൽ വിവേകമുള്ള മഹിമയോടുകൂടി അവരെ കുറ്റപ്പെടുത്തുകയും ഭക്ഷണം കുറയ്ക്കയും ചിലപ്പോൾ മുട്ടിന്മേൽ നിറുത്തുകയും ചെയ്യാം. മക്കളെ കുറ്റപ്പെടുത്തുന്നതിൽ ദൂഷണങ്ങൾ പറയുകയും മറ്റും ചെയ്യുന്നത് അവരെ നന്നാക്കുകയല്ലോ പിന്നെയോ പ്രാപ്തിയാകുമ്പോൾ അവരും തങ്ങളുടെ മക്കളോടു ഇപ്രകാരം ചെയ്യാൻ പഠിപ്പിക്കയത്രെ. അമ്മ കാണിച്ചു കൊടുത്തുകൊണ്ടു അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പി ക്കണം. അപ്പനും അതിൻവണ്ണംതന്നെ അമ്മയെ ബഹുമാനിപ്പാനും സ്നേഹി പ്പാനും പഠിപ്പിക്കണം. കാരണവന്മാർ തമ്മിൽത്തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കയില്ലായെങ്കിൽ മക്കളും അവരെ ബഹു മാനിക്കയില്ല.

**പ**ത്താമത്: ചെറുപ്പത്തിൽ തന്നെ ലോകനടപ്പെന്നു പറഞ്ഞുകൊണ്ട് നുണയും സൂത്രങ്ങളും തട്ടിപ്പും ചതിവും അവരെ അഭ്യസിപ്പിക്കേണ്ട. വല്ല തെറ്റും അവരിൽ കണ്ടാൽ ഉടനെ അവരെ കുറ്റപ്പെടുത്തുക, ശാസിക്കുക; പരമാർത്ഥവും നീതിയും സ്നേഹിപ്പാൻ അവരെ പഠിപ്പിക്ക.

**പ**തിനൊന്നാമത്: വൈകിട്ട് കുരിശുമണിയടിക്കുമ്പോൾ മക്കളെല്ലാവരും വീട്ടിലുണ്ടായിരിപ്പാനും നമസ്കാരം കഴിഞ്ഞാലുടൻ അവർ സ്തുതി ചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്തുവാനും അവരെ ശീലിപ്പി ക്കണം.

പന്ത്രണ്ടു വയസ്സു തികഞ്ഞാൽ ആ പ്രായം ഏറ്റം സൂക്ഷിക്കേണ്ടതാക യാൽ പൈതങ്ങളെ കാരണവന്മാർ ചാത്തം, പെരുന്നാൾ, വിരുന്ന്, കല്യാണം മുതലായ ആഘോഷങ്ങൾക്കു പുറമെ വിടാതെ അവരെ വീട്ടിൽ താമസി പ്പിച്ച് അവരുടെ പ്രായത്തിനടുത്ത തൊഴിലിൽ അവരെ അഭ്യസിപ്പിക്കണം; എന്നാൽ പെൺപൈതങ്ങളെ പെരുന്നാൾ ആഘോഷത്തിനും തോഴ്മയ്ക്കും മറ്റുമായി ചമയിക്കുന്നതും അയയ്ക്കുന്നതും നരകത്തിൽ നിന്നുവന്ന ഒരു സൂത്രവും ചട്ടവുമാകുന്നു.

**പ**ന്ത്രണ്ടാമത്: ലോകബഹുമാനം, സമ്പത്ത്, തറവാട്ടുമഹിമ എന്നുള്ള കാര ണത്താൽ പെൺമക്കളെ ചമയിച്ചു നടത്തുന്നതും, തങ്ങളുടെ അന്തസ്സും, പ്രാപ്തിയും കവിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പും, ആഭരണങ്ങളും ഇടു വിച്ചു നടത്തുന്നതും എത്രയോ ആത്മാക്കളിൽ നരകത്തീ കത്തിക്കുന്നു. ഒരു പെൺപൈതലിന്റെ ആഭരണം എത്രയും വലിക അടക്കവും, ഭക്തിയും, മിണ്ടടക്കവും കണ്ണടക്കവും ആകുന്നു.

**പ**തിമ്മൂന്നാമത്: പിള്ളപട എന്നു പറയുന്ന വഴക്കു നിങ്ങൾ ഉണ്ടാക്കരുത്. തങ്ങളുടെ മക്കളെ മറ്റൊരുത്തൻ അപമാനിച്ചു; മറ്റു കുഞ്ഞുങ്ങൾ തല്ലി; ഇങ്ങനെയുള്ളത് കാര്യമാക്കുന്ന കാരണവന്മാരും പൈതങ്ങൾ തന്നെ.

**പ**തിനാലാമത്: മക്കൾക്ക് അന്തസ്സ് തെരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവർക്ക് ഇതിൽ പൂർണസ്വാതന്ത്ര്യം അനുവദിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവത്തിന്റെയും അതിനെ തെരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാകുന്നു. ഇത് കാരണവന്മാർക്കുള്ളതല്ല. ഇതു നിമിത്തം എത്രയോ കാരണവന്മാരും മക്കളും ഈ നേരത്തു നരകത്തിൽ കിടന്നു നിലവിളിക്കുന്നു. ഇതിനാൽ ഈ കാര്യത്തിൽ ആൺപൈതലിന് പതിനാറ് അല്ലെങ്കിൽ പതിനെട്ട്, പെൺപൈതലിന് പതിനാല് അല്ലെങ്കിൽ പതിനാറും വയസ്സു കഴിഞ്ഞു താമസിക്കയും അരുത്. എന്നാൽ വിവാഹത്തിന് അവരുടെ സമ്മതം പ്രത്യേകമായിട്ട് അറിയണം. ബന്ധുക്കളുടെ ദ്രവ്യത്തേയും ബഹുമാനത്തേയുംകാൾ, നല്ല മര്യാദയും ശീലഗുണവും സൂക്ഷിക്ക. അല്ലെങ്കിൽ പിന്നെ മക്കൾക്കും കാരണവന്മാർക്കും സന്തോഷത്തിനു പകരം അതിദുഃഖം സംഭവിക്കും.

**പ**തിനഞ്ചാമത്: മക്കൾക്ക് പ്രായപൂർത്തിയും ബുദ്ധിയും പ്രാപ്തിയും ഉണ്ടായാലും അവരുടെ മുമ്പിൽ മതിപ്പും ബലക്ഷയവും കാണിക്കേണ്ടാ. പാടുള്ളിടത്തോളവും വീട്ടധികാരവും അവരെ ഏൽപിക്കേണ്ടാ, ഈ സംഗതിയിൽ കാരണവന്മാർക്കു എത്രയോ സങ്കടം ഭവിക്കുന്നു.

**പ**തിനാറാമത്: കാരണവന്മാർ മരിക്കുന്നതിന് മുമ്പിൽ തന്നെ അവരെ മാറ്റി കുടിമതിയായി പാർപ്പിക്ക. ബോധത്തിനു ബലക്ഷയം വരുന്നതിന് മുമ്പിൽ അവർക്ക് വസ്തുക്കൾ ഭാഗം ചെയ്തുകൊടുക്ക. ഇതല്ലാഞ്ഞാൽ മരണത്തിന്റെ ശേഷം അവർ തമ്മിൽ ഉണ്ടാകുന്ന വഴക്ക്, തർക്കം മുതലായ പാപങ്ങൾക്കു മാതാപിതാക്കന്മാർ ഉത്തരവാദികളാകും.

കടശ്ശിയായി മക്കളേ! നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവപ്രമാണത്താൽ തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവപ്രമാണത്തിൽ നാലാമത്തേതു ലംഘിക്കുന്നവർക്കു പരലോകത്തിൽ തന്നെയല്ല, ഈ ലോകത്തിൽകൂടെയും ദൈവശാപം കൽപിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊള്ളുവിൻ.

ജപ്പാൻ എന്ന അജ്ഞാനരാജ്യത്തിൽ ഒരു അമ്മയ്ക്ക് മൂന്നു മക്കൾ ഉണ്ടായിരുന്നു. ഇവർ വലിയ ദാരിദ്ര്യസ്ഥിതിയിൽ ഇരുന്നതിനാൽ തങ്ങളുടെ അമ്മയെ യോഗ്യമായ പ്രകാരം പരിരക്ഷിക്കുന്നതിന് യാതൊരു നിവൃത്തിയുമില്ലാത്തവരായിരുന്നു. എന്നാൽ ആ രാജ്യത്തിൽ കള്ളന്മാരെ തൂക്കി

ക്കൊല്ലണം എന്നും, കള്ളന്മാരെ പിടിച്ചുകൊടുക്കുന്നവർക്കു വലിയ ഇനാം കൊടുക്കണം എന്നും ചട്ടം വയ്ക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇങ്ങനെയിരിക്കെ ഈ മക്കൾ അമ്മയ്ക്ക് തൃപ്തികരമായി ചിലവിനു കൊടുപ്പാൻ കഴിവുണ്ടാകുന്നതിന് വേണ്ടി തങ്ങളിൽ ഒരുത്തൻ കള്ളനെന്നു ഭാവിക്കുകയും മറ്റിരുവരും കൂടി അവനെ സർക്കാരിൽ ഏൽപ്പിക്കയും ഇങ്ങനെ ഇനാം വാങ്ങിക്കയും ചെയ്തു. പിന്നെ മറ്റിരുവരും കള്ളന്റെ അടുക്കൽ ചെന്ന് യാത്ര പറയുന്നതിനേയും, ധൈര്യമായി അമ്മയ്ക്കു വേണ്ടി മരണശിക്ഷ ഏൽക്കണമെന്ന് അവനോട് ഉപദേശിക്കുന്നതിനേയും അധികാരി കണ്ടപ്പോൾ ഈ കള്ളന്റെ നേരെ ഇവർക്ക് ഇത്ര വലിയ ദയയുണ്ടാകുന്നതിനുള്ള കാരണമെന്തെന്ന് അന്വേഷിച്ചു. അമ്മയുടെ നേരെയുള്ള സ്നേഹത്താൽ സഹോദരന്മാരായ അവരിലൊരുവൻ മരിപ്പാൻ നിശ്ചയിച്ചതല്ലാതെ മറ്റു പ്രകാരമല്ലായെന്ന സത്യമറിഞ്ഞു. ഈ സംഗതി രാജാവിനെ ബോധിപ്പിച്ചപ്പോൾ അവനെ വിട്ടയച്ചതുകൂടാതെ അവരുടെ അമ്മ മരിക്കുന്നതുവരെ അവർക്ക് രാജാവ് അടിത്തൂൺ കൊടുപ്പാൻ കൽപ്പിക്കുകയും ചെയ്തു. മക്കളേ! ഈ സംഭവം എപ്പോഴും ഓർത്തുകൊൾവിൻ.

എന്ന്

കർമ്മലീത്ത ദിസ്ക്കോസ് മൂന്നാംസഭ,
മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോർ
തിരുക്കുടുംബത്തിന്റെ ആഹാ
**കുരിയാക്കോസ് ഏലിയാസ്**

1868–ാം കാലം
കുംഭമാസം 23–ാംനു.
മാർച്ച് മാസം 7–ാം തീയതി

■

ഭാഗം രണ്ട്

# ഇതാ ഈ വഴിയെ...

സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.

## ഒന്ന്

# ദൈവപ്രമാണങ്ങൾക്കൊരു ചാവറഭാഷ്യം

**നൂ**റ്റാണ്ടുകൾക്കുമുമ്പ് സീനായ് മലമുകളിൽ വെച്ച് അന്നോളം ചരിത്രത്തിൽ സംഭവിച്ചിട്ടില്ലാത്ത ഒരു കൊടുക്കൽ വാങ്ങൽ നടന്നു. ദൈവമായ കർത്താവ് താൻ തെരഞ്ഞെടുത്ത തന്റെ ജനം ലോകാവസാനം വരെ അനുവർത്തിക്കാനും അങ്ങനെ യാഹ്‌വേയായ താൻ അവരുടെ ദൈവവും അവർ തന്റെ ജനവുമായി എന്നേയ്ക്കും നിലനില്ക്കുവാനുമായി നിവർത്തിക്കേണ്ട നിർദ്ദേശ കല്പനകളാണ് മോശയെന്ന മദ്ധ്യവർത്തിവഴി ദൈവജനത്തിനു നല്കിയത്. നൂറ്റാണ്ടുകൾക്കുശേഷം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ദൈവീകമനുഷ്യൻ, വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, തന്റെ മാംസസംബന്ധക്കാരായ കൈനകരി ഇടവകക്കാർക്കുവേണ്ടി അവരുടെ ആത്മീകവും, ലൗകീകവുമായ ഉപകാരങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ഒരു നല്ല അപ്പന്റെ അന്ത്യശാസനമായി, ഒരു കുടുംബം അനുവർത്തിക്കേണ്ട ക്രിസ്തീയമായ ആചാരങ്ങൾ എഴുതിവച്ചു. അതാണ് *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന പേരിലറിയപ്പെടുന്ന ചാവറയച്ചന്റെ ഒരു കത്ത്.

19–ാം നൂറ്റാണ്ടിൽ ജീവിച്ചുമരിച്ച ദൈവസ്നേഹിയും, മനുഷ്യസ്നേഹിയുമായ ഈ വലിയ മനുഷ്യന്റെ മനോമുകുരത്തിൽ ദൈവീകപ്രേരണയാൽ തെളിഞ്ഞുവന്ന ഉൾക്കാഴ്ചയാണ് കുടുംബം നന്നായാലേ സഭ നന്നാകൂ; രാഷ്ട്രം നന്നാകൂ എന്നത്. ആദിയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ച്, പുരുഷനും സ്ത്രീയുമായി, കുടുംബത്തിന് ജന്മം കൊടുത്തു. ദൈവം മനുഷ്യവർഗ്ഗത്തോട് പിന്നീട് സംസാരിച്ചവയെല്ലാം കുടുംബത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങളായിരുന്നു. കാരണം ലളിതം, വ്യക്തം. കുടുംബമെന്ന യാഥാർത്ഥ്യത്തിലൂടെയല്ലാതെ ഒരു മനുഷ്യനും ലോകത്തിൽ ജനിക്കുന്നില്ല; കുടുംബത്തിലാണവൻ വളരുക. അതറിയാമായിരുന്ന ചാവറയച്ചൻ ദൈവോന്മുഖമായി കുടുംബത്തെ രൂപപ്പെടുത്താനും, വളർത്താനുമുള്ള പ്രായോഗിക

നിർദ്ദേശങ്ങൾ അടങ്ങിയ ഒരു കുടുംബ ചട്ടം എഴുതിയുണ്ടാക്കി. 19–ാം നൂറ്റാണ്ടിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ എഴുതപ്പെട്ടതെങ്കിലും അതിൽ അന്തർഭവിച്ചിരിക്കുന്ന ദൈവീകമായ ഉൾക്കാഴ്ചകളും ഉദ്ബോധനങ്ങളും മൂലം നാളുകൾ കഴിയുംതോറും ആ ചാവരുളിന്റെ പ്രസക്തിയുടെ മാറ്റു വർദ്ധിക്കുകയാണ്. കൈനകരി ഇടവകക്കാരായ കുടുംബങ്ങൾക്കു മാത്രമല്ല, എല്ലാ കുടുംബങ്ങൾക്കും പ്രയോജനകരമായ സന്ദേശങ്ങൾ കാലത്തെ അതിജീവിക്കുന്ന ഈ ചെറുകൃതിയിൽ ഒളിഞ്ഞിരിപ്പുണ്ട്. *ചാവരുളി*ന്റെ ഈവിധമുള്ള മൂല്യത്തിന് നിദാനമെന്ത് എന്നതാരായുമ്പോൾ വ്യക്തമാകുന്ന കണ്ടെത്തലുകളാണ് ഇവിടെ പങ്കിടുവാനാഗ്രഹിക്കുന്നത്.

കർത്താവ് അരുളിച്ചെയ്തു:

*നിങ്ങൾ എന്റെ വാക്കുകേൾക്കുകയും, എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും.... നിങ്ങൾ എനിക്കു പുരോഹിത രാജ്യവും വിശുദ്ധ ജനപദവുമായിരിക്കും.*[1]

തന്റെ സ്വന്തജനമാക്കി. ഇസ്രായേൽ ജനത്തെ നിലനിർത്താൻ ദൈവം നല്കിയ നിയമങ്ങളാണ് പത്തുകല്പനകൾ. അവ അനുസരിച്ചാൽ അവർ ദൈവത്തിന്റെ സ്വന്തം ജനമായിരിക്കും. ദൈവജനത്തിന്റെ ദൈവോന്മുഖ ജീവിതത്തിന് മാർഗ്ഗദർശകമായി വിശുദ്ധ ഗ്രന്ഥത്തിൽ നിർദ്ദേശിച്ചിട്ടുള്ളത് ദൈവപ്രമാണങ്ങളാണ്. ദൈവ–മനുഷ്യബന്ധം സുദൃഢമാക്കാനുള്ള ആഹ്വാനമാണ് പ്രമാണങ്ങളുടെ അനുവർത്തനംവഴി നിവർത്തിയ്ക്കപ്പെട്ടത്. ഇസ്രായേൽ ജനത്തെ സംബന്ധിച്ചു മാത്രമല്ല, ലോകാവസാനത്തോളമുള്ള എല്ലാ ജനത്തെ സംബന്ധിച്ചുമുള്ള ദൈവഹിതമാണിത്. ഇതു നന്നായി ഗ്രഹിച്ചിരുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദൈവീക പ്രമാണങ്ങൾക്കനുസൃതമായ ഒരു ജീവിതം നയിക്കാൻ തന്റെ മാംസസംബന്ധികളായ വിശ്വാസികളെ ഉദ്ബോധിപ്പിക്കുകയായിരുന്ന ചാവരുളിലെ ബോധനങ്ങളിലൂടെ.

ചാവറയച്ചന്റെ *ചാവരുൾ* ശ്രദ്ധയോടെ വായിക്കുമ്പോൾ മോശവഴി ദൈവം നല്കിയ ദൈവകല്പനകളെ പ്രായോഗികമായി ഒരു കുടുംബം, ദൈവജനമായസഭയുടേയും, സമൂഹത്തിന്റേയും ഏറ്റം ചെറിയ ഘടകം, എങ്ങനെ അനുവർത്തിക്കണമെന്ന വ്യക്തമായ നിർദ്ദേശങ്ങളും അനുശാസനങ്ങളുമാണ് അതിൽ അന്തർഭവിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കുവാനാകുന്നു. ദൈവകല്പനകൾക്കൊരു പ്രായോഗിക വ്യാഖ്യാനമാണ് *ചാവരുൾ*. ദൈവപ്രമാണങ്ങളെ ഭൂമികയായി കണ്ടുകൊണ്ട് *ചാവരുളി*നെ ധ്യാനപൂർവ്വം വിശകലനം ചെയ്യുമ്പോൾ ആദരപൂർവ്വം കണ്ടെത്താനാകുന്നത് ദൈവ പ്രമാണങ്ങൾക്കു നൽകപ്പെട്ട ചാവറഭാഷ്യത്തെതന്നെയാണ്.

**ദൈവഭയത്തിന്റെ പ്രസക്തി**

ദൈവപ്രമാണങ്ങളിൽ ആദ്യത്തെ മൂന്നെണ്ണം ദൈവത്തെ സംബന്ധിച്ചുള്ളതാണല്ലോ.[2] ദൈവമായ കർത്താവ് ഏകനാണെന്നും, കർത്താവല്ലാതെ, മറ്റൊരുവനെ ദൈവമായി ആരാധിക്കരുതെന്നും, ദൈവത്തിന്റെ പരിശുദ്ധമായ നാമത്തെ ദുഷിപ്പിക്കരുതെന്നും, കർത്താവിനായി മാറ്റി വയ്ക്കപ്പെട്ടിരിക്കുന്ന ദിനത്തെ വിശുദ്ധമായി ആചരിക്കണമെന്നുമുള്ളതാണ് അതിന്റെ സാരാംശം. ഇവയെല്ലാം കൂടി സംഗ്രഹമായി പറയുന്നതാവട്ടെ *നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, സർവ്വശക്തിയോടുംകൂടി ആരാധിക്കുക, സ്നേഹിക്കുക* എന്നുമാണല്ലോ. മേൽപറഞ്ഞ ദൈവപ്രമാണങ്ങൾ മനുഷ്യനിൽ നിന്നാവശ്യപ്പെടുന്നത് മറ്റെല്ലാറ്റിലുമുപരി ദൈവത്തിന് ജീവിതത്തിൽ പ്രഥമസ്ഥാനം കൊടുക്കാനാണ്. പണമോ, പ്രതാപമോ, സമ്പത്തോ, സ്ഥാനമാനങ്ങളോ, ഇവയൊന്നും ദൈവത്തിനു പകരമായി പ്രതിഷ്ഠിതമാകരുത്. ജീവിതത്തിൽ, കുടുംബത്തിൽ ദൈവത്തിന്റെ പ്രഥമസ്ഥാനം നഷ്ടപ്പെടുമ്പോൾ അവിടെ വിഗ്രഹാരാധന ഉടലെടുക്കുകയായി. ഈ വിഗ്രഹം ഏതെങ്കിലും പ്രതിമ ആണെന്ന് അർത്ഥമില്ല; അങ്ങനെയല്ലതാനും. ദൈവത്തിനു നല്കേണ്ട സ്ഥാനം നല്കുക. ആ സ്ഥാനം മറ്റെവിടെയെങ്കിലും, ആർക്കെങ്കിലും, നൽകുമ്പോൾ അതു വിഗ്രഹാരാധനാ തുല്യമാവുകയാണ്. ഇതു സംബന്ധിച്ചു ചാവറയച്ചൻ പറയുന്നതിപ്രകാരമാണ്:

*ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദൈവപേടിയുള്ള തറവാട് ഈ ലോകത്തിലും പരലോകത്തിലും ദൈവവാഴ്വിൻ ഫലം അനുഭവിക്കുകയും ചെയ്യും.*[3]

ഒരു കുടുംബത്തിൽ സർവ്വപ്രധാനമായും ഉണ്ടായിക്കാണുവാൻ ചാവറയച്ചൻ ആഗ്രഹിച്ചതും, ആവശ്യപ്പെടുന്നതും *ദൈവഭയ*മാണ്. *ദൈവഭയ*മെന്നത് ശിക്ഷിക്കപ്പെടുമോ എന്ന പേടിയിൽനിന്ന് ഉരുത്തിരിയുന്ന ഭയമല്ല. പിന്നെയോ സ്നേഹത്തിൽനിന്നും, ബഹുമാനത്തിൽ നിന്നും ഉരുത്തിരിയുന്നതും, ആരെ *ഭയ*പ്പെടുന്നുവോ ആ വ്യക്തിയുടെ സ്ഥാനത്തിൽ നിന്നും ഔന്നത്യത്തിൽ നിന്നും ഉടലെടുക്കുന്നതുമായ ഒരു ഭാവപ്രതിഭാസമാണ്. അകാരണമായ ഭീതിപ്പെടുത്തി വിറപ്പിക്കുന്ന ഭയമല്ല ഇത്; മറിച്ച് രക്ഷാകരമായ ഭയമാണ്. ഇത്തരം ഭയമാണ് പാപത്തിൽ നിന്നും, ദൈവഹിതത്തിന് വിരോധമായി പ്രവർത്തിക്കുന്നതിൽ നിന്നും, മനുഷ്യനെ പിന്തിരിപ്പിക്കുന്നതും.[4]

ദൈവഭയമാണ് ആത്യന്തികമായി ഒരു കുടുംബത്തിന് നന്മയും ഐശ്വര്യവും പ്രദാനം ചെയ്യുന്നതെന്ന് വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിശ്വസിച്ചു. ദൈവത്തേക്കാൾ സമ്പത്തിന് പ്രാമുഖ്യം കൊടുക്കാൻ തോന്നുന്ന, അഥവാ തോന്നാവുന്ന, പ്രലോഭനങ്ങളെ (ഒന്നാം പ്രമാണത്തിനെതിരാണത്) ചെറുത്തുനില്ക്കുവാൻ അദ്ദേഹം ഉദ്ബോധിപ്പിക്കുന്നതും ശ്രദ്ധേയമാണ്. ഒരു

കുടുംബത്തിന്റെ യഥാർത്ഥ മഹിമയും സന്തോഷവും ദൈവഭയമുള്ളവരുമായുള്ള, ദൈവത്തിന് ജീവിതത്തിലും, കുടുംബത്തിലും പ്രഥമ സ്ഥാനം നല്കുന്നവരുമായുള്ള, ബന്ധത്തിലാണെന്ന് അദ്ദേഹം വ്യക്തമാക്കി:

*ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട് ബന്ധുത്വം പിടിക്കേണ്ടാ. എന്തുകൊണ്ടെന്നാൽ ഒരു കുടുംബത്തിൽ, ഉപകാരവും സന്തോഷവും വരുന്നത് ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കളല്ല; പിന്നെയോ ക്രമവും ദൈവപേടിയുമുള്ള ബന്ധുക്കളത്രേ ആകുന്നു.*[5]

ഒരു ക്രിസ്ത്യാനിയുടെ സംസർഗ്ഗവും സഹവാസവും ദൈവപേടിയുള്ളവരോട് ആയിരിക്കണം. ഒരു കുടുംബം അതിന്റെ മൂല്യമായി, സമ്പത്തായി പരിഗണിക്കേണ്ടത് ഭൗതികമായ സമ്പത്തല്ല. ദൈവത്തിന് പ്രഥമസ്ഥാനം കൊടുത്ത്, ദൈവത്തെ സർവ്വസമ്പത്തായി കരുതി സ്നേഹിക്കുന്നതും ആരാധിക്കുന്നതുമാവണം സർവ്വപ്രധാനം. ഇപ്രകാരമുള്ള കുടുംബമാണ് ആകാശമോക്ഷത്തിന്റെ സാദൃശ്യമാവുക. സ്വർഗ്ഗത്തിലെപ്പോഴും ദൈവത്തിനാണല്ലോ പ്രഥമസ്ഥാനം.

മേൽപറഞ്ഞതിനോട് അഭേദ്യം ബന്ധപ്പെട്ടു പോകുന്നതാണ് ഞായറാഴ്ച തുടങ്ങിയ കടമുള്ള ദിവസങ്ങളെ എപ്രകാരം ആചരിക്കണമെന്ന ചാവറ പിതാവിന്റെ നിർദ്ദേശം. അത് കർത്താവിന്റെ ദിവസമാണ്; കർത്താവിനായി മാറ്റി വയ്ക്കപ്പെട്ട ദിവസമാണ്. അന്നേദിവസം കർത്താവിനും അവിടുത്തെ ഹിതാനുസാരമുള്ള കാര്യങ്ങൾക്കുമായിത്തന്നെ ചെലവഴിക്കണം. ദൈവപ്രമാണങ്ങളിൽ ആദ്യത്തെ മൂന്നിനേയും ചാവറയച്ചൻ *ചാവരുളി*ലൂടെ പ്രഖ്യാപിക്കുന്നതിന്റെ സാരസംഗ്രഹം ദൈവഭയമുള്ള, ദൈവത്തെ എല്ലാറ്റിലുമുപരിയായി സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു കുടുംബമായിരിക്കണം ക്രിസ്ത്യാനിക്കുടുംബം എന്നുതന്നെയാണ്.

ദൈവപ്രമാണങ്ങളുടെ രണ്ടാംഭാഗം മാനുഷികതലത്തിൽ നില്ക്കുന്നതും, സാമൂഹികമായ സ്വഭാവമുള്ളതുമായ ഏഴുപ്രമാണങ്ങളാണ്. ഒരു കുടുംബത്തിന്റേയും, സമൂഹത്തിന്റേയും സുസ്ഥിതിയ്ക്ക് അവയോരോന്നും എത്രമാത്രം ആവശ്യമാണെന്നും, അവ അനുവർത്തിക്കപ്പെട്ടാൽ ആകാശമോക്ഷംപോലെ സ്വച്ഛമായ, സുന്ദരമായ, ശാന്തമായ, സൗഭാഗ്യപൂർണ്ണമായ ഒരു കുടുംബജീവിതത്തിനും സമൂഹജീവിതത്തിനും ഇടലഭിക്കുമെന്നുമുള്ള വിശ്വാസ പ്രത്യാശകളാണ് ചാവറയച്ചൻ അതിലൂടെ പകർന്നുതരുന്നത്. അതാവട്ടെ ഒരു ദൈവീകമനുഷ്യന്റെ ഉൾക്കാഴ്ചയോടും കുശാഗ്രബുദ്ധിയുടെ കൂർമ്മതയോടും കൂടിത്തന്നെയുമാണ്.

കുടുംബജീവിതത്തെ സംബന്ധിച്ചുള്ള ഏറ്റവും അടിസ്ഥാനപരമായ ഒരു പ്രമാണമാണ് നാലാമത്തേത്. ചാവറയച്ചൻ എഴുതുന്നു:

*കടശ്ശിയായി മക്കളേ, നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും, അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവ*

*പ്രമാണത്താൽത്തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. അതിനാൽ ഇതു ലംഘിക്കുന്നവർക്കു പരലോകത്തിൽതന്നെയല്ല, ഈ ലോകത്തിൽ കൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊള്ളുവിൻ.*[6]

യഥാർത്ഥ ബഹുമാനം സ്നേഹത്തിൽ നിന്നുരുത്തിരിയുന്നതാണ്. സ്നേഹമാണ് അതിന്റെ കാതൽ. ചാവറയച്ചൻ ഇതു വ്യക്തമാക്കുവാൻ ഒരു ദൃഷ്ടാന്തം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഒരിക്കൽ ജപ്പാൻ ദേശത്ത് സ്വന്തം അമ്മയ്ക്ക് തൃപ്തികരമായി ചെലവിനുകൊടുക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്ന മൂന്നുമക്കൾ കള്ളന്മാരെ പിടിച്ചുകൊടുത്താൽ പ്രതിഫലം ലഭിക്കുമെന്ന് കേട്ടറിഞ്ഞു. അമ്മയുടെ ചെലവ് വഹിക്കാനായി അവരിൽ ഒരാൾ കള്ളനെന്നുഭാവിച്ചു പതുങ്ങിപ്പതുങ്ങി നിന്നുകൊടുക്കുകയും മറ്റിരുവരുംകൂടി അവനെ സർക്കാരിൽ പിടിച്ചേല്പിച്ച് പണം വാങ്ങി അമ്മയെ സഹായിക്കാൻ തയ്യാറാവുകയും ചെയ്തു. അമ്മയോടുള്ള സ്നേഹത്താൽ പ്രേരിതനായി മോഷണക്കുറ്റമേറ്റ മകൻ മരിക്കുവാൻ തയ്യാറാവുകയാണ്. സഹോദരനെ കൊലയ്ക്കുകൊടുക്കുകയായിരുന്നു ഇതരസഹോദരങ്ങൾ. അമ്മയോടുള്ള സ്നേഹമാണ് മൂവരേയും നയിച്ചത്. തങ്ങളുടെ നിസ്സഹായതയിൽ നിന്ന് അമ്മയെ പരിരക്ഷിക്കുവാനുള്ള വഴികൾ തേടുകയായിരുന്നു മൂവരും എങ്കിലും രണ്ടു തലത്തിലാണെന്നിരിക്കിലും ആ മൂവരും അനുഭവിച്ചിരിക്കാവുന്ന ഹൃദയവ്യഥ എത്ര കഠിനമായിരിക്കും! ചാവറയച്ചൻ ഹൃദയസ്പർശിയായി അത് അവതരിപ്പിക്കുന്നതുവായിക്കുമ്പോൾ[7] ഈ പ്രമാണത്തിന്റെ ആന്തരികമായ അർത്ഥവും മൂല്യവും നമുക്കു വെളിപ്പെട്ടുകിട്ടുന്നു. അതിനു എത്രമാത്രം പ്രാധാന്യം അദ്ദേഹം കൊടുത്തിരിക്കുന്നു എന്നു അതിൽ നിന്നും വ്യക്തമാകുന്നുമുണ്ട്.

ജോൺപോൾ രണ്ടാമൻ മാർപാപ്പ കുടുംബവർഷമായ 1994 ൽ *കുടുംബങ്ങൾക്കായി ഒരു എഴുത്ത്* അയച്ചു. ഈ കത്തിൽ നാലാം പ്രമാണത്തിന്റെ അർത്ഥം വളരെ വിശദമായി നൽകുന്നുണ്ട്. കുടുംബത്തിന്റെ ആന്തരികമായ ഐക്യത്തെയാണ് ഈ പ്രമാണം ലക്ഷ്യം വയ്ക്കുന്നത്. പരിശുദ്ധ പിതാവ് പറയുന്നു:

*ബഹുമാനിക്കുക എന്നതിന്റെ അർത്ഥം അംഗീകരിക്കുക എന്നാണ്. ബഹുമാനം സത്താപരമായി നിസ്വാർത്ഥയുടെ ഒരു മനോഭാവമാണ്. അതിനെ വ്യക്തി വ്യക്തിക്കു നല്കുന്ന ആത്മാർത്ഥമായ ദാനം എന്നു വിളിക്കാം. ആ അർത്ഥത്തിൽ ബഹുമാനം സ്നേഹവുമായി ഒന്നുചേരുന്നു. ഇത് കുടുംബത്തിന്റെ പൊതു നന്മയ്ക്കുവേണ്ടിയുള്ളതുമാണ്.*[8]

ഇതുമായി ചേർത്തു വായിക്കുമ്പോൾ ആത്മദാനപരമായ സ്നേഹത്തിന് ഉത്തമ ഉദാഹരണമായി ചാവറയച്ചന്റെ മേൽപരാമർശിച്ച മൂന്നു പുത്രന്മാരുടെ കഥ നമുക്കു ബോദ്ധ്യപ്പെടുന്നു.

നാലാം പ്രമാണത്തിന് മറ്റൊരു വശം കൂടിയുണ്ട്; പരിശുദ്ധപിതാവ് പറയുന്നു:

*നിന്റെ അപ്പനേയും, അമ്മയേയും ബഹുമാനിക്കുക എന്ന കല്പന പരോക്ഷമായി ഇങ്ങനെ പറയുന്നു: നിങ്ങളുടെ പുത്രന്മാരെയും പുത്രമാരെയും ബഹുമാനിക്കുക........ അവർ എന്തായിരിക്കുന്നുവോ ആ അവസ്ഥമൂലം അവർക്കതിന് അർഹതയുണ്ട്.*[9]

ഒരു കുടുംബത്തിൽ ഉണ്ടാകേണ്ട ആന്തരികമായ ഐക്യം, പരസ്പര അംഗീകാരം, ആത്മദാനപരമായ സ്നേഹം എന്നിവയാണ് *ബഹുമാനിക്കുക* എന്ന കല്പനയിലൂടെ വ്യക്തമാകുന്നതെന്നർത്ഥം. 20–ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പരിശുദ്ധപിതാവ് എഴുതിവച്ച ഇക്കാര്യങ്ങൾ 19–ാം നൂറ്റാണ്ടിലേ ചാവറയച്ചൻ ഉൾക്കൊണ്ടിരിക്കുന്നു എന്നത് അദ്ദേഹത്തിന്റെ ദൈവിക ഉൾക്കാഴ്ചയുടേയും പ്രവാചകത്വത്തിന്റെയും ഉത്തമ ദൃഷ്ടാന്തമാണ്. മക്കളുടെ സ്വാതന്ത്ര്യത്തെ, പ്രത്യേകിച്ചും പ്രായപൂർത്തിയാകുമ്പോൾ അവരുടെ അന്തസ്സിനെ തെരഞ്ഞെടുക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യത്തെ, അവർക്കു അനുവദിക്കണമെന്ന്[10] അനുശ്വസിക്കുന്ന അദ്ദേഹം മക്കളുടെ വ്യക്തിത്വത്തേയും, ന്യായമായ സ്വാതന്ത്ര്യത്തേയും അംഗീകരിക്കുവാൻ മാതാപിതാക്കളെ അനുസ്മരിപ്പിക്കുകയാണ്.

**ജീവന്റെ പരിപോഷണം**

*കൊല്ലരുത്* എന്ന അഞ്ചാം പ്രമാണം മനുഷ്യജീവന്റെമേൽ കൈവയ്ക്കുവാൻ മനുഷ്യന് അവകാശമില്ല എന്നതാണു പ്രതിധ്വനിപ്പിക്കുന്നത്. ശാരീരികമായി ജീവൻ അപഹരിക്കുക എന്നതിനേക്കാൾ ഉപരിയായ ഒരു അർത്ഥം ഈ പ്രമാണത്തിൽ അന്തർഭവിച്ചിട്ടുണ്ട്. *സഹോദരനെ 'ഭോഷാ' എന്നു വിളിക്കുന്നവൻ ന്യായവിധിയ്ക്കർഹനാകും*[11] എന്നരുളിചെയ്യുന്ന ദിവ്യനാഥന്റെ വാക്കുകളിൽ ഈ പ്രമാണത്തിന്റെ അർത്ഥം കൂടുതൽ അനാവൃതമാകുന്നുണ്ട്. ജീവനെ നശിപ്പിക്കാതിരിക്കുക എന്ന നിഷേധാത്മകമായ കാഴ്ചപ്പാടിനതീതമായി സുഗമമായി ജീവിക്കുവാൻ മനുഷ്യനെ അനുവദിക്കുക, സഹായിക്കുക എന്ന ക്രിയാത്മകമായ അർത്ഥം കൂടി ഇതിൽ അടങ്ങിയിട്ടുണ്ട്. ഈ അർത്ഥത്തിൽ ദൈവവചനാധിഷ്ഠിതമായ കാഴ്ചപ്പാടാണ് ചാവറയച്ചന്റേത്. അദ്ദേഹം പറയുന്നു:

> *വേലക്കാർക്കു ന്യായമായുള്ള കൂലി കൊടുക്കാതിരിക്കുകയോ; താമസിക്കുകയോ ചെയ്യരുത്. എന്തെന്നാൽ അത് ദൈവത്തിൻ പക്കൽ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ട, അവരെ ബുദ്ധിമുട്ടിക്കയും വേണ്ട; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായി നിന്നോടു പകരം ചോദിക്കും.*[12]

പാവപ്പെട്ട ഒരു വിധവയ്ക്കുവേണ്ടി, അവളേയും, അവളുടെ മൂന്നു കുഞ്ഞുങ്ങളേയും കഷ്ടപ്പെടുത്തിയ ഒരു ഗൃഹനാഥന്റെ ജീവനെ എടുത്തുകൊണ്ട് ദൈവം പകരം ചോദിക്കുന്ന സംഭവം ചാവറയച്ചൻ തുടർന്നു വിവരിക്കുമ്പോൾ[13] ശാരീരിക ജീവനെന്നപോലെ മാനസികവും, വൈകാരികവും, ആത്മീയവുമായ ജീവൻ നല്കാനും സംരക്ഷിക്കുവാനുമുള്ള ഏതൊരുവന്റേയുംതന്നെ കടമതന്നെയാണ് അദ്ദേഹം അതിലൂടെ വെളിവാക്കുന്നത്.

മോഷ്ടിക്കരുതെന്നും, കള്ളസാക്ഷ്യം പറയരുതെന്നും, വ്യഭിചാരം ചെയ്യരുതെന്നും, അന്യന്റെ ഭാര്യയെ മോഹിക്കരുതെന്നും, അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുതെന്നുമുള്ള ദൈവപ്രമാണങ്ങൾ സാമൂഹികമായ നീതിയോടും മനുഷ്യനു പരസ്പരമുണ്ടാകേണ്ട ബഹുമാനത്തിന്റേയും സ്നേഹത്തിന്റേയും മൂല്യങ്ങളോടും ബന്ധപ്പെട്ടവയാണ്. മനുഷ്യബന്ധിതങ്ങളായ ഏഴുകല്പനകളെയാണ് *തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക* എന്ന ഒറ്റ കല്പനയിൽ സംഗ്രഹിച്ചിരിക്കുന്നതും.

മോഷ്ടിക്കരുതെന്നും, അന്യന്റെ വസ്തുക്കളെ അന്യായമായി അപഹരിക്കരുതെന്നുമുള്ള പ്രമാണങ്ങളെ വളരെ ശക്തമായ ഭാഷയിൽത്തന്നെ ചാവറയച്ചൻ വിശദീകരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു:

> *കട്ടവസ്തു ഒരു നാഴിക നേരത്തേക്കെങ്കിലും നിന്റെ വീട്ടിൽ വച്ചുസൂക്ഷിക്കാൻ നീ സമ്മതിക്കേണ്ടാ. കട്ട വസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന് റൂഹാദക്കുദിശാതമ്പുരാൻ അരുളി ച്ചെയ്തിരിക്കുന്നു. അന്യ വസ്തു കട്ടവരോടു കൂടി നീ ഇടയേണ്ട. എന്തെന്നാൽ, നാളെ നിന്റെ വസ്തുക്കൾ കക്കുവാൻ അവൻ മടിക്കയില്ല.....*[14]

മോഷ്ടിച്ചും അന്യായമായും കൗശലമായും അന്യന്റെ വസ്തുക്കൾ അപഹരിച്ചും സമ്പന്നരായിതീരാമെന്നു കരുതിയാലും അതു ശാശ്വതമായിരിക്കയില്ല എന്ന് ഉദാഹരണ സഹിതം ചാവറയച്ചൻ വ്യക്തമാക്കുന്നുണ്ട്. മരണമുഹൂർത്തത്തിൽ മനഃസാക്ഷിക്കു ഭാരവും, കുറ്റബോധവും അത്തരക്കാറെ അലട്ടുമെന്നും, ജീവിതകാലത്ത് താല്ക്കാലികമായി അനുഭവിച്ച സന്തോഷത്തേക്കാൾ, മരണസമയത്ത് അനുഭവപ്പെടുന്ന ഈ കുറ്റബോധം അസഹനീയമാണെന്നും, ഏറ്റം ദൗർഭാഗ്യകരമായ ഒരു മരണത്തിലേയ്ക്ക് അയാൾ വഴുതി വീഴുമെന്നുമുള്ള സത്യം ഉദാഹരണസഹിതം അദ്ദേഹം ബോദ്ധ്യപ്പെടുത്തുന്നു.

> *ഒരിക്കൽ ഒരു ദ്രവ്യസ്ഥൻ അന്യായമായി അന്യന്റെ വസ്തുക്കൾ അപഹരിച്ച് ദ്രവ്യസ്ഥൻ (സമ്പന്നൻ) ആയിത്തീർന്നു. മരിക്കാൻ സമയമായപ്പോൾ ദീനനായി കട്ടിലിൽ കിടന്ന അയാൾ രായസക്കാരനെ (ആധാരമെഴുത്തുകാരൻ) വിളിച്ചു*

> *വരുത്തി ഇപ്രകാരം എഴുതിപ്പിച്ചു. "എന്റെ ആത്മാവിനെ ഞാൻ പിശാചിനുകൊടുക്കുന്നു." സുബോധമില്ലാതെ അപ്പൻ സംസാരിക്കയാണോ എന്നുള്ള മക്കളുടെ ചോദ്യത്തിന് "അല്ലാ" എന്നും "എനിക്കു നല്ല ബോധമുണ്ട്, ഞാൻ പറയുന്നത് എഴുതട്ടെ" എന്നും പറഞ്ഞു. വീണ്ടും മരണാസന്നൻ എഴുതാൻ പറഞ്ഞുകൊടുത്തത് "എന്റെ ആത്മത്തേയും, അന്യരുടെ വസ്തുക്കളെ അപഹരിപ്പാൻ എന്നെ ഉത്സാഹിപ്പിച്ച എന്റെ ഭാര്യയുടെ ആത്മത്തെയും പിശാചിനു കൊടുക്കുന്നു. എന്റെ മക്കളായ നിങ്ങളുടെ ആത്മാക്കളേയും ഞാൻ പിശാചിനു ഏല്പിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങൾക്കുവേണ്ടിയാകുന്നു അന്യന്മാരുടെ വസ്തുക്കളെ അപഹരിച്ചത്" എന്നു പറഞ്ഞ് നിർഭാഗ്യമായി അന്ത്യശ്വാസം വലിച്ചു.*[15]

പ്രത്യക്ഷത്തിൽ അതിശയോക്തി കലർന്നതും അസംഭവ്യവുമായ കെട്ടുകഥയായി ഇതു തോന്നിയേക്കാം. ആഴത്തിൽ ചിന്തിച്ചാൽ അന്യായമായി അന്യനെ വഞ്ചിച്ചു ജീവിക്കുകയും, ധനം സമ്പാദിക്കുകയും ചെയ്ത ഒരു മനുഷ്യന്റെ മനഃസാക്ഷിയുടെ പ്രതിഫലനവും, തൽപ്രേരിതമായി അന്തഃരംഗത്തിൽ അനുഭവപ്പെടുന്ന കുറ്റബോധവുമാണു മേൽപറഞ്ഞ നാടകീയ വിവരണത്തിലെന്നു കാണാനാകും. മോഷണവും അന്യായമായ സമ്പത്തു വർദ്ധിപ്പിക്കലും ഒരിക്കലും ഒരുവനും സമാധാനം നല്കുകയില്ല. അസ്വസ്ഥതയും അസമാധാനവും നൈരാശ്യവും കുറ്റബോധവും വേട്ടപട്ടിയെപ്പോലെ അയാളെ പിൻതുടരും എന്നത് കാലം അനുഭവബോദ്ധ്യമാക്കുന്ന സത്യമാണല്ലോ.

കള്ളസാക്ഷ്യം പറയരുതെന്ന പ്രമാണം നോക്കുക. നീതിയുടേയും ഉപവിയുടേയും പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ അപരന്റെ വ്യക്തിത്വത്തിനും ആവശ്യങ്ങൾക്കും അർഹമായ പരിഗണന നല്കിക്കൊണ്ട് അവനെ തേജോവധം ചെയ്യുന്നതിൽ നിന്നും ഒഴിഞ്ഞിരിക്കുവാനുള്ള ഉത്തരവാദിത്വത്തെയാണ് അത് അർത്ഥമാക്കുന്നത്. മറ്റൊരുവനെക്കുറിച്ച് ഇല്ലാവചനം പറഞ്ഞു നടക്കുന്നതും ഇല്ലാത്തകുറ്റം ഉണ്ടെന്ന് ആരോപിക്കുന്നതും ഒരു തരത്തിൽ കള്ളസാക്ഷ്യം തന്നെയാണല്ലോ.

> *ക്രമമല്ലാത്ത വർത്തമാനങ്ങളും, ക്രിസ്ത്യാനികൾക്കു ചേരാത്ത വചനങ്ങളും, ശേഷംപേരുടെ അറ്റകുറ്റങ്ങളെ പറവാനും ചട്ടമില്ലാ......... മറ്റൊരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീട്ടിനു മേൽവരും.*[16]

എന്നു പറയുന്ന ചാവറയച്ചൻ മറ്റൊരുത്തന്റെ ദോഷങ്ങൾ പോലും സംസാരവിഷയമാക്കരുതെന്നാണല്ലോ ആവശ്യപ്പെടുന്നത്. ഇല്ലാത്തകാര്യങ്ങൾ

ഒരാളെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നത് അതിലേറെ നിഷിദ്ധമെന്നത് അതിൽ അന്തർലീനമാണ്. പറയുകമാത്രമല്ല, പ്രവൃത്തിയിലും ചാവറയച്ചൻ അതു സാക്ഷ്യപ്പെടുത്തി. മറ്റുള്ളവരെക്കുറിച്ചു തിന്മ പറയാതിരിക്കാൻ, തനിക്ക് ഉപദ്രവം ചെയ്തവരെക്കുറിച്ചു പോലും ബദ്ധശ്രദ്ധനായിരുന്നുവെന്നത് അദ്ദേഹത്തിന്റെ *നാളാഗമ*ങ്ങളുടെ ഏടുകളിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ.

### വിശുദ്ധിയുടെ നിറവ്

വ്യഭിചാരം ചെയ്യരുത്, അന്യന്റെ ഭാര്യയെ മോഹിക്കരുത് എന്നീ കല്പനകളെ സംബന്ധിച്ച് വ്യക്തമായ പ്രതിപാദനങ്ങൾ *ചാവരുളിൽ* കാണുന്നില്ല. എന്നാൽ *വിരക്തി* എന്ന പുണ്യം കുടുംബജീവിതത്തിലുള്ളവരെല്ലാംതന്നെ കാത്തുപാലിക്കേണ്ട ഒന്നാണെന്ന് അദ്ദേഹം പറയുന്നു:

> *ഇരിപ്പിലും, നടപ്പിലും, കിടപ്പിലും, കളിയിലും, വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാ സൂക്ഷത്തോടുകൂടെ അനുസരിക്ക, അടക്കമില്ലായ്മ ദൈവതിരുമുമ്പിലും ഇഹലോകത്തിലും വലിയ അപമാനമുള്ളതാകുന്നു.*[17]

സ്ത്രീ പുരുഷ ബന്ധത്തേയും, ലൈംഗികതയേയും സംബന്ധിച്ച് അദ്ദേഹത്തിന്റെ പരാമർശങ്ങളിൽ ഒന്നര നൂറ്റാണ്ടിന്റെ പിന്നിലുള്ള മനോഭാവവും ശൈലിയുമാണ് തെളിഞ്ഞു കാണുക. ലൈംഗികപരിശുദ്ധി എന്ന മൂല്യത്തിന് അദ്ദേഹം പ്രാധാന്യം കൊടുക്കുന്നു.

*കാമാസക്തിയോടെ പരസ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു. നിന്റെ വലതുകണ്ണ് നിനക്ക് പാപകാരണമാകുന്നെങ്കിൽ അതു ചുഴന്നെടുത്തു ദൂരെ എറിയുക........*[18]

ദിവ്യനാഥന്റെ വചസ്സുകൾ മേൽപറഞ്ഞ കല്പനകളുടെ പിന്നിലെ ആന്തരികഭാവം എന്തെന്നു കൃത്യമായും വ്യക്തമാക്കുന്നുണ്ട്. കാമാസക്തിക്കും ഇടർച്ചയ്ക്കും കാരണമാകാത്ത വിധത്തിലുള്ള ഒരു ജീവിതശൈലി ചെറുപ്പം മുതൽ കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കുവാനായിട്ടാണ് ചാവറയച്ചൻ മാതാപിതാക്കളെ ഉദ്ബോധിപ്പിക്കുന്നത്. അതിനദ്ദേഹം പറയുന്ന കാരണന്യായം *സ്വഭാവത്തിൽ അവർക്ക് അറിയാത്തത് പിശാച് അവരെ പഠിപ്പിക്കും*[19] എന്നതാണ്. അതിനാൽ മക്കളെ ശരിയായി വസ്ത്രം ധരിപ്പിക്കുന്നതിനും, ക്രമമല്ലാത്ത വചനങ്ങളും പെരുമാറ്റങ്ങളും കൂട്ടുപിടിക്കലും ഉണ്ടാകാതെ സൂക്ഷിക്കുന്നതിനും മാതാപിതാക്കളെ അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. ആന്തരികമായ പരിശുദ്ധിക്കാണ്, ശുദ്ധത എന്ന പുണ്യത്തിനാണ് അദ്ദേഹം ഊന്നൽ നല്കിയിട്ടുള്ളത്. ലൈംഗികത ചൂഷണം ചെയ്യപ്പെടുകയും വില്പന ചരക്കാക്കുകയും, അനേകം ജീവിതങ്ങളെ നിരാശയിലേയ്ക്കും, ആത്മഹത്യയിലേയ്ക്കും വലിച്ചിഴയ്ക്കുകയും ചെയ്യുന്ന വർത്തമാന കാലഘട്ടത്തിൽ

ചാവറയച്ചന്റെ ഈ പ്രായോഗിക നിരീക്ഷണത്തിനും കരുതലാർന്ന ജ്ഞാന വചസ്സുകൾക്കും ഏറെ പ്രസക്തിയുണ്ട്.

ദൈവപ്രമാണങ്ങളുടെയെല്ലാം സാരസംഗ്രഹം സ്നേഹത്തിലാണ് അടങ്ങിയിരിക്കുന്നത്. ഈ വസ്തുതയും *ചാവരുളിൽ* പ്രകടമാണ്. *കുടുംബചട്ടം* ആരംഭിക്കുന്നതുതന്നെ *നിങ്ങൾ തമ്മിൽത്തമ്മിൽ ഉപവിയായിരിപ്പിൻ; സ്നേഹമായിരിപ്പിൻ* എന്ന ഉദ്ബോധനത്തോടെയാണ്. സ്നേഹമാണ് നിയമത്തിന്റെ പരിപൂർത്തി. സ്നേഹം എല്ലാ പാപങ്ങളേയും മായിച്ചു കളയുന്നു.

വിശുദ്ധ പൗലോസ് സ്നേഹത്തിന്റെ സവിശേഷതകൾ ഒന്നൊന്നായി പറയുന്നുണ്ടല്ലോ:

*സ്നേഹം എല്ലാം ക്ഷമിക്കുന്നു, സഹിക്കുന്നു, വിട്ടുവീഴ്ച ചെയ്യുന്നു, കോപിക്കുന്നില്ല; തിന്മ വിചാരിക്കുന്നില്ല; അധർമ്മത്തിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദിക്കുന്നു; എല്ലാം സഹിക്കുന്നു....*[20]

ചാവറയച്ചന്റെ *ചാവരുളിലും* ഇപ്രകാരമൊരു സ്നേഹത്തെയാണ് അദ്ദേഹവും ഉപാസിച്ചിരിക്കുന്നത്.

*അറ്റകുറ്റങ്ങളും കുറച്ചിലുകളും തമ്മിൽ തമ്മിൽ ക്ഷമിപ്പിൻ*[21] എന്നു ഉദ്ബോധിപ്പിക്കുകവഴി ക്ഷമിക്കുന്ന സ്നേഹവും, *ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട എന്നു പറയുക വഴി*[22] സ്വയം പ്രശംസിക്കാത്ത, അഹങ്കരിക്കാത്ത (1 കോറി 13:4 b) സ്നേഹവും, *ഭിക്ഷക്കാരെ വെറും കൈയ്യോടുകൂടി പോകാൻ സമ്മതിക്കാത്ത*[23] ദയയുള്ള സ്നേഹവും പാലിക്കണമെന്നാണ് അദ്ദേഹം നിർദ്ദേശിക്കുന്നത്.

*ചാവരുൾ* എല്ലാ അർത്ഥത്തിലും ദൈവപ്രമാണങ്ങളുടെ പുനർഃവ്യാഖ്യാനമാണെന്നു കാണാം. ക്രിസ്തീയ കുടുംബം പ്രായോഗികമായി ദൈവപ്രമാണങ്ങളെ, അതിന്റെ സാരസംഗ്രഹമായ സ്നേഹമെന്ന പ്രമാണത്തെ എങ്ങനെ കാത്തുസൂക്ഷിച്ചു നടക്കണം എന്നതിന്റെ പ്രായോഗികവ്യാഖ്യാനം. ദൈവപ്രമാണങ്ങൾക്കു മാറ്റമില്ല. അതിന്റെ സന്ദേശത്തിനും നിത്യത്വത്തിന്റെ മൂല്യമാണ്. കാലം മാറുന്നതിനനുസരിച്ച് ഭാഷയിലും ശൈലിയിലും വ്യതിയാനം വന്നാലും *ചാവരുളിന്* പ്രസക്തി നഷ്ടപ്പെടുന്നില്ല. ക്രൈസ്തവ കുടുംബത്തെ ആകാശമോക്ഷത്തിന്റെ സാദൃശ്യത്തിൽ രൂപപ്പെടുത്തി എടുക്കുവാനുള്ള സർഗ്ഗാത്മകവും, ക്രിയാത്മകവുമായ ശക്തി ആ വാക്കുകൾക്കുണ്ട്. ഒരു ദൈവീക മനുഷ്യൻ *ദൈവവെളിവ്*[24] *അപേക്ഷിച്ച് ദൈവപ്രേരണയാൽ* എഴുതിയ മഹത് വചനങ്ങളാണവ എന്നതാണതിനു കാരണം.

■

## പരാമർശ സൂചിക

1. *പുറപ്പാട്* 19:4-5
2. *കല്പനകൾ ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹം നിർബന്ധമായി ആവശ്യപ്പെടുന്നു. പത്തു കല്പനകളിൽ ആദ്യത്തേതു മൂന്നും ദൈവത്തോടുള്ള സ്നേഹത്തെയും മറ്റുള്ള ഏഴും അയൽക്കാരനോടുള്ള സ്നേഹത്തേയും സംബന്ധിക്കുന്ന (CCC 2067) നിഷ്ഠാ പ്രമാണങ്ങളാണല്ലോ. തന്റെ സ്രഷ്ടാവായ ദൈവത്തെ വാഴ്ത്താതെ ഒരുവനു മറ്റൊരു വ്യക്തിയെ ബഹുമാനിക്കാൻ കഴിയുകയില്ല. ദൈവത്തിന്റെ സൃഷ്ടികളായ എല്ലാ മനുഷ്യരെയും സ്നേഹിക്കാതെ ദൈവത്തെ ആരാധിക്കാൻ ഒരുവനും സാധ്യമല്ല. പത്തു കല്പനയും മനുഷ്യന്റെ ദൈവോന്മുഖവും സാമൂഹികവുമായ ജീവിതത്തെ സംയോജിപ്പിക്കുന്നു. (CCC 2069) മനുഷ്യനു ദൈവത്തോടും അയൽക്കാരനോടുമുള്ള അവശ്യ കടമകളെ വ്യക്തമാക്കുന്ന പത്തു കല്പനകൾ അവയുടെ മൗലികമായ ഉള്ളടക്കത്തിൽ ഗൗരവപരമായ കടമകൾ വെളിപ്പെടുത്തുന്നു. അവ അടിസ്ഥാനപരമായി മാറ്റപ്പെടാനാവാത്തവയും എപ്പോഴും എല്ലായിടത്തും കടപ്പെടുത്തുന്നവയുമാണ്. അവയിൽനിന്ന് ആരും ഒഴിവാക്കപ്പെടുന്നില്ല. പത്തു കല്പനകൾ ദൈവത്താൽ മനുഷ്യഹൃദയത്തിൽ എഴുതപ്പെട്ടിരിക്കുന്നു.* (CCC 2072).
3. *ചാവരുൾ* നമ്പർ 18 (1-ാം ഭാഗം)
4. *പുറ:* 20:20
5. *ചാവരുൾ* നമ്പർ 8 (1-ാം ഭാഗം)
6. *ചാവരുൾ* നമ്പർ 16 (2-ാം ഭാഗം)
7. *ചാവരുൾ* നമ്പർ 16 (2-ാം ഭാഗം)
8. ജോൺപോൾ രണ്ടാമൻ മാർപാപ്പ: *കുടുംബങ്ങൾക്കൊരെഴുത്ത് നമ്പർ 15.*
9. *കുടുംബങ്ങൾക്കൊരെഴുത്ത് നമ്പർ 15*
10. *ചാവരുൾ* നമ്പർ 14 (2-ാം ഭാഗം)
11. *മത്തായി* 5.22
12. *ചാവരുൾ* നമ്പർ 18 (1-ാം ഭാഗം)
13. *ചാവരുൾ* നമ്പർ 18 (1-ാം ഭാഗം)
14. *ചാവരുൾ* നമ്പർ 17 (1-ാം ഭാഗം)
15. *ചാവരുൾ* നമ്പർ 17 (1-ാം ഭാഗം)
16. *ചാവരുൾ* നമ്പർ 10 (1-ാം ഭാഗം)
17. *ചാവരുൾ* നമ്പർ 19 (1-ാം ഭാഗം)
18. *മത്തായി* 5:27
19. *ചാവരുൾ* നമ്പർ 4 (2-ാം ഭാഗം)
20. *1 കൊറി.* 13:1-10
21. *ചാവരുൾ* നമ്പർ 1 (1-ാം ഭാഗം)
22. *ചാവരുൾ* നമ്പർ 5 (1-ാം ഭാഗം)
23. *ചാവരുൾ* നമ്പർ 13 (1-ാം ഭാഗം)
24. *ചാവരുൾ* പ്രസ്താവന

രണ്ട്

# ദൈവത്തിനായി ഒരു ദിവസം

**ഭൗ**തികതയുടെ അതിപ്രസരത്തിൽ ദൈവത്തിനും ദൈവീകമൂല്യങ്ങൾക്കും ദൈവകല്പനകൾക്കും അർഹിക്കുന്ന പ്രാധാന്യം നല്കപ്പെടാതെ പോകുന്ന ഈ കാലഘട്ടത്തിൽ ദൈവഭയമുള്ള, ദൈവത്തിനു പ്രീതികരമായി ജീവിക്കുന്ന, അഥവാ ജീവിക്കേണ്ട, കുടുംബങ്ങൾക്ക് വാഴ്ത്തപ്പെട്ട ചാവറ യച്ചൻ നല്കിയ *ചാവരുളി*ന്റെ പ്രസക്തിയേറുകയാണ്.

21-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകാരംഭത്തിൽ വന്നെത്തിനില്ക്കുന്ന ആധു നിക മനുഷ്യന് 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് എഴുതപ്പെട്ട ഈ ചെറു കൃതി കുറെ പഴഞ്ചൻമാമൂലുകളും ഉപദേശങ്ങളുമൊക്കെയായി തോന്നിയേ ക്കാം. എന്നാൽ മാറിമാറിവരുന്ന ഫാഷനുകൾക്കും ആഡംബരങ്ങൾക്കും പിന്നാലെ പരക്കംപാഞ്ഞ് പുതുമയുടെ സന്തോഷവും സംതൃപ്തിയും തേടിയ മനുഷ്യനിന്ന് അവയുടെ പൊള്ളത്തരം മനസ്സിലാക്കി ശാശ്വതമായ ദൈവീകമൂല്യങ്ങളിലേയ്ക്കും ആദർശങ്ങളിലേയ്ക്കും പിന്തിരിഞ്ഞുവന്നു വീണ്ടെടുക്കപ്പെടുവാൻ തത്രപ്പെടുന്ന പശ്ചാത്തലം കണക്കിലെടുക്കുമ്പോൾ, *ചാവരുളി*ലെ സന്ദേശങ്ങൾക്കു നൂതനമായ ഒരു അർത്ഥം കൈവരുകയാണ്.

കടുത്ത ഏകാന്തതയും ഒറ്റപ്പെടലുകളും, തകർന്ന കുടുംബബന്ധങ്ങളും ജോലിഭാരവും മനുഷ്യനെ ഇന്നു വട്ടമിടുമ്പോൾ പരസ്പരം കണ്ടുമുട്ടാനും സഹവസിക്കാനും പങ്കുവയ്ക്കാനും ഒരുമിച്ചു പ്രാർത്ഥിക്കുവാനുമൊക്കെ യായി കിട്ടുന്ന കൂട്ടായ്മയുടെ അവസരങ്ങൾ നല്കുന്ന ഞായറാഴ്ച ദിവ സത്തെ പ്രതീക്ഷയോടെ മനുഷ്യൻ കാത്തിരിക്കേണ്ടതുണ്ട്. ഞായറാഴ്ച ദിനത്തിന്റെ സവിശേഷതയും അതിന്റെ അർത്ഥവും, ലക്ഷ്യവും എപ്രകാരം ആ ദിനം ചെലവഴിക്കണം എന്നും മറ്റും ചാവറയച്ചന്റെ *ചാവരുളി*ന്റെ പശ്ചാ ത്തലത്തിൽ വിശകലനം ചെയ്യുന്നത് ഇന്നിന്റെ പരിവൃത്തത്തിൽ കൂടുതൽ പ്രസക്തമാണ്.

ചാവറ അച്ചൻ എഴുതിയിരിക്കുന്നു:

*ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തരങ്ങൾ മുതലായതു കഴിക്കുന്നത് വളരെ ദോഷങ്ങൾക്കും ആത്മനാശങ്ങൾക്കും കാരണമായ ഒരു സംഗതിയാകുന്നു. ഇത് കർത്താവിന്റെ ദിവസമാകുന്നു.*[1]

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഒരാഴ്ചയുടെ കേന്ദ്രദിനമാണ് കർത്താവിന്റെ ദിവസമായ ഞായറാഴ്ച. കർത്താവിന്റെ ഈ ദിനത്തെ *പിശാചിന്റെ ദിവസ്*[2]മാക്കരുതെന്ന് ശക്തിയുക്തം ചാവറയച്ചൻ ഉദ്ബോധിപ്പിക്കുമ്പോൾ എന്തുകൊണ്ടാണ് അദ്ദേഹം ഇതു ഇത്രമാത്രം ഊന്നിപ്പറയുന്നതെന്ന് ചിന്തിക്കേണ്ടതുണ്ട്. കർത്താവിന്റെ ദിവസത്തിന്റെ ദൈവികഭാവം എന്ത്, അതിനാധാരമെന്ത് എന്നുള്ള കാര്യങ്ങളാണ് അന്വേഷണപാതയിൽ തെളിവാർന്നു വരുന്നത്.

**പഴയ നിയമത്താളുകളിൽ**

തന്റെ ജനമായ ഇസ്രായേലിനോട് ദൈവം ചെയ്ത ഉടമ്പടിയുടെ വ്യവസ്ഥകളായി പത്തു കല്പനകളിൽ മൂന്നാമത്തേതാണ് *കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം* എന്നുള്ളത്.

വിശുദ്ധവേദഗ്രന്ഥത്തിൽ നാം വായിക്കുന്നു:

*സാബത്തു വിശുദ്ധദിനമായി ആചരിക്കണമെന്ന് ഓർമ്മിക്കുക. ആറു ദിവസം അദ്ധ്വാനിക്കുക; എല്ലാ ജോലികളും ചെയ്യുക. ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിന്റെ സാബത്താണ്........ അങ്ങനെ അവിടുന്നു സാബത്തുദിനത്തെ അനുഗ്രഹിക്കുകയും, വിശുദ്ധീകരിക്കുകയും ചെയ്തു.*[3]

പഴയനിയമ പശ്ചാത്തലത്തിൽ ആഴ്ചയുടെ ഏഴാം ദിനമായ സാബത്താണ് ദൈവമായ കർത്താവിന്റെ വിശുദ്ധ ദിനമായി പരിഗണിക്കപ്പെട്ടത്.

*ഷബത്* എന്ന ഹീബ്രു പദത്തിൽ നിന്നാണ് *സാബത്ത്* എന്ന പദം ഉത്ഭവിച്ചിട്ടുള്ളത്. അവസാനിപ്പിക്കുക, നിർത്തുക തുടങ്ങി പല അർത്ഥങ്ങൾ ഈ വാക്കിനുണ്ട്. *സാബത്ത്* എന്ന പദം ഉപയോഗിക്കുന്നില്ലെങ്കിലും സാബത്തെന്ന ആശയം ആദ്യം വിശുദ്ധവേദഗ്രന്ഥത്തിൽ കാണുന്നത് ആദ്യസൃഷ്ടി വിവരണത്തിലാണ്.[4] സൃഷ്ടിയുടെ ആദ്യവിവരണത്തിൽ നിന്ന് 7-ാം ദിവസം തന്റെ ജോലികളെല്ലാം അവസാനിപ്പിച്ച് ദൈവം വിശ്രമിച്ചെന്നും ആ ദിവസത്തെ അനുഗ്രഹിച്ചുവെന്നും, വിശുദ്ധമായി പ്രഖ്യാപിച്ചുവെന്നുമുള്ള[5] സാബത്തിന്റെ കാതലായ അംശം ലഭിക്കുന്നുണ്ട്. ആ ദിവസത്തിന്റെ സവിശേഷത എന്തെന്ന് ഇസ്രായേൽ ജനത്തിന് ദൈവം വ്യക്തമാക്കിക്കൊടുക്കുന്നതും, *സാബത്ത്* എന്നുള്ള ഈ വിശുദ്ധദിനത്തിനു നാമം ലഭ്യമാകുന്നതും ഇസ്രായേൽക്കാർക്കു *മന്ന* നല്കുന്ന വേളയിലാണ്.

*നാളെ പരിപൂർണ്ണ വിശ്രമത്തിന്റെ ദിവസമാണ്; കർത്താവിന്റെ വിശുദ്ധ മായ സാബത്തു ദിനം.*[6]

തിരുവചന ഭാഗങ്ങളെ വിശകലനം ചെയ്യുമ്പോൾ *സാബത്ത്* അഥവാ കർത്താവിന്റെ ദിനത്തിന്റെ ദൈവീക പരിവേഷം എന്തെന്നു കാണാനാവും. ഈ ദിവസത്തെ സംബന്ധിച്ച ഏറ്റം പ്രധാനപ്പെട്ട സവിശേഷത ദൈവം വിശ്രമിച്ച, ദൈവം ആശീർവ്വദിച്ച, അഥവാ അനുഗ്രഹിച്ച, വിശുദ്ധമെന്നു പ്രഖ്യാപിച്ച ദിനമാണ് ഇതെന്നുള്ളതാണ്. സൃഷ്ടിയുടെ വാരത്തിലെ അവ സാന ദിനമായ ഈ ദിനം സൃഷ്ടിയുടെ അത്യുച്ചികൂടിയാണ്.

*സാബത്തി*നെക്കുറിച്ചു ചിന്തിക്കുമ്പോൾ ശ്രദ്ധാവിഷയം അഥവാ കേന്ദ്രബിന്ദു ദൈവംതന്നെയാണ്: 7-ാം ദിനത്തിൽ വിശ്രമിച്ചതും, ആ ദിനത്തെ അനുഗ്രഹിച്ചതും, വിശുദ്ധമായി പ്രഖ്യാപിച്ചതും, വിശുദ്ധമായി ആചരിക്കുവാൻ കല്പിച്ചതും, ദൈവംതന്നെയാണ്. ഈ ദിനത്തെ തന്റെ നാമത്തിന്റെ ബഹുമാനത്തിനായി അവിടുന്നുതന്നെ വിശുദ്ധീകരിച്ചു. ദൈവീകസാന്നിദ്ധ്യത്തിന്റെ ഉറപ്പ് പ്രത്യേകമായി ലഭിച്ച ഈ ദിവസം അതി നാൽ ദൈവീകസാന്നിദ്ധ്യത്തിൽ ആയിരിക്കുവാനും, ദൈവത്തിനായി മാറ്റി വയ്ക്കുവാനുമായി ദൈവം മനുഷ്യന് നല്കിയ ഒരു ദിനമാണ്; നിത്യതയിൽ സംഭവിക്കാനിരിക്കുന്ന ദൈവത്തോടുകൂടിയുള്ള വാസത്തിന് ഒരു പ്രവേശി കയും.

ദൈവം വിശുദ്ധീകരിച്ച ദിനമെന്ന നിലയിൽ, *സാബത്തി*ന് കൗദാശിക മായും അർത്ഥം നല്കാനാവും. മനുഷ്യന്റെ വിശുദ്ധീകരണത്തിനായി, ദൈവം നല്കിയ ഉപാധികളാണല്ലോ കൂദാശകൾ. ഈ അർത്ഥത്തിൽ മനു ഷ്യനുവേണ്ടി ദൈവം വിശുദ്ധീകരിച്ചു, ആശീർവ്വദിച്ചു മാറ്റിവച്ചിരിക്കുന്ന *സാബത്തു*ദിനത്തിന്റെ ആചരണം ദൈവകൃപ ലഭ്യമാകുവാനുള്ള ദൈവനി ശ്ചിതമായ ദിനമാണ്; ദൈവവുമായുള്ള ഐക്യത്തിലേയ്ക്ക് വരുവാനുള്ള വഴികൂടിയാണിത്.

*നിങ്ങൾ എന്റെ സാബത്ത് സൂക്ഷമമായി ആചരിക്കണം. എന്തെന്നാൽ കർത്താവായ ഞാനാണ് നിങ്ങളെ വിശുദ്ധീകരിക്കുന്നതെന്ന് നിങ്ങൾ അറി യാൻ വേണ്ടി ഇത് എനിക്കും നിങ്ങൾക്കും മദ്ധ്യേ ഒരു അടയാളമായിരി ക്കും. നിങ്ങൾ സാബത്ത് ആചരിക്കണം, കാരണം അതു നിങ്ങൾക്കു വിശു ദ്ധമായ ഒരു ദിവസമാണ്......*[7]

തിരുവചനമനുസരിച്ച് ദൈവവും ഇസ്രായേൽ ജനവുമായുള്ള ബന്ധ ത്തിന്റെ നിത്യമായ അടയാളമാണിത്. ഓരോ *സാബത്താ*ചരണവും ദൈവ ത്തിന്റെ ഉടമ്പടിയുടെ യാഥാർത്ഥ്യവല്ക്കരണത്തിന്റേയും, ദൈവത്തിന്റെ കൃപാവരാനുഭവത്തിന്റേയും അനുസ്മരണവും ആചരണവുമാണ്. അതി നാൽ *സാബത്ത്* വിശുദ്ധമായ ദിനമാണ്; വിശുദ്ധിയെ സാക്ഷാത്ക്കരിക്കു ന്നതിനുള്ള ദിവസവുമാണ്.

*സാബത്ത്* ഒരു അടയാളമായിരിക്കുന്നതോടൊപ്പം അനുസ്മരണവും കൂടിയാണല്ലോ. ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതിന്റെയാണു അനുസ്മരണം. ദൈവമാണ് ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവെന്നും നായകനെന്നുമുള്ള സത്യമാണ് ഈ ആചരണം വഴി അംഗീകരിക്കുന്നത്. ദൈവം സ്രഷ്ടാവാണെങ്കിൽ നാമവിടുത്തെ സൃഷ്ടികളാണെന്നു കൂടി ഈ ആചരണത്തിലൂടെ വ്യക്തമാകുന്നു. അതിനാൽ നമ്മുടെ നിസ്സാരതയെ തിരിച്ചറിയുന്നതിനുള്ള ഒരു ദിനം കൂടിയായിരിക്കുന്നു ഇത്. ഈ പ്രപഞ്ചവും അതിന്മേലുള്ള നമ്മുടെ അധിവാസവും ആ അധികാരവും ദൈവത്താൽ നല്കപ്പെട്ടതാണെന്ന സത്യം അംഗീകരിക്കുകയാണു നാമിതിലൂടെ. സൃഷ്ടപ്രപഞ്ചത്തെ ദൈവത്തിന്റെ ഹിതത്തിനനുസരിച്ച് വിനിയോഗിക്കാനുമുള്ള ബാദ്ധ്യത നമുക്കുണ്ടെന്നു ഇതുവഴി ബോദ്ധ്യപ്പെടുന്നു. ദൈവമാണ് ഉടമസ്ഥൻ; നാം കാര്യസ്ഥർ മാത്രം. സൃഷ്ടി മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ദാനമാണ്. ഈ ദാനത്തിന് ദാതാവിന് നന്ദി പറയുവാനുള്ള, നന്ദിയുടെ ദിനമാണ് *സാബത്ത്*.

സൃഷ്ടി, ദൈവത്തിന്റെ മനുഷ്യനുവേണ്ടിയുള്ള ദാനമാണെങ്കിൽ ആ ദാനം ഒരു ചുമതല കൂടി ഉൾപ്പെടുന്നതാണ്; ദൈവം തന്ന ദാനം ദാതാവിന്റെ ഇംഗിതമനുസരിച്ച് വിനിയോഗിക്കാനുള്ള ചുമതല. ഈ ദാനത്തെ ദുരുപയോഗിക്കുവാൻ, അനർഹമായി കയ്യടക്കിവെയ്ക്കുവാൻ ആർക്കും അവകാശമില്ല. നീതി എന്ന മൂല്യത്തിന്റെ അർത്ഥം ഇവിടെയാണു സ്പഷ്ടമാവുക. *സാബത്ത്* സൃഷ്ടിയുടെ അനുസ്മരണമാണെങ്കിൽ സ്രഷ്ടാവിനോടു സഹകരിച്ചുകൊണ്ട് ഉത്തരവാദിത്വമുള്ള സഹസ്രഷ്ടാക്കളാകാനുള്ള ഉത്ബോധനവും അതിന്റെ അനുസ്മരണവും കൂടി അതുവഴി ലഭ്യമാകുന്നുണ്ട്. അദ്ധ്വാനത്തിന്റെ മൂല്യവും പ്രാധാന്യവും ഇതിൽ നിന്നാണ് ഉൾക്കൊള്ളേണ്ടത്.

**നവീകരണ ദിനം**

കർത്താവിന്റെ ദിനമായ *സാബത്ത്* വിശ്രമത്തിന്റെ ദിവസമായിരിക്കുന്നതോടൊപ്പം അതു നവീകരണത്തിന്റേയും, പുനഃരവലോകനത്തിന്റേയും ദിനമാണ്. 7-ാം ദിവസം വിശ്രമിച്ച ദൈവം താൻ സൃഷ്ടിച്ചതെല്ലാം നല്ലതായി കണ്ടു. ആഴ്ചയുടെ അവസാനദിവസം പിന്നിലേയ്ക്കു തിരിഞ്ഞുനോക്കിക്കൊണ്ട് സ്വയം വിലയിരുത്തുവാനും സൃഷ്ടാവിനോട് എപ്രകാരം സഹകരിച്ചുവെന്നു കണ്ടെത്താനും സാധിക്കേണ്ട കടമപ്പെട്ട ദിനമാണ്. സൃഷ്ടിയിൽ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ നന്മയെ കണ്ടെത്താനും മനസ്സിലാക്കാനും ഈ ദിനം സഹായിക്കുന്നു. യഹൂദ ദാർശനികന്മാരായിരുന്ന ഫിലോയും, ജോസേഫൂസും പറയുന്നതുപോലെ *ആദ്ധ്യാത്മികവും ബൗദ്ധികവുമായ ഉന്നമനത്തിനുള്ള* അവസരമാണിത്. 7-ാം ദിവസം വിശ്രമിച്ച, ധ്യാനാത്മകമായി ചെലവഴിച്ച, ദൈവത്തെ അനുകരിക്കാനുള്ള ദിനംതന്നെയാണിത്.

ജോലിയിൽ നിന്നുള്ള വിരമിക്കൽ *സാബത്തി*ന്റെ ഒരു വശമേ ആകുന്നുള്ളു. പ്രപഞ്ചത്തിന്മേലുള്ള മനുഷ്യന്റെ ആധിപത്യത്തെ പരിത്യജിച്ച്, പ്രപഞ്ചവസ്തുക്കളിൽ നിന്ന് പ്രതിനിവർത്തിച്ച്, നിസ്സംഗനായി ദൈവത്തിൽ ആശ്രയിക്കുക എന്നതാണ് ആത്യന്തികമായി അതിലേറെ പ്രസക്തം. ആറു ദിവസം തന്റെ ഉപജീവനത്തിനായി മനുഷ്യൻ അദ്ധ്വാനിച്ചു. തനിക്കുവേണ്ടി സമ്പാദിച്ചു. എന്നാൽ ഈ 7–ാം ദിനം അവൻ ഒന്നും സമ്പാദിക്കുന്നില്ല. ഒന്നും നേടുന്നില്ല. ഭൗതികമായി അവൻ ഒന്നുമല്ല; അവന് ഒന്നുമില്ല; ശൂന്യം. ഈ ദിനത്തിൽ തന്റെ ജീവസന്ധാരണത്തിനായി പരിപൂർണ്ണമായും അവൻ ആശ്രയിക്കുക ദൈവത്തിലാണ്. ദൈവഹിതം നിറവേറ്റാനായി അവൻ ഒന്നുമല്ലാതായിത്തീരുകയാണ്. കുറച്ചുകൂടി ആഴമായി ചിന്തിച്ചാൽ ദൈവത്തെക്കൊണ്ടു സ്വയം നിറയ്ക്കാൻ ദൈവമല്ലാത്ത എല്ലാത്തിൽ നിന്നും, തന്നിൽ നിന്നുപോലും വിടുതൽ പ്രാപിക്കുകയാണ്. അതിനാൽ ഇതു *സ്വയം ശൂന്യവല്ക്കരണത്തിന്റെ* ദിവസമാകുന്നതോടൊപ്പം സാക്ഷാത്ക്കാരത്തിന്റെ ദിവസം കൂടിയാവുകയാണ്. ദൈവത്തെക്കൊണ്ടു നിറയുന്നതിന്റെ ദിനം. ഈ നിറവിന്റെ അനുഭവത്തോടെയാണ് പിന്നെ പുതിയ ആഴ്ചയിലേയ്ക്കു പ്രവേശിക്കുക.

*സാബത്ത്* സൃഷ്ടിയുടെ അനുസ്മരണമായിരിക്കുന്നതോടൊപ്പം അത് ദൈവത്തിന്റെ വെളിപ്പെടുത്തലിന്റേയും അനുസ്മരണമാണ്. ദൈവം തന്നെത്തന്നെ സ്വയം വെളിപ്പെടുത്തിയത് സൃഷ്ടിയിലൂടെയാണല്ലോ. വചനത്തിലൂടെയണ് ദൈവം സൃഷ്ടിച്ചത്. വചനമെന്നത് ഒരുവന്റെ അസ്തിത്വത്തിന്റേയും വ്യക്തിത്വത്തിന്റേയും പ്രകാശനമാണ്. എന്നാലോ വാക്ക് വ്യക്തിയുടെ പൂർണ്ണമായ ആവിഷ്ക്കാരമല്ല. വാക്കിന്റെ പിന്നിൽ വ്യക്തിത്വം മറഞ്ഞിരിക്കുന്നു. വചനത്തിലൂടെ ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ തന്റെ വ്യക്തിത്വത്തെ വെളിപ്പെടുത്തുകയായിരുന്നു.

എന്തുകൊണ്ടാണ് ദൈവം സൃഷ്ടിയിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തിയിട്ടും മറഞ്ഞിരിക്കുന്നത് എന്ന ചോദ്യമിവിടെ ഉദിക്കുന്നു. അതിനുള്ള ഉത്തരം ഒരു ഉദാഹരണം വഴി വ്യക്തമാക്കാം. സൂര്യൻ നമുക്കു പ്രകാശം നല്കുന്ന ഗോളമാണ്. എന്നാൽ അത്യുജ്ജ്വലമായി ജ്വലിച്ചുനില്ക്കുന്ന മദ്ധ്യാഹ്ന സൂര്യനെ നോക്കിയാൽ കണ്ണുകൾക്കു അന്ധകാരമാണനുഭവപ്പെടുക. നമ്മുടെ കണ്ണുകൾക്ക് അത്യധികമായ ആ പ്രകാശത്തെ ഉൾക്കൊള്ളുവാനുള്ള കഴിവില്ലാത്തതാണ് അതിനുകാരണം. അതുപോലെയാണ് ദൈവവും. സൃഷ്ടിയായ മനുഷ്യന് സ്രഷ്ടാവായ ദൈവത്തെ പൂർണ്ണമായി ഉൾക്കൊള്ളാൻ സാധ്യമല്ല.

കർത്താവുമോശയോടു പറയുന്നു:

*നീ എന്റെ മുഖം കണ്ടുകൂടാ; എന്തെന്നാൽ എന്നെ കാണുന്ന ഒരു മനുഷ്യനും ജീവനോടെയിരിക്കില്ല.......... ഞാൻ കടന്നു പോകുമ്പോൾ എന്റെ കൈകൊണ്ടു നിന്നെ മറയ്ക്കും.*[8]

ചിന്തിച്ചാൽ വ്യക്തമാകും സൃഷ്ടിയെന്നത് ഒരേ സമയം ദൈവീകമഹത്വത്തിന്റെ പ്രകാശനമായിരിക്കേ തന്നെ പൂർണ്ണമായ ആ മഹത്വത്തെ മനുഷ്യദൃഷ്ടിയിൽ നിന്നു മറയ്ക്കുന്ന ഒരു മൂടുപടവുമാണ്. കർത്താവിന്റെ ദിനമായ *സാബത്ത്* വിശ്രമത്തിന്റെ ദിവസമായിരിക്കുന്നതോടൊപ്പം സൃഷ്ടിയുടെ പിന്നിൽ മറഞ്ഞിരിക്കുന്ന, സൃഷ്ടിയിലൂടെ വെളിവായ ദൈവികമഹത്വത്തെ ധ്യാനാത്മകമായി കണ്ടെത്തുന്നതിനും, അനുഭവിച്ചറിയുന്നതിനുമുള്ള അവസരമാണ്.

*സാബത്ത്* സൃഷ്ടിയുടെ അനുസ്മരണമായിരിക്കുന്നതുപോലെ തന്നെ അത് തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ രക്ഷയുടേയും അനുസ്മരണമാണ്. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ജനം വിമോചിതമായതിന്റെ ഓർമ്മദിനം.

*നീ ഈജിപ്തിൽ ദാസനായിരുന്നുവെന്നും നിന്റെ ദൈവമായ കർത്താവ് തന്റെ കരുത്തുറ്റ കരം നീട്ടി അവിടെനിന്ന് നിന്നെ മോചിപ്പിച്ചു കൊണ്ടുവന്നുവെന്നും ഓർമ്മിക്കുക. അതുകൊണ്ട് സാബത്തുദിനം ആചരിക്കാൻ അവിടുന്നു നിന്നോടു കല്പിച്ചിരിക്കുന്നു.*[9]

*സാബത്താ*ചരണത്തിന് സാമൂഹികവും, ചരിത്രപരവുമായ ഒരു വിശദീകരണമാണ് ഇവിടെ നല്കിയിരിക്കുന്നത്. രക്ഷിക്കപ്പെട്ട ജനം, ആ രക്ഷയെ ആഴ്ചതോറും  അനുസ്മരിക്കുന്ന, ആചരിക്കുന്ന അടയാളദിനമാണത്. ദൈവത്തിന്റെ പരിപാലനയും മഹത്വവും ജനത്തെ സംബന്ധിച്ച് യാഥാർത്ഥ്യവും ഹൃദയസ്പർശിയായ ഒരനുഭവവുമായിത്തീർന്നത് പുറപ്പാട് സംഭവത്തിലൂടെയാണല്ലോ. കർത്താവ് ആരാണെന്ന് ജനം മനസ്സിലാക്കി, വിശ്വസിച്ചു. ദൈവത്തിന്റെ വചനങ്ങളിൽ അവർ വിശ്വാസമർപ്പിച്ചു. അവിടുത്തെ വിശ്വാസ്യത അവർ മനസ്സിലാക്കി. ഈജിപ്തുകാരെ നശിപ്പിച്ച് തങ്ങളെ രക്ഷിച്ച കർത്താവിന്റെ കരം ദർശിച്ചപ്പോൾ യാഹ്വേയാണ് യഥാർത്ഥ ദൈവമെന്ന് അവർ തിരിച്ചറിഞ്ഞു. യാഹ്വേയുടെ ദൈവത്വത്തെ അവർ അംഗീകരിച്ചു. യഥാർത്ഥ ദൈവമായ യാഹ്വേ ചരിത്രത്തിലൂടെ വെളിപ്പെടുത്തുന്ന, ചരിത്രനായകനായ, സൃഷ്ടപ്രപഞ്ചത്തിന്മേൽ അധികാരമുള്ളവനായ തന്റെ മനോധർമ്മംപോലെ അവയെ ഉപയോഗിക്കുവാൻ ശക്തനായ, ഫറവോയേയും അവന്റെ സൈന്യത്തേയുംകാൾ ശക്തനായ, രാജാവായ ദൈവമാണെന്നവർ മനസ്സിലാക്കി.

**യുഗാന്ത്യോന്മുഖമാനം**

യഹൂദ വിശ്വാസമനുസരിച്ച് വരാനിരിക്കുന്ന *മെസയാനിക* യുഗത്തിന്റെ, നിത്യതയുടെ ഒരു മുന്നാസ്വാദനം കൂടിയാണ് *സാബത്ത്* അനുഭവം.

*ആറു ദിവസം നിങ്ങൾ ജോലി ചെയ്യണം. ഏഴാം ദിവസം സമ്പൂർണ്ണ വിശ്രമത്തിനും വിശുദ്ധ സമ്മേളനത്തിനുമുള്ള സാബത്താണ്. അന്ന് നിങ്ങൾ*

*ഒരു ജോലിയും ചെയ്യരുത്. നിങ്ങളുടെ സകല വാസസ്ഥലങ്ങളിലും കർത്താവിന്റെ സാബത്താണ്.*[10]

യഹൂദ മതാചാര്യൻമാരുടെ വ്യാഖ്യാനമനുസരിച്ച് തങ്ങളുടെ ഭവനങ്ങളിൽ കർത്താവ് വിശ്രമിക്കുന്ന ദിവസമാണ് *സാബത്ത്.* ദൈവം വസിക്കുന്ന, വിശ്രമം കൊള്ളുന്ന സ്ഥലമാണല്ലോ സ്വർഗ്ഗം. ദൈവത്തിന്റെ വാസസ്ഥലമായി സ്വഭവനങ്ങളെ എന്നല്ല, സ്വഹൃദയത്തെത്തന്നെ പ്രതിഷ്ഠിക്കുന്ന ദിനമാണത്. ദൈവത്തോടു കൂടി ശാന്തമായി, സ്വസ്ഥമായി വസിക്കുന്ന ദിനം. സ്വർഗ്ഗത്തിൽ അദ്ധ്വാനമില്ല, കഷ്ടപ്പാടില്ല, വിയർപ്പില്ല, വേദനയോ, ഉത്കണ്ഠയോ ഇല്ല എന്നു പറഞ്ഞതുപോലെ അദ്ധ്വാനമില്ലാത്ത, വിയർപ്പില്ലാത്ത ഈ ദിനം ദൈവത്തെ സ്വവാസ നികേതത്തിൽ കുടിയിരുത്തുന്ന ഈ ദിനം, സ്വർഗ്ഗീയമായ അനുഭവമാണു നല്കുക. *നിത്യത*യിൽ അനുഭവവേദ്യമാകുന്നവ, *സമയത്തിൽ* സാക്ഷാത്ക്കരിക്കാനുള്ള, അനുഭവിക്കാനുള്ള ദിനമാണത്. അതുകൊണ്ടു തന്നെ ഈ ദിനം സന്തോഷത്തിന്റെ, ഹൃദയസമാധാനത്തിന്റെ, സൗഹൃദത്തിന്റെ ഒരനുഭവം മനുഷ്യഹൃദയങ്ങൾക്ക് പ്രദാനം ചെയ്യും; ദൈവവുമായും, സഹജരുമായും, പ്രപഞ്ചവുമായും സഹവാസത്തിലും സൗഹൃദത്തിലും കഴിയുന്ന ദിനം.

*സാബത്തി*ന്റെ മേല്പറഞ്ഞ അർത്ഥങ്ങളെ നിലനിർത്തിക്കൊണ്ടുതന്നെ, അതിനു നൂതനമായ ഒരു അർത്ഥം ദൈവപുത്രനായ മിശിഹാ നല്കുന്നുണ്ട്. അവിടുന്നു പറയുന്നു.

*സാബത്തു നന്മ ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്.*[10]

*സാബത്തു* നിയമം. നിയമപാലനത്തിനു വേണ്ടിയല്ല. പിന്നെയോ, *നല്ലവനായ* ദൈവത്തിന്റെ *നന്മയെ* ലോകസമക്ഷം വെളിപ്പെടുത്തിക്കൊടുക്കുന്നതിനു വേണ്ടിയുള്ളതാണ്. *സാബത്തു* ദിനത്തിൽ കർത്താവു ചെയ്ത ഓരോ അത്ഭുതപ്രവർത്തിയും, രോഗശാന്തിയും ഈ സത്യത്തെ വ്യക്തമാക്കുന്നതായിരുന്നു. *നിയമത്തെയോ പ്രവാചകന്മാരെയോ ഇല്ലാതാക്കാനല്ല പൂർത്തിയാക്കാൻ വന്ന മിശിഹാ സാബത്ത്* എന്ന ദൈവീകനിയമവും സ്നേഹത്തിൽ നിന്നുരുത്തിരിഞ്ഞ നന്മപ്രവർത്തിയാൽ പൂർത്തീകരിച്ചു. *ജീവൻ രക്ഷിക്കുക* അഥവാ *ജീവൻ നൽകുക* എന്ന ഏറ്റം ഉന്നതമായ ദൈവീകപ്രവൃത്തിയുടെ ഭാഗമായിട്ടാണ് *സാബത്തി*ലെ രോഗശാന്തികളെ മിശിഹാതന്നെയും വ്യാഖ്യാനിച്ചത്.[12] ചുരുക്കത്തിൽ സൃഷ്ടികർമ്മത്തിലൂടെ ദൈവത്തിന്റെ ജീവനും, നന്മയും, സ്നേഹവും പ്രപഞ്ചത്തിൽ വെളിവാക്കിയതിന്റേയും, പുറപ്പാടുസംഭവത്തിലൂടെ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ജനത്തിന് സ്വാതന്ത്ര്യവും, പുതുജീവനും നല്കിയതിന്റേയും അടയാളമായ *സാബത്തി*നെ മറ്റുള്ളവരുടെ ജീവനെ രക്ഷിക്കുന്ന, പരിപോഷിപ്പിക്കുന്ന നന്മപ്രവൃത്തികൾ ചെയ്യുന്നതിനുള്ള ദിനമാക്കി പരിണമിപ്പിച്ചുകൊണ്ട് മിശിഹാ *സാബത്തി*ന് പുതിയൊരു അർത്ഥം നല്കി, നിയമത്തെ പൂർത്തീകരിച്ചു.

യഹൂദപശ്ചാത്തലത്തിൽ കർത്താവിന്റെ ദിനം *സാബത്താ*ണെങ്കിൽ ക്രൈസ്തവ പശ്ചാത്തലത്തിൽ അതു ഞായറാഴ്ചയാണ്. *സാബത്തു* ദിനത്തിന്റെ മേൽപറഞ്ഞിട്ടുള്ള അർത്ഥവും വിശുദ്ധിയും അണുവിട വ്യത്യാസമില്ലാതെ ഞായറാഴ്ച ദിനത്തെ സംബന്ധിച്ചും പ്രസക്തമാണ്, ബാധകമാണ്. എന്നാൽ അതുമാത്രമല്ല, ഞായറാഴ്ചയുടെ സവിശേഷത. ഇസ്രായേൽ ജനം പ്രതീക്ഷിച്ച *മെസയാനിക*യുഗം ഇവിടെ ആരംഭിക്കുകയാണ്. ആഴ്ചയുടെ 7-ാം ദിനം ഇസ്രായേൽ കർത്താവിന്റെ ദിനമായി ആചരിച്ചെങ്കിൽ, ആഴ്ചയുടെ ആദ്യദിനം, മൃതരിൽ നിന്ന് ഉത്ഥാനംചെയ്ത മിശിഹാ തന്നിലൂടെ കൈവന്ന രക്ഷയുടെ പുതിയയുഗത്തിന്റെ ആദ്യദിനമായി ഞായറാഴ്ചയെ രൂപാന്തരപ്പെടുത്തി. ദൈവത്തിന്റെ വെളിപ്പെടുത്തലിന്റെ അത്യുച്ചിയാണത്; അവിടുത്തെ രക്ഷാകരപ്രവൃത്തിയുടെ സമുന്നതമായ പ്രകാശന ദിനവും.

എടുത്തുപറയേണ്ട ഒരു പ്രധാനകാര്യം *കർത്താവിന്റെ ദിനം* ശനിയോ, ഞായറോ എന്നതല്ല, *ആർക്കായി എന്തിനായി* അതു മാറ്റിവയ്ക്കപ്പെട്ടു എന്നതാണു പ്രസക്തമെന്ന വസ്തുതയാണ്. കർത്താവിന്റെ ദിവസമായി കരുതുന്ന, കർത്താവിനായി മാറ്റിവയ്ക്കപ്പെട്ട ദിനമെന്ന നിലയിലാണ് ഈ ദിവസത്തിന് പ്രാധാന്യം നല്കപ്പെടുന്നത്. നമുക്കറിയാവുന്നതുപോലെ ദൈവാലയവും, ദൈവാലയത്തിലെ വിശുദ്ധബലിയർപ്പണത്തിനായുള്ള വസ്തുക്കളും ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടതും, പ്രതിഷ്ഠിതവുമെന്ന നിലയിൽ അതു ദൈവത്തിനുള്ളതാണ്; ദൈവീകകാര്യങ്ങൾക്കായി മാറ്റിവയ്ക്കപ്പെട്ടതാണ്. അത് മറ്റു സാധാരണ ജീവിതാവശ്യങ്ങൾക്കായി ഉപയോഗിക്കാറില്ല. എന്നു പറഞ്ഞതുപോലെയാണ് കർത്താവിന്റെ ദിവസവും. കർത്താവിന്റെ മഹത്വത്തെ ഏറ്റുപറയുന്നതിനും, അവിടുത്തെ നന്മകളെ അനുസ്മരിക്കുന്നതിനും, അവിടുത്തെ സൃഷ്ടിവൈഭവവും, രക്ഷാകർമ്മവും, മിശിഹായിലൂടെ സംജാതമാക്കിയ രക്ഷയും എല്ലാം അനുസ്മരിക്കുന്നതിനും, കൃതജ്ഞതയുടെയും ആരാധനയുടേതുമായ ഹൃദയവികാരങ്ങളെ ദൈവസന്നിധിയിൽ അർപ്പിക്കുന്നതിനും ഉള്ള, അങ്ങനെ അതിലൂടെ ദൈവിക ശുശ്രൂഷയ്ക്കായി മാറ്റി വയ്ക്കപ്പെട്ടതുമായ ദിനമാണ് കർത്താവിന്റെദിനം.

ചാവറയച്ചന്റെ ഞായറാഴ്ച ആചരണത്തെക്കുറിച്ചുള്ള വാക്കുകളുടെ ആന്തരീകാർത്ഥം മനസ്സിലാക്കേണ്ടതും ഉൾക്കൊള്ളേണ്ടതും അതിന്റെ വിശാലമായ അർത്ഥപശ്ചാത്തലത്തിലാണ്. അദ്ദേഹം പറഞ്ഞിരിക്കുന്നുവല്ലോ:

> *ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തരങ്ങൾ മുതലായത് കഴിക്കുന്നത് വളരെ ദോഷങ്ങൾക്കും, ആത്മനാശങ്ങൾക്കും കാരണമായ ഒരു സംഗതിയാകുന്നു. ഇത് കർത്താവിന്റെ ദിവസമാകുന്നു. ഇത് പിശാചിന്റെ ദിവസമാക്കുന്നതിന് കണ്ടെത്തിയ ഒരു സൂത്രമാകുന്നു അത്.*[13]

കർത്താവിനായി മാറ്റിവയ്ക്കപ്പെട്ട ദിനത്തെ മനുഷ്യന്റെ താല്പര്യാനുസരണം ആഘോഷങ്ങളും ആർഭാടങ്ങളുമായി ചെലവഴിക്കുമ്പോൾ ദൈവീകപ്രമാണത്തെത്തന്നെ ലംഘിക്കുകയാണ് ഫലത്തിൽ. ആഘോഷാവസരം മാത്രമല്ല, *വീട്ടിൽ വല്ലവരും മരിച്ചാൽപ്പോലും അത്യാവശ്യം കൂടാതെ, സ്വന്ത ആത്മകാര്യം ഉപേക്ഷിക്കുന്നതും, കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാതിരിക്കുന്നതും ദൈവത്താലും, വിശുദ്ധ പള്ളിയാലും ശപിക്കപ്പെട്ട ദുർമ്മര്യാദയാകുന്നു*[14] എന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഈ വാക്കുകളിൽ പ്രതിധ്വനിക്കുന്ന പൊരുളിതാണ്:

കർത്താവിന്റെ ദിനം വിശുദ്ധമായി ആചരിക്കുക എന്നത് കർത്താവിന്റെ ഹിതമാകുന്നു. ലോകാന്ത്യം വരെ നിലനില്ക്കേണ്ട ദൈവീകമായ കല്പനയാണത്. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും മുഴുവൻ കുർബ്ബാനയിൽ പങ്കുകൊള്ളണമെന്നും വിലക്കപ്പെട്ട വേലകൾ ആ ദിവസങ്ങളിൽ ചെയ്യരുതെന്നും, *കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണമെന്നും* ദൈവീകകല്പനയുടെ ചുവടുപിടിച്ച് തിരുസ്സഭ കല്പിക്കുന്നതും അതിനാലാണ്. ഈ കല്പനയുടെ അനുസരണം ഏതൊരു വിശ്വാസിയുടേയും മനുഷ്യകുടുംബം മുഴുവന്റേയും വിശുദ്ധീകരണത്തിനും നന്മയ്ക്കും ആവശ്യമാണ്. ഇതു ലംഘിക്കുമ്പോൾ ദൈവത്തിന് നല്കേണ്ട സ്ഥാനം, പ്രഥമ സ്ഥാനം നല്കപ്പെടാതെ പോവുകയാണെന്ന വസ്തുതയും ഇവിടെ വെളിവാകുന്നു. മാത്രമല്ല, ദൈവത്തിനുള്ളതു ദൈവത്തിനു നല്കാതെ, മാനുഷികമായ ആഘോഷവും ആർഭാടവുമായി കഴിയുന്നവർ സ്വയം ദൈവശാപം ഏറ്റുവാങ്ങുകയുമാണ്. മനുഷ്യൻ ദൈവത്തിനു നൽകേണ്ട, ഏറ്റം പരമോന്നതമായ സ്ഥാനംതന്നെ, നല്കാതെ പോയതാണല്ലോ ആദ്യപാപംപോലും. അത് പിശാചിന്റെ പ്രലോഭനമാണ്. സൂത്രക്കാരനായ പിശാച് ദൈവത്തിൽനിന്നും മനുഷ്യനെ പിന്തിരിപ്പിക്കാൻ നോക്കുന്ന ഉപാധികളാണവ. അതുകൊണ്ടാണ് മരണവീട്ടിൽ ഉള്ളവർപോലും അത്യാവശ്യമില്ലാതെ ഈ ദൈവീകനിയമത്തെ ലംഘിക്കരുതെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചത്.

ദൈവത്തിന്റെ കൃപകൾക്കു നന്ദിയർപ്പിക്കേണ്ട ഈ ദിനം ഏറ്റം വലിയ നന്ദി പ്രകാശനമായ വിശുദ്ധകുർബാനയിൽ പങ്കുകൊണ്ട് ചെലവഴിക്കണം എന്നു നിഷ്കർഷിച്ചു ചാവറയച്ചൻ. അതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ആ ദിനത്തിന്റെ പരിശുദ്ധിയ്ക്കനുസൃതമായി ജീവിയ്ക്കണമെന്നുമദ്ദേഹം ശഠിക്കുന്നു.

> *കടമുള്ള ദിവസങ്ങളിൽ കുർബാന കണ്ടതുകൊണ്ട് മാത്രം മതിയാകാതെ ദിവസത്തിന്റെ വലിയ പങ്കും പ്രസംഗം കേൾക്ക. നല്ല പുസ്തകങ്ങൾ വായിക്ക മുതലായ സൽക്കർമ്മങ്ങളിലും രോഗികളെ പ്രത്യേകം സാധുക്കളായ ദീനക്കാരെ ചെന്നുകണ്ടു അവർക്ക് ശുശ്രൂഷ ചെയ്യുന്നതിലും ചിലവഴിക്ക്.*[15]

മുൻപ് സൂചിപ്പിച്ചതുപോലെ കർത്താവിന്റെ ദിനം നന്മ ചെയ്യുന്നതിന്, ആത്മീയനവീകരണത്തിന്, ദൈവത്തിന്റെ മഹത്ത് പ്രവർത്തിളെക്കുറിച്ച് ധ്യാനിക്കുന്നതിന്, ചിന്തിക്കുന്നതിന് ഒക്കെയുള്ള ദിവസമാണ്. ദൈവത്തോടു കൂടി വസിച്ച്, അവിടുത്തോടുകൂടി ചരിച്ച്, അവിടുത്തെ ചൈതന്യത്തിൽ അന്യരെ ശുശ്രൂഷിച്ച് ദൈവീക നന്മയുടെ, ജീവന്റെ ചൈതന്യം അനുഭവിക്കാനും പങ്കുവയ്ക്കുമാനുമുള്ള ദിനമാണത്.

കർത്താവിന്റെ ദിനാചരണത്തിന് പഴയനിയമത്തിലും, പുതിയനിയമത്തിലും ആഴമായ അർഥമാണുള്ളത്. അത് ദൈവത്തിന്റെ ഹിതവും, ദൈവോന്മുഖ-പരോന്മുഖ ജീവിതത്തിനുള്ള ആഹ്വാനവുമാണ്. ദൈവം മനുഷ്യവർഗത്തിനുവേണ്ടി ചെയ്തവയെ അനുസ്മരിപ്പിക്കുവാൻ, ദൈവത്തിന് മനുഷ്യരോടുള്ള സനേഹത്തിന് നന്ദിപറയുവാൻ, ദൈവത്തിന്റെ സാന്നിദ്ധ്യത്തിലും സഹവാസത്തിലും ജീവിക്കാൻ, ദൈവീകസാന്നിദ്ധ്യത്തിന്റെ മുമ്പിൽ സ്വയം വിലയിരുത്തുവാൻ, ദൈവീകചൈതന്യത്താൽ നിറഞ്ഞവരായി അന്യർക്കു നന്മ ചെയ്യാൻ, എല്ലാറ്റിലുമപരി ദൈവത്തിന് ജീവിതത്തിൽ പ്രഥമസ്ഥാനം നല്കാൻ വേണ്ടി ദൈവം ദാനമായി നൽകിയ വിശുദ്ധ ദിനമാണത്; ശിഥിലമായിക്കൊണ്ടിരിക്കുന്ന മാനുഷുകബന്ധങ്ങളെ ഊട്ടിയുറപ്പിക്കാൻ കരുത്തേകുന്ന, ദൈവവുമായുള്ള ബന്ധത്തിന്റെ ഊട്ടിയുറപ്പിക്കലിന് അവസരം നല്കുന്ന മോഹനദിനമാണത്. കൂട്ടായ്മയുടെ അനുഭവം പങ്കുവയ്ക്കുന്ന ദൈവിക സാന്നിദ്ധ്യം നിറഞ്ഞുനില്ക്കുന്ന ദൈവാലയാങ്കണത്തിൽ, കൃതജ്ഞതാബലിയർപ്പിക്കുന്ന ദൈവജനം മുഴുവനോടുകൂടി ദൈവിക മഹിമാവിനെ വാഴ്ത്തിപാടുന്ന സുന്ദരദിനമാണത്. കണ്ണീരില്ലാത്ത, വേദനയില്ലാത്ത സ്വർഗ്ഗരാജ്യത്തിന്റെ അനുഭവം മുൻകൂട്ടി ആസ്വദിക്കുന്ന സ്വർഗ്ഗീയദിനമാണത്. തിരക്കേറിയ കർമ്മമണ്ഡലങ്ങളിൽ നിന്നു വിടുതൽ പ്രാപിച്ച് പരസ്പരം കണ്ടുമുട്ടുന്ന, ഒന്നിച്ച് ഭക്ഷിക്കുന്ന, ഒന്നിച്ച് ആശയവിനിമയം നടത്തുന്ന, ഒന്നിച്ച് സന്തോഷിക്കുന്ന, ഒന്നിച്ച് പ്രാർത്ഥിക്കുന്ന, ഒരു കുടുംബത്തിന്റെ സ്നേഹവും പരസ്പരാലംബവും പ്രകടമാകുന്ന മനോജ്ഞമായ ദിനമാണത്. ഈ വിധം ചെലവഴിക്കപ്പെടുന്ന കർത്താവിന്റെ ദിനം കർത്താവിന്റേതുമാത്രമല്ല; മനുഷ്യകൂട്ടായ്മയുടെ ദിനവും കൂടിയായി ഭവിക്കുന്നു. മനുഷ്യനെ കൂട്ടായ്മയിൽ നിലനിർത്താൻ ദൈവം ആവിഷ്കരിച്ച പദ്ധതിയിലെ ഒരു ഭാഗം; ഒരു നിബന്ധനയെത്ര ഈ നിഷ്ഠയും ആചരണവും!

■

## പരാമർശ സൂചിക

1. *ചാവരുൾ* നമ്പർ 3 (1-ാം ഭാഗം)
2. *ചാവരുൾ* നമ്പർ 3 (1-ാം ഭാഗം)
3. *പുറപ്പാട്* 20:8-11
4. *ഉല്പ* 1:1-2:3
5. *ഉല്പ* 2:1-3
6. *പുറപ്പാട്* 16:23
7. *പുറപ്പാട്* 31:13
8. *പുറപ്പാട്* 33:17-23
9. *നിയമാ* 5:15
10. *ലേവ്യർ* 23:3
11. *ലൂക്കാ* 6:9
12. *മർക്കോ* 3:4
13. *ചാവരുൾ* നമ്പർ 3 (1-ാം ഭാഗം)
14. *ചാവരുൾ* നമ്പർ 6 (1-ാം ഭാഗം)
15. *ചാവരുൾ* നമ്പർ 23 (1-ാം ഭാഗം)

## മൂന്ന്

## അദ്ധ്വാനം ഒരു ശുശ്രൂഷ

***നി****ന്റെ അന്തസ്സിനുതക്കവണ്ണം വേലയെടുക്കുക. വേലയെടുക്കാതിരിക്കുന്നത് ബഹുമാനമുള്ള ആളുകളുടെ മുറയല്ല.*[1]

ദൈവത്തെ സൽകർമ്മംകൊണ്ടും, കർമ്മത്തെ ഈശ്വരോപാസനകൊണ്ടും ധന്യമാക്കിയ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വാക്കുകളാണ് മേലുദ്ധരിച്ചത്. അദ്ധ്വാനത്തെ സ്വധർമ്മമായും ആ ധർമ്മം ഏറ്റം ബഹുമാനമുള്ളതായും അദ്ദേഹം ദർശിക്കുന്നു.

അദ്ധ്വാനം മഹത്വമുള്ളതാണെന്ന ബോദ്ധ്യത്തിലേക്ക് കടന്നുവരുവാൻ ആ ദൈവീകമനുഷ്യനെ പ്രേരിപ്പിച്ച പ്രചോദനശക്തിയെന്താണ്?

കുറഞ്ഞ അദ്ധ്വാനം, കൂടുതൽ വേതനം, കുറച്ചു കഷ്ടപ്പാടുകൾ, കൂടുതൽ സുഖസൗകര്യങ്ങൾ.... ഇങ്ങനെയുള്ള മനഃസ്ഥിതി പുലർത്തുന്ന ആധുനിക *കർമ്മസംസ്ക്കാരത്തിൽ* ചാവറയച്ചന്റെ വാക്കുകൾക്ക് എന്തു പ്രസക്തിയാണുള്ളത്?

അദ്ധ്വാനത്തിന്റെ ബഹുമാന്യത എന്തിലാണടങ്ങിയിരിക്കുന്നത്?

ചാവറയച്ചന്റെ *ചാവരുളിലെ* പൊരുളുകളിൽനിന്നു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കാം.

അദ്ധ്വാനത്തെ പാപത്തിന്റെ ഫലമായിട്ടാണ് ബഹുഭൂരിപക്ഷംപേരും കാണുന്നതും, വിശ്വസിക്കുന്നതും. ആദിമാതാപിതാക്കളുടെ പാപത്തിന്റെ ശിക്ഷയായി ദൈവം ആദത്തോടു പറഞ്ഞു:

ആയുഷ്ക്കാലം മുഴുവൻ കഠിനാദ്ധ്വാനംകൊണ്ടു നീ അതിൽ നിന്നു (മണ്ണിൽ) കാലയാപനം ചെയ്യും.... നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കും.[2]

ഒറ്റവായനയിൽ തിരുവചനം അർത്ഥമാക്കുന്നതും സൂചിപ്പിക്കുന്നതും അദ്ധ്വാനമെന്നത് പാപശിക്ഷയായിട്ടാണ് എന്നു തോന്നും. അദ്ധ്വാനത്തിന്റെ

ക്ലേശത്തെ പാപം വർദ്ധിപ്പിച്ചു എന്നു പറയുന്നതാണ് അദ്ധ്വാനം പാപത്തിന്റെ ശിക്ഷ എന്നു പറയുന്നതിനേക്കാൾ ഉത്തമം. വേദപൊരുളുകൾ അപ്രകാരം ഇഴ തിരിച്ചുള്ള പുനർവായന ആവശ്യപ്പെടുന്നു.

തിന്മയോ, ശിക്ഷയോ ആയി ആദിയിൽ എന്തെങ്കിലും സംഭവിക്കുന്നതിനു മുമ്പു തന്നെ മനുഷ്യൻ അദ്ധ്വാനിക്കണമെന്നുള്ള ദൈവഹിതം അവിടുന്നു വ്യക്തമാക്കിയിട്ടുണ്ട്. തിരുവെഴുത്തുകൾ അതു വെളിപ്പെടുത്തുന്നുമുണ്ട്.

**ദൈവഹിതം**

അദ്ധ്വാനത്തിന്റെ മഹത്വവും, ബഹുമാന്യതയും വാഴ്ത്തപ്പെട്ട ചാവറയച്ചൻ കണ്ടെത്തിയത്, തന്റെ വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായ ധ്യാനാത്മക ജീവിതത്തിൽ നിന്നുതന്നെയാണ്. സ്രഷ്ടാവായ ദൈവം തന്റെ അനന്തജ്ഞാനത്താൽ ലോകത്തെ സൃഷ്ടിച്ചു; അതിന്റെ പരിപൂർത്തിയെന്നോണം പ്രപഞ്ചത്തിന്റെ മകുടമായി മനുഷ്യനേയും. *ഏദൻ തോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി*[3] എന്നല്ലോ തിരുവെഴുത്ത്. മണ്ണിൽ നിന്നെടുക്കപ്പെട്ട മനുഷ്യൻ മണ്ണിൽനിന്ന് അവന്റെ ജീവസന്ധാരണത്തിനാവശ്യമായവ ഉല്പാദിപ്പിച്ചെടുക്കുക അവനെ സംബന്ധിച്ച ദൈവഹിതമാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതോടുകൂടിത്തന്നെ ഈ ഹിതം ദൈവമവനു വ്യക്തമാക്കിക്കൊടുത്തുമിരിക്കുന്നു.

അദ്ധ്വാനിക്കുക എന്നത് മനുഷ്യന്റെ ഭാഗധേയവും; സൃഷ്ടിയെന്ന നിലയിൽ അവനെ സംബന്ധിച്ച സ്രഷ്ടാവായ ദൈവത്തിന്റെ നിശ്ചയവുമാണെന്ന വസ്തുത വിശുദ്ധഗ്രന്ഥത്തിൽ ഇനിയൊരിക്കൽ പ്രകടമാകുന്നത് *സാബത്തി*നെ സംബന്ധിച്ച ദൈവകല്പനയുടെ പശ്ചാത്തലത്തിലാണ്. *ആറു ദിവസം ജോലിചെയ്യണം, ഏഴാംദിവസം വിശ്രമിക്കണം, കാരണം അന്നു സാബത്താണ്.*[4] ഏഴാംദിവസം വിശ്രമിക്കണം എന്ന കല്പനയുടെതന്നെ ഭാഗമാണ് ആറുദിവസം ജോലിചെയ്യുക എന്നതും *സാബത്തു*ദിനം എത്ര മാത്രം പ്രധാനപ്പെട്ടതാണോ, അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് ജോലി ചെയ്യേണ്ടുന്ന ആറുദിനങ്ങളും. ഇതു രണ്ടും ദൈവകല്പനയാണ്. രണ്ടിനും മാതൃകയും ദൈവംതന്നെ. ആറുദിവസത്തെ അധ്വാനത്തിന്റെ തുടർച്ചയിലാണ് ഏഴാമതു ദിവസത്തെ വിശ്രമവും അതിനുള്ള അർഹതയും എന്നുകൂടി നാമിതിൽനിന്നു ഗ്രഹിക്കുക.

സ്രഷ്ടാവായ ദൈവത്തിന്റെ സൃഷ്ടി കർമ്മത്തോടു സഹകരിക്കുകയും, അവിടുത്തെ സൃഷ്ടികർമ്മത്തെ അതിന്റെ ലക്ഷ്യത്തിൽ എത്തിക്കുവാൻ സഹായിക്കുകയുമാണ് അദ്ധ്വാനത്തിലൂടെ മനുഷ്യൻ ചെയ്യുന്നത്. ദൈവത്തോടും അവിടുത്തെ പദ്ധതികളോടും സഹകരിക്കുന്നതിലൂടെ ആ നിലയിൽ, അവൻ മഹത്വം നേടുന്നു. അദ്ധ്വാനിയായ ഒരുവന്റെ മഹത്വത്തെ

ദൈവം മാത്രമല്ല, മനുഷ്യനും ആദരിക്കുന്നു. ചാവറയച്ചൻ അതു വ്യക്തമാക്കിയിരിക്കുന്നതു നോക്കുക:

> *അദ്ധ്വാനശീലനായ ഒരു മനുഷ്യൻ കൂറെ വസ്തുക്കൾക്കൊണ്ടു മാത്രം സമ്പൂർണ്ണമായി സന്തുഷ്ടനായി കഴിഞ്ഞുകൂടി. അദ്ദേഹത്തിന്റെ വളർച്ചയിൽ, ഉയർച്ചയിൽ അസൂയാലുക്കളായവർ അദ്ദേഹം എന്തോ നിക്ഷേപം എടുത്തൊളിച്ചുവച്ചിരിക്കുന്നുവെന്നു വിചാരിച്ച് സർക്കാരിൽ കേസ് കൊടുത്തു. അയാൾക്കുള്ള സമ്പാദ്യത്തിന്റെ കണക്കു ബോധിപ്പിക്കാൻ ആവശ്യപ്പെട്ട രാജാവിന്റെ മുമ്പിൽ അഭിമാനത്തോടെ, തന്റെ നിക്ഷേപം ആകെ ഒരു ചെറിയ തുണ്ടു പറമ്പാണെന്നും അതിലെ മണ്ണ് തന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നനയുന്നതാകയാൽ അതു പൊന്നായിപ്പോകുന്നുവെന്നും പറഞ്ഞ് ബഹുമാനത്തോടുകൂടി തിരിച്ചുപോന്നു.*[5]

അദ്ധ്വാനിക്കുന്നവനായ ആ മനുഷ്യന് ദൈവമുമ്പിലും, രാജാവിന്റെ മുമ്പിലും ബഹുമാനവും ആദരവും ലഭിച്ചുവെന്ന് വ്യക്തമാക്കുന്ന ദൃഷ്ടാന്തത്തിലൂടെ ചാവറയച്ചൻ അദ്ധ്വാനിക്കുക എന്ന ദൈവഹിതം നിറവേറ്റുന്നവനെ എത്ര ഉദാരമായി ദൈവം സമ്മാനിതനാക്കുന്നു എന്ന സത്യത്തിന് അടിവരയിടുകയായിരുന്നു.

ഒരു കുടുംബത്തിന്റെ മാത്രമല്ല, ഒരു സമുദായത്തിന്റെ, ഒരു രാഷ്ട്രത്തിന്റെതന്നെ, സുഃസ്ഥിതിക്കും അഭ്യുന്നതിക്കും അദ്ധ്വാനം എത്രമാത്രം പ്രധാനപ്പെട്ടതാണെന്നും ആവശ്യമാണെന്നുമുള്ള വസ്തുത സന്ദേഹത്തിനിടയില്ലാത്തവിധം ചാവറയച്ചൻ വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:

> *കാത്തോൻ എന്ന റോമാനഗരിയുടെ അധികാരി റോമ്മായിൽ പാർപ്പാൻ മനസ്സുള്ളവർ ഒക്കെയും മുമ്പിനാൽത്തന്നെ വേലയെടക്കുന്നവരെന്നു കാണിപ്പാൻ വേണ്ടി കൈത്തഴമ്പു കാട്ടണമെന്നു പ്രമാണം വച്ചതല്ലാതെ ദ്രവ്യസ്ഥന്മാരും, മാടമ്പികളും അവരവരുടെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുന്ന ആയുധങ്ങൾ പിടിച്ചല്ലാതെ പുറത്തുനടന്നുകൂടാ എന്നു ശക്തിയായി കല്പിക്കുകയും ചെയ്തു.*[6]

എത്രമാത്രം സമ്പന്നനായാലും അദ്ധ്വാനിക്കുക എന്ന കടമയിൽനിന്ന് ഒഴിഞ്ഞുമാറി നില്ക്കുന്നത് ശരിയല്ലെന്നും, അദ്ധ്വാനമുപേക്ഷിച്ചു ജീവിക്കുക ക്രമാനുഗതമായി നാശത്തിലേയ്ക്കുള്ള നീക്കമാണെന്നും പൊതുനന്മയ്ക്കും, വളർച്ചയ്ക്കും അതു തടസ്സം സൃഷ്ടിക്കുമെന്നുമുള്ള സന്ദേശം തന്നെയാണ് ഇതിലൂടെ വ്യക്തമാക്കപ്പെടുന്നത്.

ജോലികളിൽ തരംതിരിവു കാണുന്നവരും *താഴ്ന്ന*തെന്നു മുദ്രകുത്തപ്പെട്ട ജോലികൾ ചെയ്യുന്നത് അപമാനമായി കരുതുന്നവരും, പട്ടിണി കിടന്നാലും *സ്റ്റാറ്റസ്* ഇല്ലാത്ത ജോലി ചെയ്യാൻ മടിക്കുന്നവരുമാണ് നാം. തൊഴിലിന്റെ പേരിൽ ഉച്ചനീചത്വങ്ങൾ കാട്ടുന്നതിൽ വിദ്യാസമ്പന്നരെന്നു ഖ്യാതിനേടിയ മലയാളികൾ മുന്നിലാണ്. തൊഴിലില്ലായ്മയാണ് നമ്മുടെ നാടിന്റെ മുഖ്യപ്രശ്നമെന്നു പരിതപിക്കുന്നു. അതേസമയം തന്നെ *സ്റ്റാറ്റസി*ന് പറ്റിയ പണിയല്ലായെങ്കിൽ അതു ചെയ്യാൻ മടികാണിക്കുകയും ചെയ്യുന്നു. ഏതൊരു ജോലിയും പ്രധാനപ്പെട്ടതാണെന്നും അതിന് അതിന്റേതായ അന്തസ്സുണ്ടെന്നതുമാണ് സത്യം. ഓരോ അദ്ധ്വാനവും ഓരോ ധർമ്മമാണ്; മനുഷ്യമഹാകുടുംബത്തിന്റെ വളർച്ചയ്ക്കും നന്മയ്ക്കും സുസ്ഥിതിയ്ക്കും വേണ്ടിയുള്ള ധർമ്മം, അങ്ങനെ വേണം അതിനെ കാണുവാൻ. ഒരു ശരീരത്തിൽ പല അവയവങ്ങളുണ്ട്. അവയ്ക്കു പല പല ധർമ്മങ്ങളാണ്. ശരീരത്തിലെ ഓരോ അവയവത്തിന്റേയും ധർമ്മം സുഗമമായി നടക്കുമ്പോൾ മാത്രമേ മനുഷ്യൻ ആരോഗ്യവാനായിരിക്കു. ഏതെങ്കിലുമൊന്നു നിലച്ചാൽ പിന്നെ രോഗമായി; അസ്വസ്ഥതയായി. മാന്യതയുടെയോ അന്തസ്സിന്റെയോ സ്റ്റാറ്റസ് മാത്രം കൊണ്ടളന്നു നോക്കിയാൽ തലച്ചോറുപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്കാണു കൂടുതൽ പ്രൗഢി. ശരീരത്തിലെ വിസർജ്ജ്യവസ്തുക്കൾ പുറംതള്ളുവാനുള്ള പ്രവർത്തനം താരതമ്യതലത്തിൽ താഴ്ന്നവയാണ്. പക്ഷേ എന്നു കരുതി തദ്സംബന്ധമായ അവയവങ്ങൾ അവയുടെ പ്രവർത്തനം നിലപ്പിച്ചാലോ? ഒന്നും അപ്രധാനമല്ല; അപ്രസക്തമല്ല. *ചെറുതെ*ന്നും *വലുതെ*ന്നും മനുഷ്യൻ തീർപ്പ് കല്പിക്കുന്ന ഓരോ ജോലിയും ഇപ്രകാരം തന്നെയാണ്. കുടുംബത്തിന്റെയും, സമൂഹത്തിന്റേയും, രാഷ്ട്രത്തിന്റേയും, സുഗമമായ വളർച്ചയ്ക്ക് ശ്രേഷ്ഠമെന്നോ, ഹീനമെന്നോ ഉള്ള തരംതിരിവുകൂടാതെ ഓരോ വ്യക്തിയും ചെയ്യുന്ന ജോലി അതിന്റെ പൂർണ്ണതയിൽ നിറവേറ്റുക ആവശ്യമാണ്. ഒന്നും മുടങ്ങരുത്. ഒന്നെങ്കിലും മുടങ്ങിയാൽ ഭംഗം സമഗ്രതയ്ക്കാണ്. സമർപ്പിതമായ, തരംതിരിവുകളില്ലാത്ത അദ്ധ്വാനത്തിലൂടെ മാത്രമേ വ്യക്തിയും, സമൂഹവും വളരുകയുള്ളു. സ്വധർമ്മം, കർമ്മതലം, തരം ഏതായിരുന്നാലും സമർപ്പിതമായി ശരിയായ അദ്ധ്വാനചൈതന്യത്തോടെ നിറവേറ്റുമ്പോഴാണ് അതിന് മഹത്വവും മൂല്യവും ഉണ്ടാകുന്നത്. അദ്ധ്വാനത്തിന്റെ തരത്തിലല്ല, അതുനിറവേറ്റുന്ന വിധത്തിലാണ് മഹത്വവും മഹത്വമില്ലായ്മയും. ചരിത്രം തെളിയിച്ച വസ്തുതയാണിത്.

സാർവ്വത്രിക സഭയുടെ വിശുദ്ധരുടെ നിരയിൽ ചക്രവർത്തിയായ വിശുദ്ധ ഹെൻറിയും, രാജാവായ വിശുദ്ധ ലൂയിസും, രാജ്ഞിയായ വിശുദ്ധ എലിസബത്തും, മന്ത്രിയായ വിശുദ്ധ തോമസ്മൂറും, പ്രഭുവായ വിശുദ്ധ അല്ലേസും എന്നപോലെ തന്നെ വീട്ടുവേലക്കാരിയായ വിശുദ്ധസീത്തായും,

ക്ഷുരകനായിരുന്ന വിശുദ്ധ അന്ത്രാനിക്കസും, ചെരുപ്പുകുത്തിയായ വിശുദ്ധ ഗോഡ്റിച്ചും, പാചക ജോലിക്കാരായ വിശുദ്ധ പീറ്ററും വിശുദ്ധ മട്രോനയും വിശുദ്ധ നൊത്ത് ബുർഗായും ഇരുമ്പുപണിക്കാരനായ വിശുദ്ധ ബൽഡോമനും എല്ലാം സ്ഥാനം പിടിച്ചത്, മേൽപറഞ്ഞവിധം അദ്ധ്വാനത്തെ മഹിമയോടെ ദൈവഹിതമെന്നപോലെ പൂർണ്ണതയിൽ നിറവേറ്റി വിശുദ്ധിയുടെ മകുടം ചൂടിയതുകൊണ്ടാണ്. ചെയ്ത ജോലിയുടെ മഹിമയല്ല, മഹിമയില്ലാത്തതെന്നു ലോകം മുദ്രകുത്തുന്ന ജോലികൾപോലും മഹിമയോടെ നിറവേറ്റിയെന്നതിലാണ് അവരുടെ വിശുദ്ധിയും മഹത്വവും.

ചാവറയച്ചന്റെ വീക്ഷണമനുസരിച്ച് *വേലയെടുക്കാതിരിക്കുന്നത് ബഹുമാനമുള്ള ആളുകളുടെ മുറയല്ല, പിന്നയോ വീടും കുടിയും സന്തതിയും ഇല്ലാത്തവരുടെ നടപ്പാകുന്നു.*[7] ജീവിതലക്ഷ്യം ഇല്ലാത്തവരാണ്, ജീവിതത്തിനർത്ഥം ഇല്ലാത്തവരാണ്, *വീടും കുടിയും* ഇല്ലാതെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും സ്വയം ഭ്രഷ്ടരാകുന്നവരാണ്, അദ്ധ്വാനത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നത് എന്നർത്ഥം. മഹത്വത്തേക്കാൾ അപമാനത്തിന്റെ നിറമാണ് ആ ഒഴിഞ്ഞുമാറ്റം അവർക്കു നല്കുക. അദ്ധ്വാനിക്കുന്നവനാകട്ടെ ജീവിതം അർത്ഥപൂർണ്ണമാകുന്നു. അഭിമാനകരമാകുന്നു.[8] തിരുവചനം പറയുന്നു:

*സ്വാശ്രയശീലനും, അദ്ധ്വാനപ്രിയനും ജീവിതം മധുരമാണ്.*

*മകനേ, എന്റെ വാക്കുകേൾക്കുക, അവസാനം നീ അതിന്റെ വില അറിയും. ഏതു ജോലിയും ഉത്സാഹപൂർവ്വം ചെയ്യുക: നിന്നെ രോഗം ബാധിക്കുകയില്ല.*[9]

അന്തസ്സും ആഭിജാത്യവുമുള്ളവർ അദ്ധ്വാനശീലരായിരിക്കും; ശരിയായി അദ്ധ്വാനിക്കുന്നവന് അന്തസ്സും, മാന്യതയും, അംഗീകാരവും കരഗതമാകുന്നു.

അദ്ധ്വാനത്തിന്റെ മഹത്വത്തെ ശ്ലാഘിക്കുക മാത്രമല്ല ചാവറയച്ചൻ ചെയ്തത്. അതിനെതിരായി മടിയോടെ വ്യാപരിക്കുന്നവരെ നിസ്സങ്കോചം അപലപിക്കുകകൂടിയാണ്. അവരിൽ എല്ലാവിധ ദുർഗുണങ്ങളുമുണ്ടകുമെന്നു അദ്ദേഹം പറയുന്നു:

> *മടി സർവ്വദുർഗുണങ്ങളുടേയും മാതാവാകുന്നു. പ്രത്യേകം മദ്യപാനത്തിന്റെ കാരണവുമാകുന്നു. മദ്യപാനം ലോകത്തിന്റെ മുൻപാകെ എത്രയും അപമാനമുള്ളതും തമ്പുരാന്റെ തിരുമുമ്പിൽ എത്രയും ദോഷമുള്ളതും ആകുന്നു.*[10]

തൻകാര്യം നോക്കലും സ്വസുഖം തേടലുമാണല്ലോ മടിയന്റെ സ്ഥായിയായ പതിവ്. ഈ മനഃസ്ഥിതിയുള്ളവരാണ് സുഖവും സംതൃപ്തിയും

മാത്രം തേടി മദ്യത്തിന്റേയും മറ്റു സുഖഭോഗാദികളുടേയും പിന്നാലെ പോകുന്നത്. അദ്ധ്വാനിക്കാതെ നേടുന്നതെന്തും അവർക്കു പത്ഥ്യമായിരിക്കും. മേലനങ്ങാതെ പണം സമ്പാദിക്കാനായി മോഷ്ടിക്കുവാനും, കൊല്ലുവാനും, മറ്റു അക്രമപ്രവർത്തികൾ ചെയ്യുവാനും അവർ മുതിരും. ഇപ്രകാരമുള്ള വരെ മുന്നിൽക്കണ്ടാണ് വിശുദ്ധ പൗലോസ് അപ്പസ്തോലൻ പറഞ്ഞിരിക്കുന്നത്:

*മോഷ്ടാവ് ഇനിമേൽ മോഷ്ടിക്കരുത്. അവൻ ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ എന്തെങ്കിലും സമ്പാദിക്കുന്നതിനു വേണ്ടി സ്വന്തം കൈകൾ കൊണ്ട് മാന്യമായി ജോലി ചെയ്യട്ടെ.*[11]

അദ്ധ്വാനിക്കാതെ സൂത്രവും കൗശലവുമുപയോഗിച്ച് സമ്പത്തു സമ്പാദിക്കുന്നവനെ കാത്തിരിക്കുന്നത് നാശമാണ്. *മഞ്ഞുപോലെ ആ ദ്രവ്യം വേഗത്തിൽ അലിഞ്ഞുപോകുമെന്നും*[12] സത്യസന്ധമായി അദ്ധ്വാനിച്ചു സമ്പാദിക്കുന്നവയാകട്ടെ എക്കാലത്തും നിലനിലയ്ക്കുമെന്നും ചാവറയച്ചൻ രണ്ടു കച്ചവടക്കാരുടെ അനുഭവം വിവരിച്ചു വ്യക്തമാക്കുന്നുണ്ട്.[13]

അദ്ധ്വാനം ഒരിയ്ക്കലും ഭൗതികമായ നേട്ടം മാത്രം ലക്ഷ്യം വച്ചുള്ളതാകരുത്. സ്വർഗ്ഗീയമായവയിലേയ്ക്ക് വേണ്ടിക്കൂടി നാം അദ്ധ്വാനിക്കണം. മിശിഹാ പറഞ്ഞിരിക്കുന്നു:

*നശ്വരമായ അപ്പത്തിനുവേണ്ടി മാത്രം അദ്ധ്വാനിക്കുന്നവരാകാതെ മനുഷ്യപുത്രൻ നല്കുന്ന നിത്യജീവന്റെ അപ്പത്തിനായിക്കൂടി അദ്ധ്വാനിക്കുവിൻ.*[14]

ഈ ലോക ജീവിതത്തോടെ കടന്നുപോകുന്നവയാണ് ഇവിടുത്തെ അദ്ധ്വാനവും, അതിന്റെ ഫലങ്ങളും, ഒപ്പം ക്ലേശങ്ങളും. ഭൗതികസമ്പത്തു മാത്രം ലക്ഷ്യം വച്ച് അദ്ധ്വാനിച്ചാൽ അത് മരണത്തോടെ അവസാനിക്കുന്നു. ഈ ജീവിതത്തിൽ മാത്രമാണ് നമ്മുടെ പ്രത്യാശയെങ്കിൽ, ഈ ജീവിതത്തിന്റെ സൗഭാഗ്യത്തിനുവേണ്ടി മാത്രമാണ് നമ്മുടെ അദ്ധ്വാനമെങ്കിൽ, നാം ദുർഭഗരായ മനുഷ്യർ മാത്രമാകുന്നു. ഈ ലോകത്തിന്റെ നിക്ഷേപം മരണത്തോടെ അവസാനിക്കുന്നതല്ലല്ലോ! ഈ ലോകത്തിലെ അദ്ധ്വാനം, സ്വർഗ്ഗീയമായ ധനം സമ്പാദിക്കാനുള്ള ഉപാധികൂടിയായി മാറ്റുന്നതിനുള്ള ഏറ്റം നല്ല മാർഗ്ഗമാണ് ദാനധർമ്മം.

**പരോന്മുഖത**

ഏതൊരു വ്യക്തിയും അദ്ധ്വാനിക്കുന്നത് അവനുവേണ്ടി മാത്രമല്ല, പ്രത്യുത അവന്റേയും, അവന്റെ കുടുംബത്തിന്റേയും സുഃസ്ഥിതിയ്ക്കു വേണ്ടികൂടിയാണ്. എന്നാൽ അദ്ധ്വാനത്തിന് മറ്റൊരു മാനം കൂടിയുണ്ട് അതു നാമറിയണം; അദ്ധ്വാനഫലം മറ്റുള്ളവർക്കു ഉപകാരം ചെയ്യുന്നതിനു

വേണ്ടികൂടിയാവണം; അപ്പോഴേ അതർത്ഥപൂർണ്ണവും ചിരഃസ്ഥായിയുമാകൂ. *ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ സ്വന്തം കൈകൊണ്ടു മാന്യമായി ജോലി ചെയ്യട്ടെ* എന്ന് പൗലോസ് ശ്ലീഹ പറഞ്ഞിരിക്കുന്നതിന്റെ പൊരുൾ അതത്രെ.

> *അന്യർക്കു വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ഭിക്ഷക്കാർ വെറുംകൈയ്യോടുകൂടി നിന്റെ വീട്ടിൽ നിന്നു പോകുവാൻ നീ സമ്മതിക്കേണ്ട. പാടുള്ളപ്പോഴൊക്കെയും അല്പമെങ്കിലും ദാനധർമ്മം കൊടുക്കാതെ ഇരിക്കേണ്ട.*[15]

മറ്റുള്ളവർക്കു ഉപകാരം ചെയ്യാതെ, ഒന്നുമൊന്നും പങ്കിട്ടുകൊടുക്കാതെ സൂക്ഷിച്ചുവയ്ക്കുന്നതത്രയും നശിച്ചുപോവുകയേയുള്ളുവെന്ന് ചാവറയച്ചൻ വ്യക്തമാക്കിയിട്ടുണ്ട്:

> *ഒരു ദിക്കിൽ ഒരു മനുഷ്യനുണ്ടായിരുന്നു ഈ ആൾ അവസ്ഥപോലെയും, ദിഷ്ടതി പോലെയും ലുബ്ധ് വിചാരിക്കാതെ വീടു ചെലവു കഴിക്കയും, ദാനധർമ്മം കൊടുക്കയും ചെയ്തു. കാലക്രമം കൊണ്ട് ദ്രവ്യം വർദ്ധിക്കയിൽ ധർമ്മം കൊടുക്കാതെ പണം കൂട്ടുവാൻ തുടങ്ങി. ഇങ്ങനെയിരിക്കെ ഈയാളിന്റെ കാലിന്മേൽ ഒരു വ്രണമുണ്ടായി പഴുത്തു. പല വൈദ്യന്മാരെ വരുത്തി. ചികിത്സക്കായി വളരെ പണം ചെലവഴിച്ചു. അപ്പോൾ ഒരു മാലാഖ കാണപ്പെട്ടു പറഞ്ഞതായത്, "ധർമ്മം ചെയ്യാതെ പണം കൂട്ടുന്നവർക്ക് ഇങ്ങനെ പണം ചെലവഴിപ്പാൻ സംഗതിവരുമെന്നു നീ അറിഞ്ഞു കൊള്ളണം.*[16]

അദ്ധ്വാനിച്ചുണ്ടാക്കുന്നവ കൂട്ടിവയ്ക്കാനുള്ളതല്ല, മനുഷ്യരുടെ നന്മയ്ക്കായി ഉപയോഗിക്കാനുള്ളതാണ്; പങ്കിടുവാനുള്ളതാണ്.

ദൈവപുത്രനായ കർത്താവിന്റെ കരുണാർദ്രവും വാത്സല്യപൂർണ്ണവും, മാതൃസഹജവുമായ സ്നേഹം അനുഭവിക്കാൻ സാധിക്കുന്നവരത്രെ അദ്ധ്വാനിക്കുന്നവർ. മിശിഹാ പറഞ്ഞിരിക്കുന്നു:

> *അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം.*[17]

ക്ലേശിതരുടേയും, ഭാരം വഹിക്കുന്നവരുടെയും അത്താണിയായി, ആശ്വാസത്തിന്റെ ഉറവിടമായി തന്നെത്തന്നെ നല്കുന്ന കർത്താവ് അന്ത്യവിധിനാളിലും ഓരോരുത്തർക്കും അവരവരുടെ അദ്ധ്വാനത്തിന് ആനുപാതികമായി പ്രതിസമ്മാനം നല്കും. *താലന്തു*കളുടെ ഉപമയിൽ വ്യക്തമാക്കുന്നതു പോലെ ചെറിയ കാര്യമാണെങ്കിലും ആത്മാർത്ഥതയോടെ അദ്ധ്വാനിച്ച്

യജമാനന്റെ ഹിതം അനുവർത്തിച്ചപ്പോഴാണ് ഭൃത്യന്മാർ ബഹുമാനിതരായത്. അലസനായി നാണയം കുഴിച്ചുമൂടിയവനോ ശിക്ഷിക്കപ്പെടുകയും ചെയ്തു. നാണയത്തിന്റെ എണ്ണക്കൂടുതലോ, കുറവോ അല്ല, ഉള്ളതുകൊണ്ട് അദ്ധ്വാനിച്ചോ എന്നതായിരുന്നു പ്രതിഫലത്തിന് മാനദണ്ഡമായത്. ചെയ്യുന്ന ജോലിയുടെ വലിപ്പമോ താഴ്മയോ അല്ല, എത്രമാത്രം വിശ്വസ്തതയോടെ അതു നിറവേറ്റുന്നു എന്നതിലാണ് മഹത്വം അടങ്ങിയിരിക്കുന്നത്.

*കഠിനാദ്ധ്വാനമോ, വയലിലെ വേലയോ വെറുക്കരുത്. അത്യുന്നതൻ നിശ്ചയിച്ചതാണത്.*[18]

അദ്ധ്വാനിക്കുക എന്നത് ദൈവീകനിയമമാണ്. ആർക്കും അതിൽനിന്ന് ഒഴികഴിവില്ല. മനുഷ്യനായി അവതരിച്ച ദൈവപുത്രൻപോലും ഭൂമിയിലായിരുന്ന നാളുകളിലത്രയും അദ്ധ്വാനിച്ചു. *മരപ്പണിക്കാരന്റെ* പുത്രനായിവളർന്ന മിശിഹാ നസ്രത്തിലെ കുടുംബത്തിൽ മാതാപിതാക്കളോടൊപ്പം, അന്നന്നു വേണ്ടുന്ന അപ്പത്തിനായി അദ്ധ്വാനിച്ചു. മിശിഹാ മാത്രമല്ല അപ്പസ്തോലന്മാരും അദ്ധ്വാനത്തിന്റെ മാതൃക നമുക്കു കാട്ടിത്തന്നവരാണ്. മീൻപിടുത്തക്കാരനായ പത്രോസും, കൂടാരപ്പണിക്കാരനായ പൗലോസുമെല്ലാം ഉദാഹരണങ്ങൾ. *ആർക്കും ഭാരമാകാതിരിക്കാൻവേണ്ടി ഞങ്ങൾ രാപകൽകഷ്ടപ്പെട്ട് കഠിനാദ്ധ്വാനം ചെയ്തു.*[19] എന്നാണല്ലോ വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നതും. അദ്ധ്വാനത്തിന്റെ മഹത്വവും ആവശ്യകതയും എടുത്തുകാണിക്കുന്ന സഭാപ്രബോധനങ്ങളും ഇത്തരുണത്തിൽ സ്മരണീയമാണ്.

മനുഷ്യസമൂഹം ലോകത്തിൽ ഇന്നു നിലനില്ക്കുന്നതുതന്നെ എത്രയോപേരുടെ അദ്ധ്വാനത്തിന്റെ വിളഫലമായിട്ടാണ്. നാമറിഞ്ഞോ അറിയാതെയോ അനേകായിരങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലമാണ് അനുദിനം അനുഭവിച്ചു കൊണ്ടിരിക്കുന്നത്. നമ്മുടെ മുമ്പിൽ വിളമ്പപ്പെടുന്ന ഭക്ഷണം, ധരിക്കുന്ന വസ്ത്രം, വസിക്കുന്ന പാർപ്പിടം.... അദ്ധ്വാനത്തിന്റെ ഒരു ശൃംഖലയാലും, അതിന്റെ ഫലത്താലും മനുഷ്യർ പരസ്പരം ബന്ധിതരാണ്.

സൃഷ്ടിക്കുക, രക്ഷിക്കുക, പവിത്രീകരിക്കുക, എന്നീ ത്രിവിധ ദൗത്യങ്ങളാണല്ലോ ദൈവത്തിന്റേതായി കണക്കാക്കുന്നത്. മനുഷ്യൻ ചെയ്യുന്ന ഏതൊരു അദ്ധ്വാനവും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ദൈവത്തിന്റെ ഈ ദൗത്യങ്ങളോടു ബന്ധപ്പെട്ടാണിരിക്കുന്നത്. *എന്റെ പിതാവ് എപ്പോഴും പ്രവർത്തിക്കുന്നു. അതിനാൽ ഞാനും പ്രവർത്തിക്കുന്നു.*[20] എന്നരുളിയ മിശിഹായുടെയും അവിടുത്തെ പിതാവിന്റേയും പ്രവർത്തനത്തിലുള്ള പങ്കുചേരലാണ് അങ്ങിനെവരുമ്പോൾ അദ്ധ്വാനം. മണ്ണിനോടു മല്ലിട്ട് അതിൽനിന്ന് ഫലംപുറപ്പെടുവിക്കുന്ന കർഷകൻ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹകാരിയാവുകയാണ്. രോഗിയായ ഒരുവനെ ശുശ്രൂ

ഷിക്കുന്ന ഡോക്ടറും, നേഴ്സുമെല്ലാം ദൈവത്തിന്റെ രക്ഷാകർമ്മത്തിൽ സഹകാരികളാവുകയാണ്. മലിനമായ സ്ഥലങ്ങൾ ശുചിയാക്കുന്നവനും മുഷിഞ്ഞവസ്ത്രം അലക്കിശുചിയാക്കുന്നവനും ദൈവീക ദൗത്യത്തിൽ പങ്കാളികളാവുകതന്നെയാണ്. ശുദ്ധീകരിക്കുന്നവനും പവിത്രീകരിക്കുന്നവനുമായ പരിശുദ്ധാത്മാവിന്റെ ദൗത്യത്തിലാണ് തന്റെ അദ്ധ്വാനം വഴി അപ്രകാരം സഹകാരിയാകുന്നത്. ദൈവത്തിന്റെ സൃഷ്ടിപരവും, രക്ഷാകരവും, പവിത്രീകരണപരവുമായ ദൗത്യങ്ങളോടു മനുഷ്യനാൽ ചെയ്യപ്പെടുന്ന ഏതൊരു ജോലിയും അതെത്ര നിസ്സാരമെന്നും ഹീനമെന്നും മാനുഷിക കണക്കുകൂട്ടലുകൾ മുദ്രകുത്തിയാലും, സംയോജിപ്പിക്കപ്പെടുകയും ആ വിധം അദ്ധ്വാനം മഹത്വപ്പെടുത്തപ്പെടുകയും ചെയ്യുമ്പോൾ സ്വയം മഹിമയുള്ളവരാകുവാൻ ഏവർക്കും സാധിക്കുന്നു. അദ്ധ്വാനത്തെ വെറുക്കുന്നവൻ, അലസൻ, മേൽപറഞ്ഞ ദൈവിക പദ്ധതിയിൽ സഹകരിക്കാതെ വിട്ടകലുക വഴി ബഹുമാനം അർഹിക്കപ്പെടാത്തവനായി തീരുകയാണ് ചെയ്യുക. ചാവറയച്ചൻ പറഞ്ഞതുമതാണ്: *വേലയെടുക്കുക; വേലയെടുക്കാതിരിക്കുക ബഹുമാനമുള്ള ആളുകളുടെ മുറയല്ല.*

അദ്ധ്വാനിക്കുക എന്നത് ദൈവഹിതമാണ്. ഭൂമിയും അതിലെ സർവ്വചരാചരവും സൃഷ്ടിക്കുകയും സർവ്വതും നല്ലതെന്നു കാണുകയാൽ അതിനെ അനുഗ്രഹിക്കുകയും ചെയ്ത ദൈവത്തിന്റെ സാന്നിദ്ധ്യം നിറഞ്ഞുനില്ക്കുന്ന ഈ ഭൂതലത്തിൽ അർപ്പിക്കപ്പെടുന്ന ഏതൊരു ജോലിക്കും അദ്ധ്വാനത്തിനും ദൈവികമായ ഒരു പരിവേഷമുണ്ട്. അദ്ധ്വാനത്തിലൂടെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തോടും രക്ഷാകർമ്മത്തോടും, പവിത്രീകരണ കർമ്മത്തോടും മനുഷ്യൻ സഹകരിക്കുമ്പോൾ സൃഷ്ടപ്രപഞ്ചത്തിന്റെതന്നെ ലക്ഷ്യവും അതിനായുള്ള ദൈവീകപദ്ധതിയും സാക്ഷാത്കരിക്കാൻ സഹായിക്കുകയാണു ചെയ്യുന്നത്. അതിലൂടെയാണ് അദ്ധ്വാനം മഹത്വത്തിന്റെ വിശുദ്ധിവരിക്കുന്നത്. *അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ.*[21] എന്നു പൗലോസു അപ്പസ്തോലൻ വിലക്കിയിരിക്കുന്നതും ഈ പൊരുളിൻപടിയാകുന്നു. അദ്ധ്വാനപൂർണ്ണമായ ഒരു ജീവിതത്തിലൂടെ സഹജർക്കു നന്മയുടെ നീർച്ചാലൊഴുക്കി ദൈവത്തിൽനിന്നും പ്രതിഫലം സ്വീകരിച്ച് ഭൂമിയിലും സ്വർഗ്ഗത്തിലും അദ്ധ്വാനത്തിന്റെ മഹത്വം വ്യക്തമാക്കിയ മഹാത്മാവായിരുന്നുല്ലോ വാഴ്ത്തപ്പെട്ട ചാവറപിതാവ്!

■

## പരാമർശ സൂചിക

1. *ചാവരുൾ* നമ്പർ 12 (1-ാം ഭാഗം)
2. *ഉല്പത്തി* 3:17-19
3. *ഉല്പത്തി* 3:15
4. *ഉല്പത്തി* 2:1-3, *പുറപ്പാട്* 20:8-11, *ലേവ്യ.* 23:3
5. *ചാവരുൾ* നമ്പർ 11 (1-ാം ഭാഗം)
6. *ചാവരുൾ* നമ്പർ 12 (1-ാം ഭാഗം)
7. *ചാവരുൾ* നമ്പർ 12 (1-ാം ഭാഗം)
8. *പ്രഭാഷകൻ* 40:18
9. *പ്രഭാഷകൻ* 31:22
10. *ചാവരുൾ* നമ്പർ 12 (1-ാം ഭാഗം)
11. *എഫേ* 4:28
12. *ചാവരുൾ* നമ്പർ 13 (1-ാം ഭാഗം)
13. *ചാവരുൾ* നമ്പർ 13 (1-ാം ഭാഗം)
14. *യോഹന്നാൻ* 6:27
15. *ചാവരുൾ* നമ്പർ 13 (1-ാം ഭാഗം)
16. *ചാവരുൾ* നമ്പർ 15 (1-ാം ഭാഗം)
17. *മത്തായി* 11:28
18. *പ്രഭാ.* 7:15
19. *2തെസ* 3:8
20. *യോഹന്നാൻ* 5:17
21. *2തെസ*, 3:10

## നാല്

# കുടുംബം സ്വർഗ്ഗസദൃശമാകാൻ

**കു**ടുംബമെന്ന യാഥാർത്ഥ്യത്തെ ഭൂമിയിലെ സ്വർഗ്ഗമായി ദർശിച്ച വാഴ്ത്തപ്പെട്ട ചാവറയച്ചൻ കുടുംബങ്ങൾക്കായി നല്കിയ യാത്രാമൊഴിയാണല്ലോ കേരളത്തിലെ ക്രിസ്തീയ കുടുംബജീവിതത്തിന്റെ *മാഗ്നാകാർട്ടാ* എന്നു വിശേഷിപ്പിക്കപ്പെടാവുന്ന *ചാവരുൾ.* കുടുംബ ജീവിതത്തെപ്പറ്റി പല ക്രിസ്തീയ ഭാഷ്യങ്ങളും ഇന്ന് സംലഭ്യമായിരിക്കാം. എന്നാൽ ഇത്തരം ആധുനികഭാഷ്യങ്ങൾ വിരചിതമാകുന്നതിന് ഒന്നര ഒന്നേകാൽ നൂറ്റാണ്ടുമുമ്പ്, സഭയുടേയും സമുദായത്തിന്റേയും ആണിക്കല്ലായി കുടുംബത്തെ ദർശിച്ച് മാതൃകാപരമായ കുടുംബജീവിതം കരുപ്പിടിപ്പിക്കേണ്ടതിന് ആവശ്യമായ ദർശനങ്ങൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ ദൈവവചനത്തിലധിഷ്ഠിതമായി എഴുതിയുണ്ടാക്കിയ താപസ ശ്രേഷ്ഠനായ ചാവറപിതാവിന്റെ ക്രാന്തദർശിത്വത്തെ നാം നമിക്കുക.

സ്വർഗ്ഗമെന്ന ദൈവീകയാഥാർത്ഥ്യത്തിന്റെ പ്രതിഫലനവും, സാദൃശ്യവുമായ കുടുംബത്തിന്റെ അടിസ്ഥാനഭാവം ദൈവികസത്തയുടെ ഉൾക്കാമ്പായ സ്നേഹമാണ്; ആയിരിക്കണം. സ്വയം ദാനംചെയ്യുന്ന, വളർത്തുന്ന, നയിക്കുന്ന, തിരുത്തുന്ന, ആശ്വസിപ്പിക്കുന്ന, ക്ഷമിക്കുന്ന, ശക്തിപ്പെടുത്തുന്ന, സ്നേഹം തന്നെ! എണ്ണമില്ലാത്ത സവിശേഷതകൾ ഉൾക്കൊള്ളുന്ന ഈ ദൈവീകഭാവത്തിന്റെ ഏറ്റവും പൂർണ്ണവും മോഹനവുമായ പ്രകാശനമാണ് കുടുംബമെന്ന അടിസ്ഥാനസമൂഹം, സ്വർഗ്ഗസദൃശ്യമായ ഒരു യാഥാർത്ഥ്യമാക്കി കുടുംബത്തെ മാറ്റുന്നത് ഈ സ്നേഹമാണ്. ഈ സത്യം നന്നായി ഗ്രഹിച്ചതുകൊണ്ടാണ് *നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹമായിരിപ്പിൻ, ഉപവിയായിരിപ്പിൻ*[1] എന്ന ചാവറയച്ചൻ പറഞ്ഞത്.

ഒരു കുടുംബത്തിന്റെ സുഃസ്ഥിതി അതിൽ വസിക്കുന്നവർ തമ്മിലുള്ള പാരസ്പര്യ സ്നേഹത്തിലും ധാരണയിലുമാണ് ഏറിയ പങ്കും അധിഷ്ഠിത

മായിരിക്കുന്നത്. സ്നേഹാന്വിതമായ ഒരു കുടുംബാന്തരീക്ഷം കരഗത മാകണമെങ്കിൽ മേല്പറഞ്ഞ ദൈവീകഭാവങ്ങൾ കുടുംബത്തിൽ പുലർന്നാലേ സാദ്ധ്യമാകൂ. ഇതിലേറ്റം ആവശ്യകമായ ഒരു സവിശേഷത യാണ് ക്ഷമ.

**ക്ഷമിയ്ക്കു, ക്ഷമിയ്ക്കപ്പെടും**

ചാവറയച്ചന്റെ വീക്ഷണത്തിൽ ഈ ലോകജീവിതത്തിലും, പരലോക ജീവിതത്തിലും ലഭ്യമാകുന്ന ദൈവീകദാനങ്ങളായ സമാധാനവും നിത്യ സൗഭാഗ്യവും വ്യക്തിജീവിതത്തിലും, കുടുംബജീവിതത്തിലും അനുഭവി ക്കാനുള്ള മാർഗ്ഗം ക്ഷമിക്കുക എന്നതാണ്.

> *ഓരോരുത്തന്റെ അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിക്കിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും, പരലോകത്തിൽ നിത്യ സൗഭാ ഗ്യവും, നിങ്ങൾ അനുഭവിക്കും.*[2]

സമാധാനമെന്നത് ദൈവത്തിന്റെ രക്ഷാകര പ്രവർത്തിയുടെ ഫലമാണ്. ദൈവപുത്രനായ മിശിഹായുടെ ജനനവേളമുതൽ സ്വർഗ്ഗാരോഹണം വരെ യുള്ള കാലഘട്ടത്തിൽ പ്രത്യേകിച്ചും ഉത്ഥാനാനന്തരമുള്ള പ്രത്യക്ഷീകര ണങ്ങളിൽ എപ്പോഴും അവിടുന്ന് ഉരുവിട്ട അനുഗ്രഹമൊഴി സമാധാനത്തിന്റേ തായിരുന്നു.

*എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു. ലോകം തരുന്നതു പോലെയല്ല.....*[3]

ദൈവവും മനുഷ്യവർഗ്ഗവും തമ്മിലുള്ള വിരുദ്ധത, പാപത്തിന്റെ ഫല മായുണ്ടായ അശാന്തി, അസമാധാനം എല്ലാം രക്ഷാകരകർമ്മമായ തന്റെ കുരിശുമരണം വഴി, മിശിഹാ തമ്പുരാൻ അവസാനിപ്പിച്ചു സമാധാനം സംസ്ഥാപിച്ചു. ദൈവ-മനുഷ്യബന്ധത്തിന്റേയും, മനുഷ്യ-മനുഷ്യ ബന്ധ ത്തിന്റേയും സ്ഥായീഭാവമാകേണ്ട സമാധാനത്തിന്റെ നിത്യവും യുഗാന്ത്യോ ന്മുഖവുമായ അനുഭവത്തെ സൗഭാഗ്യമെന്നു വിളിക്കാം. കുറച്ചുകൂടി വ്യക്ത മായി പറഞ്ഞാൽ മനുഷ്യവർഗ്ഗത്തിന്റെ പാപം, പാപം വഴി ഉടലെടുത്ത ഭിന്നത, അതത്രയും ദൈവം ക്ഷമിച്ചതിന്റെ ഫലമാണ് നൽകപ്പെട്ട സമാ ധാനം. ക്ഷമയിലൂടെ വ്യക്തിയും കുടുംബവും സമാധാനം സംജാതമാക്കു മ്പോൾ അതു സ്വർഗ്ഗീയാനുഭവമായി മാറുന്നു.

സ്വകുടുംബത്തിൽ മാത്രമല്ല, ഇതരരുമായുള്ള ബന്ധത്തിലും അവശ്യ മാവശ്യകമായ ഒന്നാണ് ക്ഷമ. മറ്റുള്ളവർ നമ്മുടെ കുറ്റങ്ങൾ ക്ഷമിക്കണ മെങ്കിൽ നാം അവരുടേതും ക്ഷമിക്കണം. ക്ഷമയുടെ അഭ്യസനം ആദ്യം ആരംഭിക്കേണ്ടത് കുടുംബത്തിൽത്തന്നെയെന്നു ചാവറപിതാവും ചൂണ്ടിക്കാ ട്ടുന്നു.

> *നിങ്ങളുടെ അറ്റകുറ്റങ്ങളും മോശങ്ങളും തമ്മിൽ തമ്മിൽ ക്ഷമിക്കയില്ലെങ്കിൽ പുറമേയുള്ളവർ ക്ഷമിക്കുമോ? നാളെ ശേഷം പേർ നിന്റെ ഒരു കുറ്റം ക്ഷമിക്കണമെങ്കിൽ ഇന്നു ശേഷം പേരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കേണ്ടയോ?*[4]

*ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണേ* എന്ന കർതൃപ്രാർത്ഥന എല്ലാദിവസവും ഉരുവിടുന്ന ക്രിസ്ത്യാനിയെ സംബന്ധിച്ചടത്തോളം ശത്രുക്കളോട് ക്ഷമിക്കുകയും ക്ഷമിക്കാൻ പഠിപ്പിക്കുകയും ചെയ്ത മിശിഹായുടെ മാതൃക പിൻതുടരാനുള്ള ആഹ്വാനമാണ് ചാവറയച്ചന്റെ വാക്കുകളിലൂടെ മുഴങ്ങി കേൾക്കാനാകുന്നത്.

ക്ഷമിക്കാൻ സാധിക്കുന്നത് *മഹാശക്തിയും, വിവേകവും, അവസ്ഥയുമുള്ള ആളിനുമാത്രം കഴിയുന്നതാണ്* എന്നു ചാവറയച്ചൻ വിശ്വസിച്ചു. രാജസേവകരോടുകൂടി നടന്നുപോയ കോൺസ്തന്തിനോസ് ചക്രവർത്തിയെ വഴിമദ്ധ്യേ ഒരാൾ അടിച്ചതും, അയാളെ കൊല്ലാൻ സേവകർ ഉപദേശിച്ചപ്പോൾ *എന്റെ ഏറ്റം താഴ്ന്ന ഉദ്യോഗസ്ഥനു ചെയ്‌വാൻ കഴിയുന്നത് ഞാൻ ചെയ്യുന്നത് വലിയ കാര്യമോ? എന്നാൽ ഞാൻ ഇതു ക്ഷമിക്കുന്നു. ഇത് എന്റെ ഏറ്റം വലിയ ശക്തിയുടെ അടയാളമാകുന്നു*[5] എന്നത്രെ ചക്രവർത്തി ഉത്തരം പറഞ്ഞത്. ഇതു എടുത്തു കാണിക്കുക വഴി ചാവറയച്ചൻ, മേല്പറഞ്ഞ സത്യത്തെ ഒന്നുകൂടി വ്യക്തമാക്കുകയാണ്. ക്ഷമിക്കുക മഹാശക്തിയാണ്, ദൈവികശക്തിയാണ്; ദൈവികമായ ഭാവമാണത്; മഹത്വത്തിന്റെ അടയാളമാണത്. സമാധാനസ്ഥാപനത്തിന് ഇത് അനിവാര്യമാണ്. സമാധാനമുള്ള ഒരു കുടുംബം ലോകദൃഷ്ട്യാ മഹത്വമുള്ളതായിരിക്കും.

> *ഒരു തറവാടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രേ*[6]

ക്ഷമയിലൂടെ കരഗതമാക്കേണ്ട സമാധാനവും സൗഭാഗ്യവും അപ്പാടെ ശിഥിലമാക്കി താറുമാറാക്കുന്ന തിന്മയാണ് കലഹങ്ങളും ഭിന്നതകളും. പരസ്പരം ഭിന്നിച്ചും കലഹിച്ചും കലുഷിതമായ കുടുംബത്തിൽ സമാധാനം ഉണ്ടാകില്ല; ഐശ്വര്യം കളിയാടില്ല. നാശത്തിലേയ്ക്കുള്ള നീക്കമായിരിക്കുമവരുടേത്. ഭിന്നിച്ചു നില്ക്കുന്ന കുടുംബാംഗങ്ങളുടെ അവസ്ഥ ആ കുടുംബത്തെ എവിടെ കൊണ്ടുചെന്നെത്തിക്കുമെന്ന് ചാവറയച്ചൻ ചൂണ്ടിക്കാട്ടിയിരിക്കുന്നു:

> *ഒരു വീട്ടിൽത്തന്നെ ജ്യേഷ്ഠാനുജന്മാരും സ്ത്രീ ജനങ്ങളും തമ്മിൽത്തമ്മിൽ സ്നേഹമില്ലാതെ എല്ലായ്പ്പോഴും വഴക്കും സംസാരവുമായിരിക്കുന്നത് എത്രയോ ദുഃഖിക്കത്തക്കത്. "ഭിന്നിക്കപ്പെട്ട രാജ്യം നിലനില്ക്കാൻ പാടില്ലെന്ന്" നമ്മുടെ*

> *കർത്താവുതന്നെ അരുൾ ചെയ്തിരിക്കുന്നു. ഇപ്രകാരം വഴ ക്കുള്ള തറവാട് വേഗത്തിൽ നാശമായിപ്പോകും.*[7]

മനുഷ്യജീവിതത്തിൽ ക്ലേശങ്ങൾ പലവിധത്തിലുണ്ടാകാം; അതുണ്ടുതാനും. എന്നാൽ അനാവശ്യമായി ക്ലേശങ്ങൾ സൃഷ്ടിക്കരുതെന്ന് ചാവറയച്ചൻ ഉദ്ബോധിപ്പിക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ക്ഷമയില്ലാതെ, കല ഹങ്ങളും ഭിന്നതകളും സൃഷ്ടിക്കുന്നത് ജീവിതക്ലേശങ്ങളെ സ്വയം വർദ്ധി പ്പിക്കലാണ്. അദ്ദേഹം ചോദിച്ചിരിക്കുന്നല്ലോ:

> *ആദമെന്ന മഹാപിതാവ് നമുക്കവകാശമായി വച്ചിരിക്കുന്ന ഞെരുക്കങ്ങളും സങ്കടങ്ങളും പോരാഞ്ഞിട്ടാണോ നിങ്ങൾ സ്വമനസ്സാലേ വീണ്ടും ഉണ്ടാക്കുന്നത്?*[8]

കലഹങ്ങൾ ഒഴിവാക്കാനും, കുറ്റങ്ങളും കുറവുകളും ക്ഷമിക്കുവാനും പ്രാപ്തമാക്കുന്നത് കറകളഞ്ഞ സ്നേഹമാണ്. *സ്നേഹം പാപത്തെ മൂടി ക്കളയുന്നു* എന്നാണല്ലോ പറയുന്നത്. സ്വാർത്ഥതയില്ലാത്ത, ആത്മാർത്ഥ തയുള്ള സ്നേഹം കുടുംബത്തിൽ തളിരിടുമ്പോൾ കുറ്റങ്ങളും, കുറവുകളും ഒരു പ്രശ്നമല്ലാതായിത്തീരും.

*തെറ്റു പൊറുക്കുന്നവൻ സ്നേഹിതനെ നേടുന്നു. കുറ്റപ്പെടുത്തിക്കൊണ്ടേ ഇരിക്കുന്നവൻ അവനെ പിണക്കി അകറ്റുന്നു.*[9]

കുടുംബത്തിലെ ഓരോ അംഗവും സ്വന്തമാണെന്ന അനുഭവം, അവ രുടെ വളർച്ചയും, തളർച്ചയും, ഉയർച്ചയും, വീഴ്ചയും എല്ലാം സ്വന്തമെന്ന പോലെ സ്വീകരിക്കാനുള്ള സന്നദ്ധത, വിട്ടുവീഴ്ചചെയ്യാനും, സ്വാർത്ഥം തേടാതിരിക്കാനും, അസൂയപ്പെടാതിരിക്കാനും, സഹിഷ്ണതയോടെ വർത്തി ക്കാനുമൊക്കെയുള്ള സന്മനസ്സ്, പരസ്പരം മനസ്സിലാക്കാനുള്ള തുറവി; ഇവ യൊക്കെ ഉണ്ടെങ്കിലേ ഇതു സാധിക്കൂ. ഇവിടെയാണ് പ്രാർത്ഥനയുടെ പ്രസക്തി. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം, ഒന്നിച്ചു ഭക്ഷിക്കുന്നു; ഒന്നിച്ചു സന്തോഷിക്കുന്നു; സുഖവും ദുഃഖവുമെല്ലാം ഒന്നിച്ചു പങ്കിടുന്നു. ഈ ഒരുമ യിലാണ് കുടുംബത്തിന്റെ ഭദ്രത. *സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുന്ന* ജീവിതശൈലിയല്ല അത്; നന്മ ചെയ്യുന്നവർക്കു മാത്രം നന്മചെയ്യുന്ന ജീവി താദർശമല്ല അത്; പിന്നെയോ, വ്യവസ്ഥയില്ലാത്ത സ്നേഹത്തിന്റെ ശാന്തവും സ്വച്ഛവുമായ ഒഴുകലാണത്; പകരലാണത്. ഇത്തരമൊരു സ്നേഹസാമ്രാ ജ്യമായി കുടുംബങ്ങൾ മാറുമ്പോഴാണ് കുടുംബം സ്വർഗ്ഗസദൃശ്യമാവുക.

ചാവറയച്ചൻ, തന്റെ മാംസസംബന്ധികളായ ഇടവകക്കാരോട് *നീതി യാലേയും ഉപവിയാലേയും* തനിക്കുള്ള കടമ നിറവേറ്റുവാനായി എഴുതിയ *കുടുംബചട്ട*ത്തിൽ ഒരു കുടുംബം പുലർത്തേണ്ട നീതിയെക്കുറിച്ച് സവി സ്തരം പ്രതിപാദിക്കുന്നുണ്ട്. സാമാന്യമായി പറഞ്ഞാൽ, ഓരോരുത്തനും അർഹിക്കുന്നതു നല്കുക എന്നതാണല്ലോ നീതി; ദൈവമർഹിക്കുന്നതു ദൈവത്തിനും, മനുഷ്യരർഹിക്കുന്നതു മനുഷ്യർക്കും നല്കുന്ന നീതി.

അർഹതയ്ക്ക് ഓരോരുത്തരും നിശ്ചയിക്കുന്ന മാനദണ്ഡമനുസരിച്ച് നീതി നിർവ്വഹണം മാറിമറിഞ്ഞെന്നുവരാം. ചാവറയച്ചന്റെ വീക്ഷണത്തിൽ, നീതിയുടെ മാനദണ്ഡം സ്നേഹം തന്നെയാണ്. സ്നേഹത്തിന്റെ കണ്ണിലൂടെ അപരനെ നോക്കുമ്പോൾ അവന്റെ അർഹതയ്ക്ക്, ആവശ്യങ്ങൾക്ക് ഏറെ ആഴം കണ്ടെത്താൻ കഴിയും. വിശുദ്ധ യാക്കോബുശ്ലീഹായുടെ വചനങ്ങളെ സ്വാംശീകരിച്ചുകൊണ്ട് അദ്ദേഹം എഴുതിയിരിക്കുന്നു:

> *വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കയോ താമസിപ്പിക്കയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിൻ പക്കൽ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ട; അവരെ ബുദ്ധിമുട്ടിക്കയും വേണ്ടാ: എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായും നിന്നോടു പകരം ചോദിക്കും.*[10]

ഇതരരുമായുള്ള ബന്ധത്തിൽ ഒരു കുടുംബം പുലർത്തേണ്ട നീതിയെ സമ്യക്കായി അവതരിപ്പിക്കുന്നു ഈ വചനങ്ങൾ:

> *ഭിക്ഷക്കാർ വെറും കൈയ്യോടുകൂടി നിന്റെ വീട്ടിൽ നിന്ന് പോകുവാൻ നീ സമ്മതിക്കേണ്ട പാടുള്ളപ്പോഴൊക്കെയും അല്പമെങ്കിലും ദാനധർമ്മം കൊടുക്കാതെ ഇരിക്കേണ്ട.*[11]

*കൂലി,* വേലയ്ക്കു പ്രതിഫലമായി ലഭിക്കേണ്ട നീതിപൂർവ്വകമായ കാര്യമാണെങ്കിൽ *ദാനധർമ്മം അർഹത*പ്പെടാത്തതും അവകാശപ്പെടാനാവാത്തതുമായ സാഹചര്യത്തിൽപോലും ദാതാവിന്റെ മനഃസ്സാക്ഷിയിൽ ഉയരുന്ന, ഉയരേണ്ട അപരന്റെ ആവശ്യങ്ങളെ കണ്ടറിഞ്ഞ് സഹായഹസ്തം നീട്ടുവാനുള്ള സ്നേഹത്തിന്റെ നിമന്ത്രണത്തിന്റെ ഫലമാണ്.

നീതിയെക്കുറിച്ചു പറയുമ്പോൾ സ്വഭാവികമായും സാമൂഹ്യനീതിയെക്കുറിച്ച് സമ്പത്തിന്റെ വിനിയോഗത്തോടു ബന്ധപ്പെട്ടാണ് നാം സാധാരണ ചിന്തിക്കാറുള്ളത്. എന്നാൽ നീതിയെന്നത് അതിൽമാത്രം പരിമിതപ്പെടുത്താവുന്ന ഒന്നല്ല. അതിന്റെ ചക്രവാളം ഏറെ വിശാലമാണ്. നസ്രത്തിലെ കുടുംബനാഥനായ വിശുദ്ധ യൗസേഫ് *നീതിമാനായി*രുന്നു എന്നു വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. *വ്യഭിചാരിണിയെ കല്ലെറിഞ്ഞു കൊല്ലണമെന്ന* യഹൂദ നിയമം മാനദണ്ഡമായി സ്വീകരിക്കുവാൻ സാധിക്കുമായിരുന്ന യൗസേഫ്, വിവാഹത്തിനു മുമ്പുതന്നെ ഗർഭിണിയായികാണപ്പെട്ട തന്റെ നിയുക്ത വധുവിനെ, നിയമത്താലുള്ള നീതി അവളെ അർഹയാക്കുന്ന കല്ലെറിയലിനല്ല വിട്ടുകൊടുക്കുന്നത്; പ്രത്യുത അവൾ അപമാനിതയാകാതിരിക്കാൻ, മൂന്നാമതൊരുവന്റെ മുമ്പിൽ പോലും അവൾ തെറ്റുകാരിയെന്നു മുദ്ര ചാർത്തി പ്രഖ്യാപിക്കപ്പെടാതിരിക്കാൻ, അവളെ രഹസ്യത്തിൽ ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയായിരുന്നു. ദൈവാത്മപ്രത്യക്ഷം വിശുദ്ധമറിയത്തിന്റെ ഉദരം പേറുന്നത് ദൈവപുത്രനായ മിശിഹായെന്നു പിന്നീടു

യൗസേഫിനെ ബോദ്ധ്യപ്പെടുത്തുകയും അമ്മ മറിയത്തിന്റെ പവിത്രത യൗസേഫ് പിതാവ് ഉൾക്കൊള്ളുകയുമായിരുന്നുവല്ലോ. നിയമത്തിന്റെ മുന യല്ല സ്നേഹത്തിന്റെ വിശാലതയാണ് യൗസേഫിന്റെ നീതിധാരയ്ക്കു മാന ദണ്ഡമായി ഭവിച്ചത്. കുടുംബബന്ധങ്ങളുടെ സുഃസ്ഥിതിയ്ക്ക്, കുടുംബാം ഗങ്ങൾ, പ്രത്യേകിച്ചും ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സുദൃഢ ബന്ധ ത്തിന്, സ്നേഹത്തിലധിഷ്ഠിതമായ ഇപ്രകാരമുള്ള നീതിധാര എത്രമാത്രം ആവശ്യകമാണെന്നു പറഞ്ഞറിയിക്കേണ്ട കാര്യമില്ല. ചാവറയച്ചൻ പറഞ്ഞി ട്ടുള്ളതുപോലെ *ഒപ്പത്തിനൊപ്പം പകരംവീഴ്ച ചെയ്യാൻ മൃഗങ്ങൾക്കു പോലും സാധിക്കും.*[12] കുടുംബ ബന്ധങ്ങളെ തകർക്കുന്ന സംശയങ്ങളിൽ, തെറ്റിദ്ധാരണകളിൽ, അപൂർവ്വമായെങ്കിലും സംഭവിക്കാവുന്ന അവിശ്വസ്തത കളിൽ, വീഴ്ചകളിൽ, സത്യമെന്തന്നോ, സാഹചര്യമെന്തെന്നോപോലും അന്വേഷിക്കാതെ പിണങ്ങിമാറാനും, ബന്ധങ്ങൾ വേർപെടുത്താനും, വീടു വിട്ടിറങ്ങിപോകാനും, പങ്കാളിയെ വകവരുത്താനുമൊക്കെ തുനിയുന്ന പ്രവ ണത വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ നിയമത്തിന്റെ മാനദണ്ഡത്തി നപ്പുറം സ്നേഹത്തിൽ അധിഷ്ഠിതമായി ചിന്തിക്കാനും പെരുമാറാനും തയ്യാ റാവുക ഏറ്റവും ആവശ്യമാണ്. ക്രിയാത്മകമായി സ്നേഹത്തിന്റെ കണ്ണി ലൂടെ ഇതരന്റെ ആവശ്യങ്ങളെ നോക്കിക്കണ്ട്, ഈ ആവശ്യങ്ങളുടെ നിർവ്വ ഹണം അവർക്ക് അർഹതപ്പെട്ടതെന്ന് മനസ്സിലാക്കി പ്രവർത്തിക്കാൻ കൂടി തുടങ്ങിയാലേ കുടുംബം സ്വർഗ്ഗതുല്യമാകൂ. ഭാര്യയ്ക്കും കുട്ടികൾക്കും ആഹാരവും വസ്ത്രവും പാർപ്പിടവുമൊക്കെ അർഹതപ്പെട്ടതുതന്നെ. അതു നൽകിയതുകൊണ്ടു മാത്രം ഒരു ഭർത്താവെന്ന നിലയിൽ, പിതാവെന്ന നില യിൽ, ഒരുവന്റെ ധർമ്മം തീരുന്നില്ലല്ലോ.

സ്വർഗ്ഗീയസദൃശ്യമായ ഒരു കുടുംബത്തിന്റെ രൂപീകരണത്തിന്റെ അടി സ്ഥാനം സ്നേഹം തന്നെയാണ്. സ്നേഹം ക്ഷമയുള്ളതും, നീതിയി ലധിഷ്ഠിതവുമായിരിക്കണം. അങ്ങിനെ പറയുമ്പോഴും ആത്യന്തികമായി അത് സ്നേഹം തന്നെയാണ്. ക്ഷമിക്കുന്നതിനും യഥാർത്ഥമായ നീതി നിറ വേറ്റുന്നതിനും സ്നേഹം കൂടിയല്ലേ കഴിയൂ.

*ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു.*[13]

സ്നേഹസമൂഹമായി കുടുംബം മാറുമ്പോൾ അവിടെ ദൈവം വസി ക്കുന്നു. ദൈവം വസിക്കുന്നിടമാണ് സ്വർഗ്ഗം. എങ്കിൽ ഒരു *ക്രിസ്തീയ കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകാൻ*[14] മറ്റൊന്നും ആവശ്യ മില്ല; സ്നേഹം മാത്രം മതി. ഇപ്രകാരമൊരു കുടുംബത്തെക്കുറിച്ചാണ് ചാവ റയച്ചൻ പറഞ്ഞിട്ടുള്ളത്; *ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏറ്റം മധുരിക്കപ്പെട്ട ആശ്വാ സവും സമാധാനവും, ഉപവിയും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവി ക്കുന്നതാകുന്നു.*[15]

■

# പരാമർശ സൂചിക

1. ചാവരുൾ നമ്പർ 1 (1–ാം ഭാഗം)
2. ചാവരുൾ നമ്പർ 1 (1–ാം ഭാഗം)
3. യോഹന്നാൻ 14:27
4. ചാവരുൾ നമ്പർ 1 (1–ാം ഭാഗം)
5. ചാവരുൾ നമ്പർ 1 (1–ാം ഭാഗം)
6. ചാവരുൾ നമ്പർ 1 (1–ാം ഭാഗം)
7. ചാവരുൾ നമ്പർ 1 (1–ാം ഭാഗം)
8. ചാവരുൾ നമ്പർ 1 (1–ാം ഭാഗം)
9. സുഭാ: 19:7
10. ചാവരുൾ നമ്പർ 18 (1–ാം ഭാഗം)
11. ചാവരുൾ നമ്പർ 13 (1–ാം ഭാഗം)
12. ചാവരുൾ നമ്പർ 1 (1–ാം ഭാഗം)
13. യോഹന്നാൻ 4:10
14. ചാവരുൾ പ്രസ്താവന
15. ചാവരുൾ പ്രസ്താവന

## അഞ്ച്

# വരുംതലമുറയുടെ കാവൽക്കാരാവുക

**ഉ**ത്തമമായ ഒരു കുടുംബത്തിന്റെ രൂപീകരണത്തിനും, വളർച്ചയ്ക്കും സഹായകമായ ദൈവവചനാധിഷ്ഠിതവും, പ്രായോഗികവുമായ ഉപദേശങ്ങളും അനുശാസനങ്ങളും അടങ്ങിയ ദീർഘമായ കത്താണല്ലോ *ചാവരുൾ*. *ചാവരുളിൽ* മുഖ്യമായും പ്രതിപാദിക്കുന്നത് മാതാപിതാക്കൾ എപ്രകാരമാണു തങ്ങളുടെ മക്കളെക്രിസ്തീയവും, ദൈവത്തിന് സ്വീകാര്യവുമായ വിധത്തിൽ വളർത്തേണ്ടതെന്നുള്ളതാണ്. മക്കളുടെ നല്ലവളർത്തലിനെ മാതാപിതാക്കളുടെ പ്രഥമധർമ്മമായി കാണുന്ന ചാവറയച്ചൻ. അതിനനുസൃതമായ പ്രായോഗികജ്ഞാനം തലമുറകൾക്കായി നിക്ഷേപിച്ച ഒരു ജ്ഞാനസൂക്ത സമാഹാരമാണ് ഈ ചെറുകൃതി എന്നു വേണമെങ്കിൽ പറയാം.

ചാവറപിതാവ് എഴുതിയിട്ടുണ്ട്:

*കാരണവന്മാരേ, നിങ്ങളുടെ മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ എത്രയും പ്രധാനപ്പെട്ട കാര്യവും കടമയുമാകുന്നു എന്ന് നന്നായി അറിഞ്ഞുകൊൾക.*[1]

മാതാപിതാക്കളുടെ ഏറ്റം മൗലികമായ ധർമ്മമാണ് സന്താനങ്ങളുടെ ശരിയായ വളർത്തൽ. കുട്ടികളെ വളർത്തുക എന്നത് അവരുടെ ഔദാര്യം എന്നതിനേക്കാൾ വിവാഹമെന്ന കൂദാശയിൽത്തന്നെ അന്തർഹിതമായിട്ടുള്ള ദൈവിക നിയമമാണ്. കുട്ടികളെ വളർത്തുമ്പോഴാണ് ദാമ്പത്യസ്നേഹം മാതാപിതാക്കളുടെ യഥാർത്ഥസ്നേഹമായി പ്രകാശിതമാകുന്നത്.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ പറഞ്ഞിരിക്കുന്നു:

*കുടുംബത്തിന്റെ ആരംഭത്തിൽ ദാമ്പത്യസ്നേഹമായി പ്രകാശിപ്പിക്കപ്പെട്ട 'വ്യക്തികളുടെ കൂട്ടായ്മ' കുട്ടികളുടെ വളർത്തലിൽ പൂർണ്ണമാവുകയും സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്നു.*[2]

**ഭാവിനിക്ഷേപം**

മക്കളെ ഉത്തമരായി വളർത്തണമെന്നു നിഷ്ക്കർഷിക്കുന്നതിനും, നിർദ്ദേശിക്കുന്നതിനും പുറകിലെ ന്യായം ഏറ്റം ഉദാത്തമാണ്.

> *മക്കൾ, സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ടു നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷിക ളാകുന്നതിനും വിധിദിവസങ്ങളിൽ തിരികെ ഏല്പിക്കുന്ന തിനും ആയിട്ട് ഈശോമിശിഹാ നിങ്ങളുടെ കയ്യിൽ ഏൽപി ച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നു എന്നു നന്നായി അറി ഞ്ഞുകൊള്ളുക.*[3]

ദൈവം മനുഷ്യകരങ്ങളിൽ ഏല്പിച്ച ഏറ്റം വലിയ നിക്ഷേപമാണ് മക്കൾ. ഈ നിക്ഷേപത്തെ അമൂല്യനിധിയായി കണ്ട് സ്വീകരിക്കുന്നതിനും, വളർത്തി പരിപോഷിപ്പിക്കുന്നതിനും, ഏറ്റമൊടുവിൽ ദൈവകരങ്ങളിൽ തിരികെ ഭര മേല്പിക്കുന്നതിനും മാതാപിതാക്കൾ കടപ്പെട്ടിരിക്കുന്നു. കുടുംബത്തിന്റെ നിക്ഷേപം മക്കളാണെന്ന സങ്കൽപ്പത്തിന് ആധുനിക ജീവിത സംസ്ക്കാര ത്തിൽ എന്തു പ്രതിപ്രസക്തിയാണുള്ളതെന്നു ചിന്തിക്കുന്നത് ഉചിതമായി രിക്കും.

*നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാൻ, സമ്പത്തു വർദ്ധിപ്പിക്കാൻ പരക്കം പായു ന്നവനാണ് ആധുനിക മനുഷ്യൻ.* മക്കളുടെ എണ്ണം വർദ്ധിച്ചാൽ ദാരിദ്ര്യ മാണ് വർദ്ധിക്കുന്നതെന്നു കരുതി മക്കളുടെ എണ്ണം പരിമിതപ്പെടുത്തുക യും, ബാങ്കു നിക്ഷേപം കൂടിയാൽ അതാണ് ശ്രേയസ്സെന്നു കരുതി അതു വർദ്ധിപ്പിക്കുവാൻ യത്നിക്കുകയും ചെയ്യുന്ന ഈ കാലഘട്ടം ഇന്നു ചെന്നെ ത്തിനില്ക്കുന്നത് *മരണസംസ്ക്കാര*മെന്നു വിശേഷിപ്പിക്കപ്പെടേണ്ട ഗർഭഛി ദ്രവും ഭ്രൂണഹത്യയും സർവ്വസാധാരണമായ ഒരു അവസ്ഥാന്തരത്തിലാണ്. ജനിക്കുവാനിരിക്കുന്ന കുട്ടി പെൺകുട്ടിയാണെങ്കിൽ ബാങ്കു നിക്ഷേപവും ഭൂസ്വത്തും, അദ്ധ്വാനഫലവും ശൂന്യമാക്കിമാറ്റുവാൻ അവൾ കാരണമാകു മെന്നാണു ഭയം. സ്ത്രീയെന്ന നിക്ഷേപത്തെ സ്വീകരിക്കാൻ അതിന്റെ പേരിൽ പലരും തയ്യാറാവുന്നില്ല. ഇവിടെയാണ് ചാവറയച്ചന്റെ വാക്കുകൾക്കു പൊരുൾ തെളിക്കുമ്പോൾ സമകാലിക പ്രസക്തിയാൽ കാലാതീതമായി മാറ്റു തെളിയുന്നത്.

ഏകദേശം ഒന്നര നൂറ്റാണ്ടുമുമ്പ് ചാവറയച്ചൻ പറഞ്ഞ അതേ വാക്കു കൾ തന്നെ ആവർത്തിച്ചുകൊണ്ടാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 20-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഇപ്രകാരമെഴുതിയത്:

> *കുടുംബത്തിൽ ജനിച്ചുവളരുന്ന ഓരോ കുട്ടിയും ഒരു ഭാവിനി ക്ഷേപമാണ്. അതു കുറഞ്ഞുപോകാതെയും, നഷ്ടപ്പെടാ തെയുമിരിക്കുന്നതിനും, കൂടുതൽ കൂടുതൽ പക്വതയാർന്ന*

*മനുഷ്യത്വത്തിലേക്കു വന്നുചേരുന്നതിനും വേണ്ടി ഉത്തരവാദിത്വപൂർവ്വം സ്വീകരിക്കപ്പെടണം.*[4]

തങ്ങളുടെ തന്നെ അസ്തിത്വത്തിന്റേയും, വ്യക്തിത്വത്തിന്റേയും പ്രകാശനവും, ഫലവുമായ, സ്വന്തശരീരത്തിൽ നിന്നും, രക്തത്തിൽ നിന്നും ജന്മമെടുക്കുന്ന മക്കളെ ഏറ്റം അമൂല്യ നിധികളായി കാണുകയും എന്തുത്യാഗം സഹിച്ചും ഈ നിക്ഷേപത്തെ പോഷിപ്പിക്കുവാനുള്ള കടമനിറവേറ്റുകയും ചെയ്യുന്ന മാതാപിതാക്കന്മാർ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകുന്ന സഹസ്രഷ്ടാക്കളാണ്.

മക്കളെ ജനിപ്പിക്കുന്നതിനു മാത്രമല്ല, ശരിയായ ശിക്ഷണത്തിൽ അവരെ വളർത്തുന്നതിനും മാതാപിതാക്കൾ ഇത്സുകരായിരിക്കണമെന്നു ചാവറയച്ചൻ നിർദ്ദേശിക്കുന്നു. ശിക്ഷണമെന്ന പ്രക്രിയയിൽ ആദ്ധ്യാത്മിക ശിക്ഷണത്തിനാണ് അദ്ദേഹം ഏറെ പ്രാധാന്യം നല്കിയിട്ടുള്ളത്. ചെറു പ്രായത്തിൽതന്നെ തമ്പുരാനെ സ്നേഹിക്കുവാനും, ഭയപ്പെടുവാനും അവരെ പഠിപ്പിക്കണമെന്നു അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നു:

*നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളെ രക്ഷിപ്പാനും സന്ധിപ്പാനും തക്ക നല്ല മക്കൾ നിങ്ങൾക്കുണ്ടാകണമെങ്കിൽ അവരെ ചെറുപ്രായത്തിൽ നല്ല ക്രിസ്ത്യാനികളാക്കുവിൻ. ഈ പ്രായത്തിൽ അവർ തമ്പുരാനെ സ്നേഹിക്കുകയും, പേടിക്കുകയും ഇല്ലെങ്കിൽ, പിന്നെ അവർ അവരുടെ കാരണവന്മാരെയും പേടിക്കയും ബഹുമാനിക്കുകയും ചെയ്കയില്ല.*[5]

നല്ല ക്രിസ്ത്യാനിപ്പൈതങ്ങളായി മക്കളെ വളർത്താൻ ചെറുപ്പം മുതൽതന്നെ ദൈവോന്മുഖമായ ഒരു ജീവിതശൈലി അവരിൽ വളർത്തിയെടുക്കേണ്ടതുണ്ട്. അതിനായി നിർദ്ദേശിച്ചിരിക്കുന്ന ചട്ടങ്ങൾ നോക്കുക:

*അല്പം ദൃഢതയുണ്ടാകുമ്പോൾ തന്നെ ഭക്തിയോടുകൂടെ 'ഈശോ മറിയം യൗസേഫെന്ന തിരുനാമങ്ങളെ ചൊല്ലുവാൻ അവരെ പഠിപ്പിക്ക........' 'ആകാശങ്ങളിലിരിക്കുന്നതും', 'നന്മനിറഞ്ഞമറിയം', 'ത്രികാലജപം' മുതലായ ചെറിയ ജപങ്ങളെ പഠിപ്പിക്ക. ചുരുക്കത്തിൽ ശരീരത്തിനടുത്ത യാവന (ആഹാരം) അവർക്കു കൊടുക്കുന്നതിനോടു കൂടെ ആത്മത്തിനടുത്ത യാവനകളേയും അവർക്കു നല്കുക.*[6]

എത്ര സൂക്ഷ്മതയോടെയും, പ്രായോഗികതയോടെയും കൂടിയാണ് ദൈവോന്മുഖ വളർച്ചയെ ചാവറയച്ചൻ വീക്ഷിക്കുന്നത്! പോൾ ആറാമൻ മാർപ്പാപ്പായുടെ വാക്കുകൾ ഇവിടെ പ്രസക്തമെന്നു തോന്നുന്നു:

*അമ്മമാരേ, നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ ക്രിസ്തീയ പ്രാർത്ഥനകൾ പഠിപ്പിക്കാറുണ്ടോ? അവർ ചെറുപ്പത്തിൽ സ്വീകരിക്കുന്ന പാപസങ്കീർത്തനം, ദിവ്യകാരുണ്യം, സ്ഥൈര്യ*

> *ലേപനം എന്നീ കൂദാശകൾക്കു വൈദികരോടൊത്തു ചേർന്ന് നിങ്ങൾ അവരെ ഒരുക്കാറുണ്ടോ? അവർ രോഗികളായിരിക്കുമ്പോൾ പീഡകൾ സഹിക്കുന്ന ക്രിസ്തുവിനെക്കുറിച്ചു ചിന്തിക്കാനും, പരിശുദ്ധ കന്യകയുടെയും വിശുദ്ധരുടെയും സഹായം തേടാനും നിങ്ങൾ അവരെ പ്രോത്സാഹിപ്പിക്കാറുണ്ടോ? നിങ്ങൾ ഒരുമിച്ച് കുടുംബക്കൊന്ത ചൊല്ലാറുണ്ടോ? അല്ലയോ അപ്പന്മാരേ, ചുരുങ്ങിയപക്ഷം ചിലപ്പോഴെങ്കിലും നിങ്ങൾ സന്താനങ്ങളോടൊന്നിച്ച്, കുടുംബസമൂഹം മുഴുവനോടുമൊത്തുചേർന്നു പ്രാർത്ഥിക്കാറുണ്ടോ? ചിന്തയിലും പ്രവർത്തിയിലുമുള്ള നിങ്ങളുടെ സത്യസന്ധതയുടെ മാതൃക, ചില പൊതുപ്രാർത്ഥനകളോടൊന്നിച്ച്, ഒരു ജീവിതപാഠവും നിസ്തുലമൂല്യത്തോടുകൂടിയ ഒരാരാധനാകർമ്മവുമാണ്. ഇങ്ങനെയാണ് നിങ്ങളുടെ കുടുംബത്തിന് സമാധാനമണയ്ക്കുന്നത്. നിങ്ങൾ സഭയെ കെട്ടിപ്പടുക്കുന്നത് അങ്ങനെയാണെന്നോർക്കുക.*[7]

**ശിക്ഷയല്ല, ശിക്ഷണം**

ആദ്ധ്യാത്മിക ശിക്ഷണം നൽകിയാൽ മാത്രം പോരെന്നും ഭൗതികവും മാനസികവും വൈകാരികവുമായ വളർച്ചയിലും ഉചിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും ചാവറയച്ചൻ മാതാപിതാക്കളോട് അനുശാസിക്കുന്നു. ധിഷണാ ശാലിയായ ഒരു മന:ശാസ്ത്രജ്ഞന്റെ പാടവത്തോടെ അദ്ദേഹം കല്പിക്കുന്നത് ഇപ്രകാരമാണ്:

> *മക്കളോടു അധിക കടുപ്പവും അധിക അനുഗ്രഹവും രണ്ടും തിന്മയാകുന്നു. അതിവാത്സല്യം നിഗളവും, അധിക കോപം ശിക്ഷയും, ശരണക്കേടും, നാണമില്ലായ്കയും ബുദ്ധിമടുപ്പും അവർക്ക് വരുത്തും. അവരെ തല്ലുന്നതിനു മുമ്പിൽ വിവേകമുള്ള മഹിമയോടുകൂടി അവരെ കുറ്റപ്പെടുത്തുകയും ഭക്ഷണം കുറയ്ക്കുകയും ചിലമ്പോൾ മുട്ടിൻമേൽ നിർത്തുകയും ചെയ്യാം. മക്കളെ കുറ്റപ്പെടുത്തുന്നതിൽ ദൂഷണങ്ങൾ പറകയും മറ്റും ചെയ്യുന്നത് അവരെ നന്നാക്കുകയല്ല പിന്നെയോ പ്രാപ്തിയാകുമ്പോൾ അവരും തങ്ങളുടെ മക്കളോട് ഇപ്രകാരം ചെയ്യാൻ പഠിപ്പിക്കയത്രേ.*[8]

മക്കളെ ശിക്ഷിക്കുമ്പോൾ വിവേകത്തോടും, മഹിമയോടും കൂടി, ദൂഷണ വാക്കുകൾ ഉരിയാടാതെ അതു ചെയ്യണമെന്ന അദ്ദേഹത്തിന്റെ നിർദ്ദേശത്തിന് ആഴത്തിലുള്ള അർത്ഥമുണ്ട്. വികാരക്ഷോഭത്താൽ, കോപം കൊണ്ട് തുള്ളിച്ചാടി കയ്യിൽ കിട്ടുന്നതു കൊണ്ട് അടിക്കുകയും, വായിൽ

വരുന്നതൊക്കെ വിളിച്ച് പുലമ്പുകയും ചെയ്യുന്ന മാതാപിതാക്കളുടെ ശിക്ഷണം ശിക്ഷണമെന്നതിനെക്കാൾ ശിക്ഷയും ശാപവുമായി മാറുകയാണെന്ന വസ്തുത പലരും ഓർമ്മിക്കാറില്ല. മാതാപിതാക്കളോടു കടുത്ത വെറുപ്പും വൈരാഗ്യവും അതിനാൽത്തന്നെ വീണ്ടും തന്നിഷ്ടം നിറവേറ്റാനുള്ള വെറിപൂണ്ട പക്വതയല്ലാത്ത മനോഭാവവുമാണ് മക്കളിൽ അതു സൃഷ്ടിക്കുക. ശിക്ഷയല്ല, *ശിക്ഷണ*മാണ് മക്കൾക്കു നല്കേണ്ടത്. *ശിക്ഷണം* യഥാർത്ഥമായ സ്നേഹത്തിൽ നിന്ന്, മക്കളുടെ നന്മയിലുള്ള അഭിവാഞ്ചയിൽ നിന്ന് ഉരുത്തിരിയേണ്ടതാണ്. ന്യായവിധി നടത്തി ശിക്ഷിക്കാൻ കോടതിക്കും കഴിയും. എന്നാൽ നന്മ ലക്ഷ്യം വെച്ച് ശിക്ഷണം നൽകാൻ മാതാപിതാക്കൾക്കു കഴിയുംപോലെ മറ്റാർക്കാണു കഴിയുക. വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നു:

> *മകന്റെ ലജ്ജാകരമായ പ്രവൃത്തികൾ നിമിത്തം ദുഃഖിക്കാതിരിക്കേണ്ടതിന് അവനെ ശിക്ഷണത്തിൽ വളർത്താൻ ശ്രദ്ധിക്കുക.*[6]
>
> *ചെറുപ്പത്തിലേതന്നെ വിനയം അഭ്യസിപ്പിക്കുകയും ശിക്ഷിക്കുകയും ചെയ്യുക.*[10]
>
> *മകനു ശിക്ഷണം നല്കുക, അവൻ നിനക്ക് ആശ്വാസ ഹേതുവാകും. നിന്റെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുകയും ചെയ്യും.*[11]

മക്കളെ പ്രകോപിപ്പിക്കരുതെന്നും, കർത്താവിന്റെ ചൈതന്യത്തിനൊത്ത ശിക്ഷണത്തിലും ഉപദേശത്തിലും അവരെ പരിപാലിച്ചു വളർത്തണമെന്നും വിശുദ്ധ പൗലോസും ഉദ്ബോധിപ്പിക്കുന്നുണ്ട്.[12]

ദൈവികമായ മൂല്യങ്ങളും മാനുഷികമായ മൂല്യങ്ങളും മക്കൾ കണ്ടും കേട്ടും പഠിക്കേണ്ടത് കുടുംബത്തിൽ നിന്നാണ്. മാതാപിതാക്കളെ ബഹുമാനിക്കണമെന്ന ദൈവീക കല്പനയുടെ പൊരുൾ കുട്ടികൾ മനസ്സിലാക്കുന്നത് എപ്രകാരം അമ്മയും അപ്പനും പരസ്പരവും തങ്ങളുടെ മാതാപിതാക്കളെയും ബഹുമാനിക്കുകയും ആദരിക്കുകയും ആചരിക്കുകയും ചെയ്യുന്നു എന്നു കണ്ടുകൊണ്ടാണ്.[13]

ചാവറയച്ചൻ പറഞ്ഞിട്ടുണ്ട്.

*കാരണവന്മാർ തമ്മിൽത്തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കുകയില്ല.*[14]

*ചൊല്ലിക്കൊടുത്തു പഠിപ്പിക്കുക എന്നതിനേക്കാൾ ശ്രേഷ്ഠം കാണിച്ചു കൊടുത്തു പഠിപ്പിക്കുക*യാണെന്ന തത്ത്വം ചാവറയച്ചൻ ഓർമ്മിപ്പിച്ചിരിക്കുന്നത് എക്കാലത്തേയ്ക്കും പ്രസക്തമാണ്.

പരമാർത്ഥവും നീതിയും പാലിക്കുവാനും അവയെ സ്നേഹിക്കാനും, നുണയും സൂത്രവും തട്ടിപ്പും ചതിയും ഉപേക്ഷിക്കാനും മക്കളെ

ഉപദേശിക്കണമെന്നും[15] മക്കളെ സ്ക്കൂളിലയച്ചു പഠിപ്പിക്കണമെന്നും[16] പ്രായത്തിനടുത്ത തൊഴിൽ അവരെ അഭ്യസിപ്പിക്കണമെന്നും[17] ചാവറയച്ചൻ അനുശാസിക്കുന്നു. മക്കൾക്കു ജീവിതാന്തസ്സ് തെരഞ്ഞെടുക്കാവുന്ന പ്രായം എത്തുമ്പോൾ അവർക്കു പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കണമെന്നും അത് അവരുടെയും ദൈവത്തിന്റെയും കാര്യമാണെന്നും കാരണവന്മാർക്കുള്ള തല്ല[18] എന്നും പ്രായോഗികബുദ്ധിയോടെ മുൻകൂട്ടി പറഞ്ഞിട്ടുണ്ട് അദ്ദേഹം.

ചെയ്യേണ്ട സമയത്ത് ഉചിതമായതു മാതാപിതാക്കൾ ചെയ്താൽ മക്കളെക്കുറിച്ച് പിന്നീട് ദുഃഖിക്കാതിരിക്കാനും, കുടുംബത്തിൽ സമാധാനം നിലനിർത്താനും സാധിക്കുമെന്ന് ചാവറയച്ചൻ മനസ്സിലാക്കിയിരുന്നു. അതിനാലാണ് കാരണവന്മാർ മരിക്കുന്നതിനു മുമ്പു തന്നെ വസ്തുക്കൾ ഭാഗം ചെയ്തു മക്കൾക്ക് കൊടുക്കണമെന്നും അവരെ മാറ്റി താമസിപ്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചത്.[19]

കൂദാശകൾ സ്വീകരിക്കുന്നതു സംബന്ധിച്ചും[20] ജ്ഞാനപുസ്തകങ്ങൾ വായിക്കുന്നതും[21] കുടുംബപ്രാർത്ഥന ക്രമമായി നടത്തുന്നതും[22] സംബന്ധിച്ചും ആടയാഭരണങ്ങൾ അണിഞ്ഞു മേനികാണിച്ചു നടക്കുന്നതിൽ അമിത ഭ്രമം കാണിക്കുന്നതിനെ നിരുത്സാഹപ്പെടുത്തിക്കൊണ്ടും[23] മറ്റും ചാവറയച്ചൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങളും കൂടി പരിഗണിക്കുമ്പോൾ ഒരു കുടുംബത്തിലെ മക്കളുടെ സമഗ്രമായ വളർച്ചയ്ക്കും ഉന്നമനത്തിനും അദ്ദേഹം എത്രമാത്രം പ്രാധാന്യം കല്പിച്ചിരുന്നുവെന്നും ദീർഘവീക്ഷണമുള്ള അദ്ദേഹത്തിന്റെ അനുശാസനങ്ങളുടെ ലക്ഷ്യം ആരോഗ്യകരമായ, സംതൃപ്തിധന്യമായ കുടുംബമാണെന്നും തികച്ചും വ്യക്തമാകുന്നു.

> *തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയക്കണം. ഇതുപോരാ, അവർ പഠിക്കുന്നുണ്ടോ എന്നും അവർ എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നുവെന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം.*[24]

*പ്രായത്തിനടുത്ത തൊഴിൽ അവരെ അഭ്യസിപ്പിക്കണം*[25] എന്ന മാർഗ്ഗനിർദ്ദേശത്തിനു 21-ാം നൂറ്റാണ്ടിൽപോലും എത്രപ്രസക്തിയുണ്ടെന്നു നാമറിയുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും പ്രാധാന്യവും ഉയർത്തി പിടിക്കുന്ന സാക്ഷര കേരളത്തിന്റെ മക്കളും അവരുടെ കാരണവൻമാരും ജനിക്കുന്നതിനു എത്രയോ മുമ്പു തന്നെ ചാവറയച്ചൻ ഇതു നിർദ്ദേശിച്ചിരിക്കുന്നു. വിദ്യാഭ്യാസത്തിനായി അദ്ദേഹം തുടങ്ങിവച്ച പാഠശാലകളും, കൂനമ്മാവു മഠത്തോടനുബന്ധിച്ച് തയ്യൽ കൊന്തകെട്ട് തുടങ്ങിയ കൈത്തൊഴിലുകളിൽ പെൺകുട്ടികൾക്കു പരിശീലനം കൊടുക്കുവാൻ നിഷ്ഠാപൂർവ്വം ഇണക്കിയ സംവിധാനങ്ങളും

എല്ലാം എത്ര ദീർഘവീക്ഷണത്തോടെയായിരുന്നു! മാന്നാനത്ത് ആരംഭിച്ച മുദ്രണാലയത്തോടനു ബന്ധിച്ച് പ്രിന്റിംഗിലും ബയന്റിംഗിലും പരിശീലനം നൽകിവന്നതും ഈ വിഭാവന ഭാഗമായാണ്. തൊഴിൽ വിദ്യാഭ്യാസ മേഖലയിലും സാക്ഷരതയിലും ഇന്നു *ദൈവത്തിന്റെ നാട്* മുൻ നിരയിൽ പരിലസിക്കുന്നുവെങ്കിൽ അതിനു ഭൂമികയൊരുക്കിയത് ചാവറപിതാവാണെന്ന് കാലം സാക്ഷ്യപ്പെടുത്തുന്നു.

കുടുംബത്തിന്റെ സുഗഗമായ നടത്തിപ്പിന് മാതാപിതാക്കൾ മാത്രം യത്നിച്ചാൽ പോരാ; മക്കൾക്കും അതിൽ അവരുടേതായ പങ്കുണ്ട്; ധർമ്മമുണ്ട്. ഇതനുസ്മരിപ്പിക്കാനും അദ്ദേഹം മറന്നില്ല:

> *മക്കളെ നിങ്ങൾ നിങ്ങളുടെ കാരണവൻമാരെ ബഹുമാനിപ്പാനും, അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവപ്രമാണത്താൽത്തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു.*[26]

വിശുദ്ധ ഗ്രന്ഥത്തിലെ പ്രഭാഷണവചനങ്ങളെ അനുസ്മരിപ്പിക്കുന്നു ചാവറയച്ചന്റെ ഈ വാക്കുകൾ.

പ്രഭാഷകൻ പറയുന്നു:

*പൂർണ്ണഹൃദയത്തോടെ പിതാവിനെ ബഹുമാനിക്കുക. നൊന്തുപെറ്റ അമ്മയെ മറക്കരുത്. മാതാപിതാക്കൻമാരാണ് നിനക്ക് ജൻമം നൽകിയതെന്ന് ഓർക്കുക. നിനക്ക് അവരുടെ ദാനത്തിന് എന്ത് പ്രതിഫലം നൽകാൻ കഴിയും?*[27]

മാതാപിതാക്കളോടുള്ള മക്കളുടെ കടമകളിൽ സർവ്വപ്രധാനമാണ് വാർദ്ധക്യത്തിൽ ശുശ്രൂഷിക്കുക, സ്നേഹപൂർവ്വം അവരെ സഹായിക്കുക എന്നത്. മരിക്കുന്നതുവരെ അവരെ ദു:ഖിപ്പിക്കരുത് എന്നും അവർക്കു അറിവ് കുറവാണെങ്കിലും അവരോടു സഹിഷ്ണത കാണിക്കണമെന്നും മാതാപിതാക്കളെ പരിത്യജിക്കുന്നത് ദൈവദൂഷണതുല്യമാണെന്നും ആ കൊടും പാപത്തിന് കർത്താവിന്റെ ശാപമേൽക്കേണ്ടിവരുമെന്നുമുള്ള പ്രഭാഷകന്റെ വചനങ്ങൾ ചാവറയച്ചന്റെ ഉപദേശങ്ങളിൽ പ്രതിധ്വനിക്കുന്നുണ്ട്.[28]

*ദൈവപ്രമാണത്തിൽ നാലാമത്തേത് ലംഘിക്കുന്നവർക്ക് പരലോകത്തിൽ തന്നെയല്ല, ഈ ലോകത്തിൽ കൂടേയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊള്ളുവിൻ.*[29]

ഉത്തമ പൗരന്മാരായി, നല്ല ക്രിസ്ത്യാനികളായി, ദൈവഭയത്തിലും മാനുഷികവും ദൈവികവുമായ മൂല്യങ്ങളിലധിഷ്ഠിതമായ ജീവിതശൈലിയിലും വളരാനും, മാതാപിതാക്കൾക്കും അതിലുപരി ദൈവത്തിനും സന്തോഷം പകരുന്ന നല്ല മക്കളെ വളർത്തിയെടുക്കാനുമുള്ള ഉന്നതവും ഉദാത്തവുമായ നിർദ്ദേശങ്ങളാണ് ചാവറയച്ചന്റെ *ചാവരുൾ* കാലത്തിനായി പകുത്തു നൽകുന്നത്. ■

## പരാമർശ സൂചിക


1. *ചാവരുൾ* നമ്പർ 1 (2-ാം ഭാഗം)
2. ജോൺപോൾ രണ്ടാമൻ മാർപാപ്പ *കുടുംബങ്ങൾക്കൊരെഴുത്ത്* നമ്പർ :16
3. *ചാവരുൾ* നമ്പർ 1 (2-ാം ഭാഗം)
4. ജോൺപോൾ രണ്ടാമൻ മാർപാപ്പ *കുടുംബങ്ങൾക്കൊരെഴുത്ത്* നമ്പർ :16
5. *ചാവരുൾ* നമ്പർ 1 (2-ാം ഭാഗം)
6. *ചാവരുൾ* നമ്പർ 2 (2-ാം ഭാഗം)
7. Quoted by Pope John Paul II in *Familiaris Consortio.* N. 60.
8. *ചാവരുൾ* നമ്പർ 9 (2-ാം ഭാഗം)
9. *പ്രഭാ:* 30:13
10. *പ്രഭാ:* 30:12
11. *സുഭാ* 29:17
12. *എഫേ*: 6:4
13. *ചാവരുൾ* നമ്പർ 9 (2-ാം ഭാഗം)
14. *ചാവരുൾ* നമ്പർ 9 (2-ാം ഭാഗം)
15. *ചാവരുൾ* നമ്പർ 10 (2-ാം ഭാഗം)
16. *ചാവരുൾ* നമ്പർ 6 (2-ാം ഭാഗം)
17. *ചാവരുൾ* നമ്പർ 11 (2-ാം ഭാഗം)
18. *ചാവരുൾ* നമ്പർ 14 (2-ാം ഭാഗം)
19. *ചാവരുൾ* നമ്പർ 16 (2-ാം ഭാഗം)
20. *ചാവരുൾ* നമ്പർ 18 (1-ാം ഭാഗം)
21. *ചാവരുൾ* നമ്പർ 21 (1-ാം ഭാഗം)
22. *ചാവരുൾ* നമ്പർ 11 (2-ാം ഭാഗം)
23. *ചാവരുൾ* നമ്പർ 12 (2-ാം ഭാഗം)
24. *ചാവരുൾ* നമ്പർ 6 (2-ാം ഭാഗം)
25. *ചാവരുൾ* നമ്പർ 11 (2-ാം ഭാഗം)
26. *ചാവരുൾ* നമ്പർ 16 (2-ാം ഭാഗം)
27. *പ്രഭാ:* 7:28
28. *പ്രഭാ:* 3:1
29. *ചാവരുൾ* നമ്പർ 16 (2-ാം ഭാഗം)

## ആറ്

# കുടുംബത്തിന്റെ വിളക്ക്

**ജോ**ൺ പോൾ രണ്ടാമൻ മാർപ്പാപ്പ തന്റെ അപ്പസ്തോലിക ലേഖനത്തിൽ പറഞ്ഞിരിക്കുന്നു:

*സ്ത്രീയെ സംബന്ധിച്ചുള്ള രഹസ്യത്തെ പ്രതിയും അവളുടെ സ്ത്രൈണാന്തസ്സിന്റെ നിത്യമായ പരിമാണം കരുപ്പിടിക്കുന്നതിനെ പ്രതിയും, ഓരോ സ്ത്രീയിലും, സ്ത്രീയിലൂടെയും മനുഷ്യചരിത്രത്തിലെക്കാലത്തും പൂർത്തിയാക്കപ്പെടുന്ന ദൈവത്തിന്റെ മഹത്തായ പ്രവർത്തനങ്ങൾക്കുവേണ്ടിയും സഭ പരമപരിശുദ്ധ ത്രിത്വത്തിനു കൃതജ്ഞത അർപ്പിക്കാൻ ആഗ്രഹിക്കുന്നു.*[1]

ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയായ ത്രിത്വരഹസ്യത്തിൽ നിന്നുൽഭൂതമാകുന്ന ഒരു വലിയ പ്രതിഭാസമാണ് പരിശുദ്ധത്രിത്വമായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിയിക്കപ്പെട്ട മനുഷ്യൻ.

*ദൈവം മനുഷ്യനെ തന്റെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു.*[2]

ദൈവ-മനുഷ്യബന്ധത്തിന്റെയും സ്ത്രീ-പുരുഷ ബന്ധത്തിന്റെയും ആധാരമായി നിലകൊള്ളുന്ന ഈ തിരുവചനത്തിന്റെ പശ്ചാത്തലത്തിലാണ് ആദ്യകുടുംബത്തിന്റെ നിറവാർന്ന ചിത്രം വിശുദ്ധഗ്രന്ഥം വരച്ചുകാട്ടുന്നതും. പുരുഷനും സ്ത്രീയുമായി മനുഷ്യനെ സൃഷ്ടിച്ച ദൈവം രൂപകല്പന ചെയ്ത ആദ്യകുടുംബം മുതൽ ഇന്നോളം തലമുറ തലമുറകളായി മാറ്റമില്ലാതെ ഒരു സത്യം തുടരുന്നുണ്ട്. കുടുംബമെന്നത് സ്ത്രീ-പുരുഷ സംഗമത്തിന്റെ ഫലമായി ഉരുവാകുന്ന പ്രകൃതിദത്തമായ ഒരു സ്ഥിത യാഥാർത്ഥ്യമാണ്. *ഇതൊരു വലിയ രഹസ്യമാണ്*[3] എന്നു വിശുദ്ധ പൗലോസ് വിശേഷിപ്പിക്കുന്ന ദൈവീകവും ദൈവനിശ്ചിതവുമായ ഒരു യാഥാർത്ഥ്യം തന്നെയാണിത്. ഇപ്രകാരം രൂപമെടുക്കുന്ന കുടുംബത്തെ *ആകാശമോക്ഷത്തിന്റെ സാദൃശ്യ*മായി[4] കണ്ട ചാവറപിതാവിന്റെ

*ചാവരുളിൽ* ഉരുത്തിരിയുന്ന സ്ത്രീസങ്കല്പവും ദർശനവും സമഗ്രമായ അപഗ്രഥനപഠനം അർഹിക്കുന്നു.

## ദർശനത്തിന്റെ ഭൂമിക

ചാവറയച്ചന്റെ സ്ത്രീ ദർശനത്തിനു പിന്നിൽ അതിന്റെ പ്രഥമ പ്രചോദനമായി നിലകൊള്ളുന്നത് തന്റെ അമ്മയായ സ്ത്രീയുടെ സ്വാധീനം തന്നെയാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ ഈറ്റില്ലമായി തന്റെ കുടുംബത്തെ രൂപപ്പെടുത്തിയെടുത്ത, ദൈവത്തിനു പ്രിയംകരനായി താൻ വളർന്നു വരുവാൻ തന്നെ പ്രചോദിപ്പിച്ച, പ്രാർത്ഥിക്കാനും, തിരുനാമങ്ങൾ ഉച്ചരിക്കാനും, തന്നെ ശീലിപ്പിച്ച, ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന തത്ത്വങ്ങളും വിശ്വാസ പ്രമാണങ്ങളും ധാർമ്മിക നിർദ്ദേശങ്ങളും തന്നെ പഠിപ്പിക്കുകയും അതിൻപ്രകാരം ജീവിച്ചു കാണിക്കുകയും ചെയ്ത, തന്റെ അമ്മയായിരുന്നു അദ്ദേഹത്തിനു പ്രഥമ മാതൃകയും പ്രഭവസ്രോതസ്സും സ്ത്രീത്വത്തിന്റെ മഹനീയതയും ദൗത്യവും കണ്ടറിഞ്ഞ, അനുഭവിച്ചറിഞ്ഞ, ഈവിധമുള്ള കുടുംബപശ്ചാത്തലവും പിന്നീട് പൗരോഹിത്യം വരിച്ചശേഷം അജപാലകനെന്ന നിലയിലുള്ള അനുഭവവും അദ്ദേഹത്തിന്റെ ദർശനങ്ങൾക്കും സ്ത്രീ സങ്കൽപ്പങ്ങൾക്കും ഉൾക്കാഴ്ചകൾക്കും മിഴിവേകി.

*ചാവരുളിൽ* സ്ത്രീയെ സംബന്ധിച്ചു പ്രത്യേകമായി അദ്ദേഹം വളരെ കുറച്ചുമാത്രമേ എടുത്തു പറഞ്ഞിട്ടുള്ളൂ. കൂടുതലും കാരണവന്മാരെയും അവരുടെ ദൗത്യത്തെയും സംബന്ധിച്ചുള്ള പ്രതിപാദനങ്ങളാണ്. എന്നാൽ അതു പ്രത്യക്ഷത്തിലെ മാത്രം കാര്യമാണ്. സൂക്ഷ്മാംശങ്ങളിലൂടെയുള്ള പുനർഃവായനയിൽ പരോക്ഷമായി സ്ത്രീയുടെ ദൗത്യം പ്രതിഫലിപ്പിക്കുന്നവയാണ് ഇതര പരാമർശങ്ങളും എന്നു നമുക്കു വ്യക്തമാകുന്നു. അവ കൂടിചേർത്തു പരിഗണിച്ചാൽ *ചാവരുളിൽ* തെളിയുന്ന ചാവറയച്ചന്റെ സ്ത്രീ സങ്കല്പം ഏറ്റം ഉന്നതമാണ് എന്ന് കാണാം. അതു വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമാണ്; സഭയുടെ പ്രബോധനങ്ങൾക്കും, പാരമ്പര്യങ്ങൾക്കും അനുസൃതമായിട്ടുള്ളതുമാണ്. ആധുനിക ഫെമിനിസ്റ്റു പ്രസ്ഥാനങ്ങളുടെ പക്ഷച്ചായ്‌വോടെയുള്ള സ്ത്രീ സങ്കല്പത്തിൽ ഒരുപക്ഷേ അവയിൽ പലതിനും പ്രസക്തി കാണാൻ കഴിയാതെ വന്നേക്കാം. പക്ഷെ സത്യം സത്യമായുള്ള അപഗ്രഥനത്തിൽ, വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തിന്റെ പശ്ചാത്തലത്തിൽ, *ചാവരുളി*ലെ സ്ത്രീ സങ്കല്പത്തിലേയ്ക്കു കടന്നു ചെല്ലുമ്പോൾ സ്ത്രീയെ ആദരപൂർവ്വം പ്രതിഷ്ഠിച്ചുകൊണ്ടും അവളുടെ ആത്മീയവും ഭൗതികവുമായ സാന്നിദ്ധ്യത്തിലെ ശാക്തീകരണത്തിൽ പ്രതിബന്ധിതമായിക്കൊണ്ടുമുള്ള ഒട്ടേറെ അനർഘ സന്ദേശങ്ങൾ ഒളിഞ്ഞിരിപ്പുണ്ടെന്നു വ്യക്തമാകുന്നു.

*ഒരു പെൺപൈതലിന്റെ ആഭരണം എത്രയും വലിയ അടക്കവും, ഭക്തിയും, മിണ്ടടക്കവും, കണ്ണടക്കവും ആകുന്നു.*[5]

അപ്പസ്തോല പ്രമുഖനായ വിശുദ്ധ പത്രോസ് പറഞ്ഞിട്ടുണ്ട്:

*മുടി പിന്നുന്നതോ, സ്വർണ്ണം അണിയുന്നതോ, മോടിയായി വസ്ത്രം ധരിക്കുന്നതോപോലെ ബാഹ്യമായിരിക്കരുത് നിങ്ങളുടെ ഭൂഷണം. പ്രത്യുത സൗമ്യവും, ശാന്തവുമായ ആത്മാവ് എന്ന അക്ഷയ ഭൂഷണത്തോടുകൂടിയ ഹൃദയത്തിന്റെ നിഗൂഢമനുഷ്യനായിരിക്കണം നിങ്ങളുടെ അലങ്കാരം. ഇതാകുന്നു ദൈവസന്നിധിയിൽ ഏറ്റവും വിലയുള്ളത്.*[6]

വിശുദ്ധ അപ്പസ്തോലനായ പൗലോസ് പറഞ്ഞിരിക്കുന്നു:

*സ്ത്രീകൾ വസ്ത്രം ധരിക്കുന്നത് വിനയത്തോടും വിവേകത്തോടും ഉചിതമായ വിധത്തിലും ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ദൈവഭക്തിയുള്ള സ്ത്രീകൾക്കു യോജിച്ച വിധം സൽപ്രവർത്തികൾകൊണ്ട് അവർ സമലംകൃതരാകട്ടെ.*[7]

സ്ത്രീയുടെ ഭൂഷണം ബാഹ്യമോടിയിലല്ലെന്നും അവളുടെ സൗന്ദര്യം ആന്തരികമാണെന്നും ചാവറയച്ചൻ ചൂണ്ടിക്കാട്ടുന്നത് അവളുടെ ആത്മീയശോഭയെ ആദരപൂർവ്വം അംഗീകരിച്ചുകൊണ്ടും തിരുവെഴുത്തുകൾ ചരിക്കുന്നചാലിൽ നിന്നുകൊണ്ടുമാണ്.

ഉപരിതലത്തിൽ മാത്രം ശ്രദ്ധിച്ചുകൊണ്ടു വായിക്കുമ്പോൾ ഈ വാക്കുകൾ, നിർദ്ദേശം, സന്ദേഹങ്ങൾ ഉണർത്താം. മിണ്ടാതെ, നോക്കാതെ, അടങ്ങിയൊതുങ്ങി ഭക്തിയ്ക്കടുത്ത നമസ്ക്കാരങ്ങളും ചൊല്ലി വീടിനുള്ളിൽ ഒതുങ്ങി കൂടുകമാത്രമാണോ സ്ത്രീയുടെ നിയോഗം? അതു മാത്രമാണോ അവൾക്കനുവദിക്കാവുന്ന പദവിയും പരിധിയും?

ഒന്നര നൂറ്റാണ്ടുമുൻപാണ് ചാവറയച്ചൻ *ചാവരുൾ* എഴുതുന്നത്. അന്നത്തെ സാമൂഹിക സാംസ്ക്കാരിക പശ്ചാത്തലം കണക്കിലെടുക്കുക. ആദ്യം, ആ പരിവൃത്തത്തിൽ നിന്നും നോക്കുമ്പോൾ ഈ നിർദ്ദേശങ്ങൾ സംഗതങ്ങൾ തന്നെ എന്നു കാണാനാകും. അതൊരിക്കലും കാലാകാലത്തേയ്ക്കുള്ള പരിധിയായി കൽപ്പിയ്ക്കപ്പെട്ടതല്ലെന്നും ബോദ്ധ്യമാകും. ചാവറയച്ചന്റെ വാക്കുകളുടെ അർത്ഥവും പ്രസക്തിയും പഴഞ്ചനായും അതിനാൽ കാലഹരണപ്പെട്ടതായും വിധിയെഴുതുന്നവർ കാലസന്ദർഭത്തോടു ചേർത്തു വായിക്കാതെ നിഗമനങ്ങളിലെത്തിപ്പെടുവാൻ തിടുക്കപ്പെടുന്നവരാണ്. കാലഘട്ടത്തെ അതിലംഘിച്ച ഈ ദൈവിക മനുഷ്യന്റെ വാക്കുകൾക്കുള്ള പ്രസക്തി ആഴത്തിലുള്ള പുനരപഗ്രഥനത്തിലൂടെ മാത്രമേ തിരിച്ചറിയുവാനാകൂ. സ്ത്രീയെ ശരീരം മാത്രമായി കാണാത്ത, സ്ത്രീത്വത്തോടു തികഞ്ഞ ആദരവും അംഗീകാരവുമുള്ള, സ്ത്രീയുടെ

ആത്മീയ ദീപ്തിയെക്കുറിച്ചും ശക്തിയെക്കുറിച്ചും ധാരണയും കരുതലുമുള്ള ഒരു മനസ്സിന്റെ ധ്യാനധാരയിൽ നിന്നുതിർന്നവയാണ് അദ്ദേഹത്തിന്റെ വാക്കുകൾ എന്ന് ആ പുനർഃപഠനം ബോദ്ധ്യപ്പെടുത്തുന്നു.

**ആകാശ മോക്ഷത്തിന്റെ സാദൃശ്യം**

*ചാവരുൾ* ആരംഭിക്കുന്നതു തന്നെ വളരെ ഉന്നതമായ ഒരു ദൈവശാസ്ത്ര വീക്ഷണത്തോടെയാണല്ലോ.

*നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു.*[8]

ദൈവരാജ്യത്തോട്, സ്വർഗ്ഗത്തോട് കുടുംബത്തെ സാദൃശ്യപ്പെടുത്തുന്ന ചാവറയച്ചന്റെ ദൃഷ്ടിയിൽ കുടുംബമോ കുടുംബത്തിന്റെ അടിത്തറയായ സ്ത്രീയോ പുരുഷനോ വെറും സാധാരണ സൃഷ്ടജാലം പോലെയല്ല. അതു ദൈവീക രഹസ്യത്തിന്റെ തന്നെ ഭാഗമാണ്. ഭൂമിയിലെ ദൈവ രാജ്യമായി *സഭയെ* വിശുദ്ധഗ്രന്ഥത്തിലും സഭാപ്രബോധനങ്ങളിലും നിദർശനം ചെയ്യുമ്പോൾ അതിന്റെ ഏറ്റം ചെറിയ ഘടകമായ കുടുംബത്തെ *ഗാർഹിക സഭ*[9] എന്നു വിശേഷിപ്പിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തിന്റെ ദൈവിക സ്വഭാവത്തെ, ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ ഉൾച്ചേർന്നിരിക്കുന്ന യാഥാർത്ഥ്യമെന്ന നിലയിൽ, അംഗീ കരിച്ചുറപ്പിക്കുകയാണ്. പിതാക്കന്മാർ പഠിപ്പിക്കുംപോലെ *ക്രിസ്തീയ ദമ്പതികൾ വിവാഹമെന്ന കൂദാശയുടെ ശക്തിയാൽ, ക്രിസ്തുവും സഭയുമായുള്ള ഐക്യത്തിന്റെയും ഫലദായകമായ സ്നേഹത്തിന്റെയും രഹസ്യം പ്രദ്യോതിപ്പിക്കുകയും അതിൽ ഭാഗഭാക്കുകളാവുകയുമാണ് ചെയ്യു ന്നത്.*[10]

സഭയെന്നത് പണിതീർത്ത കെട്ടിടങ്ങളോ, സംഘടനകളോ അല്ല. ജീവി ക്കുന്ന വിശ്വാസികളുടെ സമൂഹമാണ് എന്നതുപോലെ കുടുംബമെന്നതും നാലു ചുവരുള്ള വീടല്ല. പിന്നെയോ *പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോട് ചേരും. അവർ ഒറ്റ ശരീരമായിത്തീരും.*[11] എന്ന ദൈവീക നിശ്ചയത്താൽ പരസ്പരം ഒന്നാക്കപ്പെട്ട സ്ത്രീ-പുരുഷൻമാരുടെ മാറ്റമില്ലാത്തൊരു ഉടമ്പടി ബന്ധമാണ്, വിവാഹമെന്ന കൂദാശയുടെ പുരോഹിതരായ സ്ത്രീ-പുരുഷൻമാർ ദൈവനാമത്തിൽ പരസ്പര വാഗ്ദാനം ചെയ്ത് ബന്ധിതരാകുമ്പോൾ ആലപിച്ചിരുന്ന *പുതിയ കുടുംബത്തിൻ കതിരുകളുയരുന്നു. തിരുസഭ വിജയത്തിൻ തൊടുകുറി യണിയുന്നു*[12] എന്ന ഗാനം ഉദ്ഘോഷിക്കുന്നത് ഈ സത്യത്തെയാണ്. കുടുംബമെന്ന ഈ ദൈവിക സൗധത്തിന്റെ അടിസ്ഥാനം സ്ത്രീയും പുരുഷനുമാണ്. കുടുംബത്തിൽ പുരുഷനോടൊപ്പം സ്ത്രീക്കുള്ള *തുല്യ സ്ഥാനവും മഹിമയും* ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്:

> *അവർണ്ണനീയമായ ത്രിത്വത്തിന്റെ ഹൃദയാന്തരാളത്തിൽ ദൈവ തിരുമനസ്സിൽ രൂപംകൊണ്ട മനുഷ്യ കുടുംബത്തിന്റെ നിർണ്ണായകവും പരമവുമായ ലക്ഷ്യത്തിനും അനുദിനാവശ്യ ങ്ങൾക്കും അനുരൂപമായി ജീവിത സാക്ഷാത്കാരം പ്രാപിക്കു ന്നതിൽ പുരുഷൻമാരോടൊപ്പം ഉത്തരവാദിത്വം വഹിക്കുന്ന വരാണവർ.*[13]

വിശുദ്ധ ഗ്രന്ഥത്തിലെ സൃഷ്ടിയുടെ വിവരണവും കുടുംബത്തിൽ പുരുഷനോടൊപ്പം സ്ത്രീക്കുള്ള തുല്യസ്ഥാനവും മഹിമയും അരക്കിട്ടുറപ്പിക്കുന്നതാണ്. മറ്റു സൃഷ്ടജാലങ്ങളെപ്പോലെ *ഉണ്ടാകട്ടെ*യെന്ന് പറഞ്ഞോ, അഥവാ പുരുഷനെ സൃഷ്ടിച്ചപോലെ പൂഴിയിൽ നിന്നും നേരിട്ടു മെനഞ്ഞെടുത്തോ ദൈവത്തിന് സ്ത്രീയേയും സൃഷ്ടിക്കാമായിരുന്നു. എന്നാൽ *പുരുഷൻ ഏകനായിരിക്കുന്നതു നന്നല്ല* എന്ന ബോദ്ധ്യത്തിൽ നിന്ന് അവന് *തുണയും ഇണയുമായി അവനിൽ നിന്നു തന്നെ* ദൈവം സ്ത്രീയെ സൃഷ്ടിച്ചു. പുരുഷനു *സഹായിയായി, തുണയായി* എന്നതു കൊണ്ട് അവനു അടിമയായി എന്ന് ഇതിനർത്ഥം വരുന്നില്ല; അങ്ങിനെ കൽപ്പിക്കുന്നതു സ്ഥാപിതശാഠ്യം മാത്രമാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പറഞ്ഞിട്ടുള്ളപോലെ സഹായമെന്നതു പരസ്പര പൂരകമാണ്.[14] ഈ സഹായമെന്നതാവട്ടെ. ഏതെങ്കിലും പ്രവർത്തികൾ വഴി ചെയ്തുകൊടു ക്കുക എന്നതിലുപരി *ആയിരിക്കുക* എന്നതിലുമാണ്. പരസ്പര പൂരകത്വം *ശാരീരികവും മാനസികവും* എന്നതിലുപരി *സത്വാത്മകം* (Ontological) ആയിരിക്കയും ചെയ്യും.[15]

തന്റെ സ്ത്രീത്വത്തിലൂടെ സ്ത്രീയും പുരുഷത്വത്തിലൂടെ പുരുഷനും മാനുഷിക (human) യാഥാർത്ഥ്യം പ്രകടമാക്കുകയാണ്. പരസ്പര പൂരകമായ ഈ മാനുഷികതയുടെ പ്രകടനത്തിലൂടെയാണ് ദൈവീകത പൂർണ്ണമായും വ്യക്തമാക്കപ്പെടുന്നത്. കാരണം ഏകമെങ്കിലും ത്രിത്വമായിരി ക്കുന്ന ദൈവം വ്യതിരിക്തമായ തുല്യമായ മൂന്നുവ്യക്തിത്വങ്ങളുടെ കൂട്ടായ്മയാണ്. ഈ കൂട്ടായ്മയുടെ സാദൃശ്യത്തിലാണ് ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചിരിക്കുന്നത്. ഈ കൂട്ടായ്മയിൽ തുല്യതയും വ്യതിരിക്തതയും ഉണ്ട്. ഈ കൂട്ടായ്മയെ *ദ്വിത്വാത്മക ഐക്യം*[16] എന്ന് വിശേഷിപ്പിക്കാവുന്നതാണ്. ഈ വലിയ സത്യം യാഥാർത്ഥ്യവല്ക്കരി യ്ക്കപ്പെടുന്ന വേദിയാണ് കുടുംബം. *പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരുന്നു* എന്ന് ഉല്പത്തി പുസ്തകത്തിൽ പറയുമ്പോൾ ഈ ഒന്നു ചേരലിനെ *ഒരു വലിയ രഹസ്യ*മെന്നാണ് വിശുദ്ധപൗലോസ് വിശേഷി പ്പിച്ചിരിക്കുന്നത്.[17] ഈ വലിയ രഹസ്യത്തിന്റെ പശ്ചാത്തലത്തിലാണ് സ്ത്രീയുടെ മഹത്വമെന്തെന്ന് നാം നോക്കിക്കാണേണ്ടത്. മഹിമയുള്ള ഒരു സ്ത്രീയുടെ യഥാർത്ഥ അലങ്കാരമെന്തെന്ന ചിന്തയിലേയ്ക്കാണ് ചാവറയ ച്ചന്റെ വാക്കുകൾ നമ്മെ നയിക്കുന്നത്.

സ്ത്രീ എന്ന നിലയിൽ ഒരുവളുടെ ദൗത്യം വളർച്ചയുടെ പാതയിൽ ഓരോ ഘട്ടത്തിലും തികച്ചും വ്യതിരിക്തമാണ്. ഒരു കുഞ്ഞെന്നനിലയിൽ, വളർന്ന മകളെന്ന നിലയിൽ, ഭാര്യയെന്ന നിലയിൽ, അമ്മയെന്ന നിലയിൽ, അമ്മൂമ്മ എന്ന നിലയിൽ എല്ലാം അതു വ്യത്യാസപ്പെട്ടിരിക്കുന്നു. ഏതു തലത്തിലായാലും സ്ത്രൈണതയുടേതായ *എല്ലാ സമ്പത്തോടും സൗന്ദര്യത്തോടുംകൂടി ദൈവഹൃദയത്തിൽ നിന്നും പുറപ്പെടുന്നവരാണ് അവരെല്ലാവരും. അവിടുത്തെ നിത്യസ്നേഹത്തിന്റെ ആലിംഗനം അനുഭവിച്ചവരാണവർ*[18] എന്നത്രെ ജോൺ പോൺ രണ്ടാമൻ മാർപാപ്പ പറഞ്ഞിട്ടുള്ളത്. പ്രധാനമായും ഭാര്യയും അമ്മയുമെന്ന നിലയിലുള്ള സ്ത്രീ ദൗത്യമാണ് *ചാവരുളിൽ* പരാമർശിക്കപ്പെട്ടിട്ടുള്ളത്. നിഷേധാത്മകമായ രീതിയെന്നു പുറംനോട്ടത്തിൽ തെറ്റിദ്ധരിയ്ക്കാമെങ്കിലും ആത്യന്തികമായ വിശകലനത്തിൽ ക്രിയാത്മകമായ സത്യങ്ങൾ തന്നെയാണ് അതിൽ ഒളിഞ്ഞിരിക്കുന്നതെന്ന് അവയിലെ പൊരുളുകൾ ബോദ്ധ്യപ്പെടുത്തുന്നു.

സമാധാനത്തിനു വേണ്ടിയുള്ള അഭിവാഞ്ഛ മനുഷ്യനിൽ അന്തർലീന മാണ്. അതേസമയം അവൻതന്നെയാണ് അശാന്തിയും അസമാധാനവും ഭൂമിയിൽ വിതയ്ക്കുന്നതും. സഭാചരിത്രത്തിലെ ഏറ്റം നിർണ്ണായക സംഭവമായി വിശേഷിപ്പിക്കപ്പെടുന്ന 2-ാം വത്തിക്കാൻ കൗൺസിലിന്റെ സമാപനസന്ദേശത്തിൽ പോൾ ആറാമൻ പാപ്പാ സ്ത്രീകളെ ഇപ്രകാരം ഉദ്ബോധിപ്പിച്ചിരിക്കുന്നു.

> *നമ്മുടെ സാങ്കേതിക കണ്ടുപിടിത്തങ്ങളുടെ ലോകം മനുഷ്യോ ചിതമല്ലാത്ത ഒരു സ്ഥിതിയിലേയ്ക്കധഃപ്പതിച്ചുകൊണ്ടി രിക്കുകയാണ്. ഈ അവസരത്തിൽ നിങ്ങൾ മനുഷ്യരെ ജീവിതവുമായി രമ്യപ്പെടുത്തുക. എല്ലാറ്റിനുമുപരിയായി ഞങ്ങൾ നിങ്ങളോടഭ്യർത്ഥിക്കുന്നതിതാണ്: നമ്മുടെ വംശ ത്തിന്റെ ഭാവിയെപ്പറ്റി ശ്രദ്ധാപൂർവ്വം പരിഗണിക്കുക. പുരുഷൻ അവന്റെ അജ്ഞതയുടെ ഒരു നിമിഷത്തിൽ മനുഷ്യ സംസ്ക്കാരത്തെമുഴുവൻ നശിപ്പിക്കുവാൻ ഉദ്യമിക്കുന്നെങ്കിൽ നിങ്ങൾ അവന്റെ കൈയ്ക്കു കടന്നുപിടിക്കുക: അവനെ തടയുക.*[19]

വ്യാപകവും പരമവുമായ അർത്ഥത്തിൽ, സമാധാനവും, മാനവ രാശിയുടെ ഭദ്രതയും നിലനിർത്തുവാൻ സ്വധർമ്മം നിറവേറ്റിക്കൊണ്ടു ഒരു പടികൂടി കടന്ന് മനുഷ്യനെ (പുരുഷനെ) അതിനു വിരുദ്ധമായ നിലപാടു കളിൽ നിന്നു പിന്തിരിപ്പിക്കുവാൻ സ്ത്രീയോടാണ്, സ്ത്രീകളോടാണ്, മാർപാപ്പാ ആവശ്യപ്പെട്ടിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. *ശാലീനയായ ഒരു സ്ത്രീ മറ്റുള്ളവരുടെ മുമ്പിൽ ആദരവുനേടുന്നവളാണ്.*[20] അവൾക്ക് ഈ ദൈവികദൗത്യം നിറവേറ്റാനാവും. സമാധാനമെന്നത്

രക്ഷയുടെ ഫലമാണ്. രക്ഷാകര കർമ്മത്തിൽ ഏറ്റവുമധികം സഹകരിച്ചവൾ ഒരു സ്ത്രീ ആയിരുന്നുവല്ലോ.

ഈ സമാധാനദൗത്യം സ്ത്രീ ആരംഭിക്കേണ്ടത് സ്വകുടുംബത്തിൽ നിന്നുതന്നെയാണ്. കുടുംബത്തിൽ സമാധാനം സൃഷ്ടിക്കുവാനും, കലഹങ്ങൾ സൃഷ്ടിക്കുവാനും ഒരുപോലെ സ്ത്രീക്കു കഴിയും. സമാധാനക്കേടിനു കാരണമായിത്തീർന്ന, കുടുംബത്തിൽ കലഹങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരുന്ന ഒരു സ്ത്രീയേയും, അവളുടെ പ്രവർത്തികൾക്കുള്ള പ്രതിഫലമായി പിശാച് അവളെ തന്റെ ആലോചനക്കാരിയായി സ്വീകരിച്ച് അവൾക്കു സമ്മാനങ്ങൾ നല്കി പ്രലോഭിപ്പിച്ചു വശീകരിച്ചെടുത്തതിനേയും കുറിച്ചുള്ള നാടകീയമായ വിവരണങ്ങൾ ചാവറയച്ചൻ കൃത്യതയോടെ നൽകിയിട്ടുണ്ട്.[21]

അതോടൊപ്പം നീരസങ്ങളെ കാര്യമാക്കാതെ ക്ഷമിക്കുവാനും വിട്ടുവീഴ്ച ചെയ്യുവാനും കഴിയുക എന്നത് മഹാശക്തിയും വിവേകവുമുള്ളവർക്കുമാത്രം സാധിക്കുന്ന കാര്യമാണെന്ന്[22] അദ്ദേഹം എടുത്തു പറയുന്നുമുണ്ട്. ഇവിടെയാണ് *പെൺപൈതലിന്റെ ആഭരണമായ മിണ്ടടക്കത്തിന്റെ*[23] പ്രസക്തി വെളിവാകുന്നത്. *മറ്റുള്ളവരുടെ അററ്കുറ്റങ്ങളും മോശങ്ങളും ക്ഷമിക്കുവാനും*[24] *ഇങ്ങോട്ടു സ്നേഹിക്കാത്തവരെ അങ്ങോട്ടു സ്നേഹിക്കുവാനും*[25] *മറ്റുള്ളവരുടെ കെല്പക്ഷയങ്ങളെ സാരം വയ്ക്കാതെ, നല്ല ബന്ധം പുലർത്തി മുന്നോട്ടു പോകാനും* ഏറെ ആത്മസംയമനം ആവശ്യമുണ്ട്. അന്യൂനമായ ആത്മസംയമനമാണ് ക്ഷമിക്കുന്നതിനു പിന്നിലെ ശക്തി. ഈവിധം ക്ഷമിക്കുന്നവർ മറ്റുള്ളവരുടെ മുമ്പിൽ ആദരവു നേടും. ഇത്തരം സമാധാനപാലനം കുടുംബാംഗങ്ങൾ പരസ്പരവും, ഭാര്യയും, ഭർത്താവും തമ്മിലും, അമ്മയും മക്കളും തമ്മിലുമെല്ലാം ആവശ്യമുണ്ട്.

*ഭാര്യയുടെ കലഹം തുടർച്ചയായ ചാറ്റൽ മഴ പോലെയാണ്.*[26]

*കലഹക്കാരിയും കോപശീലയുമായ ഭാര്യയോടൊത്തു കഴിയുന്നതിനേക്കാൾ നല്ലത് മരുഭൂമിയിൽ ജീവിക്കുന്നതാണ്.*[27]

കർത്താവു വെറുക്കുന്ന ആറുകാര്യങ്ങളിൽ ഒന്നാണ് *സഹോദരർക്കിടയിൽ ഭിന്നത വിതയ്ക്കുന്നത്.*[28]

മേല്പറഞ്ഞവയിലൂടെയെല്ലാം സ്ത്രീയുടെ വിരുദ്ധ നിലപാടുകൾ തീർക്കുന്ന ദുഃസ്ഥിതികൾ ചൂണ്ടിക്കാട്ടുക വഴി വിരൽ ചൂണ്ടുന്നതും സ്ഥാപിക്കുന്നതും കുടുംബത്തിന് സ്നേഹവും സമാധാനവും നിലനിർത്താൻ ഒരു സ്ത്രീക്കുള്ള കടമയിലേയ്ക്കും അതിനുള്ള അവളുടെ വൈഭവത്തിലേയ്ക്കും തന്നെയാണ്.

കുടുംബത്തിന്റെ സുഗമമായ നടത്തിപ്പിലും മക്കളുടെ നല്ല വളർത്തലിലും സ്ത്രീക്കുള്ള പങ്ക് അതുല്യമാണ്. ഈ സത്യത്തെ സാധൂകരിക്കുവാൻ

തികച്ചും പ്രായോഗികമായ നിർദ്ദേശങ്ങൾ ആണു ചാവറയച്ചൻ നൽകുന്നത്. സൂക്ഷ്മതയോടെ അവ പാലിക്കുന്നവർക്ക് *ഈ ലോകത്തിലെന്നല്ല പരലോകത്തിലും ദുഃഖിക്കേണ്ടിവരില്ല* എന്ന സത്യം *ചാവരുൾ* വ്യക്ത മാക്കുന്നു.

വരവറിഞ്ഞു ചെലവു ചെയ്യുന്ന ഒരു കുടുംബത്തിന്റെ സന്തുഷ്ടി അദ്ദേഹം പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്.[29] കഴിവുള്ളിടത്തോളം വായ്പ വാങ്ങാതെയും കടം ഉണ്ടാക്കാതെയും കഴിയണമെങ്കിൽ വരവുചിലവുകൾ ക്കിടയിലെ സന്തുലിത നിഷ്ഠയോടെ പാലിച്ചേമതിയാകൂ. ഇല്ലാത്തതു ഉണ്ടെന്നു ഭാവിച്ചുനടക്കുന്നത് മനോതാഴ്മ ഇല്ലാത്തതിന്റെ ലക്ഷണ മായിട്ടാണ് അദ്ദേഹം കാണുന്നത്.[30] മനുഷ്യരിൽ ഏറ്റം മുഖ്യതയുള്ളവൻ *ഏറ്റം കുറഞ്ഞ ഭാവം കാണിക്കുന്നവനാണെന്ന്*[31] ദെമോക്രെസ്തോസ് എന്ന ശാസ്ത്രിയെ ഉദ്ധരിച്ചുകൊണ്ട് ചാവറയച്ചൻ ഉദ്ബോധിപ്പിക്കുന്നു. *പകൽ വിളക്കു കത്തിക്കാതിരുന്നാൽ രാവിൽ കത്തിക്കാം.*[32] എന്ന പ്രയോഗിക ജ്ഞാനദർശനം അന്നെന്നല്ല ഇന്നും എന്നും പ്രസക്തമാണ്. മാറിമാറിവരുന്ന ഫാഷനുകളിലും, അയൽപക്കങ്ങളിലെ ആഡംബരചർച്ചകളിലും അലങ്കാരങ്ങളിലും കണ്ണുംനട്ട് *ചാറ്റൽമഴ*പോലെ ഭർത്താവിനോടു കലഹമുണ്ടാക്കി ആവശ്യമില്ലാത്തതും കടം വാങ്ങിയാണെങ്കിലും പലതും നിർബന്ധിച്ചു വാങ്ങിച്ചുകൂട്ടി പൊള്ളയായ സ്റ്റാറ്റസു നിലനിർത്താൻ തത്രപ്പെടുന്ന ഏതൊരു സ്ത്രീക്കും ചാവറയച്ചന്റെ ഈ മുന്നറിയിപ്പ് ബാധകമാണ്; പ്രസക്തമാണ്.

കുടുംബത്തിന്റെ സുഗമമായ നടത്തിപ്പിൽ കുടുംബിനിയുടെ ജീവിതശൈലിക്ക് ഏറെ പ്രസക്തിയുണ്ട് എന്ന് ചാവറയച്ചൻ ചൂണ്ടിക്കാട്ടുന്നു. ശേഷംപേരുടെ വീടുകളിൽ കയറിയിറങ്ങി വർത്തമാനങ്ങൾ അന്വേഷിച്ചു നടക്കുന്ന രീതി പാടേ ഉപേക്ഷിക്കേണ്ടതാണെന്ന്[33] അദ്ദേഹം ഉദ്ബോധി പ്പിക്കുന്നു. അന്യരുടെ കാര്യമില്ലാത്ത കാര്യങ്ങളിൽ ക്ഷണിയ്ക്കാതെ ചെന്നു ഇടപെടുവാൻ തത്രപ്പെടാതെ സ്വന്തം കുടുംബകാര്യങ്ങൾ ക്രമമായി നോക്കേണ്ടവിധം പാലിക്കുന്ന സ്ത്രീക്ക് തീർച്ചയായും മഹിമയും മഹത്വവും ഉണ്ടാകും. അനാവശ്യവും അസംഗതവും ആയ അത്തരംഇടപെടലുകൾ പലപ്പോഴും മറ്റുള്ളവരുടെ *ഏറ്റക്കുറച്ചിലുകൾ കാണാനും* പറയാനും[34] അങ്ങനെ *ഉപവിയെ തടസ്സപ്പെടുത്താനും* കാരണമായിത്തീരുകയും ചെയ്യും എന്നും അദ്ദേഹം മുന്നറിയിപ്പു നൽകുന്നു.

അദ്ധ്വാനത്തെ സ്നേഹിക്കുവാനും ഉള്ളതു സംതൃപ്തിയോടെയും സത്യസന്ധതയോടെയും കൈകാര്യം ചെയ്യുവാനും സാധിച്ചാൽ അഭിവൃദ്ധി യുണ്ടാകുമെന്നതിനു പക്ഷാന്തരമില്ല.[35] ആത്മസംയമനത്തോടെ സ്വന്തം കുടുംബദൗത്യത്തിൽ വ്യാപൃതയാകുന്ന ഉത്തമയും ശാലീനയുമായ

സ്ത്രീയാണ് ഏവരുടേയും ആദരവുനേടുക. ഇപ്രകാരമുള്ള ഉത്തമയായ ഭാര്യ *ഭർത്താവിന്റെ കിരീടമാണ്;*[36] *രത്നത്തേക്കാൾ അമൂല്യയാണ്,*[37] *അവളെ കണ്ടെത്തുന്നവൻ ഭാഗ്യവാനും.*[38]

അതി ധാരാളിത്തവും, അഹംഭാവവും മാത്രമല്ല ലുബ്ധും അതേപോലെ വർജ്ജിക്കേണ്ട തിന്മയാണ്.[39] കഴിവുള്ളിടത്തോളം മറ്റുള്ളവർക്കു ഉപകാരം ചെയ്യാൻ സാധിക്കുകയും അതിനായി ശ്രമിക്കുകയും വേണം. *അന്യർക്ക് ഉപകാരം ചെയ്യാത്ത ദിവസം ആയുസ്സിൽ നിന്നു നഷ്ടപ്പെട്ടു പോകുമെന്നാണ്*[40] ചാവറയച്ചൻ പറഞ്ഞിട്ടുള്ളത്. ഉപവിയോടെ വർത്തിക്കുവാൻ അവസരങ്ങൾ ഏറെ ലഭ്യമാകുന്നുണ്ട് ഒരു കുടുംബിനിയ്ക്ക്. ഉപവി പ്രവർത്തിക്കാനും, പ്രവർത്തിപ്പിക്കുവാനും ഒരു സ്ത്രീക്കു സാധിക്കും. അതുപോലെതന്നെ മറിച്ചും എന്നദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

നീതിപൂർവ്വമല്ലാതെ സമ്പത്തുണ്ടാക്കിയ ഒരു ഗൃഹസ്ഥൻ മരണ നാഴികയിൽ പറയുന്ന വാക്കുകൾ ദുഷ്ടാന്തമായി ഉദ്ധരിക്കുമ്പോൾ മറ്റൊരു സത്യമാണ് അതിലൂടെ നമ്മുടെ മുമ്പിൽ ചാവറ പിതാവ് പ്രഘോഷിക്കുന്നത്. അന്യായമായി സമ്പന്നനായിത്തീർന്ന അയാൾ മരണമൊഴിയിൽ അന്യരുടെ വസ്തുക്കളെ അപഹരിപ്പാൻ തന്നെ ഉത്സാഹിപ്പിച്ച തന്റെ ഭാര്യയുടെ ആത്മത്തേയും പിശാചിനു കൊടുക്കുന്നു എന്നു പറഞ്ഞതായാണ് അദ്ദേഹം രേഖപ്പെടുത്തുന്നത്. നീതിനിഷ്ഠവും മൂല്യാധിഷ്ഠിതവുമായ ജീവിതം നയിക്കുവാനും ആ വിധം കുടുംബാംഗങ്ങളെ ഒപ്പം നയിക്കുവാനുമുള്ള സ്ത്രീയുടെ ദൗത്യത്തിലേയ്ക്കാണല്ലോ ഇതു പരോക്ഷമായി വിരൽ ചൂണ്ടുന്നത്. *പരമാർത്ഥവും നീതിയും സ്നേഹിപ്പാൻ മക്കളെ പഠിപ്പിക്കണ*[41]മെന്നുള്ള ചാവറയച്ചന്റെ ഉദ്ബോധനം ഓരോ അമ്മമാർക്കും എക്കാലത്തും പ്രസക്ത പ്രമുഖമായിരിക്കുന്നു.

മാതൃകാപരമായ ജീവിതത്തിന്റെ നിദർശനമായി ഒരമ്മ മാറേണ്ടതിന്റെ ആവശ്യകത അദ്ദേഹം പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു.

*അമ്മ കാണിച്ചു കൊടുത്തുകൊണ്ട് അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പിക്കണം. കാരണവൻമാർ തമ്മിൽത്തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണക്കയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല.*[42]

മക്കൾ അനുസരണമില്ലാത്തവരാണെന്നു പരിദേവനം ചെയ്യുന്നവരും, മക്കളുടെ തെറ്റായ നീക്കങ്ങളിൽ വേദനിക്കുന്നവരുമായ മാതാപിതാക്കളും നിസ്സാരകാര്യങ്ങളിൽപോലും വിട്ടുവീഴ്ചാ മനോഭാവമില്ലാതെ പരസ്പരം കുറ്റപ്പെടുത്തിയും വഴക്കുപിടിച്ചും തന്നിഷ്ടം നോക്കി ജീവിക്കുന്ന ഭാര്യാഭർത്താക്കൻമാരും നിർബന്ധമായും ഈ നിർദ്ദേശങ്ങൾ ജീവിതനിഷ്ഠകളായി സ്വീകരിയ്ക്കേണ്ടത് എത്രയോ ആവശ്യമായിരിക്കുന്നു.

ദൈവിക ചൈതന്യത്തിൽ കുഞ്ഞുങ്ങളെ വളർത്തുന്നതിൽ ഒരമ്മയ്ക്കുള്ള പങ്ക് എത്രയോ വലുതാണ്. മനോദൃഢത കൈവരാൻ തുടങ്ങുമ്പോൾ മുതൽ കുട്ടിയുടെ അധരങ്ങളിൽ *ഈശോ മറിയം യൗസേപ്പെന്ന* നാമം ചൊല്ലികൊടുത്ത് ദൈവോന്മുഖരാക്കി അവരെ വളർത്തുന്നതിൽ ഒരു സ്ത്രീയുടെ, അമ്മയുടെ പങ്ക് അതുല്യമാണ് എന്നദ്ദേഹം സ്വനുഭവത്തിന്റെ വെളിച്ചത്തിൽത്തന്നെയാണ് ചൂണ്ടിക്കാട്ടിയതും. ശരീരത്തിനടുത്ത യാവന നല്കുന്ന അമ്മതന്നെ ആത്മത്തിനടുത്ത യാവനയും അവർക്കു നല്കണമെന്ന് അദ്ദേഹം നിഷ്ക്കർഷിക്കുന്നു. ഉൽകൃഷ്ടമായ ഈ ഉത്ബോധനത്തിന് എന്നത്തേക്കാളുപരി ഇന്നു പ്രസക്തിയുണ്ട്. സൗകര്യങ്ങളുടെയും ലാഭങ്ങളുടെയും ഭൗതിക നേട്ടങ്ങളുടെയും പുറകേ പരക്കം പായുന്നതിനിടയിൽ സ്വന്തം കുഞ്ഞിനെ വേണ്ടവിധം ശ്രദ്ധിയ്ക്കാതെ നാളുകൾ നീക്കുന്ന അമ്മമാർക്ക് അദ്ദേഹം നൽകുന്ന മുന്നറിപ്പാണിത്.

*നിങ്ങൾ നഷ്ടപ്പെടുത്തുന്നതിന്റെ വില നിങ്ങൾ സമ്പാദിക്കുവാൻ തത്രപ്പെടുന്നതിന്റെ വിലയേക്കാളും എത്രയോ അധികമാണ്!*

അമിതസ്നേഹത്താൽ പ്രേരിതരായി മക്കളെ അണിയിച്ചൊരുക്കി *പ്രദർശനവസ്തു*ക്കളാക്കി *വലിയഭാവം* കാണിക്കുന്ന അമ്മമാരും വികലമായ വഴിയെയത്രെ ചരിക്കുന്നത്. സൗന്ദര്യം പ്രദർശിപ്പിക്കുവാനുള്ള വ്യഗ്രതയിൽ സ്വശരീരത്തെ ഒരു ഉപഭോഗവസ്തുവിന്റെ തലത്തിലേക്കു വലിച്ചിഴയ്ക്കുന്ന പതിത സംസ്ക്കാരത്തിന്റെ വാഹകരാകുവാൻ ഈ പ്രവണത വഴി തെളിയ്ക്കുമെന്നു മുൻകൂട്ടികണ്ട് ചാവറയച്ചൻ ശക്തിയുക്തം ഉത്ബോധിപ്പിച്ചിട്ടുണ്ട്:

*ലോകബഹുമാനം, സമ്പത്ത്, തറവാട്ടുമഹിമ, എന്നുള്ള കാരണത്താൽ പെൺമക്കളെ ചമയിച്ചു നടത്തുന്നതും, തങ്ങളുടെ അന്തസ്സും പ്രാപ്തിയും കവിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പും ആഭരണങ്ങളും ഇടുവിച്ച് നടത്തുന്നതും എത്രയോ ആത്മാക്കളിൽ നരകതീ കത്തിക്കുന്നു.*[43]

ദൈവികദാനമായ സ്ത്രീത്വത്തേയും അതിന്റെ ശാരീരിക മാനസിക കഴിവുകളേയും സൗന്ദര്യത്തേയും തരം താഴ്ത്തി അവമതിക്കുവാൻ വെമ്പുന്ന ആധുനിക സംസ്കാരത്തിന്റെ രീതിശീലങ്ങൾക്കെതിരെ പൊരുതുവാനുള്ള തന്റേടം സ്ത്രീ നേടേണ്ടത് സ്വന്തം ശിക്ഷണത്തിൽ നിന്നും അതിനുപ്രഭവമാകേണ്ട ആത്മീയ ഉണർവ്വിൽ നിന്നുമാണെന്ന് വ്യക്തമാക്കിതരുന്നു ചാവറവചസ്സുകൾ.

സ്ത്രീയാണ് കുടുംബത്തിന്റെ വിളക്ക്. ഈ വിളക്കണഞ്ഞാൽ കുടുംബത്തിലെ പ്രകാശം ഇല്ലാതാകും. ചെറുപ്പത്തിൽ തന്റെ അമ്മയിൽ നിന്നും തനിക്കു ലഭിച്ച നല്ല ശിക്ഷണമാണ് ചാവറയച്ചനെ ഈ ബോദ്ധ്യത്തിലേക്കു

നയിച്ചത്. ഭാര്യയും അമ്മയുമെന്ന നിലയിൽ ഒരു സ്ത്രീയുടെ മഹിമയും ദൗത്യവും വ്യത്യസ്തങ്ങളായ പശ്ചാത്തലത്തിലൂടെ ആലേഖനം ചെയ്ത ചാവറയച്ചൻ തീർച്ചയായും വരുംതലമുറയിലെ സ്ത്രീകളും ആദർശ പരമായ ഒരു ജീവിതത്തിലൂടെ കുടുംബത്തിന് വിളക്കാകണമെന്നും ആകാശമോക്ഷത്തിന്റെ സാദൃശ്യത്തിൽ കുടുംബത്തെ കരുപ്പിടിപ്പിക്കണ മെന്നും ആഗ്രഹിച്ചിരുന്നു. ഈ ആഗ്രഹംതന്നെയാണ് സ്ത്രീകളുടെ സമുദ്ധാരണവും ക്രിസ്തീയ രൂപീകരണവും മനസ്സിൽ കണ്ടുകൊണ്ട്, സ്ത്രീ സമുദായത്തെ ഉദ്ധരിക്കുവാൻ ലോകം കണ്ടിട്ടുള്ളതിൽ വെച്ചേറ്റം ധന്യയായ, ഉത്തമ സ്ത്രീയെ വിശുദ്ധ മറിയത്തെ മാതൃകയാക്കി അർപ്പിതമനസ്ക്കരായി ജീവിക്കുന്ന സ്ത്രീകൾ വഴി ഈ ദൗത്യം തുടരണ മെന്നദ്ദേഹം വിഭാവനം ചെയ്തതും അതിനായി ഒരു സന്യാസിനീസഭയ്ക്കു രൂപം നല്കുവാൻ മുന്നിട്ടിറങ്ങിയതും.

■

## പരാമർശ സൂചിക


1. *Mulieris Dignitatem* Pope John Paul II (No.31) Aug. 15, 1988
2. *ഉല്പത്തി* 1:27
3. *എഫേ:* 5:25:32
4. *ചാവരുൾ*, പ്രസ്താവന
5. *ചാവരുൾ* നമ്പർ 12 (2-ാം ഭാഗം)
6. 1 *പത്രോസ്* 3:3-5
7. 1 *തിമോ* 2:9-11
8. *ചാവരുൾ* പ്രസ്താവന
9. *തിരുസഭയെ സംബന്ധിച്ചു കോൺസ്റ്റിറ്റ്യൂഷൻ* (L.G.) No.11
10. *തിരുസഭയെ സംബന്ധിച്ചു കോൺസ്റ്റിറ്റ്യൂഷൻ* (L.G.) No.11
11. *ഉല്പത്തി* 2:24
12. സീറോ മലബാർ സഭയുടെ വിവാഹക്രമത്തിൽ ആലപിച്ചിരുന്ന ഗാനം
13. *സ്ത്രീത്വത്തിന്റെ മഹനീയത.* ജോൺപോൾ രണ്ടാമൻ മാർപാപ്പാ (പരിഭാഷ: ജോസഫ് മാടപ്പള്ളി) No.31
14. *Letter to women,* Pope John Paul II (June 29, 1995.P.11)
15. *Letter to women,* Pope John Paul II (June 29, 1995.P.12)
16. *സ്ത്രീത്വത്തിന്റെ മഹനീയത* ജോൺപോൾ രണ്ടാമൻ മാർപാപ്പാ (പരിഭാഷ: ജോസഫ് മാടപ്പള്ളി, നമ്പർ 7.
17. *എഫേ.* 5:32
18. *സ്ത്രീത്വത്തിന്റെ മഹനീയത.* ജോൺപോൾ രണ്ടാമൻ മാർപാപ്പാ (പരിഭാഷ: ജോസഫ് മാടപ്പള്ളി നമ്പർ 31
19. സമാപന സന്ദേശം: പോൾ ആറാമൻ മാർപാപ്പാ (ഡിസംബർ 8, 1985) രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ (നാലാം പതിപ്പ്) ബാംഗ്ലൂർ 1977.പേജ് 550
20. *സുഭാ:* 11:10
21. *ചാവരുൾ* നമ്പർ 1 (1-ാം ഭാഗം)
22. *ചാവരുൾ* നമ്പർ 1 (1-ാം ഭാഗം)
23. *ചാവരുൾ* നമ്പർ 12 (2-ാം ഭാഗം)
24. *ചാവരുൾ* നമ്പർ 1 (1-ാം ഭാഗം)
25. *ചാവരുൾ* നമ്പർ 1 (1-ാം ഭാഗം)
26. *സുഭാ* 19:13
27. *സുഭാ* 21:19
28. *സുഭാ* 6:19

29. *ചാവരുൾ* നമ്പർ 4 (1-ാം ഭാഗം)
30. *ചാവരുൾ* നമ്പർ 5 (1-ാം ഭാഗം)
31. *ചാവരുൾ* നമ്പർ 6 (1-ാം ഭാഗം)
32. *ചാവരുൾ* നമ്പർ 6 (1-ാം ഭാഗം)
33. *ചാവരുൾ* നമ്പർ 7 (1-ാം ഭാഗം)
34. *ചാവരുൾ* നമ്പർ 10 (1-ാം ഭാഗം)
35. *ചാവരുൾ* നമ്പർ 11, 12 (1-ാം ഭാഗം)
36. *സുഭാ* 12:4
37. *സുഭാ* 31:10
38. *സുഭാ* 18:22
39. *ചാവരുൾ* നമ്പർ 15 (1-ാം ഭാഗം)
40. *ചാവരുൾ* നമ്പർ 13 (1-ാം ഭാഗം)
41. *ചാവരുൾ* നമ്പർ 10 (2-ാം ഭാഗം)
42. *ചാവരുൾ* നമ്പർ 9 (2-ാം ഭാഗം)
43. *ചാവരുൾ* നമ്പർ 12 (2-ാം ഭാഗം)

ഏഴ്

# മിതത്വത്തിന്റെ സുവിശേഷം

**മ**നുഷ്യൻ ഒരു സമൂഹ ജീവിയാണ്. സമൂഹത്തിലാണ് അവന്റെ വ്യക്തിത്വം വളരുന്നതും ഫലശ്രുതി നേടുന്നതും. സമൂഹം പലതരമാകാം. എങ്കിലും അതിന്റെ ഏറ്റം അടിസ്ഥാനഘടകം കുടുംബമാണ്. കുടുംബമെന്ന സമൂഹത്തിന്റെ സാഫല്യവും, വളർച്ചയും സാധിതമാക്കുവാൻ സഹായ യുക്തമായ അനേകം സാരോപദേശങ്ങളുടെ അനുഭവ സമ്പത്തിൽനിന്നു കടഞ്ഞെടുത്ത സംഹിതയിരിക്കുന്ന *ചാവരുൾ*.

മനുഷ്യൻ സമൂഹജീവിയാണ്. അതുകൊണ്ടു ഒരു കാലത്തും വ്യക്തി യുടെ പ്രാധാന്യം ഒട്ടും നഷ്ടപ്പെടുന്നില്ല. പല വ്യക്തികളുടെ കൂട്ടായ്മയാ ണല്ലോ സമൂഹം. വ്യക്തിയുടെ വളർച്ച തന്നെയാണ് സമൂഹത്തിന്റെ വളർച്ച. കുടുംബമെന്ന സമൂഹത്തിന്റെ വളർച്ചയെ ലക്ഷ്യം വച്ച ചാവറപിതാവ് ഈ വളർച്ച വ്യക്തിയുടെ വളർച്ചയിലൂടെയാണ് സംജാതമാവുക എന്നു തിരിച്ചറി ഞ്ഞിരുന്നു. അതു മനസ്സിൽ കണ്ടുകൊണ്ട് നല്കിയ സാരോപദേശങ്ങൾ ജീവിത തത്ത്വങ്ങളായും മാർഗ്ഗദർശകങ്ങളായും നമ്മെ നയിക്കുന്നു.

ഏതൊരു മനുഷ്യ വ്യക്തിയുടേയും വളർച്ചയിൽ സൗഹൃദബന്ധങ്ങൾ ക്കുള്ള സ്വാധീനം വാക്കുകൾക്കതീതമാണ്. വ്യക്തിത്വത്തിന്റെ വികസന ത്തിനുമതെ വികലതയ്ക്കുമതെ രണ്ടിനും ഇതുകാരണമാകാം. *നീ ആരോടുകൂടി ഇടയുന്നു എന്നു പറയുക, എന്നാൽ നീ ആരാകുന്നു എന്നു ഞാൻ പറയാം* എന്ന പഴഞ്ചൊല്ല് ഉദ്ധരിച്ചുകൊണ്ട്[1] സൗഹൃദബന്ധത്തിന്റെ പശ്ചാത്തലത്തിൽ വ്യക്തിയെ വിലയിരുത്താമെന്ന സത്യത്തിലേയ്ക്കു ചാവറയച്ചൻ വിരൽ ചൂണ്ടുന്നു.

> *നിനക്കു സ്നേഹിതന്മാർ അധികം വേണ്ട, പിന്നെയോ ആയിരം പേരിൽ നിന്നു സൂക്ഷിച്ചു ഒരുത്തനെ തെരഞ്ഞെടുക്കുക, തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായും നിന്നെയും സ്നേഹിക്കുകയില്ല.*[2]

യഥാർത്ഥമായ സൗഹൃദവും, സ്നേഹവും ദൈവസ്നേഹത്തിൽ അധിഷ്ഠിതമാണ്. അന്യന്റെ നന്മയെ ആഗ്രഹിക്കാനും, അപരന്റെ ആവശ്യങ്ങളിൽ സഹായിക്കാനും, വേദനകളിൽ ആശ്വസിപ്പിക്കാനും, തെറ്റുകാണുമ്പോൾ തിരുത്തുവാനും ബലഹീനതയിൽ ശക്തിപ്പെടുത്താനും, വളർച്ചയിൽ അസൂയപ്പെടാതിരിക്കാനും, ഏതെങ്കിലും വിധത്തിൽ അറിയാതെയോ അറിഞ്ഞോ ഒരു ദ്രോഹം ചെയ്യാനിടയായാൽ അത് ക്ഷമിക്കാനും മറക്കാനും വീണ്ടും സ്നേഹിക്കാനും ദൈവിക സ്നേഹത്തിന്റെ മേൽപ്പറഞ്ഞ പരിമാണങ്ങൾ സ്വാംശീകരിച്ചിട്ടുള്ള ഉത്തമനായ ഒരു സ്നേഹിതനുമാത്രമേ സാധിക്കുകയുള്ളൂ. ഇത്തരം സ്നേഹിതരെ കണ്ടെത്തുക വളരെ അപൂർവ്വവുമാണ്.

> *വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്. അവനെ കണ്ടെത്തിയവൻ ഒരു നിധി നേടിയിരിക്കുന്നു. വിശ്വസ്ത സ്നേഹിതനെപ്പോലെ അമൂല്യമായി ഒന്നുമില്ല. അവന്റെ മാഹാത്മ്യം അളവറ്റതാണ്. വിശ്വസ്തനായ സ്നേഹിതൻ ജീവാമൃതമാണ്.*[3]

ഉത്തമ സ്നേഹിതന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന ഈ തിരുവചനഭാഗം മറ്റൊരു തിരുവചനത്തിലേയ്ക്കാണ് നയിക്കുന്നത്. സ്വർഗ്ഗരാജ്യത്തെ വയലിൽ മറഞ്ഞുകിടക്കുന്ന നിധിയോടു സദൃശപ്പെടുത്തുകയും. നിധി കണ്ടെത്തിയ മനുഷ്യൻ അത് ഒളിച്ചുവയ്ക്കുകയും തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും ചെയ്യുന്നെന്നു പറയുകയും ചെയ്യുന്ന വചനം.[4] ഉത്തമനായ സ്നേഹിതനുമൊത്തുള്ള സഹവാസം ദൈവരാജ്യത്തിന്റെ അനുഭവമായിത്തീരാമെന്നതാകുന്ന സത്യം. ദൈവരാജ്യത്തിന്റെ അംഗങ്ങളായി *മിശിഹാ* താൻ തിരഞ്ഞെടുത്ത ശിഷ്യന്മാരെ *സ്നേഹിത*രെന്നു വിളിച്ചപ്പോൾ *ദൈവരാജ്യം തന്നെയായ മിശിഹാ* സ്വയം ഒരു സ്നേഹിതനായി അവരുടെ മുമ്പിൽ മാറുകയാണല്ലോ ചെയ്തത്. ഒരു സ്നേഹിതനോടെന്നപോലെ മോശയോടു മുഖാമുഖം സംസാരിച്ച ദൈവിക സാന്നിദ്ധ്യത്തെക്കുറിച്ചുള്ള വിവരണവും[5] മേല്പറഞ്ഞ സത്യത്തെ സാക്ഷ്യപ്പെടുത്തുന്നു.

ഉത്തമ സ്നേഹിതർക്ക് ഉദാഹരണമായി ചാവറപിതാവ് ചൂണ്ടിക്കാണിക്കുന്നത് ദാവീദും യോനാഥനും തമ്മിലുള്ള സ്നേഹമാണ്.

*അവർ ഒരു മനസ്സുള്ളവരായി തമ്മിൽ തമ്മിൽ പട്ടാങ്ങയായി സ്നേഹിച്ചു. ഒടുക്കം വരേയും അവർ തമ്മിൽ പട്ടാങ്ങയായി സ്നേഹിക്കുകയും സഹായിക്കയും ചെയ്തു. അവരുടെ ഈ സ്നേഹം അല്പ കാരങ്ങളാൽ കുറഞ്ഞുപോകാതെ ആപത്തുകളിലും ദിഷ്ടതികളിലും വർദ്ധിച്ചു വരികയും ചെയ്തു.*[6]

യഥാർത്ഥ സ്നേഹിതരുടെ സ്വഭാവമാണ് ഈ വാക്കുകളിലൂടെ ചാവറയച്ചൻ വ്യക്തമാക്കിയിരിക്കുന്നത്.

സൗഹൃദം തേടാത്ത മനസ്സില്ല. ഉത്തമ സ്നേഹിതന്റെ/സ്നേഹിതയുടെ സഹവാസത്തിൽ ആനന്ദിക്കാത്തവരായി ആരുമില്ല. മനസ്സിനിണങ്ങിയ

വിശ്വസ്തരായ സ്നേഹിതരെ ലഭിക്കാൻ ആഗ്രഹിക്കാത്തവരുമില്ല. എന്നാൽ ഇവിടെ ചാവറയച്ചനുയർത്തുന്ന ചോദ്യം നമ്മിൽ എത്ര പേർക്ക് അമൂല്യനിധിപോലെയുള്ള ഉത്തമ സ്നേഹിതരാകാൻ സാധിക്കുമെന്നുള്ളതാണ്. ഉത്തമമായ സ്നേഹിതരില്ലെന്നു പരിതപിക്കുന്നതിനേക്കാൾ സ്വയം ഉത്തമരായ സ്നേഹിതരാവുകയാണ് ആവശ്യം എന്നദ്ദേഹം പറഞ്ഞിരിക്കുന്നു. ഉത്തമ സ്നേഹിതൻ അഥവാ സ്നേഹിത ആകുവാനുള്ള യത്നം ആ വ്യക്തിയുടെ തന്നെ വ്യക്തിത്വ വികസനത്തിനുള്ള ഉപാധിയാണ്.

ജീവിത വിജയത്തിനും, സന്തോഷത്തിനും ആവശ്യമായ മറ്റൊരു പ്രധാന കാര്യം ചാവറയച്ചൻ എടുത്തു കാണിച്ചിട്ടുള്ളത് ദൈവ തിരുമനസ്സിനോടുള്ള വിധേയത്വമാണ്.

> എല്ലാ ഞെരുക്കങ്ങളിലും ദീനങ്ങളിലും ദൈവ തിരുമനസ്സിനു നിന്നെത്തന്നെ കയ്യാളിക്ക. സന്തോഷത്തിൽ മാത്രം ക്ഷമയായിരിക്കുന്ന ആൾ നന്ന ശക്തിയില്ലാത്ത ആളാകുന്നു. ഒരു ഭക്തൻ പറഞ്ഞുവന്നതായത് ഈ ലോകത്തിൽ സർവ്വതും എന്റെ മനസ്സുപോലെ നടക്കുന്നു. എന്തെന്നാൽ ദൈവം തിരുമനസ്സാകുന്നതൊക്കെ ഞാനും മനസ്സാകുന്നു.[7]

മനുഷ്യന്റെ അതിരുകടന്ന ആശയങ്ങളും, താല്പര്യങ്ങളും സ്വാർത്ഥത്തിൽനിന്നുടലെടുക്കുന്ന അഭിലാഷങ്ങളും അവയെല്ലാം സാക്ഷാത്ക്കരിക്കാനായുള്ള നെട്ടോട്ടങ്ങളും അവന്റെ സ്വാസ്ഥ്യം കെടുത്തി അവനെ അസ്വസ്ഥചിത്തനാക്കാറുണ്ട്. ചിലപ്പോൾ സ്വന്തമനസ്സിന്റെ ഇച്ഛയ്ക്കു വിരുദ്ധമായി പലതും ജീവിതത്തിൽ സംഭവിക്കാറുണ്ട്. സ്വപ്രവൃത്തിയാലെയും, അല്ലാതെയും ജീവിതത്തിൽ ക്ലേശങ്ങൾ നേരിടേണ്ടിവരാത്ത മനുഷ്യരില്ല. ക്ലേശങ്ങൾ ചിലരെ തളർത്തുന്നു. മറ്റുചിലരെ അതു ബലപ്പെടുത്തുന്നു. അഗ്നിയിൽ ശുദ്ധിചെയ്യപ്പെട്ട സ്വർണ്ണം പോലെ നലംതികഞ്ഞ വ്യക്തിത്വത്തിനുടമകളാകുവാൻ പരീക്ഷണങ്ങളേയും ക്ലേശങ്ങളേയും അതിജീവിച്ചെങ്കിലേ സാധിക്കൂ. ഈ അതിജീവന പ്രക്രിയയ്ക്കു ആവശ്യംവേണ്ട ഗുണം ക്ഷമാപൂർണ്ണമായ സഹനവും, എന്തിലും ഏതിലും ദൈവകരം ദർശിക്കാനും, ദൈവഹിതത്തിനു വിധേയപ്പെടുവാനുമുള്ള വിശ്വാസവീക്ഷണവും ആത്മധൈര്യവുമാണ്.

**മനോതാഴ്മയിലെ ഔന്നത്യം**

വിനീതൻ മറ്റുള്ളവരുടെ മുമ്പിൽ ആദരവു നേടുന്നു. അഹംഭാവിയാകട്ടെ മറ്റുള്ളവർക്കു പരിഹാസവിഷയമാകുന്നു. ഈ സത്യം മനസ്സിലാക്കിയ ചാവറയച്ചൻ *ചാവരുളിൽ* പലയാവർത്തി ഉദ്ബോധിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാണ് *വലിയ ഭാവം* കാണിക്കരുതെന്നും, *മനോതാഴ്മ*യോടെ വർത്തിക്കണമെന്നും:

*ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ള ഭാവം മുഴുവനും കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു.*[8]

*ഓരോരോ അടിയന്തിരങ്ങൾ കഴിക്കുന്നതിൽ സ്വന്തസ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം ചട്ടമുള്ളതിൽ അധികം ആഘോഷവും ചെലവും ചെയ്യണ്ടാ. അതെന്തെന്നാൽ, എല്ലായ്പ്പോഴും അതിൻവണ്ണം ചെയ്യാൻ പാടുണ്ടാകുമോ എന്നറിഞ്ഞുകൂടാ. എന്നാൽ തൽക്ഷണം കൊണ്ട് ആളിപ്പോകുന്നതും ഒരു വലിയ വെട്ടത്തെ കാണിച്ച് ഉടൻ കെട്ടുപോകുന്നതുമായ ഒരു വൈക്കോൽ തുറുവിൻ തീയെക്കാൾ നിലനില്ക്കുന്നതായി വെട്ടം കാട്ടുന്ന ഒരു ചെറിയ വിളക്ക് ഏറ്റം നല്ലതാകുന്നു.*[9]

ഏറെ പ്രായോഗികമായ ഒരു നിർദ്ദേശമാണ് ചാവറയച്ചൻ ഇവിടെ നല്കുന്നത്. അഹംഭാവവും, കീർത്തി നേടാനുള്ള അമിതാഗ്രഹവും മനുഷ്യമനസ്സുകളെ മഥിക്കുന്ന രണ്ടു വലിയ തിന്മകളാണ്. ഇതു രണ്ടും ഒരുവനെ കൊണ്ടുചെന്നെത്തിക്കുന്നത് നാശത്തിലേയ്ക്കുമാണ്. ഒരുവൻ മഹത്വവും, ആദരവും ജനമദ്ധ്യത്തിൽ നേടുന്നത് ഡംഭു കാട്ടുമ്പോഴല്ല, പിന്നയോ വിനയം കൊണ്ടാണ്.

*മകനേ, വിനയം കൊണ്ട് മഹത്വമാർജ്ജിക്കുക, നിലവിട്ട് സ്വയം മതിയ്ക്കരുത്.*[10]

*നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക.*[11]

വിനീത ഹൃദയമുള്ളവരെയാണ് ദൈവവും മനുഷ്യരും ഇഷ്ടപ്പെടുക. സ്വച്ഛമായി കത്തിനില്ക്കുന്ന വിളക്കുപോലെ അവരുടെ ജീവിതവും സ്വച്ഛമായിരിക്കും. അത് അനേകർക്കു പ്രകാശദായകവും പ്രചോദനകരവുമായിരിക്കും. വ്യക്തിത്വത്തിന്റെ വികസനത്തിന് ഹൃദയത്തിന്റെ ഈ സ്വച്ഛത ആവശ്യമാണ്.

ജീവിത വിജയത്തിന് അവശ്യമാവശ്യമായ മറ്റൊരു വസ്തുതയാണ് കൃത്യനിഷ്ഠ. നിഷ്ഠയുള്ള ഒരു ജീവിതം ആത്മനിയന്ത്രണവും ആത്മപരിത്യാഗവും ആവശ്യപ്പെടുന്നുണ്ട്. നൂറ്റൻപതു വർഷങ്ങൾക്കു മുൻപേ *ചാവരുളിൽ* ചാവറയച്ചൻ നിർദ്ദേശിച്ചിരിക്കുന്ന ദിനചര്യക്രമം ഒരു പക്ഷേ ഇന്നിന്റെ സാമൂഹിക ചുറ്റുപാടിൽ അതേപടി പ്രായോഗികമാക്കാനാവില്ല. ആ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പ്രസ്താവങ്ങളിലെ ആന്തരിക പൊരുളായി മാറ്റമില്ലാതെ നിലകൊള്ളുന്ന കൃത്യനിഷ്ഠയെന്ന മൂല്യത്തിന്റെ പ്രസക്തി നാം സ്വീകരിച്ചേ മതിയാകൂ. ഒക്കുന്നതുപോലെ ഒപ്പിക്കുന്നവരും വരുന്നതുപോലെ വരട്ടെ എന്നു ചിന്തിക്കുന്നവരും *നാളെ നാളെ.. നീളെ നീളെ* എന്നു അമാന്തം കൊള്ളുന്നവരും തദനുസാരം പ്രവർത്തിക്കുന്നവരുമാണ് അധികംപേരും; എന്നാൽ യഥാർത്ഥ ശിക്ഷണമുള്ള ഒരു മനസ്സിന് കൃത്യനിഷ്ഠ പാലിക്കുവാൻ ഏറെ ബുദ്ധിമുട്ടില്ല; പാലിക്കാതിരിക്കുവാൻ കഴിയുകയുമില്ല. നിഷ്ഠയുള്ള ഒരു മനസ്സോടെ ശാന്തമായി

ജീവിതകടമകളെയും ഉത്തരവാദിത്വങ്ങളേയും അഭിമുഖീകരിക്കുന്നവർക്ക് ഒരിക്കലും ജീവിതത്തിൽ താളം തെറ്റുകയില്ല. അവരുടെ മനസ്സും ജീവിതവും, പ്രവർത്തനവും തമ്മിൽ സമഗ്രത കൈവന്നിരിക്കും. സമഗ്രതയുള്ള വ്യക്തിത്വമുള്ളവനാണല്ലോ പക്വമതിയായവൻ; വ്യക്തിത്വവളർച്ച പ്രാപിച്ചവൻ.

വ്യക്തിത്വവികസനത്തിൽ ജ്ഞാനത്തിന്, വായനയ്ക്കുള്ള പ്രാധാന്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ശരിയായ അറിവും, ജ്ഞാനത്തിൽ അധിഷ്ഠിതമായ ഭക്തിയും, ഈടുറ്റ വ്യക്തിത്വങ്ങളെ വാർത്തെടുക്കുമെന്നതിൽ സംശയം വേണ്ട. ഈ ബോദ്ധ്യം ഉണ്ടായിരുന്ന ചാവറപിതാവു അതിവ്വിധം രേഖപ്പെടുത്തിയിരിക്കുന്നു.

> *ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപ്പുസ്തകങ്ങളും തത്വശാസ്ത്ര പുസ്തകങ്ങളും മക്കൾക്കു സമ്പാദിച്ചു വെക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളെ ശക്തിപോലെ വാങ്ങിച്ചു ശേഖരിക്ക.*[12]

മക്കളുടെ ഭാവിയ്ക്കായുള്ള ഏറ്റം നല്ല നിക്ഷേപമായി സത്ഗ്രന്ഥങ്ങളെ ചാവറയച്ചൻ ദർശിച്ചു. മൂല്യാധിഷ്ഠിതവും, ആദർശപരവുമായ ജീവിതത്തിനും, ബൗദ്ധിക വളർച്ചയ്ക്കും, പുണ്യവഴിയിലുള്ള നടപ്പിനും ഉത്തമവും അനുയോജ്യവുമായ ഗ്രന്ഥങ്ങളുടെ പാരായണം ആവശ്യമെന്നു അദ്ദേഹം ദീർഘദൃഷ്ടിയോടെ നിർദ്ദേശിച്ചു.

*ചാവരുൾ* സ്പർശിക്കാത്ത മാനുഷിക തലമില്ല. വ്യക്തിവളർച്ചയ്ക്കും, കുടുംബസുഃസ്ഥിതിയ്ക്കുമായി ആലേഖിതമായ ആ വചനങ്ങൾ മക്കളുടെ നല്ല ഭാവിലക്ഷ്യം വച്ച ഒരു ആദ്ധ്യാത്മിക പിതാവ് തന്റെ പ്രിയമക്കൾക്കായി നല്കിയ അനർഘ നിക്ഷേപമാണ്. ആവശ്യാനുസരണം ഏവർക്കും എക്കാലത്തും നിർബ്വാധം സ്വീകരിക്കാൻ തക്കവിധം ആ നിക്ഷേപം നിത്യസമ്പന്നമാണ്. ഉത്തമമായ ഒരു ജീവിതത്തിലൂടെ പക്വത നേടി വ്യക്തിത്വവികസനം സാധിതമാക്കാൻ സഹായകമായ പൊരുളിൻ രത്നങ്ങൾ നിറഞ്ഞ *ചാവരുൾ* തലമുറകൾക്കു ചൈതന്യപ്രകാശം പകരുവാൻ ദൈവനിയോഗത്താൽ നൽകപ്പെട്ട ജ്ഞാനനിർഝരിയാണ്.

സുവചസ്സുകൾ മനസ്സിൽ തെളിച്ചുതരുന്നത് എന്നും ദൈവ പദ്ധതികളാണ്. അവയിൽ പങ്കാളികളാകുവാനും വിധേയപ്പെടുവാനും സഹായിക്കുന്ന ദർശനങ്ങൾ തെളിച്ചു തരികയത്രെ കാലാതിവർത്തികളായ അവതാരങ്ങളുടെ നിയോഗം. പ്രാർത്ഥനാസമം വർഷിച്ച ജീവിതംകൊണ്ടും സമർപ്പിച്ച സുവിശേഷം കൊണ്ടും നിവർത്തിച്ച കർമ്മധാരയിലെ സന്ദേശം കൊണ്ടും ചാവറപിതാവ് ആ നിയോഗത്തെ പൂർത്തീകരിച്ചിരിക്കുന്നു എന്നതിനു സാക്ഷ്യമായി ഭവിക്കുന്നു *ചാവരുൾ*.

നന്ദി പറയേണ്ടത് ചാവറയച്ചനോടല്ല. അദ്ദേഹത്തെ കാലത്തിന്റെ താളിൽ നിത്യപ്രകാശപ്രചോദന വീചിയായി തെളിച്ചുതന്ന സർവ്വതിനും സമസ്തത്തിനും ഉടയവനും തമ്പുരാനും നിയന്താവുമായ ദൈവേശ്വരന്റെ കരുണയെ, കരുതലിനെ, പ്രണമിക്കാം നമുക്ക്. ■

## പരാമർശ സൂചിക

1. *ചാവരുൾ* നമ്പർ 9 (1-ാം ഭാഗം)
2. *ചാവരുൾ* നമ്പർ 16 (1-ാം ഭാഗം)
3. *പ്രഭാ* 6:14-16
4. *മത്തായി* 13-44
5. *പുറപ്പാട്* 33-11
6. *ചാവരുൾ* നമ്പർ 16 (1-ാം ഭാഗം)
7. *ചാവരുൾ* നമ്പർ 20 (1-ാം ഭാഗം)
8. *ചാവരുൾ* നമ്പർ 5 (1-ാം ഭാഗം)
9. *ചാവരുൾ* നമ്പർ 6 (1-ാം ഭാഗം)
10. *പ്രഭാ* 10:28
11. *പ്രഭാ* 3:18
12. *ചാവരുൾ* നമ്പർ 21 (1-ാം ഭാഗം)

പിന്നുര

# ഈ കടലാസ് മരിക്കുകയില്ല

## സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.

*മനുഷ്യന്റെ അസ്തിത്വത്തിന്റെ ചക്രവാളമാണ് കുടുംബം. കുടുംബത്തിൽ മനുഷ്യാസ്തിത്വം പൂർണ്ണത നേടുന്നു. കുടുംബത്തിൽ നിന്ന് വീണ്ടും മനുഷ്യന്റെ അസ്തിത്വം ഉടലെടുക്കുന്നു. ഒരാൾ അവിവാഹിതനായിക്കഴിയാൻ തീരുമാനിച്ചാലും കുടുംബം അവന്റെ അസ്തിത്വത്തിന്റെ ചക്രവാളമായി നിലകൊള്ളുന്നു. ഏറ്റവും ഉറ്റതും ഏറ്റവും അടുത്തതും ഏറ്റവും അകന്നതുമായ എല്ലാ സാമൂഹികബന്ധങ്ങളുടേയും ശൃംഖല അടിയുറപ്പിച്ചിരിക്കുന്ന മൗലികസമുദായമായി അതു തുടർന്നും നിലകൊള്ളും.*

മഹാനായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ ഈ വാക്കുകൾ കാലത്തിനു മുമ്പേ ഹൃദയത്തിൽ ഏറ്റുവാങ്ങി കുടുംബത്തെ സ്രഷ്ടാവിന്റെ രൂപകല്പനയ്ക്കനുസൃതം സ്വർഗ്ഗതുല്യമാക്കിത്തീർക്കാൻ തന്റെ തൂലിക ചലിപ്പിച്ച് കുടുംബസ്ഥരെ പ്രചോദിപ്പിച്ചവനാണ് ചാവറപിതാവ്. സ്വകുടുംബം അന്യംനിന്നുപോകുന്ന സാഹചര്യത്തിലും സ്വന്തമായൊരു കുടുംബം കെട്ടിപ്പടുത്ത് അതിനെ നിലനിർത്തുന്നതിനായി തനിക്കു ലഭിച്ച ശ്രേഷ്ഠമായ ദൈവവിളിയെ ഉപേക്ഷിക്കാൻ തയ്യാറാകാതെ അന്യമായിത്തീരാവുന്ന അനേകം കുടുംബങ്ങൾക്കു മാർഗ്ഗദീപം തെളിച്ച മഹാശയനാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. തന്റെ ജീവിതയാനത്തിന്റെ അവസാനഘട്ടത്തിൽ, സ്വന്തം ഇടവകക്കാർക്ക്, അവരോടുള്ള തന്റെ കൃതജ്ഞതയുടേയും സ്നേഹത്തിന്റേയും കരുതലിന്റേയും അടയാളമായി 1868-ൽ അദ്ദേഹം എഴുതിയ വളരെ ചെറിയ ഒരു കൃതിയാണ് *ഒരു നല്ല അപ്പന്റെ ചാവരുൾ*. അന്ന് എന്നപോലെ ഇന്നും കുടുംബസ്ഥർക്ക് പ്രചോദനവും മാർഗ്ഗനിർദ്ദേശവും നൽകുന്ന ഒരു ജ്ഞാനനിക്ഷേപമാണിത്.

ഇതിപ്പോൾ ഈ ഗ്രന്ഥത്തിന്റെ പുനഃപ്രകാശനമാണ്. അതിനിട വരുത്തുന്നത് ചാവറപിതാവിന്റെ അനുഗ്രഹപ്രസരണവും ദൈവാത്മനിയോഗവുമെന്നു തിരിച്ചറിഞ്ഞ് ആ ചൈതന്യ പ്രഭവത്തിനു മുൻപിൽ ഞാൻ സാഷ്ടാംഗം പ്രണമിക്കുന്നു.

അനുഗ്രഹാശിസ്സുകൾ നിറഞ്ഞ അവതാരിക നൽകിയ അഭിവന്ദ്യനായ മാർ ജോസഫ് പവ്വത്തിൽ തിരുമേനിക്കും ആദരണീയയായ മുൻ

സുപ്പീരിയർ ജനറൽ പരേതയായ സിസ്റ്റർ ബനിക്കാസിയ, സി.എം.സി. സുപ്പീരിയർ ജനറൽ സിസ്റ്റർ സാങ്റ്റ, രചനയിലും ആദ്യപ്രസാധനത്തിലും ഏറെ പിന്തുണച്ച പരേതയായ സിസ്റ്റർ എമിരിറ്റ്, ദീപിക ബുക്സ് എന്നിവർക്കുമുള്ള നന്ദി ഒരിക്കൽക്കൂടി ഞാനിവിടെ രേഖപ്പെടുത്തുന്നു.

*ചാവരുൾ* ഗ്രന്ഥം കൂടി ചേർത്ത് ഇവ്വിധം പുനഃപ്രകാശനം ചെയ്യണമെന്നു നിർദ്ദേശിച്ചതും അതിനായി എന്നെ പ്രേരിപ്പിച്ചതും അതേറ്റെടുക്കുവാൻ നിമിത്തമായതും എറണാകുളം ചാവറ സാംസ്ക്കാരിക കേന്ദ്രത്തിന്റെ ഡയറക്ടറും ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെ കോർഡിനേറ്ററുമായ ഫാ. റോബി കണ്ണഞ്ചിറയാണ്. സ്നേഹപ്രചോദനമായി എന്റെ വിചാരധാരയെ തെളിക്കുന്ന സാന്നിദ്ധ്യചൈതന്യമാണ് സി.എം.സി. ജനറൽ കൗൺസിലർ സിസ്റ്റർ ലെയോനില.

സി.എം.ഐ; സി.എം.സി. സഭകളുടെ പൊതുധാരയായ *ബേസ്റൗമ* ഈ പ്രസാധനം ഏറ്റെടുത്തു എന്നത് എനിക്കു ലഭിക്കുന്ന വലിയൊരംഗീകാരമാണ്. പ്രസാധനത്തിന്റെ നിവർത്തകനായ ഫാ. തോമസ് പന്തപ്ലാക്കലിനോടു ഞാൻ കടപ്പെട്ടിരിക്കുന്നു.

പതിനാറു വർഷങ്ങൾക്കു മുൻപാണ് ആദ്യപതിപ്പ് പ്രസിദ്ധപ്പെടുത്തുന്നത്. ആശയം ഇന്നും കാലികമാണെങ്കിലും കാലത്തിന്റെ ധാരയ്ക്കൊത്തു ഭാഷാപരമായ മിനുക്കലുകൾ ആവശ്യമായിരുന്നു. കരുതലോടെയുള്ള സംശോധനയാൽ അതു നിവർത്തിച്ചത് *ബേസ്റൗമ* സമിതിയാണ്. സുമനസ്സിനു ഹൃദയപൂർവ്വമായ നന്ദി.

ഈ പുനഃപ്രകാശനത്തിനു അനുമതി നൽകുകയും സുവചസ്സുകൾ കൊണ്ട് ഈ പതിപ്പിനെ അനുഗ്രഹിക്കുകയും ചെയ്ത പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ വിജിയ്ക്കു എന്റെ പ്രത്യേകം നന്ദി.

*ഞാൻ മരിച്ചാലും ഈ കടലാസ് മരിക്കുകയില്ല* എന്നു പ്രസ്താവിച്ചുകൊണ്ട് *ചാവരുൾ* നൽകിയ ചാവറപിതാവിന്റെ മരിക്കാത്ത ഓർമ്മകൾക്കും വചനങ്ങൾക്കും മുമ്പിൽ പ്രണാമമർപ്പിച്ചുകൊണ്ട് ഈ ആത്മീയപുരുഷൻ ദൈവവെളിവ് അപേക്ഷിച്ച് കൃപയോടെ എഴുതിനൽകിയ അനുഗൃഹീതവചനങ്ങൾ, ആകാശമോക്ഷമായ സ്വർഗ്ഗത്തിന്റെ സദൃശ്യമായി കുടുംബങ്ങളെ മാറ്റുവാൻ ശക്തിയുള്ള വാക്കുകൾ, ഈ കടലാസുകളിലൂടെ എല്ലാ കുടുംബങ്ങളിലും, വ്യക്തികളിലും എത്തിച്ചേരട്ടെ എന്ന പ്രാർത്ഥനയോടെ എല്ലാ കുടുംബങ്ങൾക്കുമായി ഈ ചെറുഗ്രന്ഥം സാദരം സമർപ്പിക്കുന്നു.

ചാവറപിതാവിന്റെ ധന്യസ്മരണയുടെ മുൻപിൽ ഭക്തിപൂർവ്വം, വിനയപൂർവ്വം, പ്രാർത്ഥനാസമം ഞാൻ ഈ അക്ഷരത്താളുകൾ സമർപ്പിക്കുന്നു.

അവിടത്തെ നാമം വാഴ്ത്തപ്പെടട്ടെ!

■

# അനുബന്ധം ഒന്ന്



## ചാവറ കുര്യാക്കോസ് ഏലിയാസ്
## ജീവിതരേഖ

- 1805 ഫെബ്രുവരി 10
  ആലപ്പുഴയിലെ കൈനകരിയിൽ ജനിച്ചു.
- 1810
  കൈനകരിയിൽ ആശാൻ കളരിയിൽ പ്രാഥമിക വിദ്യാഭ്യാസം.
- 1815
  സെമിനാരിയിൽ വൈദികാർത്ഥി.
- 1829 നവംബർ 29
  അർത്തുങ്കൽ പള്ളിയിൽ പൗരോഹിത്യ സ്വീകരണം
- 1830
  പള്ളികളിൽ ഞായറാഴ്ച പ്രസംഗങ്ങളും അൽമായർക്കായുള്ള ധ്യാനങ്ങളും പ്രചാരത്തിലാക്കി.
- 1831 മെയ് 11
  ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസസഭ (സി.എം.ഐ.) പാലയ്ക്കൽ തോമസ് മല്പാനോടും പോരൂക്കര തോമസ് മല്പാനോടുമൊപ്പം സ്ഥാപിച്ചു. ആചാരങ്ങളിൽ പൗരസ്ത്യവും സംസ്ക്കാരത്തിൽ ഭാരതീയവും അനുഷ്ഠാനങ്ങളിൽ ക്രൈസ്തവവുമായ വിശ്വാസവഴിയാണ് ഈ കോൺഗ്രിഗേഷനു വേണ്ടി രൂപപ്പെടുത്തിയത്.
- 1833
  മാന്നാനത്ത് വൈദിക സെമിനാരി സ്ഥാപിക്കുന്നു.

- 1833
  സുറിയാനി കത്തോലിക്കരുടെ ആദ്യ പൊതുസെമിനാരി മാന്നാനത്ത് ആരംഭിക്കുവാൻ നേതൃത്വം നൽകി.
- 1833
  *കുരിശിന്റെ വഴി* ഉപാസിച്ചു.
- 1846
  മാന്നാനത്ത് അച്ചടിശാലയും പ്രസിദ്ധീകരണ കേന്ദ്രവും സ്ഥാപിച്ചു. സീറോ മലബാർ ധാരയിൽ ഇങ്ങിനെയൊരു ധാര ആദ്യമായിരുന്നു. മലയാളത്തിലെ പ്രസാധനശൃംഖലയുടെ തുടക്കം ഇതിൽ നിന്നായിരുന്നു. ആ തുടർച്ചയിലാണ് പിന്നീട് *നസ്രാണി ദീപിക* എന്ന പേരിൽ പ്രതിവാരമായും ക്രമേണ *ദീപിക* എന്ന പേരിൽ പ്രതിദിനമായും മലയാളത്തിലെ ആദ്യ ദിനപത്രം പ്രസിദ്ധപ്പെടുത്തുന്നത്. *ദീപിക* ഇന്നും അഭംഗുരം പ്രസിദ്ധീകരണം തുടരുന്നു. കേരളത്തിലെ മാധ്യമധാരയുടെ പിതാവായാണ് ചാവറപിതാവ് അറിയപ്പെടുന്നത്. പുസ്തകങ്ങൾ ശേഖരിച്ചുവയ്ക്കുകയും അവിടെനിന്നും ആളുകൾ പുസ്തകങ്ങൾ കൊണ്ടു പോയി വായിച്ചശേഷം മടക്കി കൊണ്ടുവരികയും ചെയ്യുന്ന കേന്ദ്രങ്ങൾ ഇതിന്റെ തുടർച്ചയിൽ രൂപമെടുത്തു. കേരളത്തിലെ വായനശാലാ പ്രസ്ഥാനത്തിന്റെ തുടക്കം ഇതിൽ നിന്നായിരുന്നു. അച്ചടിശാലയോടനുബന്ധിച്ചു മുദ്രണവിദ്യയിലും ബയന്റിംഗിലും പരിശീലനം നൽകുവാൻ ആരംഭിച്ചു. പിന്നീട് ഈ പരിശീലനം സി.എം.സി. സന്യാസിനീ സഹോദരിമാരുടെ കീഴിൽ തയ്യൽകലകളിലേയ്ക്കും കൊന്ത നിർമ്മാണ വിദ്യയിലേയ്ക്കും കൂടി വ്യാപിപ്പിച്ചു. തൊഴിൽ വിദ്യാഭ്യാസ മേഖല എന്ന പേരിൽ പ്രസിദ്ധമായി തീർന്ന പഠന പദ്ധതിയുടെ ആദ്യ പാദമായിരുന്നു ഇത്.
- 1846
  ആദ്യത്തെ സംസ്കൃത സ്കൂൾ മാന്നാനത്ത് ആരംഭിച്ചു. വർണ്ണാവർണ്ണ ഭേദമില്ലാതെ പ്രവേശനമനുവദിക്കുന്ന ആദ്യത്തെ വിദ്യാദാനകേന്ദ്രം കൂടിയായി ഇത്.
- 1853
  കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസ പരിശീലന കേന്ദ്രം മാന്നാനത്തു ആരംഭിച്ചു.
- 1855 ഡിസംബർ 8
  ഇന്ത്യൻ ജനതയിൽ നിന്നും ആദ്യമായി ക്രൈസ്തവ സന്യാസ വ്രതാർപ്പണം ചെയ്ത വ്യക്തിയായി.
- 1855–56
  പത്ത് ഇടയനാടകങ്ങൾ രചിച്ചു. Ecologueകളുടെ മാതൃകയിൽ എഴുതിയ ഈ ലഘു നാടകങ്ങൾ കൂനമ്മാവു നൊവീഷ്യേറ്റിൽ

ആണ് ആദ്യമായവതരിപ്പിച്ചത്. ക്രിസ്തുമസ്സ് ദിനം തൊട്ട് പൂജാരാജാക്കന്മാരുടെ തിരുന്നാൾ വരെയുള്ള ദിനങ്ങളിൽ നൊവിഷ്യേറ്റുകളിലും സെമിനാരികളിലും അവതരിപ്പിച്ചു പോന്ന ഈ നാടകങ്ങൾ മലയാള നാടകവഴിയിലെ ആദ്യ രചനകളും രംഗാവിഷ്കാരങ്ങളുമായി; ഒരുപക്ഷേ, ഇന്ത്യൻ ഭാഷാനാടകങ്ങളിൽത്തന്നെ ആദ്യ രചനകളായി.

- 1861
  കേരള സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറാളായി.

- 1861
  *റോക്കോസ് ശീശ്മാ* തരംഗത്തിൽ നിന്നും കേരള കത്തോലിക്കാ സഭയെ രക്ഷിച്ചു.

- 1862
  മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമായ *അനസ്താസ്യയുടെ രക്തസാക്ഷ്യം* എഴുതി.

- 1862
  കേരള സുറിയാനി കത്തോലിക്കാ സഭയിലെ ആരാധനാക്രമങ്ങളെ നവീകരിച്ചു. വൈദികർക്കും അൽമായർക്കും ധ്യാനക്രമങ്ങൾ നിഷ്ഠപ്പെടുത്തിക്കൊണ്ട് സഭാ നവീകരണത്തിനു നേതൃത്വം നൽകി. പരിശുദ്ധാത്മാവിനോടും തിരുക്കുടുംബത്തോടും പരിശുദ്ധ മാതാവിനോടുമുള്ള പ്രത്യേക മദ്ധ്യസ്ഥ ആരാധനകൾ സാർവ്വത്രികമാക്കി; ദിവ്യകാരുണ്യഭക്തിയെ പ്രസരിപ്പിച്ചു.

- 1864
  *പള്ളിയ്ക്കൊരു പള്ളിക്കൂടം* എന്ന പേരിൽ ചരിത്ര പ്രസിദ്ധമായ നിർദ്ദേശോത്തരവു പുറപ്പെടുവിപ്പിച്ചു. ജാതിമത വർണ്ണവംശഭേദ പരിഗണന കൂടാതെ സർവ്വർക്കും വിദ്യാഭ്യാസത്തിന് അവസരം നൽകുവാൻ പള്ളികളോടനുബന്ധിച്ചു പാഠശാലകൾ ഉണ്ടാകുന്നത് ഇതോടെയാണ്. പൊതുവിദ്യാഭ്യാസം ഇതിലൂടെ യാഥാർത്ഥ്യമാവുകയും പൊതുസമൂഹ സൃഷ്ടിക്കു കേരളക്കരയിൽ അത് ഭൂമികയാവുകയും ചെയ്തു.

- 1865
  ആർപ്പൂക്കരയ്ക്കടുത്തു തുരുത്തിമാലിൽകുന്നേൽ ദളിതർക്കായി ഒരു സ്കൂൾ തുടങ്ങുവാൻ നിർദ്ദേശം നൽകി. ഇതാദ്യമായി ട്ടാവണം ഇവ്വിധം രാജ്യത്ത് ഒരു സംരംഭ ശ്രമം.

- 1866 ഫെബ്രുവരി 13
  *നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ* എന്ന പേരിൽ ആദ്യത്തെ തദ്ദേശീയ സന്യാസിനീസഭ സ്ഥാപിക്കുവാൻ ലെയോപ്പോൾഡ്

മിഷനറിയോടൊപ്പം മുൻകൈയ്യെടുത്തു. സഭയിലെ ആദ്യ സന്യാസിനികളിൽ രണ്ടുപേർ വിധവകളായിരുന്നു. വൈധവ്യം പാപമായി കരുതിയിരുന്ന ഒരു സമൂഹ പരിവൃത്തത്തോടു ചേർത്തുവേണം ഇതു കാണുവാൻ. കിരാതമെന്നു പിന്നീട് സംസ്ക്കാരം വിശേഷിപ്പിച്ച *സതി* ഉത്തരേന്ത്യയിൽ നിർബ്ബന്ധ പൂർവ്വം അനുഷ്ഠിച്ചിരുന്ന നാളുകളായിരുന്നു അത്. കേരള സമൂഹത്തിൽ സ്ത്രീകൾക്കു വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി അവരെ പ്രബുദ്ധരും സ്വയംപര്യാപ്തരുമായി ശക്തിപ്പെടുത്തിയെടുക്കുന്നതിനുള്ള ആദ്യ പാദമായിരുന്നു ഈ സന്യാസിനീസഭാ സ്ഥാപനവും അനുബന്ധമായാരംഭിച്ച പ്രവർത്തനങ്ങളും. നാലംഗങ്ങളുമായി ആരംഭിച്ച ഈ സന്യാസിനീ സഭ പിന്നീട് സി.എം.സി., സിറ്റി.സി. എന്നീ പേരുകളിൽ സജീവമായ പ്രേഷിതസേവനം തുടരുന്നു.

- 1866
  കേരളസഭയിൽ *നാല്പതുമണി* ആരാധന ആരംഭിച്ചു.

- 1868 ജനുവരി 2
  കൂനമ്മാവിൽ കേരളത്തിൽ ആദ്യമായി പെൺകുട്ടികൾക്കു താമസിച്ചു പഠിക്കുവാനുള്ള ബോർഡിംഗ് സ്കൂൾ ആരംഭിക്കുവാൻ ലെയോപ്പോൾദ് മിഷനറിയോടൊപ്പം നേതൃത്വം നൽകി.

- 1868 ഫെബ്രുവരി 13
  *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന പേരിൽ കേരളത്തിലെ ക്രൈസ്തവ കുടുംബങ്ങൾക്കായി *കുടുംബ ചട്ടം* എഴുതി നൽകി.

- 1869
  അനാഥർക്കും രോഗികൾക്കും വൃദ്ധർക്കും മരണാസന്നർക്കുമായി ആദ്യത്തെ ക്രൈസ്തവ അഗതിമന്ദിരങ്ങൾ *ഉപവിശാല*യും *വിശുദ്ധ യൗസേഫ് പിതാവിന്റെ നന്മരണസഖ്യ*വും കൈനകരിയിൽ ആരംഭിച്ചു. ഇവയുടെ സാമ്പത്തികവും ഭരണപരവുമായ പൂർണ്ണചുമതല തന്നാട്ടുകാരെ ഭരമേൽപ്പിച്ചു. സഹകരണാടിസ്ഥാനത്തിൽ അവർ ആ ചുമതല നിർവ്വഹിച്ചു പോന്നു. സഹകരണ പ്രസ്ഥാനത്തിലെ കേരളക്കരയിലെ ആദ്യ പാദമായിരുന്നു അത്.

- 1869
  19-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേയ്ക്കുള്ള പുനഃരൈക്യ പ്രസ്ഥാനത്തിനു പ്രേരണ നൽകി.

- 1871 ജനുവരി 3
  ആത്മത്തിനുവേണ്ട കൂദാശകൾ കൈക്കൊണ്ട് നല്ല ഒരുക്കത്തോടെ പ്രാർത്ഥനാനിരതനായി കർത്താവിൽ നിദ്ര പ്രാപിച്ചു.

കൂനമ്മാവിൽ വിശുദ്ധ ഫിലോമിനയുടെ ആശ്രമത്തിൽ സംസ്ക്കരിച്ചു.

- 1889 മെയ് 24
  പൂജ്യാവശിഷ്ടങ്ങൾ മാന്നാനം ആശ്രമ ദേവാലയത്തിൽ പ്രതിഷ്ഠിച്ചു.
- 1984 ഏപ്രിൽ 7
  റോമിൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ *ധന്യ*നായി പ്രഖ്യാപിച്ചു.
- 1986 ഫെബ്രുവരി 8
  കോട്ടയത്തു വച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ *വാഴ്ത്തപ്പെട്ടവനായി* പ്രഖ്യാപിച്ചു; പുരുഷന്മാരിൽ *വാഴ്ത്തപ്പെട്ടവൻ* എന്നു നാമകരണം ചെയ്യപ്പെടുന്ന ആദ്യഭാരതീയനായി.
- 1987 ഡിസംബർ 20
  രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ ചാവറപിതാവിന്റെ ആദരാർത്ഥം തിരുവനന്തപുരത്തു വച്ച് *ചാവറ തപാൽ സ്റ്റാമ്പ്* പുറത്തിറക്കി.
- 2006 മെയ് 4
  സാഹിതീസംഭാവനകളെ ആദരിച്ച് ചാവറപിതാവിന്റെ ഛായാചിത്രം കേരള സാഹിത്യ അക്കാദമി ഹാളിൽ അനാച്ഛാദനം ചെയ്തു.
- ജന്മിയുടെ പുരയിടങ്ങളിൽ ജോലി ചെയ്യുമ്പോൾ അടിയാളർക്കു കൂലി നൽകാതിരിക്കുന്ന *ഊഴിയം* സമ്പ്രദായത്തെ വിമർശിക്കുകയും അതു നിറുത്തലാക്കുവാൻ *ചാവരുളി*ലൂടെ ഉൽബോധനം നടത്തുകയും ചെയ്തു.
- തന്റെ ഗുരുനാഥനായ പോരൂക്കര തോമസ് മൽപ്പാന്റെ ജീവചരിത്രം ചാവറപിതാവു രചിച്ചിരുന്നതാണ്, മലയാളി മറ്റൊരു മലയാളിയെക്കുറിച്ച് ആദ്യമായെഴുതുന്ന മലയാള ജീവചരിത്ര ഗ്രന്ഥം.
- സഭയുടെയും പ്രവർത്തനങ്ങളുടെയും ദിനംപ്രതി കുറിപ്പുകൾ *നാളാഗമങ്ങൾ* എന്ന പേരിൽ ചാവറ പിതാവ് പതിവായി എഴുതിപ്പോന്നു. സാമൂഹ്യ-സാംസ്ക്കാരിക ധാരയിലെ ചെറു ചലനങ്ങൾ വരെ സൂക്ഷ്മമായി ഇവയിൽ രേഖപ്പെടുത്തിയിരുന്നു. മലയാളത്തിൽ ചരിത്രവഴിയിലെ ആദ്യ കുറിപ്പുകളായി ഇവയെ കാണാവുന്നതാണ്.
- കവിതയിൽ സംസ്കൃത സ്വാധീനം ശക്തമായതോടെ ദുർബ്ബലമായിപ്പോയ വഞ്ചിപ്പാട്ടു ശാഖയുടെ പുനർജ്ജീവനത്തിൽ ചാവറ പിതാവിന്റെ സംഭാവനകൾ ഗണ്യമാണ്. എഴുത്തച്ഛന്റെ പ്രമേയഗരിമയും ചെറുശ്ശേരിയുടെ ആലാപനചാരുതയും ഒത്തുചേർന്നതായിരുന്നു ചാവറപിതാവിന്റെ കാവ്യശൈലി.

- സ്കൂളുകൾ തുടങ്ങുമ്പോൾ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സമാഹരണത്തിനുവേണ്ടി അദ്ദേഹം നിർദ്ദേശിച്ച *പിടിയരി* , *കെട്ടുതെങ്ങ്* തുടങ്ങിയ രീതി സമ്പ്രദായങ്ങൾ പിന്നീട് സാർവ്വത്രികമായി എസ്.എൻ.ഡി.പി., എൻ.എസ്.എസ്. അടക്കം പല പ്രസ്ഥാനങ്ങളും വിജയകരമായി അനുവർത്തിച്ചു.
- കേരളത്തിൽ അയ്യാ വൈകുണ്ഠ സ്വാമി, സ്വാതി തിരുനാൾ മഹാരാജാവ്, ഷഡ്കാല ഗോവിന്ദ മാരാർ തുടങ്ങിയവരുടെ സമകാലികനായിരുന്നു ചാവറപിതാവ്. ബങ്കിംചന്ദ്ര ചാറ്റർജിയും ഈശ്വർ ചന്ദ്ര വിദ്യാസാഗറും കേശവ ചന്ദ്രസേനനും ദേവേന്ദ്ര നാഥ ടാഗോറും രാജാറാം മോഹൻറോയിയും ശ്രീരാമകൃഷ്ണ പരമഹംസനും ശാരദാദേവിയും ത്യാഗരാജസ്വാമിയും ഷിർദ്ദി സായിബാബയുമൊക്കെ ഇന്ത്യയിലും മാക്സ് മുള്ളർ, കാറൽ മാർക്സ്, ഏണസ്റ്റ് ഏംഗൽസ് തുടങ്ങിയവർ ആഗോളതല ത്തിലും ചാവറപിതാവിനെപ്പോലെ അതേ കാലയളവിൽ സാമൂഹ്യ-സാംസ്ക്കാരിക-ആത്മീയ നവോത്ഥാനത്തിനു നേതൃത്വം നൽകിയവരാണ്. കേരളക്കരയിൽ ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും അയ്യാസ്വാമിയും വാഗ്ഭടാനന്ദനും ബ്രഹ്മാനന്ദ ശിവയോഗിയും വക്കം അബ്ദുൾ ഖാദർ മൗലവിയും കുമാരനാശാനും അയ്യങ്കാളിയും സഹോദരൻ അയ്യപ്പനും വി.ടി. ഭട്ടതിരിപ്പാടും മന്നത്തു പത്മനാഭനുമടങ്ങുന്ന തലമുറയ്ക്കു കേരള സമൂഹത്തിൽ നിവർത്തിക്കുവാനായ സാമൂഹ്യ വിപ്ലവ ത്തിനു സഹായകമായ ഭൂമികയൊരുക്കുന്നതിൽ ചാവറപിതാ വിന്റെ സംഭാവന നിസ്തുലമായിരുന്നു.

# അനുബന്ധം രണ്ട്

## ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ

*നാളാഗമങ്ങൾ (CHRONICLES)*

• സി.എം.ഐ., സി.എം.സി. സന്യാസിസഭകളുടെ സ്ഥാപനം, വളർച്ച • 19-ാം നൂറ്റാണ്ടിലെ *പദ്രോവാദോ, പ്രൊപ്പഗാന്ത* സഭാസംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും • 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും

*പാലയ്ക്കൽ തോമാ കത്തനാരുടെ ജീവചരിത്രം*
മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം

*ആത്മാനുതാപം*

*മരണവീട്ടിൽ പാടുന്നതിനുള്ള പാന*
(*പർവ്വം* എന്നായിരുന്നു ആദ്യം. പിന്നീടു പുനഃപ്രകാശനവേളയിൽ അതു *പാന* എന്നു മാറ്റുകയായിരുന്നു)

*അനസ്താസിയായുടെ രക്തസാക്ഷ്യം*
(മലയാളത്തിലെ ആദ്യഖണ്ഡകാവ്യം)

*ധ്യാനസല്ലാപങ്ങൾ*
(ധ്യാന സംഭാഷണങ്ങളും ധ്യാന വിചാരങ്ങളും ധ്യാനപ്രാർത്ഥനകളും)

*ചാവറയച്ചന്റെ കത്തുകൾ*

*തൂക്കാസ*
(തിരുക്കർമ്മാചാരാനുഷ്ഠാനങ്ങൾ)

*ലിറ്റർജിക്കൽ കലണ്ടർ*
*(ആരാധനക്രമത്തിലെ കാലവ്യത്യാസങ്ങൾ)*

*മരിച്ചവർക്കുള്ള ഒപ്പീസ്*

*ഇടയ നാടകങ്ങൾ*
(Ecologues: Shepherd plays: സെമിനാരികളിൽ ക്രിസ്തുമസ്സ് വേളകളിൽ അവതരിപ്പിക്കുവാൻ വേണ്ടി എഴുതിയിരുന്ന ലഘുനാടകങ്ങൾ. മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ നാടകവഴിയിലെ ആദ്യശ്രമങ്ങൾ ഇതായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ ആദ്യ ഇടയനാടകങ്ങളുടെ കൈയ്യെഴുത്തുപ്രതികൾ ലഭ്യമായിട്ടുണ്ട്. ആധുനിക മലയാളഭാഷ്യത്തോടൊപ്പം അവയുടെ ആദിമരൂപം, വ്യാഖ്യാന പഠനമുൾക്കൊള്ളിച്ചു കൊണ്ടു പ്രസിദ്ധപ്പെടുത്തുവാനുള്ള ശ്രമങ്ങൾ *ബേസ്റൗമ* നടത്തിവരുന്നു.)

## ചാവറയച്ചന്റെ കൃതികൾക്കു താഴെപ്പറയുന്ന സമാഹാരങ്ങളും പുനഃപ്രകാശനങ്ങളും ലഭ്യമാണ്.

1. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 1, നാളാഗമങ്ങൾ,* മാന്നാനം, 1981.
2. മുഴൂർ സെഡ് എം. (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 2,* മാന്നാനം, 1981.
3. മുഴൂർ സെഡ് എം. (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 3,* മാന്നാനം, 1981.
4. വിത്തുവെട്ടിക്കൽ ലൂക്കാസ് (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 4,* മാന്നാനം, 1982.
5. മുഴൂർ സെഡ് എം., *ആത്മാനുതാപം,* ഗദ്യാവിഷ്കരണം, മാന്നാനം, 1990.
6. മാത്യു ജോസഫ് സി.എം.ഐ., *ഒരു നല്ല അപ്പന്റെ ചാവരുൾ,* മാന്നാനം, 1977.

# അനുബന്ധം മൂന്ന്

## സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.

### ജീവിതരേഖ

ചങ്ങനാശ്ശേരി ഹോളിക്വീൻസ് പ്രോവിൻസ് അംഗം. സഭാവിജ്ഞാനീയത്തിൽ ഡോക്ടറേറ്റ്. ദൈവശാസ്ത്രാദ്ധ്യാപിക, ഫോർമേറ്റർ, പ്രീഫെക്ട് ഓഫ് സ്റ്റഡീസ്, സുപ്പീരിയർ വികാർ പ്രൊവിൻഷ്യൽ, സീറോ-മലബാർ സഭാ മതബോധന സിനഡൽ കമ്മിറ്റി അംഗം, ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ കമ്മീഷൻ അംഗം എന്നീ നിലകളിൽ ശുശ്രൂഷ.

***സിസ്റ്റർ സോഫി റോസിന്റെ രചനകൾ:***

*ത്രിത്വവിശ്വാസം പുറജാതീയമോ?*

*ദൈവശാസ്ത്രത്തിന് ഒരാമുഖം*
(As Co-author)

*ഏകീകരണപാതയിലെ പൈതൃകശബ്ദം*

*മാതൃമൊഴികൾ*
(As Editor)

*ദൈവശാസ്ത്ര നിഘണ്ടു*
(As Co-editor)

*ദർശനം, പുണ്യദർശനം*

*യേശുസാരൂപ്യം*

*മനുഷ്യരെ പിടിക്കുന്നവർ*

*ഭൂമിയുടെ അതിർത്തികൾ വരെ*

*ദിവ്യരഹസ്യത്തിന്റെ ശുശ്രൂഷകൻ*

*Church as Mystery and Communion*

# അനുബന്ധം നാല്

## ബേസ്റൗമ

*ബേസ്റൗമ* എന്ന സുറിയാനി പദത്തിന്റെ അർത്ഥം *ഉയരങ്ങളിലെ ഭവനം* എന്നാണ്. മാന്നാനത്തുള്ള സി.എം.ഐ. സഭയുടെ ആദ്യഭവനത്തെ സ്ഥാപകപിതാക്കൾ വിളിച്ച പേരാണിത്. ചാവറ പിതാവാണ് ഈ പേര് നൽകിയത്.

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ ജീവിത ദർശനങ്ങളും അനുബന്ധ വിചാരധാരകളും വ്യാപകമായ തലത്തിൽ ദൃശ്യ-ശ്രാവ്യ -മുദ്രണ തലങ്ങളിലൂടെ കേന്ദ്രീകൃതമായി പൊതുസമൂഹമധ്യത്തിൽ എത്തിക്കുന്നതിനായി സി.എം.ഐ., സി.എം.സി. സഭകൾ സംയുക്തമായി ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള പ്രകാശനധാരയാണ് *ബേസ്റൗമ.*

പ്രവർത്തന സരണിയിലെ ആദ്യപാദമാണ് പുസ്തകപ്രസാധനം.

ദൃശ്യ-ശ്രാവ്യ ധാരകളിൽക്കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങളിലാണ് സഭാനേതൃത്വം. *ബേസ്റൗമ* എന്ന പേരിൽ ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ പ്രമേയമാക്കി അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു ഡോക്യുഫീച്ചർ ചിത്രത്തിന്റെ കടലാസു ജോലികൾ പൂർത്തിയാക്കി വരുന്നു.

ചാവറ പിതാവിന്റെ കാവ്യ രചനകൾക്കൊപ്പം കവി ശ്രേഷ്ഠരായ ടാഗോർ, മഹാകവി ജി., അക്കിത്തം, ഒ.എൻ.വി., കാവാലം, വിഷ്ണുനാരായണൻ നമ്പൂതിരി, യൂസഫലി കേച്ചേരി, ശ്രീകുമാരൻ തമ്പി, റഫീക് അഹമ്മദ് തുടങ്ങിയ പ്രതിഭാധനർ ക്രൈസ്തവ ചൈതന്യത്തെ അവലംബമാക്കി എഴുതുന്ന ഗാനങ്ങൾക്ക് സംഗീതരംഗത്തെ ഏറ്റവും പ്രഗത്ഭരായ സംഗീതകാരന്മാർ സംഗീതം പകർന്നുകൊണ്ടുള്ള മ്യൂസിക്ക് ആൽബങ്ങളുടെ ഒരുക്കങ്ങളും പുരോഗമിക്കുന്നു. തമിഴിലും കന്നഡത്തിലും ഹിന്ദിയിലും കൂടി ഗാനങ്ങൾ ഈണപ്പെടുത്തുന്നുണ്ട്. പ്രശസ്തരും പ്രഗത്ഭരുമായ ഗായകരായിരിക്കും ആലാപനം. ഗാനങ്ങളിൽ കുറച്ചെണ്ണത്തിനു പ്രഗത്ഭരായ ചലച്ചിത്രകാരന്മാരുടെ സഹായത്തോടെ ദൃശ്യാഖ്യാനം നൽകുവാനും ശ്രമിക്കുന്നുണ്ട്.

ചാവറ സംസ്കൃതിയെ പഠനവിഷയമാക്കിക്കൊണ്ടും ക്രൈസ്തവതയുടെ ദർശനതലത്തിലുള്ള കൊടുക്കൽ വാങ്ങലുകളെ അടിസ്ഥാനമാക്കികൊണ്ടുമുള്ള ഗവേഷണപദ്ധതികൾ വിവിധതലത്തിൽ ഏകോപിപ്പിക്കുകയും *ബേസ്റൗമ* ലക്ഷ്യമാക്കുന്നു. ചാവറയച്ചന്റെ

സംഭാവനകളെ ആധാരമാക്കി ബാംഗ്ലൂരിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വിദ്യാഭ്യാസ-മാധ്യമ-സാമൂഹ്യശാസ്ത്രധാരകളിൽ പി.എച്ച്.ഡി. കോഴ്സുകൾ ആരംഭിക്കുന്നു. മറ്റു സർവ്വകലാശാലകളിലേയ്ക്കു കൂടി ഈ സാദ്ധ്യത വ്യാപിച്ചുകാണുവാൻ *ബേസ്റൗമ* ആഗ്രഹിക്കുന്നു. ധർമ്മാരാം വിദ്യാക്ഷേത്രവുമായി ബന്ധപ്പെട്ട് ചാവറ സംസ്കൃതിയിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കുവാനും അവയ്ക്കു ദൂരവിദ്യാഭ്യാസ സാദ്ധ്യതകൾ അനുവദിപ്പിക്കുവാനും ശ്രമങ്ങൾ നടക്കുന്നു. ചാവറ ജീവിതത്തെയും ദർശനത്തെയും ചൈതന്യമായി അതിൽ അന്തർദീപ്തമായ വിശ്വസാഹോദര്യത്തെയും ക്രിയാത്മകമായ എല്ലാ സാദ്ധ്യതകളിലൂടെയും വിചാരസംവാദ വിഷയമാക്കി പൊതുസമൂഹത്തിനു സമർപ്പിക്കുന്നതിൽ *ബേസ്റൗമ* പ്രതിജ്ഞാബദ്ധമാണ്. *ബേസ്റൗമ*യുടെ നിർദ്ദേശാഗ്രഹപ്രകാരം ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് *ചാവറ സംസ്കൃതി പുരസ്ക്കാരം* 2012 മുതൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രഥമ പുരസ്ക്കാരത്തിന് ഡോ. എ.പി.ജെ. അബ്ദുൾ കലാമിനെ പുരസ്ക്കാര നിർണ്ണയ ജൂറി തിരഞ്ഞെടുത്തു എന്നത് അഭിമാനകരമാണ്.

## പ്രസിദ്ധീകരണങ്ങൾ:

- *ആകാശദീപങ്ങൾ സാക്ഷി* • ചാവറ പിതാവിന്റെ ജീവിതത്തിലൂടെ ഒരു നോവലിസ്റ്റിന്റെ തീർത്ഥാടനം • *ജോൺ ആന്റണി* • അവതാരിക: *പെരുമ്പടവം ശ്രീധരൻ* (രണ്ടാം പതിപ്പ്)
- *സുകൃതംസ്മര* • ഡോ. *സുകുമാർ അഴീക്കോട്, ഡോ. എം. ലീലാവതി, എം.കെ. സാനു, എ. ശ്രീധരമേനോൻ, പി. ഗോവിന്ദപ്പിള്ള, ഫാ. ഇസഡ്.എം. മൂഴൂർ, സി.വി. ആനന്ദബോസ്, മാത്യു ഉലകംതറ, ഡോ. കുര്യാസ് കുമ്പളക്കുഴി, ഡോ. സെബാസ്റ്റ്യൻ പോൾ, സി.പി. ശ്രീധരൻ, കെ.എം. തരകൻ, ടി.എം. എബ്രഹാം, പി.കെ. രാജശേഖരൻ* എന്നിവരുടെ ചാവറ പിതാവിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ • അവതാരിക: *എം. തോമസ് മാത്യു.* (രണ്ടാം പതിപ്പ്)
- *ഇതാ ഞാൻ, അവിടത്തെ ദാസൻ* • ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ പാർശ്വപരിവൃത്ത സഹിതം അവതരിപ്പിക്കുന്ന ഗ്രന്ഥപരമ്പരയിലെ ആദ്യ ഭാഗം • ഫാ. *തോമസ് പന്തപ്ലാക്കൽ* സി.എം.ഐ • അവതാരിക : *ഡോ. കെ.എസ്. രാധാകൃഷ്ണൻ.*
- *പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും* • ചാവറ അനുസ്മരണ പ്രഭാഷണങ്ങൾ • ഡോ. *കെ.എസ്സ്. രാധാകൃഷ്ണൻ, അബ്ദുൾ സമദ് സമദാനി* (രണ്ടാം പതിപ്പ്)
- *എന്റെ ഓഹരിയും പാനപാത്രവും* • ചാവറ ദർശനം; അനുയാത്ര • സിസ്റ്റർ മരീന സി.എം.സി., സിസ്റ്റർ *ഡോ. ആവില സി.എം.സി.* • അവതാരിക : *ടി.എം. അബ്രഹാം.*
- *ഭൂമികന്യകമാർക്ക് ഒരുണർത്തുപാട്ട്* • ചാവറപിതാവിന്റെ സ്ത്രീശാക്തീകരണ സങ്കല്പം; ഒരു പഠനം • സിസ്റ്റർ *ഡോ. ആവില സി.എം.സി.* • അവതാരിക :

*പ്രൊഫ. മാത്യു ഉലകംതറ.*

- *അറിവിന്റെ വഴിയെ താപസമനസ്സ്* • വിദ്യാദാനശുശ്രൂഷാ ധാരയിലെ ചാവറ പിതാവിന്റെ മാതൃകാസങ്കല്പം; പഠനം • സിസ്റ്റർ ഡോ. ആവില സി.എം.സി., സിസ്റ്റർ മരീന സി.എം.സി., സിസ്റ്റർ ധന്യ സി.എം.സി. • അവതാരിക: *പ്രൊഫ. എം. അച്ചുതൻ.*
- *ദർശനം; പുണ്യദർശനം* • ചാവറദർശനങ്ങൾക്കൊരു അനുധ്യാന്യവിചാരം • സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി. • അവതാരിക: *കെ.എൽ. മോഹന വർമ്മ.*
- *ഇതാ ഈ വഴിയെ!* • ചാവറ പിതാവ് എഴുതിയ *കുടുംബചട്ടങ്ങൾ;* ഒരു പുനർവായന • സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി. • അവതാരിക: *ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ.*
- *മാലാഖമാർ പാടുന്നു* • സി.എം.സി. സമൂഹം ക്രിസ്തുമസ്സിനോടനുബന്ധിച്ച് ആചരിച്ചു വരുന്ന ധ്യാനസമർപ്പണത്തിന്റെ സല്ലാപങ്ങൾ • അവതാരിക: *സിപ്പി പള്ളിപ്പുറം.*